# സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ്, ന്യൂഡൽഹി

# FREQUENTLY ASKED QUESTIONS (FAQ) ON GST

# ജി എസ് ടി യെപ്പറ്റി പതിവായി ഉയരുന്ന ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും

# കൃതജ്ഞത

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം രാജ്യം ദർശിച്ച സുപ്രധാന നികുതി പരിഷ്ക്കാരമായ GST എന്ന പുതിയ നികുതി നിയമ സമ്പത്ഘടനയിലേക്ക് മുന്നേറുമ്പോൾ, രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളും ഈ നൂതന സാമ്പത്തിക പരിഷ്ക്കാരത്തെപ്പറ്റി അറിവുള്ളവരാകണം എന്നും, മാറ്റത്തിന് സുസജ്ജരാകണം എന്നും ഉദ്ദേശിച്ചു ഗവൺമെൻറ് പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഈ GST നിയമ ഘടനയും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഉതകുന്ന തരത്തിൽ അടിക്കടി ഉയരുന്ന ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഉൾക്കൊള്ളിച്ചു CBEC ഒരു 'Frequently Asked Questions on GST' (FAQ) തയ്യാറാക്കുകയുണ്ടായി. എന്നാൽ, GST-യെ സംബന്ധിച്ച എല്ലാ വിവരങ്ങളും രാജ്യത്തെ എല്ലാ തലത്തിലും ഉള്ള ആളുകളിലും എത്തിക്കണമെങ്കിൽ അത് അവരുടെ സ്വന്തം ഭാഷയിൽ ആയിരുന്നാൽ എളുപ്പമാണെന്നതു മനസ്സിലാക്കി CBEC, എല്ലാ പ്രധാന പ്രാദേശികഭാഷകളിലും ഈ FAQ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

മറ്റു ഭാഷകളോടൊപ്പം, മലയാളത്തിൽ ഇവ തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കുവാനുള്ള ചുമതല സെൻട്രൽ എക്സൈസ് കൊച്ചി സോണിനാണു നൽകിയത്. ഡെപ്യൂട്ടി കമ്മീഷണർ ശ്രീമതി രാജേശ്വരി ആർ നായർ IRS ന്റെ നേതൃത്വത്തിലുള്ള ടീം ഈ ചുമതല ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു എന്നതിൽ അതിയായ സന്തോഷമുണ്ട്. ഇതിനായി വിവിധ തലത്തിൽ സഹകരിച്ച എല്ലാ ഉദ്യോഗസ്ഥരെയും ഹാർദ്ദമായി അനുമോദിക്കുന്നതിനോടൊപ്പം അവരോടുള്ള നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

മലയാളത്തിലുള്ള ഈ ചോദ്യോത്തരാവലി GST യെപ്പറ്റിയുള്ള ഏവരുടെയും സംശയങ്ങളും ആകാംക്ഷയും ദൂരീകരിക്കാൻ ഇടയാക്കും എന്ന് പ്രത്യാശിക്കുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കപ്പെട്ടതിനാൽ ചില തെറ്റുകളോ, വിട്ടുപോകലുകളോ സംഭവിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കളയുന്നില്ല. ഈ പരിഭാഷയെപ്പറ്റി എന്തെങ്കിലും അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ 'cccochin@excise.nic.in' എന്ന ഇ-മെയിൽ അഡ്രസിൽ അറിയിക്കാവുന്നതാണ്.

ഏവർക്കും പ്രയോജനകരമായ പുതിയ GST നിയമത്തിൽ രാജ്യപുരോഗതിക്കായി ഒത്തൊരുമയോടെ പ്രവർത്തിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജയ് ഹിന്ദ്

**പുല്ലേല നാഗേശ്വര റാവു**
**ചീഫ് കമ്മീഷണർ**

## മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയവർ

1. എബ്രഹാം റെൻ, അസിസ്റ്റൻറ്റ് കമ്മിഷണർ
2. നിധിൻ ലാൽ, അസിസ്റ്റൻറ്റ് കമ്മിഷണർ
3. പി.എ.തോമസ്, സൂപ്രണ്ട്
4. എം.ആർ.രാമചന്ദ്രൻ, സൂപ്രണ്ട്
5. ജെ.സോമശേഖരപിള്ള, സൂപ്രണ്ട്
6. ടോംസ് ജോൺ, സൂപ്രണ്ട്
7. സുനിൽ ദത്ത്, സൂപ്രണ്ട്
8. രവി വർമ്മ രാജ, സൂപ്രണ്ട്
9. ആർ.ഹരിദാസ്, സൂപ്രണ്ട്
10. ജിബോയ് തോമസ്, സൂപ്രണ്ട്
11. മനോജ് കുമാർ സി., സൂപ്രണ്ട്
12. കെ.ജി.ജയൻ, ഇൻസ്പെക്ടർ
13. എസ്.ആർ.വാസുദേവ്, ഇൻസ്പെക്ടർ
14. വിഷ്ണു എസ്.മേനോൻ, ഇൻസ്പെക്ടർ
15. രാജീവൻ, ഇൻസ്പെക്ടർ

- **എഡിറ്റിംഗ് ചെയ്തവർ:**

1. രാജേശ്വരി ആർ നായർ, ഡെപ്യൂട്ടി കമ്മിഷണർ
2. എബ്രഹാം റെൻ, അസിസ്റ്റൻറ്റ് കമ്മിഷണർ
3. പി.എ.തോമസ്, സൂപ്രണ്ട്
4. അശോക നാരായണൻ എസ്., സൂപ്രണ്ട്
5. പ്രഹ്ലാദൻ ബി., സൂപ്രണ്ട്
6. അഭിലാഷ് കുമാർ കെ., ഇൻസ്പെക്ടർ
7. വി.ജയരാജ്, സൂപ്രണ്ട്
8. ജിബോയ് തോമസ്, സൂപ്രണ്ട്
9. ശ്രീകല എം പിള്ളൈ, സൂപ്രണ്ട്
10. ശ്യാമപ്രസാദ് കെ.ആർ., സൂപ്രണ്ട്
11. പി.കെ.പ്രാൺ, സൂപ്രണ്ട്
12. കെ.ജി.ജയൻ, ഇൻസ്പെക്ടർ
13. ശശികുമാർ ടി., ഇൻസ്പെക്ടർ
14. മനോജ് കുമാർ, ഇൻസ്പെക്ടർ
15. കെ.വി.മാധവൻകുട്ടി, ഇൻസ്പെക്ടർ
16. ബീന എ., ഇൻസ്പെക്ടർ
17. ജിനി റസാക്, ടാക്സ് അസിസ്റ്റൻറ്

# ആമുഖം

2016 സെപ്തബർ 8 ന് ഭരണഘടനാ ഭേദഗതി നിയമം 101 നിലവിൽ വരികയും, 2016 സെപ്തംബർ 15-ന് GST കൗൺസിലിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തതോടുകൂടി ചരക്കു സേവന നികുതി (GST) യിലേക്കുള്ള മാറ്റത്തിന് തുടക്കമായി. 2017 ഏപ്രിൽ ഒന്ന് മുതൽ സുപ്രധാന പരോക്ഷ നികുതി പരിഷ്കാരമായ GST പ്രാവർത്തികമാക്കാൻ ഗവണ്മെന്റ് തയ്യാറെടുക്കുകയാണ്. GST യുടെ ആശയം, നടപടിക്രമം, പ്രവർത്തനരീതി എന്നിവ കേന്ദ്രത്തിലെയും, സംസ്ഥാനങ്ങളിലെയും പരോക്ഷ നികുതി ഉദോഗസ്ഥരെയും വ്യാപാരി വ്യവസായ സമൂഹത്തെയും പരിശീലിപ്പിക്കുക എന്നത് ഒരു വലിയ വെല്ലുവിളി ആണ്.

കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ കീഴിലുള്ള പ്രധാന ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ആയ നാഷണൽ അക്കാദമി ഓഫ് കസ്റ്റംസ്, എക്സൈസ് & നർക്കോട്ടിക്സിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. GST ക്കു തുടക്കമാകുമ്പോൾ, അത് പ്രാബല്യത്തിൽ വരുത്താൻ, കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഏകദേശം 6000 ഉദ്യോഗസ്ഥർക്ക് അവരുടെ കാര്യക്ഷമത ഉയർത്തുവാനായി പരിശീലനം നൽകുന്ന ബൃഹത്തായ പരിപാടികൾ തുടങ്ങിക്കഴിഞ്ഞു. പ്രവത്തനരംഗത്തുള്ള ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുവാനായി, NACEN ഏകദേശം 2000 പരിശീലകർ അടങ്ങിയ ടീമിനെ ഉണ്ടാക്കിയിട്ടുണ്ട്. സമയക്കുറവു പരിഗണിച്ച്, കൂടുതൽ വ്യാപ്തി ഉറപ്പാക്കുന്നതിനായി ക്ലാസ് റൂം ട്രെയിനിങ്ങുകൾക്ക് പുറമെ, പുതിയ വിവര സാങ്കേതിക വിദ്യകൾ ആയ വെർച്വൽ ക്ലാസ്സ്റൂംസ്, കൂടാതെ ഇ-ലേണിങ് മൊഡ്യൂൾസ് എന്നിവയും ഉപയോഗിക്കുവാൻ NACEN, ആലോചിച്ചു വരുന്നു.

ഈ ഉദ്യമത്തിന്റെ ഭാഗമായി, NACEN നടത്തിയ, ട്രെയിനിങ്ങുകളിലും ഇന്ററാക്ടിവ് സെഷനുകളിലും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, അടിക്കടി ചോദിക്കപ്പെടാവുന്ന ചോദ്യങ്ങളും, അവയുടെ ഉത്തരങ്ങളുമടങ്ങിയ ഒരു സമാഹാരം (FAQ), ഉദ്യോഗസ്ഥർക്കും ബഹുജനങ്ങൾക്കും മോഡൽ GST നിയമവും അതുമായി ബന്ധപ്പെട്ട സങ്കീർണതകളും പരിചയപ്പെടുത്തുന്നതിനായി ഒരു പരിശീലന ഉപകരണമായി സജ്ജമാക്കിയിരിക്കുന്നു.

കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും ഉദ്യോഗസ്ഥർ അടങ്ങിയ ടീം ആണ് ഈ FAQ തയ്യാറാക്കിയതും അവലോകനം ചെയ്തതും. ഈ ഉദ്യമത്തിനായ് പ്രവർത്തിച്ച NACEN-എയും എല്ലാ ഉദ്യോഗസ്ഥരെയും എന്റെ അനുമോദനം അറിയിക്കുന്നു.

24 വിഷയങ്ങളിൽ 500-ലേറെ ചോദ്യങ്ങൾ അടങ്ങിയ ഈ FAQ സമാഹാരം, നികുതി ഉദ്യോഗസ്ഥർ, വ്യാപാരികൾ, പൊതു ജനങ്ങൾ എന്നിവർക്കെല്ലാം GST യെപ്പറ്റി അറിവ് നൽകുന്നതിനായി പര്യാപ്തമായ ഒരു ഉപകരണം ആയിരിക്കും എന്ന് എനിക്കുറപ്പുണ്ട്. ഇത് പൊതു ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്ന മോഡൽ GST നിയമത്തെ അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ വിവരണം ആണ്. GST-യുടെ ചട്ടങ്ങളും റൂളുകളും നിയമമാക്കുന്നതനുസരിച്ചു FAQ-ന്റെ പുതുക്കിയ പതിപ്പുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

നജീബ് ഷാ
ചെയർമാൻ, സി .ബി .ഇ.സി.

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ചരക്കു സേവന നികുതിയുടെ (GST) പൊതുവായ അവലോകനം (Overview ) | 9 |
| 2. | നികുതി ചുമത്തലും, ഒഴിവുകളും | 21 |
| 3. | രജിസ്ട്രേഷൻ | 26 |
| 4. | സപ്ലൈ - അർത്ഥവും വ്യാപ്തിയും | 37 |
| 5. | സപ്ലൈ - സമയം | 42 |
| 6. | ചരക്കുസേവനനികുതിയിൽ മൂല്യനിർണയം | 47 |
| 7. | നികുതിയടക്കൽ | 52 |
| 8. | ഇ-കൊമേഴ്സ് | 60 |
| 9. | ജോബ് വർക്ക് | 66 |
| 10. | ഇന്പുട്ട് ടാക്സ് ക്രെഡിറ്റ് | 70 |
| 11. | ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്ന ആശയം ജി.എസ്.ടിയിൽ | 79 |
| 12. | റിട്ടേൺ സമർപ്പണവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും | 84 |
| 13. | നികുതി നിർണ്ണയവും കണക്ക് പരിശോധനയും (Assessment & Audit) | 92 |
| 14. | റീഫണ്ടുകൾ | 100 |
| 15. | നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും | 106 |
| 16. | ചരക്കുസേവന നികുതി നിയമത്തിലെ അപ്പീൽ, അവലോകനം(റിവ്യൂ), പുനരവലോകനം (റിവിഷൻ) മുതലായവ | 112 |
| 17. | അഡ്വാൻസ് റൂളിംഗ് | 119 |
| 18. | സെറ്റിൽമെൻറ് കമ്മീഷൻ | 125 |
| 19. | ഇൻസ്പെക്ഷൻ (പരിശോധന), സേർച്ച് (തിരയൽ), സീഷർ (പിടിച്ചടക്കൽ), അറസ്റ്റ് ( ബന്ധവസ്സിലാക്കുക) മുതലായവ | 131 |
| 20. | കുറ്റങ്ങളും പിഴകളും –പ്രോസിക്യൂഷനും ഒത്തുതീർപ്പാക്കലും | 148 |
| 21. | IGST ആക്ടിന്റെ പൊതുവായ അവലോകനം | 160 |
| 22. | ചരക്കുകളുടെയും സേവനങ്ങളുടെയും 'സപ്ലൈ ലഭിച്ച സ്ഥലം' | 165 |
| 23. | GST പോർട്ടലിലെ ഫ്രണ്ടെന്റ് ബിസിനസ് പ്രോസസ്സ് | 173 |
| 24. | സ്ഥിതിമാറ്റ വ്യവസ്ഥകൾ (Transitional Provisions) | 186 |

**തയ്യാറാക്കിയ വർ :**

1. ശ്രീ . ദീപക് മറ്റ , അസ്സിസ്റ്റന്റ് ഡയറക്ടർ , NACEN , മുംബൈ
2. ശ്രീ സമീർ ബജാജ്, അഡീഷണൽ ഡയറക്ടർ , NACEN , മുംബൈ യുടെ നിരീക്ഷണത്തിൽ ശ്രീ സഞ്ജീവ് നായർ, എക്സാമിനർ , CESTAT, മുംബൈ

**പുനഃ പരിശോധന നടത്തിയവർ**:

1. ശ്രീ .പി .കെ മൊഹന്തി , കൺസൾട്ടന്റ് , CBEC (അദ്ധ്യായം 1 )
2. ശ്രീ . വിശാൽ പ്രതാപ് സിംഗ് , DG (GST ), GST പോളിസി വിങ് , CBEC (അദ്ധ്യായം 2 )
3. ഡോക്ടർ പി ഡി വഗേല , , CCT ഗുജറാത്ത് ( അദ്ധ്യായം 3 & 7 )
4. ശ്രീ ഡി.പി.. നാഗേന്ദ്ര കുമാർ , പ്രിൻ . ADG DGCEI , ബാംഗ്ലൂർ ( അദ്ധ്യായം 4 മുതൽ 6 വരെ )
5. ശ്രീ ഉപേന്ദർ ഗുപ്ത , കമ്മീഷണർ , GST ,CBEC (അദ്ധ്യായം 8 മുതൽ 11 വരെ)
6. ശ്രീ ഋഥിക് പാണ്ഡേ , CCT , കർണ്ണാടക (അദ്ധ്യായം 12 )
7. ശ്രീ അരുൺകുമാർ മിശ്ര , ജോയിന്റ് സെക്രട്ടറി , CTD , ബീഹാർ (അദ്ധ്യായം 13 )
8. ശ്രീ ഖാലിദ് അൻവർ , സീനിയർ JCT , വെസ്റ്റ് ബംഗാൾ (അദ്ധ്യായം 14 & 24 )
9. ശ്രീ അജയ് ജെയിൻ ,പ്രിൻ. കമ്മീഷണർ , കസ്റ്റംസ് അഹമ്മദാബാദ് ( അദ്ധ്യായം15 )
10. ശ്രീ ബി ബി അഗർവാൾ ,പ്രിൻ. കമ്മീഷണർ, ഹൈദരാബാദ് ( അദ്ധ്യായം16 )
11. ശ്രീ ശശാങ്ക് പ്രിയ ,ADG DG (GST) ,CBEC, (അദ്ധ്യായം17 മുതൽ 20 വരെ)
12. ശ്രീ ജി .ഡി ലൊഹാനി , CCE , ഫരീദാബാദ്, (അദ്ധ്യായം 21 & 22 )
13. ശ്രീ പ്രകാശ് കുമാർ,CEO , GSTN ,( അദ്ധ്യായം 23 )

<u>Disclaimer</u>

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന FAQ പരിഭാഷ, CBEC പുറത്തിറക്കിയ FREQUENTLY ASKED QUESTIONS (FAQ) ON GST യെ ആധാരമാക്കിയിട്ടുള്ളതാണ്. ഈ ചോദ്യങ്ങളും ഉത്തരങ്ങളും, പഠന പരിശീലന ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്.

ഇതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ, GST യെപ്പറ്റി ഒരു പൊതുവായ അറിവ് ലഭിക്കുന്നതിലേക്കു മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇത്, നിയമ ഉപദേശമോ അഭിപ്രായമോ ആയി കണക്കാക്കാൻ പാടുള്ളതല്ല.

കൂടുതൽ വിവരങ്ങൾക്കായി, മാതൃകാ ചരക്കു സേവന നിയമം (മോഡൽ ജി എസ് ടി ലോ ) നോക്കുക.

# ചരക്കു സേവന നികുതിയുടെ (GST) പൊതുവായ അവലോകനം (Overview )

## 1.ചരക്കു സേവന നികുതിയുടെ (GST) പൊതുവായ അവലോകനം (Overview )

**ചോ. 1** എന്താണ് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നികുതി?

**ഉത്തരം**: ഉപഭോഗത്തെ ആസ്പദമാക്കി ഓരോ പ്രദേശത്തെ ആശ്രയിച്ചിട്ടുള്ള നികുതിയാണ് ചരക്കുസേവന നികുതി . നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ചുമത്തപ്പെടുകയും ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്തു അടക്കാവുന്ന നികുതിയാണിത് . ഓരോ ഘട്ടത്തിലും ഉണ്ടാവുന്ന മൂല്യ വർധനവിനു മാത്രമുള്ള നികുതിയിൽ, നികുതിയുടെ ഭാരം അന്തിമ ഉപഭോക്താവിന് മാത്രമായിരിക്കും.

**ചോ. 2** ഉപഭോഗത്തിൻ മേലുള്ള പ്രദേശനിക്ഷിപ്ത നികുതിയെന്നാൽ എന്ത്?

**ഉത്തരം**: ഏതു പ്രദേശത്താനോ ചരക്കിൻറ്റേയൊ സേവനത്തിൻറ്റേയൊ ഉപ ഭോഗം അന്തിമമായി നടക്കുന്നത്, ആ പ്രദേശത്തെ നികുതി അധികാരികൾ ക്കാണ് ഈ നികുതി എത്തിച്ചേരേണ്ടത് .

**ചോ. 3** ഏതെല്ലാം നിലവിലുള്ള നികുതികളാണ് ചരക്കു സേവന നികുതി യിൽ ലയിപ്പിച്ചിട്ടുള്ളത്?

**ഉത്തരം**: (i) കേന്ദ്ര ഗവണ്മെൻറ്റ് ചുമത്തുകയും, പിരിച്ചെടുക്കുകയും ചെയുന്ന നികുതികളായ –

a) കേന്ദ്ര എക്സൈസ് ഡ്യൂട്ടി

b) കേന്ദ്ര എക്സൈസ് ഡ്യൂട്ടി (മരുന്നും ശൗചാലയ നിർമിതികൾക്കും)

c) അഡീഷണൽ എക്സൈസ് ഡ്യൂട്ടി (Goods of special importance)

d) അഡീഷണൽ എക്സൈസ് ഡ്യൂട്ടി (തുണിത്തരങ്ങൾക്ക്)

e) CVD

f) സ്പെഷ്യൽ അഡിഷണൽ ഡ്യൂട്ടി (SAD)

g) സേവന നികുതി

h) സാധനങ്ങളുടെയും സേവനങ്ങളുടെയും സപ്ലൈ യുമായി ബന്ധപ്പെട്ടിട്ടുള്ള കേന്ദ്ര സർചാർജ് കളും സെസ്സുകളും

(ii) സംസ്ഥാന നികുതികളായ താഴെ പറയുന്നവ GST യിൽ ലയിപ്പിക്കും

a. സ്റ്റേറ്റ് വാറ്റ്

b. കേന്ദ്ര വില്പന നികുതി

c. ആഡംബര നികുതി

d. എല്ലാത്തരത്തിലുള്ള പ്രവേശന നികുതി

e. വിനോദ നികുതി (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്നവ ഒഴിച്ച്)

f. പരസ്യ നികുതി

g. പർച്ചേസ് നികുതി

h. ലോട്ടറി തുടങ്ങിയ ചൂതാട്ടങ്ങളുടെ മേൽ ചുമത്തുന്ന നികുതി

i. സംസ്ഥാന സർചാർജുകൾ

കേന്ദ്രം, സംസ്ഥാന, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ ചുമത്തിയ ടാക്സുകൾ, സെസ്സുകൾ, സർചാർജുകൾ എന്നിവ GST-യിൽ ലയിപ്പിക്കാൻ GST കൗൺ സിൽ ശുപാർശ ചെയ്യും.

**ചോ. 4** മേൽ പറഞ്ഞ നികുതികൾ GST-യിൽ ലയിപ്പിക്കുന്നതു എന്ത് തത്വത്തിന്റെ അടിസ്ഥാനത്തിലാണ്?

**ഉത്തരം**: പലവിധ കേന്ദ്ര, സംസ്ഥാന, പ്രാദേശിക നികുതികൾ അത് GST-യിൽ ലയിപ്പിക്കുവാനുള്ള സാധ്യത പരിശോധിച്ച് കണ്ടെത്തുകയുണ്ടായി. ഇവ താഴെപ്പറയുന്ന തത്വങ്ങൾ അടിസ്ഥാനമാക്കിയാണ് .

(i) ലയിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന നികുതികൾ ചരക്കുകളുടെയോ, അല്ലെങ്കിൽ സേവനങ്ങളുടെയോ സപ്ലൈ-യുമായി ബന്ധപ്പെട്ടിട്ടുള്ള പരോക്ഷ നികുതികളായിരിക്കണം

(ii) ചുമത്തുന്ന നികുതികൾ ഒരറ്റത്ത് ചരക്കുകളുടെ ഇറക്കുമതി/ ഉത്പാദനം, അല്ലെങ്കിൽ സേവനങ്ങൾ നൽകുന്നത് മുതൽ, മറ്റേ അറ്റത്തു ചരക്കുകളുടെയും സേവനങ്ങളുടെയും ഉപഭോഗം വരെയുള്ള ഇടപാടു ഘട്ടത്തിലൂടെ കടന്നു പോവുന്നതായിരിക്കണം

(iii) ലയനം, അന്തർ സംസ്ഥാന, സംസ്ഥാനത്തിനുള്ളിലുള്ള തലങ്ങളിൽ സ്വതന്ത്രമായി നികുതി ക്രെഡിറ്റ് നൽകുവാൻ പ്രാപ്തമായിരിക്കണം. കൃത്യമായി ചരക്കുകളുടെയോ, സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധപ്പെടാത്ത ടാക്സുകളും, ചുമതലകളും, ഫീസുകളും GST-യിൽ ലയിപ്പിക്കേണ്ടതില്ല.

(iv) കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നികുതി നീതി കൃത്യമായി ലഭിക്കുന്നതായിരിക്കണം.

**ചോ. 5** ഏതെല്ലാം ഉൽപ്പന്നങ്ങളെയാണ് GST-യുടെ പരിധിയിൽ നിന്ന് മാറ്റി നിർത്തുവാൻ തീരുമാനിച്ചിട്ടുള്ളത്?

**ഉത്തരം**: മനുഷ്യ ഉപഭോഗത്തിനുള്ള മദ്യം, പെട്രോളിയം ഉല്പന്നങ്ങളായ ക്രൂഡ് ഓയിൽ, മോട്ടോർ സ്പിരിറ്റ് (പെട്രോൾ), ഹൈസ്പീഡ് ഡീസൽ, പ്രകൃതി വാതകം, വിമാന ഇന്ധനം (ഏവിയേഷൻ ടർബൈൻ ഫ്യൂൽ), കൂടാതെ വൈദ്യുതി എന്നിവ.

**ചോ. 6** GST നിലവിൽ വന്ന ശേഷം മുകളിൽ പറഞ്ഞ ഉത്പന്നങ്ങളുടെ നികുതി ചുമത്തൽ ഏതു പ്രകാരമായിരിക്കും?

**ഉത്തരം**: ഈ ഉൽപ്പന്നങ്ങളുടെ കാര്യത്തിന് ഇപ്പോൾ നിലവിലുള്ള നികുതി സമ്പ്രദായം (VAT & Central Excise) തുടരും.

**ചോ. 6A** GST സമ്പ്രദായത്തിൽ പുകയില, പുകയില ഉത്പന്നങ്ങൾ എന്നിവ യുടെ നില എന്താകും?

**ഉത്തരം**: പുകയില, പുകയില ഉൽപ്പന്നങ്ങൾ എന്നിവ GST-ക്കു വിധേയ മാകും. കൂടാതെ, ഇവയുടെ മേൽ കേന്ദ്ര ഗവണ്മെന്റിനു സെൻട്രൽ എക്സൈസ് ഡ്യൂട്ടി ചുമത്താൻ അധികാരമുണ്ടാകും.

**ചോ. 7** ഏതു തരത്തിലുള്ള GST ആണ് നടപ്പിലാക്കുക?

**ഉത്തരം**: ഒരേ നികുതി അടിസ്ഥാനത്തിന്മേൽ, കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സമയം ചുമത്തുന്ന രണ്ടു തലത്തിലുള്ള GST ആയിരിക്കും നടപ്പിലാ ക്കുന്നത് .

ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടത്തുന്ന സപ്ലൈയിൽ കേന്ദ്രം ചുമത്തുന്ന നികുതിയെ കേന്ദ്ര ജി എസ് ടി (CGST ) എന്ന് വിളിക്കുന്നു. സംസ്ഥാനങ്ങൾ ചുമത്തുന്ന ജി എസ് ടി യെ സ്റ്റേറ്റ് ജി. എസ് ടി (SGST) എന്നും വിളിക്കും. അതേപോലെ, ചരക്കിന്റെയോ സേവനങ്ങളു ടെയോ അന്തർ സംസ്ഥാന സപ്ലൈകളിൽ കേന്ദ്രനിർവഹണത്തിൽ ഇന്റ ഗ്രേറ്റഡ് GST (IGST ) ചുമത്തപ്പെടും.

**ചോ. 8** എന്തുകൊണ്ടാണ് രണ്ടു തലത്തിലുള്ള GST ആവശ്യമായത്?

**ഉത്തരം**: സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും നിയമ നിർമാണം വഴി ചുമ ത്താനും ശേഖരിക്കാനും അധികാരം നൽകിയിട്ടുള്ള ഒരു ഫെഡറൽ സംവി ധാനമുള്ള രാജ്യമാണ് ഇന്ത്യ. രണ്ടു തട്ടിലുള്ള ഗവെർൺമെന്റ്കൾക്കും, ഭരണ ഘടന അനുശാസിക്കുന്ന പ്രകാരം ഉള്ള അധികാരത്തിൽ ആവശ്യമുള്ള വിഭവ സമാഹരണത്തിന് ഉള്ള പ്രത്യേകം ഉത്തരവാദിത്വങ്ങൾ ഉണ്ട്. അതി നാൽ ഈ രണ്ടു തലത്തിലുള്ള GST, ഭരണഘടന അനുശാസിക്കുന്ന ഫിസ്കൽ ഫെഡറലിസം നിലനിർത്തുന്നതിന് വേണ്ടിയാണ്.

**ചോ. 9** ഏതു അധികാരികളാണ് GST ചുമത്തലും ഭരണവും നിർ വഹിക്കുക?

**ഉത്തരം**: കേന്ദ്ര ഗവണ്മെന്റ് CGST-യും IGST-യും ചുമത്തുകയും നടപ്പി ലാക്കുകയും ചെയ്യും. അതെ പോലെ സംസ്ഥാന ഗവണ്മെന്റുകൾ SGST-യും.

**ചോ. 10** എന്തുകൊണ്ടാണ് GST-യുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ ഭരണഘടന ഭേദഗതി ചെയ്തത്?

**ഉത്തരം:** ഇന്ത്യയുടെ ഭരണ ഘടന ഭേദഗതി ചെയ്തത് ഇപ്പോൾ കേന്ദ്ര ത്തിന്റെയും സംസ്ഥാനങ്ങളുടെയും ധനകാര്യ അധികാരങ്ങൾ ഭരണ ഘടനയിൽ അന്യോന്യം കടന്നുകയറ്റങ്ങളില്ലാതെ കൃത്യമായി രേഖപ്പെടു ത്തിയിട്ടുണ്ട്. കേന്ദ്രത്തിനു സാധനങ്ങളുടെ ഉത്പാദനവുമായി ബന്ധപ്പെട്ടു (മനുഷ്യ ഉപയോഗത്തിനുള്ള മദ്യം, ഓപിയം, മയക്കുമരുന്നുകൾ മുതലായവ കൂടാതെ) നികുതി ചുമത്താൻ അധികാരമുണ്ട്. സംസ്ഥാനങ്ങൾക്ക് ചരക്കു കളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട നികുതിയും ചുമത്താം. അന്തർ സംസ്ഥാന വിപണനങ്ങളുടെ കാര്യത്തിൽ, നികുതി (സെൻട്രൽ സെയിൽസ് ടാക്സ്) ചുമത്താനുള്ള അധികാരം കേന്ദ്രത്തി നുണ്ടെങ്കിലും, നികുതി പിരിക്കുന്നതും ഉപയോഗിക്കുന്നതും സംസ്ഥാന ങ്ങളാണ്. സേവനങ്ങളുടെ കാര്യത്തിൽ നികുതി ചുമത്താനുള്ള അധികാരം കേന്ദ്രത്തിനു മാത്രമാണ്.

GST നടപ്പിലാക്കുമ്പോൾ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരേ സമയം നികുതി ചുമത്താനും, അത് ശേഖരിക്കാനും ഉള്ള അധികാരങ്ങൾ നൽകുവാൻ ഭരണ ഘടന ഭേദഗതി ചെയ്യണ്ടതായിട്ടുണ്ട്.

ഈ ആവശ്യത്തിന് ഇപ്പോൾ ഇന്ത്യൻ ഭരണഘടന, ഭരണ ഘടനാ നിയമം (101 -)ം ഭേദഗതി) പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഭരണ ഘടനയുടെ ആർട്ടിക്കിൾ 246A കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും GST ചുമത്താനും അത് ശേഖരി ക്കാനും അധികാരം നൽകുന്നു.

**ചോ. 11** എങ്ങനെയാണ് ചരക്കിന്റെയോ സേവനത്തിന്റെയോ ഒരു ഇടപാടിൽ കേന്ദ്ര GST (CGST) യും സംസ്ഥാന GST (SGST) യും ഒരേ പോലെ ചുമത്തപ്പെടുന്നത്?

**ഉത്തരം:** ഒഴിവാക്കപ്പെട്ടിട്ടുള്ള (exempted) സാധനങ്ങളും സേവനങ്ങളും, GST പരിധിയിൽ വരാത്ത സാധനങ്ങൾ, ഇളവ് പരിധിക്കു കീഴിലുള്ള ഇടപാടുകൾ എന്നിവ ഒഴിച്ച് ഉള്ള സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ സപ്ലൈയിൽ കേന്ദ്ര GST യും സംസ്ഥാന GST യും ഒരേ സമയം ചുമത്തപ്പെടും.

കൂടാതെ, CENVAT ചേർത്ത് ചുമത്തപ്പെടുത്തിയിരുന്ന സംസ്ഥാന വാറ്റ് നികുതി പോലല്ലാതെ, ഈ രണ്ടു നികുതികളും ഒരേ വിലയിന്മേലും മൂല്യത്തിലും ചുമത്തപ്പെടും. CGST യുടെ കാര്യത്തിൽ സപ്ലൈയരുടെയും സ്വീകർത്താ വിന്റെയും സ്ഥലങ്ങൾക്ക് പ്രസക്തിയില്ലെങ്കിലും, സപ്ലൈയറും സ്വീകർ ത്താവും ഒരു സംസ്ഥാനത്തിനുള്ളിലാണെങ്കിൽ മാത്രമേ SGST ചുമത്താവൂ.

വിശദീകരണം I :- ഇപ്പോൾ ഉദാഹരണത്തിന് CGST യിലും SGST യിലും റേറ്റ് 10% വെച്ച് ആണെന്ന് കരുതുക. ഉത്തർപ്രദേശിലുള്ള ഒരു സ്റ്റീൽ മൊത്തവിതരണ

കച്ചവടക്കാരൻ അതെ സംസ്ഥാനത്തിലുള്ള ഒരു കൺസ്ട്രക്ഷൻ കമ്പനിക്കു, ഉദാഹരണത്തിന് 100 രൂപയ്ക്കു, സ്റ്റീൽ ബാറുകളും സ്റ്റീൽ കമ്പികളും സപ്ലൈ ചെയ്യുമ്പോൾ, വിപണനക്കാരൻ സാധനങ്ങളുടെ വില കൂടാതെ 10 രൂപാ CGST യും 10 രൂപ SGST യും ചാർജ് ചെയ്യും. അയാൾ ഇതിലെ CGST തുക കേന്ദ്ര ഗവണ്മെന്റിനും, SGST തുക സംസ്ഥാന ഗവണ്മെന്റിനും അടക്കണം. തീർച്ചയായും അയാൾ ശരിക്കും 20 രൂപ കാശ് ആയി അടക്കേണ്ടതില്ല. എന്തെന്നാൽ അയാൾക്ക് സാധനങ്ങൾ വാങ്ങുമ്പോൾ അടച്ച CGST /SGST നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ചു തൻറെ നികുതി ബാധ്യത തട്ടിക്കിഴിക്കാൻ അവകാശമുണ്ട്. പക്ഷെ, CGST അടക്കാൻ, വാങ്ങിയപ്പോൾ ലഭിച്ച CGST ക്രെഡിറ്റ് മാത്രവും, SGST അടക്കാൻ SGST ക്രെഡിറ്റ് മാത്രവുമേ ഉപയോഗിക്കാവൂ. അതായത്, CGST ക്രെഡിറ്റ് SGST പേയ്മെൻറ്റിനും SGST ക്രെഡിറ്റ് CGST പേയ്മെൻറ്റിനും ഉപയോഗിക്കാൻ പാടില്ല.

വിശദീകരണം II :- ഉദാഹരണത്തിന് CGST, SGST റേറ്റുകൾ 10% ആണ് എന്ന് കരുതുക. മുംബയിൽ ഉള്ള ഒരു അഡ്വെർടൈസിങ് കമ്പനി, അഡ്വെർ ടൈസ്മെന്റ് സേവനങ്ങൾ മഹാരാഷ്ട്രയിൽ തന്നെ ഉള്ള ഒരു സോപ്പ് കമ്പനിക്കു 100 രൂപയ്ക്കു നൽകുമ്പോൾ, ആ കമ്പനി 10 രൂപ CGST യും 10 രൂപ SGST യും സേവനത്തിന്റെ അടിസ്ഥാന മൂല്യത്തിന് നൽകും. അയാൾ CGST നികുതി കേന്ദ്ര ഗവെണ്മെന്റ് അക്കൗണ്ടിലും, SGST നികുതി സംസ്ഥാന ഗവെണ്മെന്റ് അക്കൗണ്ടിലും നൽകണം. തീർച്ചയായും അയാൾ 20 രൂപ (Rs 10 + Rs 10) കാശ് ആയി അടക്കേണ്ടതില്ല, എന്തെന്നാൽ പർച്ചെസിൽ ലഭിച്ച CGST യുടെയും SGST യുടെയും ക്രെഡിറ്റുമായി (ഉദാഹരണത്തിന് സ്റ്റേഷനറി, ഓഫീസിൽ സാധനങ്ങൾ, ആർടിസ്റ്റിന്റെ സേവനം മുതലായ ഇൻപുട്ടു കളുടെ) ക്രെഡിറ്റ് തട്ടിക്കിഴിക്കാൻ അവകാശമുണ്ട്. പക്ഷെ, CGST അടക്കാൻ, വാങ്ങിയപ്പോൾ ലഭിച്ച CGST ക്രെഡിറ്റ് മാത്രവും, SGST അടക്കാൻ SGST ക്രെഡിറ്റ് മാത്രവുമേ ഉപയോഗിക്കാവൂ. അതായത് പൊതുവായി, CGST ക്രെഡിറ്റ് SGST പേയ്മെൻറ്റിനും SGST ക്രെഡിറ്റ് CGST പേയ്മെൻറ്റിനും ഉപയോഗിക്കാൻ പാടില്ല.

**ചോ. 12** ചരക്കു സേവന നികുതി കൊണ്ട് രാജ്യത്തിന് എന്തൊക്കെ നേട്ടങ്ങൾ ആണ് ഉണ്ടാകുന്നത് ?

**ഉത്തരം:** ചരക്കു സേവന നികുതി സമ്പ്രദായം നടപ്പിലാക്കുന്നത് ഇന്ത്യയിലെ പരോക്ഷ നികുതി പരിഷ്കാരങ്ങളിലെ വളരെ സുപ്രധാനമായ ഒരു കാൽവെയ്പ്പാണ്. കേന്ദ്ര / സംസ്ഥാന സർക്കാരുകൾ ചുമത്തിയിരുന്ന വളരെ ഏറെ നികുതികൾ ഒറ്റ നികുതിയാക്കി മാറ്റുകയും മുൻ സ്റ്റേജ് നികുതികളുടെ സെറ്റ് ഓഫ് അനുവദിക്കുകയും ചെയ്യുക വഴി നികുതി യുടെ മേൽ നികുതി എന്നതിൻറ്റെ ദൂഷ്യ ഫലങ്ങൾ ഒഴിവാക്കുകയും രാജ്യമാകെയുള്ള ഒരു പൊതു മാർക്കറ്റിനു വഴി ഒരുങ്ങുകയും ചെയ്യും. ഉപഭോക്താവിനുണ്ടാകുന്ന ഏറ്റവും വലിയ നേട്ടം, ഇപ്പോൾ 25 % മുതൽ 30 % വരെയെന്നു കണക്കാക്കുന്ന മൊത്തം നികുതിഭാരം വളരെ കുറയുന്നു എന്നതാണ്. GST നടപ്പാക്കുന്നത് വഴി നമ്മുടെ ഉത്പന്നങ്ങൾ ഇന്ത്യൻ മാർക്ക

റ്റിലും അന്താരാഷ്ട്ര മാർക്കറ്റിലും കൂടുതൽ മത്സരക്ഷമമാകുകയും ചെയ്യും. ഇത് വളരെ പെട്ടെന്നുള്ള സാമ്പത്തിക വളർച്ചയുണ്ടാക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. നികുതിയുടെ അടിത്തറ വിപുലമാകുന്നതോടെ കേന്ദ്രത്തിൻറെയും സംസ്ഥാനങ്ങളുടെയും വരുമാനത്തിൽ വർധനയുണ്ടാകുകയും നികുതി നടപടിക്രമങ്ങൾ പാലിക്കപ്പെടുകയും കച്ചവടത്തിന്റെ വ്യാപ്തി വർധിക്കയും ചെയ്യും. കൂടാതെ, സുതാര്യമായ സ്വഭാവമുള്ള ഒരു നികുതി ആയതുകൊണ്ട് ഇത് നടപ്പിലാക്കാൻ കൂടുതൽ എളുപ്പമാണ് .

**ചോ. 13** IGST എന്നാൽ എന്താണ്?

**ഉത്തരം**: IGST-യിൽ അന്തർ സംസ്ഥാന ചരക്കു സേവന സപ്ലൈകൾക്കു കേന്ദ്ര ഗവണ്മെണ്ട് ഒരു ഇൻറഗ്രേറ്റഡ് GST (IGST) ചുമത്തുകയും പിരിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 269A പ്രകാരം അന്തർ സംസ്ഥാന വ്യാപാരത്തിൻറെയോ വാണിജ്യത്തിൻറെയോ ഭാഗമായുള്ള സപ്ലൈകൾക്കു GST ചുമത്തുന്നതും പിടിക്കുന്നതും കേന്ദ്ര ഗവെണ്മെന്റ് ആണ്. അങ്ങനെ പിരിക്കുന്ന നികുതി, GST കൗൺസിലിൻറെ ശുപാർശയിന്മേൽ, പാർലമെൻറ് ഉണ്ടാക്കുന്ന നിയമത്തിൽ പറയുന്ന രീതിയിൽ, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കുവെക്കണം.

**ചോ. 14** GST-യിലെ നികുതി നിരക്കുകൾ ആരാണ് തീരുമാനിക്കുന്നത്?

**ഉത്തരം**: CGST യും SGST യും ചുമത്തുന്നത് കേന്ദ്രവും സംസ്ഥാനങ്ങളും സംയുക്തമായി തീരുമാനിക്കുന്ന നിരക്കുകളിലാണ്.

**ചോ. 15** GST കൗൺസിലിൻറെ പങ്ക് എന്താണ്?

**ഉത്തരം**: GST കൗൺസിൽ നിലവിൽ വരുന്നത് യൂണിയൻ ഫിനാൻസ് മിനിസ്റ്ററും (അദ്ദേഹം കൗൺസിലിൻറെ ചെയർമാൻ ആയിരിക്കും), റവന്യുവിൻറെ മിനിസ്റ്റർ ഓഫ് സ്റ്റേറ്റ്ഉം, സംസ്ഥാനങ്ങളിലെ ഫിനാൻസ്/ നികുതി മന്ത്രിമാരും ചേർന്നാണ്. കൗൺസിൽ താഴെ പറയുന്ന കാര്യങ്ങളിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ശുപാർശകൾ നൽകുന്നു:

i. കേന്ദ്രവും സംസ്ഥാനങ്ങളും ലോക്കൽ ബോഡികളും ചുമത്തുന്ന ഏതൊക്കെ നികുതികളും സെസ്സുകളും സർചാർജുകളുമാണ് GST യിൽ ലയിപ്പിക്കേണ്ടത്.

ii. ചരക്കു സേവന നികുതി ചുമത്തേണ്ടതും ഒഴിവാക്കേണ്ടതും ഏതൊക്കെ സാധനങ്ങൾക്കും സേവനങ്ങൾക്കുമാണ്.

iii. പെട്രോളിയം ക്രൂഡ് ഓയിൽ, ഹൈസ്പീഡ് ഡീസൽ, മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്നറിയപ്പെടുന്നത്), നാച്ചുറൽ ഗ്യാസ്, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ എന്നിവക്ക് ഏത് തീയതി മുതലാണ് GST ചുമത്തേണ്ടത്.

iv. മാതൃകാ GST നിയമം, നികുതി ചുമത്തലിൻ്റെ തത്ത്വങ്ങൾ, IGST പങ്കു വയ്ക്കൽ, സപ്ലൈ നടന്നതായി കണക്കാക്കുന്ന സ്ഥലം തീരുമാനിക്കുന്നതിൻ്റെ തത്ത്വങ്ങൾ.

v. ടേണോവറിൻ്റെ അടിസ്ഥാനത്തിലുള്ള നികുതി ഒഴിവിൻ്റെ പരിധി.

vi. തറ (Floor Rate) നിരക്കും GST ബാൻഡുകളും ഉൾപ്പെടുന്ന നികുതി നിരക്കിൻ്റെ ഘടനയും.

vii. പ്രകൃതി ദുരന്തങ്ങളുടെയോ ആപത്തുകളുടെയോ സമയത്ത് നിർദ്ദിഷ്ട കാലത്തേക്ക് കൂടുതൽ വിഭവ സമാഹരണത്തിനായുള്ള പ്രത്യേക നികുതി നിരക്ക്.

viii. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, ജമ്മു & കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവക്ക് വേണ്ടിയുള്ള പ്രത്യേക നിയമങ്ങൾ.

ix. കൗൺസിൽ തീരുമാനിക്കുന്ന, GSTയുമായി ബന്ധപ്പെട്ട ഇതര വിഷയങ്ങൾ

**ചോ. 16** GST കൗൺസിലിനെ നയിക്കുന്ന തത്വങ്ങൾ ഏതൊക്കെയാണ് ?

**ഉത്തരം**: സംസ്ഥാനങ്ങൾ തമ്മിൽ തമ്മിലും, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലും, GST കാര്യങ്ങളിൽ പൊരുത്തക്കേടുകൾ ഇല്ലെന്നു GST കൗൺസിൽ ഉറപ്പുവരുത്തുന്നു. ചരക്കുകൾക്കും സേവനങ്ങൾക്കും പൊരുത്തക്കേടുകൾ ഇല്ലാത്ത ഒരു പൊതു ദേശീയ മാർക്കറ്റ് വളർത്തിയെടുക്കേണ്ടതിൻ്റെ ആവശ്യകതയായിരിക്കണം GST കൗൺസിൽ അതിൻ്റെ ചുമതലകൾ നിർവഹിക്കുമ്പോൾ വേണ്ട മാർഗ്ഗദർശന തത്വമെന്നു ഭരണഘടനയുടെ 2016 ലെ ഭേദഗതി നിയമം 101 അനുശാസിക്കുന്നു.

**ചോ. 17** GST കൗൺസിലിൽ എങ്ങനെയാണു തീരുമാനങ്ങൾ എടുക്കുന്നത്?

**ഉത്തരം**: GST കൗൺസിലിൽ തീരുമാനങ്ങൾ എടുക്കുന്നത് മീറ്റിങ്ങിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ നാലിൽ മൂന്നു വോട്ടിംഗ് ശക്തിയുടെ ഭൂരിപക്ഷത്തിൽ വേണമെന്ന് ഭരണഘടനയുടെ 2016 ലെ ഭേദഗതി നിയമം 101ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കേന്ദ്ര ഗവണ്മെന്റിൻ്റെ വോട്ടിംഗ് ശക്തി പോൾ ചെയ്ത വോട്ടിൻ്റെ മൂന്നിൽ ഒന്നും സംസ്ഥാന ഗവണ്മെന്റുകളുടെ മൊത്തം വോട്ടുകളുടെ മൂല്യം പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ടും ആണ്. GST കൗൺസിലിൻ്റെ മീറ്റിങ്ങിനാവശ്യമായ കോറം ആകെയുള്ള അംഗങ്ങളുടെ പകുതിയാണ്

**ചോ. 18** നിർദ്ദിഷ്ട GST യിൽ ആർക്കാണ് നികുതി അടയ്ക്കാൻ ബാധ്യതയുള്ളത് ?

**ഉത്തരം**: ചരക്കുകളും സേവനങ്ങളും സപ്ലൈ ചെയ്യുന്ന, നികുതി വിധേയ ആളിനാണ് GST യിൽ നികുതി അടയ്ക്കാൻ ബാധ്യതയുള്ളത്. നികുതി അടയ്ക്കാനുള്ള ചുമതല ഉടലെടുക്കുന്നത് നികുതി വിധേയ വ്യക്തിയുടെ മൊത്തം ടേണോവറിൻ്റെ അടിസ്ഥാനത്തിലുള്ള വാർഷിക നികുതി

യൊഴിവു പരിധിയായ ഇരുപതു ലക്ഷം കടക്കുമ്പോഴാണ്. (വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ പത്തു ലക്ഷം). ചില പ്രത്യേക കാര്യങ്ങളിൽ, നികുതി യൊഴിവുപരിധിടേണോവർ നോക്കാതെ നികുതിയടയ്ക്കാൻ ബാധ്യതയുണ്ട്. സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന എല്ലാ ചരക്കു സേവന സപ്ലൈകൾക്കും CGST/SGST അടയ്ക്കേണ്ടതും അന്തർസംസ്ഥാന സപ്ലൈകൾക്കു IGST അട യ്ക്കേണ്ടതും ആണ്.

**ചോ. 19** ചെറുകിട നികുതിദായകർക്ക് GST യിൽ ഉള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം**: ഒരു സാമ്പത്തിക വർഷത്തെ മൊത്തം ഇരുപതു ലക്ഷം വരെ യുള്ള ടേണോവറിന് നികുതിയൊഴിവുണ്ട്. (നികുതിയുള്ളതും ഇല്ലാത്തതു മായ എല്ലാ സപ്ലൈകളും, നികുതി ഒഴിവുള്ള സപ്ലൈകളും, ചരക്കുകളു ടെയും സേവനങ്ങളുടെയും കയറ്റുമതിയും മൊത്തം ടേണോവറിൽ ഉൾപ്പെടു ത്തുന്നതും GST നികുതി ടേണോവറിൻറ്റെ മൊത്തം തുകയിൽ നിന്നും ഒഴി വാക്കുന്നതുമാണ്). അഖിലേന്ത്യ അടിസ്ഥാനത്തിലാണ് മൊത്തം ടേണോ വർ കണക്കാക്കുന്നത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും സിക്കിമിനും ഈ പരിധി പത്തു ലക്ഷം രൂപയാണ്. ടേണോവറിൻറ്റെ അടിസ്ഥാനത്തിൽ നികുതിയൊഴിവിന് അർഹതയുള്ളവർക്ക് ഇന്പുട് ടാക്സ് ക്രെഡിറ്റ് എടുക്കു കയും നികുതിയടയ്ക്കാൻ ഓപ്ഷൻ എടുക്കുകയും ചെയ്യാം. മൊത്തം വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് എടുക്കു ന്നതിനു റിവേഴ്സ് ചാർജിൽ നികുതിയടയ്ക്കുന്നവരും അന്തർസംസ്ഥാന സപ്ലൈ നടത്തുന്നവരും അർഹരല്ല .

**ചോ. 20** GST-യിൽ എങ്ങനെയാണ് സാധനങ്ങളും സേവനങ്ങളും ക്ലാസ്സി ഫൈ ചെയ്യുന്നത്?

**ഉത്തരം**: GST യിൽ സാധനങ്ങൾ HSN (ഹാർമോണൈസ്ഡ് സിസ്റ്റം നൊമൻ ക്ളേച്ചർ) കോഡുപയോഗിച്ചു ക്ലാസ്സിഫൈ ചെയ്യും. ഒന്നരക്കോടിയ്ക്കു മുകളിൽ അഞ്ചു കോടിക്ക് താഴെ ടേണോവർ ഉള്ളവർ രണ്ടക്ക കോഡും, അഞ്ചു കോടിക്ക് മുകളിൽ ടേണോവർ ഉള്ള നികുതിദായകർ നാലക്ക കോഡും ഉപയോഗിക്കണം. ഒന്നര കോടിയിൽ താഴെ ടേണോവർ ഉള്ള നികുതിദായകർ HSN കോഡ് ഇൻവോയിസിൽ കാണിക്കണമെന്നില്ല. സേവനങ്ങൾ, സർവീസസ്സ് അക്കൗണ്ടിങ് കോഡ് പ്രകാരം (SAC) ക്ലാസ്സിഫൈ ചെയ്യണം .

**ചോ. 21** ഇറക്കുമതികൾ GST-യിൽ എങ്ങനെയാണ് നികുതി വിധേയ മാക്കുന്നത്?

**ഉത്തരം**: ചരക്കുകളുടെയും സേവനങ്ങളുടെയും ഇറക്കുമതികൾ അന്തർ സംസ്ഥാന സപ്ലൈ ആയി കണക്കാക്കുകയും, രാജ്യത്തേക്കുള്ള ചരക്കു കളുടെ/സേവനങ്ങളുടെ ഇറക്കുമതിയ്ക്കു IGST ചുമത്തുകയും ചെയ്യും. ചരക്കുകളും സേവനങ്ങളും എത്തിച്ചേരുന്ന ലക്ഷ്യത്തിൽ നികുതിയെത്തു മെന്ന തത്വം പാലിക്കുകയും, ഇറക്കുമതി ചെയ്ത സാധനങ്ങളുടെയും സേവന

ങ്ങളുടെയും ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിന് SGST നികുതി ലഭിക്കുകയും ചെയ്യുന്നു. സാധനങ്ങളും സേവനങ്ങളും ഇറക്കുമതി ചെയ്യുമ്പോൾ അടയ്ക്കുന്ന നികുതി (GST) യ്ക്കു പൂർണ്ണമായി സെറ്റ് ഓഫ് ലഭിയ്ക്കുകയും ചെയ്യുന്നു .

**ചോ. 22** GST യിൽ കയറ്റുമതികൾ എങ്ങനെയാണ് കണക്കാക്കുന്നത്?

**ഉത്തരം:** പൂജ്യം നികുതി നിരക്കിലുള്ള സപ്ലൈ ആയിട്ടാണ് കയറ്റുമതികളെ കണക്കാക്കുന്നത്. സാധനങ്ങളോ സേവനങ്ങളോ കയറ്റുമതി ചെയ്യുമ്പോൾ നികുതി അടയ്ക്കേണ്ടതില്ല, എങ്കിലും ഇൻപുട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ് അത് കയറ്റുമതി ചെയ്യുന്നവർക്ക് റീഫണ്ട് ആയി നൽകുന്നതുമാണ്.

**ചോ. 23** GST യിൽ കോമ്പസിഷൻ സ്കീമിന്റെ സാധ്യത എന്താണ്?

**ഉത്തരം**: മൊത്തം വാർഷിക ടേണോവർ 50 ലക്ഷം രൂപ വരെയുള്ള ചെറുകിട നികുതിദായകർക്ക് കോമ്പസിഷൻ രീതിയിൽ നികുതി ചുമത്തപ്പെടാനുള്ള അർഹതയുണ്ട്. ഈ സ്കീമനുസരിച്ച്, നികുതി ദായകന് ഇൻപുട് ടാക്സ് ക്രെഡിറ്റിൻറ്റെ ആനുകൂല്യം ഇല്ലാതെ, ടേണോവറിൻറ്റെ ഒരു നിശ്ചിത ശതമാനം നികുതിയടയ്ക്കാം. CGST യുടെയും SGST യുടെയും തറനിരക്ക് ഒരുശതമാനത്തിൽ കുറയില്ല. കോമ്പസിഷൻ രീതിയിലുള്ള നികുതി ചുമത്തൽ തിരഞ്ഞെടുക്കുന്ന ആൾ കസ്റ്റമറിൽ നിന്നും നികുതി പിരിക്കാൻ പാടില്ല. റിവേഴ്സ് ചാർജിൽ നികുതിയടയ്ക്കുന്നവർക്കും അന്തർസംസ്ഥാന സപ്ലൈ നടത്തുന്നവർക്കും കോമ്പസിഷൻ സ്കീമിന് അർഹതയില്ല.

**ചോ. 24** കോമ്പസിഷൻ സ്കീം തിരഞ്ഞെടുക്കുന്നതാണോ അതോ നിർബന്ധിതമാണോ?

**ഉത്തരം**: തിരഞ്ഞെടുക്കാവുന്നതാണ്.

**ചോ. 25** GSTN എന്താണ്? GST-യിൽ അതിൻറ്റെ പങ്കെന്താണ്?

**ഉത്തരം**: ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നെറ്റ് വർക്ക് എന്നതാണ് GSTN. ചരക്കു സേവന നികുതിയുടെ ആവശ്യത്തിലേയ്ക്കായി ഉണ്ടാക്കിയെടുത്ത ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണത്. GST നടപ്പിലാക്കുന്നതിന് കേന്ദ്ര/സംസ്ഥാന ഗവണ്മെണ്ടുകൾക്കും നികുതിദായകർക്കും മറ്റു സ്റ്റേക്ക് ഹോൾഡേഴ്സിനും വിവര സാങ്കേതിക വിദ്യയിലൂടെ പങ്കുവയ്ക്കാവുന്ന സംവിധാനങ്ങളും സേവനങ്ങളും GSTN നൽകുന്നു മറ്റു കാര്യങ്ങൾ കൂടാതെ GSTN ൻറ്റെ ചുമതലകളിൽ ഉൾപ്പെടുന്നവ താഴെപ്പറയുന്നു (i) രെജിസ്ട്രേഷൻ എളുപ്പമാക്കുന്നു (ii) റിട്ടേണുകൾ കേന്ദ്ര/സംസ്ഥാന അധികാരികൾക്ക് അയച്ചു കൊടുക്കുന്നു (iii) IGST യുടെ സെറ്റിൽമെൻറ്റ് കണക്കു കൂട്ടിയെടുക്കുന്നു (iv) ബാങ്കിങ്ങ് നെറ്റ് വർക്കുമായി നികുതിയടവ് വിവരങ്ങൾ ഒത്തുനോക്കുന്നു (v) ടാക്സ് പെയർ റിട്ടേണിൻറ്റെ അടിസ്ഥാനത്തിൽ വിവിധ മാനേജ്മെൻറ്റ് ഇൻഫർമേഷൻ സിസ്റ്റം റിപ്പോർട്ടുകൾ കേന്ദ്ര/സംസ്ഥാന ഗവൺമെൻറ്റുകൾക്കു നൽകുന്നു (vi) നികുതിദായകൻറ്റെ രൂപരേഖയുടെ

വിശകലനം നടത്തുന്നു (vii) ഇൻ പുട് ടാക്സ് ക്രെഡിറ്റിൻറെ പൊരുത്ത പ്പെടുത്തലിനും തിരിച്ചടയ്ക്കലിനും പുനരവകാശപ്പെടലിനുമായി മാച്ചിങ് എൻജിൻ പ്രവർത്തിപ്പിക്കുന്നു.

രജിസ്ട്രേഷൻ, നികുതിയടയ്ക്കൽ, റിട്ടേണുകൾ, MIS റിപ്പോർട്ടുകൾ എന്നിവയ്ക്കായി പൊതുവായ ഒരു GST പോർട്ടലും ആപ്ലിക്കേഷനുകളും GSTN വികസിപ്പിച്ചെടുക്കുന്നു. നികുതിദായകർക്ക് ഇൻറർഫേസുകൾ ഉണ്ടാക്കു കയും, പൊതുവായ GST പോർട്ടൽ നിലവിലുള്ള നികുതി നടപ്പാക്കൽ സംവിധാനവുമായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ സം യോജിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ 19 സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശത്തിനും (മോഡൽ II സംസ്ഥാനങ്ങൾ) നികുതി നിർണ്ണയം, ഓഡിറ്റ്, റീഫണ്ട് അപ്പീൽ തുടങ്ങിയ ബായ്ക്ക് എൻഡ് മൊഡ്യൂളുകൾ GSTN വളർത്തിയെടുക്കുന്നു. CBEC യും മോഡൽ I സംസ്ഥാനങ്ങളും (15 സംസ്ഥാനങ്ങൾ) അവരുടേതായ GST ബായ്ക്ക് എൻഡ് സംവിധാനങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. GST-യിലേക്കുള്ള മാറ്റം എളുപ്പമാക്കുന്നതിന് GST ഫ്രണ്ട് എൻഡ് സിസ്റ്റങ്ങളും ബായ്ക്ക് എൻഡ് സിസ്റ്റങ്ങളും യോജിപ്പിക്കുകയും പൂർത്തിയാക്കുകയും പരീക്ഷിക്കുകയും വളരെ മുൻപേ തന്നെ ചെയ്യേണ്ടതുണ്ട്.

**ചോ. 26** GST യിൽ തർക്കങ്ങൾ എങ്ങനെയാണ് പരിഹരിയ്ക്കേണ്ടത്?

**ഉത്തരം**: ഭരണഘടനയുടെ 2016 ലെ ഭേദഗതി നിയമം 101 അനുസരിച്ച് GST കൗൺസിൽ തർക്ക പരിഹാരത്തിനുള്ള സംവിധാനങ്ങൾ നിലവിൽ വരു ത്തേണ്ടതാണ്. താഴെപ്പറയുന്ന തർക്കങ്ങളിൽ തീരുമാനമെടുക്കാനാണ് ഇത്:

(a) ഇന്ത്യാ ഗവൺമെൻറും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളുമായും, അല്ലെങ്കിൽ

(b) ഇന്ത്യാ ഗവൺമെൻറും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും ഒരു വശത്തും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ മറുവശത്തും ആയോ, അല്ലെങ്കിൽ

(c) രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലും GST കൗൺസിലിൻറെ ശുപാർശയിൽ നിന്നോ അതിൻറെ നടപ്പാക്കലിൽ നിന്നോ ഉളവാകുന്ന തർക്കങ്ങൾ.

**ചോ. 27** GST നടപ്പാക്കുന്നതിന് ആവശ്യമായ മറ്റു നിയമ നിർമ്മാണങ്ങൾ എന്താണ്?

**ഉത്തരം:** പാർലമെൻറും സംസ്ഥാന നിയമസഭകളും ചരക്കു സേവന നികുതി ചുമത്തുന്നതിന് (സെൻട്രൽ GST ബിൽ, ഇൻറഗ്രേറ്റഡ് GST ബിൽ, സ്റ്റേറ്റ് GST ബിൽ) ഭരണ ഘടന നൽകുന്ന അധികാരം ഉപയോഗിച്ച് ഉചിതമായ നിയമനിർമ്മാണം നടത്തണം. ഭരണ ഘടനാ ഭേദഗതിയ്ക്ക് മൂന്നിൽ രണ്ടു ഭൂരിപക്ഷം ആവശ്യമാണെങ്കിലും GST ബില്ലുകൾ പാസ്സാക്കാൻ കേവല ഭൂരി

പക്ഷം മതിയാകും.  പാർലമെൻറ്റും ബന്ധപ്പെട്ട നിയമസഭകളും GST നിയമം പാസ്സാക്കിയ ശേഷമേ ചരക്കു സേവന നികുതി ചുമത്തുവാൻ സാധിക്കുകയുള്ളു .

# നികുതി ചുമത്തലും, ഒഴിവുകളും

## 2. നികുതി ചുമത്തലും, ഒഴിവുകളും

നികുതിചുമത്തലും, ഒഴിവുകളും

ചോ:-1. ചരക്കു-സേവന നികുതി ചുമത്താനുള്ള അധികാരം എവിടെ നിന്നാണ് ലഭിയ്ക്കുന്നത്?

ഉ. ഭരണഘടനയുടെ (101-)ം ഭേദഗതി) നിയമം 2016 പ്രകാരം ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 246A സംസ്ഥാനനിയമസഭകൾക്കും പാർലമെൻ്റിനും ചരക്ക് സേവന നികുതി സംബന്ധിച്ച നിയമ നിർമാണത്തിനുള്ള അധികാരം നൽകുന്നു. എന്നാൽ സംസ്ഥാനാന്തര കച്ചവടവും വാണിജ്യവും സംബന്ധിച്ച നിയമനിർമാണത്തിനുള്ള അധികാരം ആർട്ടിക്കിൾ 246A ഉപവകുപ്പ് 2, പ്രകാരവും ആർട്ടിക്കിൾ 269A പ്രകാരവും പാർലമെന്റിൻ്റെ മാത്രം പരിധിയിലാണ്.

.ചോ 2: - ചരക്കു സേവന നികുതിയിൽ നികുതി ബാധ്യതയുണ്ടാകുന്ന സംഭവം ഏതാണ്?

ഉ. സാധനങ്ങൾ /സേവനങ്ങൾ സപ്ലൈ ചെയ്യുന്നത്. സംസ്ഥാനാന്തര സപ്ലൈകൾക്ക് IGST യും സംസ്ഥാനത്തിനകത്തു ചെയ്യുന്ന സപ്ലൈകൾക്ക് സെൻട്രൽ GST (CGST) -യും സ്റ്റേറ്റ് GST (SGST) -യും ചുമത്തുന്നു. IGST നിയമത്തിൽ വകുപ്പ് 4(1) ഉം, CGST /SGST നിയമത്തിൽ വകുപ്പ് 7(1) ഉം ആണ് നികുതി ചുമത്തുന്നത് .

ചോ 3. റിവേഴ്സ്ചാർജ് മെക്കാനിസം സേവനങ്ങൾക്കു മാത്രമാണോ ബാധകമാകുന്നത്.?

ഉ. അല്ല. റിവേഴ്സ്ചാർജ് മെക്കാനിസം ചരക്കുകൾക്കും സേവനങ്ങൾക്കും ബാധകമാണ്.

ചോ-4:-. രജിസ്റ്റർ ചെയ്യാത്ത ഡീലറുടെ പക്കൽനിന്നും ചരക്കു വാങ്ങുന്നതിൻ്റെ അനന്തരഫലം എന്താണ്?.

ഉ സാധനങ്ങൾ സ്വീകരിക്കുന്ന ആളിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുകയില്ല . കൂടാതെ കോംപോസിഷൻ സ്കീമിൽ രജിസ്റ്റർ ചെയ്ത സ്വീകർത്താവിന് റിവേഴ്സ് ചാർജിൽ നികുതി അടയ്ക്കാൻ ബാധ്യത വരുന്നു .

ചോ-5: റെസ്റ്റോറൻ്റ് സർവീസിന് പകരമായി ഒരാൾ വാച്ചു കൈമാറ്റം ചെയ്താൽ അത്തരം ഇടപാട് രണ്ടു വ്യത്യസ്ത സപ്ലൈകളായി കണക്കാക്കുമോ അതോ പ്രധാന സപ്ലയർ മാത്രം നികുതിയടച്ചാൽ മതിയോ?

ഉ. ഇല്ല, മേല്പറഞ്ഞ ഇടപാടിൽ ഉപഭോക്താവ് റെസ്റ്റോറൻ്റിനു തൻ്റെ വാച്ചു കൈമാറുന്നത് ഒരു വ്യത്യസ്ത സപ്ലൈ ആയി കണക്കാക്കില്ല , കാരണം അത് ബിസിനസ്സിൻ്റെ ഭാഗമായുള്ള സപ്ലൈ അല്ല, എന്നാൽ റെസ്റ്റോറൻ്റിൻ്റെ സപ്ലൈയ്ക്ക് വാച്ചു ഒരു പ്രതിഫലമാവുകയും റെസ്റ്റോറൻ്റിന് നികുതി ബാധ്യതയുണ്ടാവുകയും ചെയുന്നു.

ചോ-6:-. പ്രതിഫലമില്ലാതെയുള്ള സപ്ലൈ GST നിയമത്തിൻറ്റെ പരിധിയിൽ വരുന്ന സപ്ലൈ ആയി കണക്കാക്കാമോ ?

ഉ. അതെ, മോഡൽ GST നിയമത്തിൻറ്റെ ഷെഡ്യൂൾ 1-ൽ പറഞ്ഞിരിക്കുന്നവ മാത്രം .

ചോ 7:-. ഒരു ഇടപാട്, ചരക്കിൻറ്റെ / സേവനത്തിൻറ്റെ / അല്ലെങ്കിൽ രണ്ടിൻറ്റെയും സപ്ലൈ ആണോ എന്ന് വിഞ്ജാപനം ചെയുന്നത് ആരാണ്?

ഉ. GST കൗണ്സിലിൻറ്റെ ശുപാർശ പ്രകാരം സെൻട്രൽ ഗവെർമെൻറ്റോ /സ്റ്റേറ്റ് ഗവർമെൻറ്റോ) ആണ് ഒരു ഇടപാട് ചരക്കിൻറ്റെ /സേവനത്തിൻറ്റെ സപ്ലൈ ആണോ എന്ന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

ചോ 8. മൂന്ന് ബിസിനെസ്സ് വെർട്ടിക്കൽ ഉള്ള ഒരാൾക്ക് അവയിൽ ഒന്നിന്, മാത്രമായി കോമ്പസിഷൻ രീതി തിരഞ്ഞെടുക്കാൻ സാധിക്കുമോ ?

ഉ. ഇല്ല. ഒരു പാൻ നമ്പർ ഉള്ള ആളിൻറ്റെ പേരിൽ, വ്യത്യസ്ത രജിസ്ട്രേഷൻ ഉള്ള ബിസിനെസ്സ് വെർട്ടിക്കലുകൾക് എല്ലാം കോമ്പസിഷൻ സ്കീം ബാധകമാകുന്നതാണ്.

9 .ചോ:- നികുതി അടക്കേണ്ടയാൾ ഇൻറ്റെർ സ്റ്റേറ്റ് സപ്ലൈ നടത്തിയാൽ കോമ്പോസിഷൻ സ്കീം ലഭ്യമാണോ?

ഉ: ഇല്ല. നികുതി അടക്കേണ്ടയാൾ ഇൻറ്റെർ സ്റ്റേറ്റ് സപ്ലൈ നടത്തില്ല എന്ന നിബന്ധന പാലിച്ചാൽ മാത്രമേ കോമ്പോസിഷൻ സ്കീം ബാധകമാകൂ .

10. ചോ. കോമ്പസിഷൻ സ്കീമിലുള്ള ഒരാൾക്കു, ഇന്പുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടോ?

ഉ. ഇല്ല, കോമ്പസിഷൻ സ്കീം പ്രകാരം നികുതിയടക്കുന്നയാൾക്ക് ഇന്പുട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ല.

11. കോമ്പസിഷൻ സ്കീം പ്രകാരം നികുതിയടക്കുന്നയാളിൽ നിന്നും ചരക്കു വാങ്ങുന്നയാൾക്ക് കോമ്പസിഷൻ ടാക്സിന്റെ ഇന്പുട് ടാക്സ് ക്രെഡിറ്റ് അർഹതയുണ്ടോ?

കോമ്പസിഷൻ സ്കീമിലുള്ള ഒരാൾക്ക് ടാക്സ് ഇൻവോയ്സ് കസ്റ്റമർക്ക് നല്കാൻ സാധ്യമല്ല. അത് കൊണ്ട് കോമ്പസിഷൻ സ്കീമിലുള്ള സപ്ലയരുടെ പക്കൽ നിന്നും ചരക്കു വാങ്ങുന്നയാൾക്ക് ക്രെഡിറ്റ് ലഭ്യമല്ല.

12. ചോ. കോമ്പസിഷൻ നികുതി കസ്റ്റമറുടെ പക്കൽ നിന്നും പിരിച്ചെടുക്കാമോ?

ഉ. ഇല്ല. കോമ്പസിഷൻ രീതിയിൽ നികുതിയടക്കുന്നയാൾക്കു നികുതി കസ്റ്റമറുടെ പക്കൽ നിന്നും പിരിച്ചെടുക്കാനോ, നികുതി കാണിച്ചു ഇൻവോയ്സ് നൽകാനോ കഴിയില്ല.

13. ചോ. കോമ്പസിഷൻ സ്കീം തെരഞ്ഞെടുക്കാൻ ടേണോവർ പരിധിയുണ്ടോ?

ഉ. സാമ്പത്തിക വർഷത്തെ മൊത്തം വിറ്റുവരവ് 50 ലക്ഷം വരെയാണ് കോമ്പസിഷൻ സ്കീം അർഹതയുടെ പരിധി.

14. കോമ്പസിഷൻ അർഹതയുള്ള മൊത്തം വിറ്റുവരവ് എങ്ങിനെയാണ് കണക്കാക്കുന്നത്.

ഉ. നിയമത്തിൻറെ 2(6) എന്ന വകുപ്പ്, വിറ്റുവരവ് കണക്കാക്കുന്നത് എപ്രകാരമാണെന്നു പറയുന്നു. മൊത്തം വിറ്റുവരവ് എന്നത് എല്ലാ സപ്പ്ളൈകളുടെയും മൊത്തം മൂല്യമാണ്. (നികുതിയുള്ളതും, നികുതിയില്ലാത്തതും, നികുതിയിളവുള്ളതും, കയറ്റുമതി ചെയ്യുന്നതുമായ ചരക്കു സേവന സപ്ലൈയുടെ ആകെത്തുക). എന്നാൽ , CGST , SGST , IGST നിയമങ്ങൾ പ്രകാരം ചുമത്തുന്ന നികുതികളും ഒരേ PAN - ൽ ഉള്ള വ്യക്തിയുടെ റിവേഴ്സ് ചാർജ്-ൽ നികുതി അടക്കേണ്ട സപ്ലൈയുടെ മൂല്യവും, ഇൻവെർഡ് സപ്ലൈയുടെ മൂല്യവും മൊത്തം വിറ്റുവരവിൽ പെടുന്നില്ല.

15. ചോ. നികുതിവിധേയവ്യക്തി നിബന്ധനകൾ ലംഘിക്കുകയും കോമ്പസിഷൻ സ്കീമിന് അർഹത ഇല്ലാതാവുകയും ചെയ്താൽ എന്താണ് ശിക്ഷാനടപടി ?.

ഉ. കോമ്പസിഷൻ അർഹതയില്ലാത്തയാൾക്കു നികുതിയും പലിശയും അടക്കാൻ ബാധ്യതയുണ്ട് കൂടാതെ അടക്കേണ്ട നികുതിയുടെ അത്രയും തന്നെ പിഴയടക്കാനും ബാധ്യതയുണ്ടാകും. (MGL സെക്ഷൻ 8 (3 )).

16. ചോ. കോമ്പസിഷൻ സ്കീമിൻറെ ഏറ്റവും കുറഞ്ഞ നികുതി നിരക്ക് എത്രയാണ്.

ഉ. ഒരു ശതമാനം .

17. ചോ. ചരക്കുകളുടെ / സേവനത്തിൻറെ മൊത്തം നികുതിയും നിരുപാധികമായി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ നികുതിയടക്കാൻ കഴിയുമോ?

ഉ. ഇല്ല, അത്തരം ചരക്കുകളോ സേവനമോ കൊടുക്കുന്നയാൾ നികുതി പിരിച്ചെടുക്കാൻ പാടില്ല .

18. ചോ . നികുതി റെമിഷൻ എന്നാൽ എന്താണ്. ?

ഉ. നികുതിയടക്കേണ്ടയാളിനെ , സ്വാഭാവികമായുള്ള കാരണങ്ങളാൽ (Natural causes) ചരക്കു നഷ്ടപ്പെടുകയോ നശിക്കുകയോ ചെയ്താൽ നികുതിയടക്കാനുള്ള ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ് റെമിഷൻ . ഇത് നിയമപ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമാണ്.

19. ചോ. ജി. എസ്. ടി നിയമത്തിൽ നികുതി റെമിഷൻ അനുവദനീയമാണോ ?

ഉ. അതെ. മോഡൽ ജി.എസ്. ടി. നിയമത്തിൻറെ 11-)ം വകുപ്പ് പ്രകാരം ചരക്കുകളുടെ സപ്ലൈയിൽ നികുതിയുടെ റെമിഷൻ, അനുവദനീയമാകുന്നു.

20. ചോ. 'സപ്ലൈ'-ക്കു മുൻപായി നഷ്ടപ്പെടുകയോ നശിക്കുകയോ ചെയുന്ന ചരക്കിനു റെമിഷൻ അനുവദിക്കാമോ?

ഉ. നിയമപ്രകാരം നികുതിയടക്കണ്ടപ്പോൾ മാത്രമേ റെമിഷൻ (നികുതി ഒഴിവാക്കൽ) ബാധകമാവുകയുള്ളു അതായതു നികുതി ബാധ്യതയുളവാക്കുന്ന സംഭവം നടന്നിരിക്കണം. ജി.എസ്.ടി നിയമത്തിൽ ചരക്കു സപ്ലൈ ചെയ്യാലേ നികുതി ചുമത്താനാവുകയുള്ളു. സപ്ലൈയ്ക്കു മുൻപ് സാധനങ്ങൾ നഷ്ടപ്പെടുകയോ നശിക്കുകയോ ചെയ്താൽ, നികുതി ബാധ്യതയുള്ള ഇടപാട് നടക്കാത്തത് കൊണ്ട് റെമിഷൻറെ കാര്യം ഉദിക്കുന്നില്ല .

21. ചരക്കു നഷ്ടപ്പെടുകയോ നശിക്കുകയോ ചെയ്യുന്ന എല്ലാ കാരണങ്ങൾക്കും റെമിഷൻ (നികുതി ഒഴിവാക്കൽ ) അനുവദിക്കാമോ ?

ഉ. ഇല്ല . വകുപ്പ് 11 അനുസരിച്ചു, സ്വഭാവികമായതോ പ്രകൃതി ദത്തമായതോ ആയ കാരണത്താൽ, സപ്ലൈ ചെയ്ത ചരക്കിൻറെ അളവിൽ കുറവ് വന്നതായി കണ്ടാൽ മാത്രം റെമിഷൻ അനുവദിയ്ക്കാവുന്നതാണ് .

22. ചോ. 'സപ്ലൈ'കളെ ചരക്കു സേവന നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കാൻ മോഡൽ ജി.എസ്. ടി നിയമം സർക്കാരിന് അധികാരം നൽകുന്നുണ്ടോ?

ഉ. ഉണ്ട്. കേന്ദ്രഗവൺമെൻറിനൊ അല്ലെങ്കിൽ സംസ്ഥാന ഗവൺമെൻറിനൊ GST കൗണ്സിലിന്റെ ശുപാർശ പ്രകാരം പൊതുവായോ, അല്ലെങ്കിൽ നിബന്ധനകൾക്ക് വിധേയമായോ 'സപ്ലൈ' കളെ ചരക്കു സേവന നികുതിയിൽ നിന്ന് ഒഴിവാക്കാൻ നിയമത്തിൻറെ 10-)ം വകുപ്പ് പ്രകാരം സാധ്യമാണ്.

# <u>രജിസ്ട്രേഷൻ</u>

# 3. രജിസ്ട്രേഷൻ

ചോ 1 :-. GST -യിൽ രജിസ്റ്റർ ചെയ്യുന്നതിൻ്റെ പ്രയോജനങ്ങൾ എന്തെല്ലാമാണ്.

ഉ : GST നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് ബിസിനസിന് താഴെപ്പറയുന്ന പ്രയോജനങ്ങൾ ഉണ്ട് :

.* ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലയർ ആയി നിയമ പ്രകാരം അംഗീകാരം ലഭിക്കുന്നു .

* ബിസിനസ് ചരക്കു സേവനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ അടയ്ക്കേണ്ട നികുതിക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ചരക്കുകളും സേവനങ്ങളും സ്വീകരിച്ചപ്പോൾ അടച്ച നികുതിയുടെ ശരിയായ കണക്കുവയ്ക്കൽ

*വാങ്ങുന്നവരിൽനിന്നും നികുതി പിരിക്കാനുള്ള അധികാരവും ചരക്കുകളോ സേവനങ്ങളോ സ്വീകരിക്കുന്നവരിലേക്കു അടച്ച നികുതിയുടെ ക്രെഡിറ്റ് നൽകാനുള്ള അധികാരവും.

ചോ 2: GST രജിസ്ട്രേഷൻ ഇല്ലാത്ത ഒരാൾക്കു ഇന്പുട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനും നികുതി പിരിക്കാനും സാധ്യമാണോ?

ഉ : അല്ല. GST രജിസ്ട്രേഷൻ ഇല്ലാത്തയാൾക്കു കസ്റ്റമറുടെ കയ്യിൽ നി ന്നും നികുതി വാങ്ങാനോ അയാളടച്ച ഇന്പുട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനോ കഴിയില്ല.

ചോ 3 : രജിസ്ട്രേഷൻ പ്രാബല്യത്തിൽ വരുന്ന തിയതി എപ്പോഴാണ് ?

ഉ : രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതവന്ന് 30 ദിവസത്തിനുള്ളിൽ അപേക്ഷ നല്കുന്നയാളിന് രജിസ്ട്രേഷന് ബാധ്യതയുണ്ടായ തിയതി മുതൽ രജിസ്ട്രേഷന് സാധുതയുണ്ട്. രജിസ്ട്രേഷന് ബാധ്യത ഉണ്ടായി 30 ദിവസത്തിനു ശേഷം അപേക്ഷ സമർപ്പിക്കുന്ന ആളിന് രജിസ്ട്രേഷൻ നൽകുന്ന തിയതി മുതൽ രജിസ്ട്രേഷൻ സാധുതയുള്ളതായി കണക്കാക്കും.

നികുതി ഇളവ് പരിധിക്കുള്ളിൽ വിറ്റുവരവ് ഉള്ളയാൾ, സ്വന്തം ഇഷ്ട പ്രകാരം രജിസ്ട്രേഷന് അപേക്ഷിച്ചാൽ, രജിസ്ട്രേഷൻ നൽകുന്ന ഉത്തരവിൻ്റെ തിയതി മുതൽ രജിസ്ട്രേഷൻ സാധുവായിരിക്കും.

ചോ 4: മോഡൽ GST നിയമപ്രകാരം ആർക്കൊക്കെയാണ് രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ളത് ?

ഉ : ഇന്ത്യയിൽ എവിടെയെങ്കിലും ഏതെങ്കിലും ബിസിനസ് ചെയ്യുന്ന ആൾക്ക് മൊത്തം വാർഷിക വിറ്റുവരവ് ഇളവ് പരിധി കഴിയുമ്പോൾ രജിസ്റ്റർ ചെയ്യാൻ ബാധ്യതയുണ്ട്. ഷെഡ്യൂൾ III-ൽ പറയുന്ന ചില

വിഭാഗത്തിൽപെട്ടവർ വിറ്റുവരവ് പരിധി നോക്കാതെ രജിസ്റ്റർ ചെയ്യാൻ ബാധ്യതയുള്ളവരാണ്.

വകുപ്പ് 9(1) പ്രകാരം ഒരു കൃഷിക്കാരൻ നികുതി വിധേയനായ വ്യക്തി അല്ലാത്തതുകൊണ്ട് രജിസ്റ്റർ ചെയ്യേണ്ടതില്ല.

ചോ 5 : മൊത്തം വിറ്റുവരവ് എന്നാൽ എന്താണ് ?

ഉ : മോഡൽ നിയമത്തിൻറെ 2(6) പ്രകാരം മൊത്തം വിറ്റുവരവ് (അഗ്ഗ്രിഗേറ്റ് ടേണോവർ) എന്നത് താഴെപ്പറയുന്നവയുടെ ആകെ മൂല്യമാണ് :

i ) നികുതി ഉള്ളതും ഇല്ലാത്തതുമായ എല്ലാ സപ്ലൈകളും

ii ) നികുതി ഒഴിവാക്കിയിരിക്കുന്ന സപ്ലൈകൾ

iii ) ഒരേ PAN നമ്പർ ഉള്ള ഒരാളുടെ ചരക്കു, കൂടാതെ / അല്ലെങ്കിൽ, സേവന കയറ്റുമതി

മേല്പറഞ്ഞവ, അഖിലേന്ത്യാ അടിസ്ഥാനത്തിൽ കണക്കിലെടുക്കുന്നതാണ്. CGST, SGST, IGST നിയമങ്ങൾ പ്രകാരം അടച്ച നികുതികൾ ഇതിൽ കണക്കിലെടുക്കേണ്ടതില്ല .

റിവേഴ്സ് ചാർജ്-ൽ നികുതി അടക്കേണ്ട സപ്ലൈയുടെ മൂല്യവും, ഇൻവെർഡ് സപ്ലൈ യുടെ മൂല്യവും മൊത്തം വിറ്റുവരവിൽ പെടുന്നില്ല.

ചോ 6 : നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടത് ആരൊക്കെയാണ് ?

ഉ: എം.ജി.എൽ ഷെഡ്യൂൾ മൂന്നിൻറെഅഞ്ചാം പാരഗ്രാഫ് പ്രകാരം താഴെപ്പറയുന്നവർ അവരുടെ വിറ്റുവരവ് നോക്കാതെ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്

a ) നികുതി വിധേയമായ സംസ്ഥാനാന്തര സപ്ലൈ ചെയ്യുന്നവർ.

b ) താല്ക്കാലികമായി നികുതി അടയ്ക്കേണ്ടവർ (കാഷ്വൽ ടാക്സബിൾ പേഴ്സൺസ്)

c ) റിവേഴ്സ് ചാർജിൽ നികുതി അടയ്ക്കേണ്ടവർ

d ) നോൺ റസിഡ ൻറ്റ് ടാക്സബിൾ പേഴ്സൺസ്

e) വകുപ്പ് 37 പ്രകാരം നികുതി പിടിച്ച് അടയ്ക്കേണ്ടവർ

f) ഏജൻറ് എന്ന നിലയിലോ അല്ലാതെയോ മറ്റുള്ളവർക്ക് വേണ്ടി ചരക്കു സേവന സപ്ലൈ ചെയ്യുന്നവർ

g) ഇന്പുട് സർവീസ് ഡിസ്ട്രിബ്യൂട്ടർ

h) ബ്രാൻഡിലുള്ള സേവനമല്ലാതെ ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്റർ വഴിയായി സാധനങ്ങളോ സേവനങ്ങളോ സപ്ലൈ ചെയ്യുന്നവർ

i) ഓരോ ഇലക്ട്രോണിക്സ്, കോമേഴ്സ് ഓപ്പറേറ്ററും

j) സ്വന്തം ബ്രാൻഡ് / ട്രേഡിൻറെ പേരിൽ സേവനങ്ങൾ സപ്ലൈ ചെയ്യുന്ന അഗ്രിഗേറ്റർ

k) കൗൺസിലിൻറെ ശുപാർശ പ്രകാരം കേന്ദ്ര ഗവണ്മെന്റോ സ്റ്റേറ്റ് ഗവണ്മെന്റോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളോ വിഭാഗങ്ങളോ.

ചോ 7: മോഡൽ GST നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാനുള്ള സമയ പരിധി ഏതാണ്.

ഉ:-രജിസ്ട്രേഷനു ബാധ്യതയുണ്ടാകുന്ന തീയതി മുതൽ മുപ്പതു ദിവസത്തിനകം നിബന്ധനകൾക്കനുസരിച്ചു ഏതൊരാളും രജിസ്ട്രേഷൻ എടുക്കണം.

ചോ 8: ഒരേ PAN നമ്പറിൻ കീഴിൽ പല സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഒരു രജിസ്ട്രേഷൻ മതിയോ?

ഉ: അല്ല. രജിസ്ട്രേഷന് ബാധ്യതയുള്ള ഓരോ ആളും ബിസിനസ്സ് പ്രവർത്തിപ്പിക്കുന്നവരും, വകുപ്പ് 19(1) പ്രകാരം GST അടക്കേണ്ടവരും ഓരോ സംസ്ഥാനത്ത് പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കണം.

ചോ 9: ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ ഉള്ളവർക്ക് വേറെ വേറെ രജിസ്ട്രേഷൻ എടുക്കാമോ?

ഉ : സാധ്യമാണ്. ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ ഉള്ളയാൾക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. (സബ്-സെക്ഷൻ 2 ,സെക്ഷൻ 19 )

ചോ 10 : ചരക്ക് സേവന നികുതി അടയ്ക്കാൻ ബാധ്യത ഇല്ലാത്ത ഒരാൾക്ക് സ്വന്തം ഇഷ്ട പ്രകാരം രജിസ്ട്രേഷൻ എടുക്കാൻ വകുപ്പുണ്ടോ?

ഉ : ഉണ്ട്. സെക്ഷൻ 19 (3) പ്രകാരം, ഒരു വ്യക്തിക്ക് ഷെഡ്യൂൾ III പ്രകാരം രജിസ്റ്റർ ചെയ്യാൻ ബാധ്യതയില്ലെങ്കിലും സ്വന്ത ഇഷ്ടപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർ ചെയ്യുന്നയാൾക്ക് നികുതി ബാധ്യതയുള്ള രജിസ്റ്റർ ചെയ്തയാളിനുള്ളത് പോലെ ഈ നിയമത്തിൻറെ വകുപ്പുകൾ ബാധകമാണ്.

ചോ 11 : റജിസ്ട്രേഷൻ ലഭിക്കാൻ PAN പെർമെനൻറ് അക്കൗണ്ട് നമ്പർ കൈവശത്തിലുണ്ടാവേണ്ടത് നിർബന്ധമാണോ?

ഉ : വേണം.1961 -ലെ ആദായനികുതി നിയമ പ്രകാരം ഉള്ള PAN ഉണ്ടെങ്കിൽ മാത്രമേ വകുപ്പ് 19 പ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളൂ. നോൺ റസിഡൻറ്റ് ആയ നികുതി ബാധ്യതയുള്ളയാളിന് PAN നിർബന്ധമില്ല {S .19 (4 A )} അവർക്ക് നിയമത്തിൽ പറയുന്ന മറ്റു രേഖകൾ മതിയാവും .

ചോ 12: ഡിപ്പാർട്മെൻറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ (പ്രോപ്പർ ഓഫീസർ) മുഖേന സ്വമേധയാ ഒരാളെ രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കാമോ ?

ഉ : നടപടിയെടുക്കാം .മോഡൽ GST നിയമം വകുപ്പ് 19(5) പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ,ബാധ്യതയുള്ള ഒരാൾ രജിസ്ട്രേഷൻ എടുക്കാതെയിരുന്നാൽ , അയാളെ രജിസ്റ്റർ ചെയ്യാൻ നടപടിയെടുക്കാം. GST നിയമപ്രകാരമൊ നിലവിലുള്ള മറ്റ് ഏതെങ്കിലും നിയമപ്രകാരമോ ഉള്ള നടപടികൾക്കു പുറമെയാണിത്.

ചോ 13 : ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷ നിരസ്സിക്കാമോ?

ഉ : നിരസ്സിക്കാം. ഉപവകുപ്പ് 7 (MGL) പ്രകാരം പരിശോധനകൾക്കുശേഷം രജിസ്ട്രേഷനുള്ള അപേക്ഷ നിരസ്സിക്കാനാവുന്നതാണ്. വകുപ്പ് 19 (8) പ്രകാരം രജിസ്ട്രേഷനോ, യൂണിക് ഐഡൻറ്റിറ്റി നമ്പറിനോ വേണ്ടിയുള്ള അപേക്ഷ, കാരണം കാണിയ്ക്കൽ നോട്ടീസും, പറയുന്നത് കേൾക്കാനുള്ള ന്യായമായ അവസരം നൽകാതെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നിരസിക്കാൻ പാടില്ലാത്തതാണ്.

ചോ 14 : ഏതെങ്കിലും ആൾക്ക് നൽകുന്ന രജിസ്ട്രേഷൻ സ്ഥിരമാണോ?

ഉ : അതെ.ഒരിക്കൽ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പിൻവലിക്കുകയോ, റദ്ദാക്കുകയോ, സറണ്ടർ ചെയ്യുകയോ, സസ്പെൻഡ് ചെയ്യുകയോ, ചെയ്യില്ലെങ്കിൽ സ്ഥിരമാണ്.

ചോ 15 : മോഡൽ GST നിയമം (MGL) പ്രകാരം ഐക്യരാഷ്ട്ര സംഘടനയുടെ ഘടകങ്ങൾ രജിസ്റ്റർ ചെയ്യണമോ?

ഉ :എല്ലാ ഐക്യരാഷ്ട്ര സംഘടനാ ഘടകങ്ങളും, വിദേശരാജ്യങ്ങളുടെ കോൺസുലേറ്റ്, എംബസ്സികൾ എന്നിവയും, ഗവണ്മെൻറ്റ് നോട്ടിഫൈ ചെയ്തിരിക്കുന്ന വിഭാഗങ്ങളും GST പോർട്ടലിൽ നിന്നും ഒരു UID (യൂണിക് ഐഡൻറ്റിഫിക്കേഷൻ നമ്പർ) എടുക്കേണ്ടതാണ്. മേൽപറഞ്ഞ ID എല്ലാ സ്റ്റേറ്റിലും ഒരേ ഘടനയിലുള്ളതും GSTIN ഘടനയോടു പൊരുത്തപ്പെടുന്നതുമാണ്. ഇത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പൊതുവായുള്ളതാണ്. അടച്ച നികുതി റീഫണ്ട് ചോദിക്കുന്നതിനും GST നിയമത്തിൽ പറയുന്ന ഏതു ആവശ്യങ്ങൾക്കും UIN ആവശ്യമാണ്.

ചോ 16 : ഐക്യരാഷ്ട്ര സംഘടനക്ക് ചരക്കു സേവനങ്ങൾ സപ്ലൈ ചെയ്യുന്നവരുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?

ഉ : ഇത്തരം സംഘടനകൾക്ക് സപ്ലൈ ചെയ്യുന്ന നികുതിബാധ്യതയുള്ളവർ ഇൻവോയ്സ്സുകളിൽ UIN കാണിക്കുകയും രജിസ്റ്റർ ചെയ്ത മറ്റൊരാളിനുള്ള സപ്ലൈ (B2B) ആയി കണക്കാക്കുകയും, ഇൻവോയ്സ്സുകൾ സപ്ലയർ അപ് ലോഡ് ചെയ്യുകയും വേണം.

ചോ 17 .സർക്കാർ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ ?

ഉ. മറ്റു സംസ്ഥാനങ്ങളിൽ സാധനങ്ങൾ വാങ്ങുന്നതും എന്നാൽ പുറത്തേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാത്തതുമായ (അതിനാൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതില്ലാത്ത) ഗവൺമെൻറ് അധികാരികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട സംസ്ഥാന ഗവൺമെൻറ് അധികാരികൾക്കും ഒരു യുണിക് ഐഡൻറിഫിക്കേഷൻ നമ്പർ നൽകുന്നതാണ് (UID).

ചോ .18 കാഷ്വൽ ടാക്സബിൾ പേഴ്സൺ ആരാണ് ?

ഉ. വകുപ്പ് 2(21)ൽ പ്രകാരമുള്ള നിർവ്വചനത്തിൽ കാഷ്വൽ ടാക്സബിൾപേഴ്സൺ എന്നാൽ നികുതിബാധ്യതയുള്ള സ്ഥലത്തു സ്ഥിരമായ ഒരു ബിസിനസ്സ് സ്ഥലമില്ലാതെ വല്ലപ്പോഴും ഇടപാടുകൾ നടത്തുന്നവരാണ് .

ചോ 19 . നോൺ റെസിഡൻറ് ടാക്സബിൾ പേഴ്സൺ ആരാണ് ?

ഉ. MGL സെക്ഷൻ 2 (69)പ്രകാരം ഇന്ത്യയ്ക്കു പുറത്തു താമസിക്കുകയും ഇടക്ക് ഇവിടെ വന്ന് സ്ഥിരമായ ബിസിനസ് സ്ഥലമില്ലാതെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നവരാണ് നോൺ റെസിഡൻറ് ടാക്സബിൾ പേഴ്സൺ .

ചോ 20. നോൺ റെസിഡൻറ് / കാഷ്വൽ ടാക്സബിൾ പെർസൺന്റെ രജിസ്ട്രേഷൻ സാധുതാ കാലാവധി എത്രയാണ് ?

ഉ. രജിസ്ട്രേഷൻ മുതൽ 90 ദിവസം വരെയാണ് നോൺ റെസിഡൻറ് / കാഷ്വൽ ടാക്സബിൾ പേഴ്സൻറെ രജിസ്ട്രേഷന്റെ സാധുത. എന്നാൽ അത്തരം ആളുകളുടെ അപേക്ഷപ്രകാരം ചുമതലയുള്ള ഉദ്യോഗസ്ഥന് കാലാവധി മറ്റൊരു 90 ദിവസത്തിൽ കൂടുതലല്ലാത്ത കാലത്തേക്ക് നീട്ടിക്കൊടുക്കാവുന്നതാണ് .

ചോ. 21 പ്രത്യേക വിഭാഗമെന്ന നിലയിൽ നോൺ റെസിഡൻറ് ടാക്സബിൾ പേഴ്സൺ / കാഷ്വൽ ടാക്സബിൾപേഴ്സൺ രജിസ്ട്രേഷൻ സമയത്തു എന്തെങ്കിലും മുൻകൂർ നികുതി അടക്കേണ്ടതുണ്ടോ ?

ഉ. ഉണ്ട്. രജിസ്ട്രേഷൻ സമയത്തു് സാധാരണയാളുകൾ നികുതിഡെപ്പോസിറ്റ് ചെയ്യേണ്ടതില്ലെങ്കിലും ഒരു കാഷ്വൽ ടാക്സബിൾ പേഴ്സൺ അല്ലെങ്കിൽ നോൺ റെസിഡൻറ് ടാക്സബിൾ പേഴ്സൺ രജിസ്ട്രേഷന് അപേക്ഷിക്കുമ്പോൾ രജിസ്ട്രേഷൻ ആവശ്യമുള്ള സമയത്തേക്ക് കണക്കാക്കുന്ന നികുതി മുൻകൂറായി അടയ്ക്കണം . ആദ്യത്തെ 90 ദിവസത്തിനുശേഷം കാലാവധി

നീട്ടണമെങ്കിൽ,കൂടുതലായി അങ്ങനെ സാധുത നീട്ടുന്ന കാലത്തേക്ക് പ്രതീക്ഷിക്കുന്ന നികുതിബാധ്യതയും ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.(സെക്ഷൻ 19 (1 )).

ചോ.22 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മാറ്റങ്ങൾ അനുവദനീയമാണോ ?

ഉ. അതെ.വകുപ്പ് 20 പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന് അയാൾ കണ്ടെത്തിയതോ അപേക്ഷകൻ നല്കുന്നതോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വിവരങ്ങളിലുള്ള മാറ്റം നിർദേശിക്കപ്പെട്ട രീതിയിൽ കാലാവധിക്കുള്ളിൽ അനുവദിക്കുകയോ നിരസിക്കുകയോ, ചെയ്യാവുന്നതാണ് .ചില പ്രധാന ഫീൽഡുകളിലുള്ള മാറ്റങ്ങൾക്കു മാത്രമേ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻറ്റെ അനുവാദം ആവശ്യമുള്ളു. അല്ലാത്ത വിവരങ്ങൾ മാറ്റുന്നത് രജിസ്റ്റർ ചെയ്തയാളിന് സ്വന്തമായി ചെയ്യാവുന്നതാണ്.

ചോ 23: രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുന്നത് അനുവദനീയമാണോ ?

ഉ. അതെ. വകുപ്പ് 21 -ൽ പറയുന്ന സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് ഏതു രജിസ്ട്രേഷനുംക്യാൻസൽ ചെയ്യാവുന്നതാണ് .ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വയം എടുക്കുന്ന നടപടിയിലോ, നിർദിഷ്ട രീതിയിൽ രജിസ്റ്റർ ചെയ്തയാളോ അയാളുടെ അവകാശികളോ (അയാൾ മരണപ്പെട്ടെങ്കിൽ) നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലോ , നിശ്ചിത രീതിയിലും കാലാവധിക്കുള്ളിലും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാവുന്നതാണ് .

ചോ 24.സെൻട്രൽ GST നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്താൽ, അത് സ്റ്റേറ്റ് GST നിയമപ്രകാരമുള്ള ക്യാൻസലേഷൻ ആയി കണക്കാക്കാമോ ?

ഉ. അതെ. ഒരു നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യൽ (ഉദാ .CGST ACT), മറ്റെനിയമ പ്രകാരമുള്ള (ഉദാ .SGST ACT ) ക്യാൻസൽ ചെയ്യൽ ആയി കണക്കാക്കും . [S .21 (6 )].

ചോ .25 .ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വയമേവ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യാമോ ?

ഉ . ചെയ്യാം . വകുപ്പ് 21 (2 )-ൽ പറയുന്ന ചില സാഹചര്യങ്ങളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് സ്വന്തമായി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാം. ഒരു സാധാരണ നികുതിവിധേയ വ്യക്തി ആറുമാസത്തേക്ക് തുടർച്ചയായി റിട്ടേൺ ഫയൽ ചെയ്യാതിരിക്കുക, കോമ്പൗണ്ടിങ് നികുതിദായകൻ മൂന്നു മാസത്തേക്ക് റിട്ടേൺ ഫയൽ ചെയ്യാതിരിക്കുക, രജിസ്ട്രേഷൻ മുതൽ ആറുമാസമായിട്ടും ബിസിനസ് തുടങ്ങാതിരിക്കുക, തുടങ്ങിയവ അത്തരം സാഹചര്യങ്ങളാണ് .ക്യാൻസൽ ചെയ്യുന്നതിനുമുമ്പ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്വാഭാവിക നീതിയുടെ തത്വങ്ങൾ പാലിക്കേണ്ടതാണ് .

ചോ .26 വസ്തുതകൾ ഒളിപ്പിച്ചുവച്ചോ അസത്യപ്രസ്താവനകൾ നടത്തിയോ കൃത്രിമമായോ രജിസ്ട്രേഷൻ വാങ്ങിയാൽ എന്ത് സംഭവിക്കും ?

ഉ. അങ്ങനെയുള്ള കേസുകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് മുൻകൂർ പ്രാബല്യത്തോടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാം (വകുപ്പ് 21 (3 ).

ചോ .27 .മോഡൽ GST നിയമപ്രകാരം സേവനങ്ങൾക്ക് കേന്ദ്രികൃത രജിസ്ട്രേഷൻ എടുക്കാമോ ?

ഉ. ഇല്ല .

ചോ .28 ഒരു നികുതി ദായകന് ഒരു സംസ്ഥാനത്തു ഒന്നിലധികം ബിസിനസ്സ് വെർട്ടികലുകൾ ഉണ്ടെങ്കിൽ അയാൾ ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ?

ഉ . വേണ്ട .എന്നാൽ നികുതി ദായകന് അയാളുടെ ഇഷ്ടപ്രകാരം വകുപ്പ് 19 (2 ) പ്രകാരം ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ് .

ചോ .29 ISD എന്നാൽ ആരാണ് ?

ഉ. ഇൻപുട്ട് സർവീസ് വിതരണക്കാരൻ എന്നാണ് S .2 (56)-ൽ ISD -യെ നിർവ്വചിച്ചിരിക്കുന്നത്. ഇൻപുട്ട് സേവനങ്ങൾ സ്വീകരിക്കുന്നതിൻ്റെ ഇൻവോയ്സ് കൈപ്പറ്റാനും വീണ്ടും അവയുടെ ടാക്സ് ക്രെഡിറ്റ് സപ്ലയർ യൂണിറ്റുകളിലേക്ക് ആനുപാതികമായി വിതരണം ചെയ്യാനും ഉള്ള ഓഫീസ് ആണ് ഇത്.

ചോ. 30 നിലവിൽ നികുതിയടക്കുന്നയാളെന്ന നിലയിലുള്ള രജിസ്ട്രേഷൻ കൂടാതെ ISD-ക്ക് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമുണ്ടോ ?

ഉ. ഉണ്ട്. സാധാരണ രജിസ്ട്രേഷനിൽ നിന്നു വ്യത്യസ്ഥമായി ISD രജിസ്ട്രേഷൻ നികുതിദായകൻ്റെ ഒരു ഓഫീസിനു വേണ്ടിയുള്ളതാണ് .

ചോ .31 .ഒരു നികുതിദായകന് ഒന്നിലധികം ISD കൾ സാധ്യമാണോ?

ഉ. അതെ.നികുതിദായകൻ്റെ പല ഓഫീസുകൾക്ക് വ്യത്യസ്ത രജിസ്ട്രേഷന് അപേക്ഷിക്കാം.

ചോ .32 ഒരു ബിസിനസ്സ് കൈമാറ്റം ചെയ്യുമ്പോൾ രജിസ്ട്രേഷനെ സംബന്ധിച്ച എന്തു ബാധ്യതയാണുള്ളത് ?

ഉ. ബിസിനസ്സ് കൈമാറ്റം ചെയ്തുകിട്ടുന്നയാൾ, അല്ലെങ്കിൽ, പിൻഗാമിയ്ക്ക് കൈമാറ്റത്തിൻ്റെ അല്ലെങ്കിൽ പിന്തുടർച്ചയുടെ തീയതി മുതൽ രജിസ്റ്റർ ചെയ്ത് പുതിയ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യത ഉണ്ട് (Schedule III).

ചോ.33 നിലവിലുള്ള സെൻട്രൽ എക്സൈസ്/ സേവനനികുതി / വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവർ GST-യിൽ പുതിയ രജിസ്ട്രേഷൻ എടുക്കണമോ ?

ഉ . വേണ്ട .GST നെറ്റ് വർക്ക് അങ്ങനെയുള്ള എല്ലാ നികുതി ദായകരെയും പുനർവിന്യസിക്കുകയും പുതിയ പാസ്സ്‌വേർഡും GSTIN നമ്പറും നൽകുകയും ചെയ്യും. ആവശ്യമായ രേഖകളും വിവരങ്ങളും ഒരു നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാൻ അവരോട് ആവശ്യപ്പെടും. അപ്രകാരം സമർപ്പിച്ചില്ലെങ്കിൽ GSTIN നമ്പർ ക്യാൻസൽ ചെയ്യപ്പെടും. ഇപ്പോൾ കേന്ദ്രീകൃത രജിസ്ട്രേഷനുള്ളവർ ബിസിനസ്സുള്ള ഓരോ സംസ്ഥാനത്തും പ്രത്യേകമായി പുതിയ രജിസ്ട്രേഷൻ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ് .

ചോ.34:- മറ്റുള്ളവർക്കുവേണ്ടി ജോബ് വർക്ക് ചെയ്യുന്നവർ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?

ഉ . സെക്ഷൻ 43 A യിൽ അത്തരമൊരു നിബന്ധനയില്ല .

ച. 35 ചരക്കുകൾ ജോബ് വർക്കറുടെ ബിസിനസ്സ് സ്ഥാപനത്തിൽ നിന്നും സപ്ലൈ ചെയ്യാമോ ?

ഉ . ചെയ്യാം .പക്ഷേ ജോബ് വർക്കർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലോ, അല്ലെങ്കിൽ ജോബ് വർക്കറുടെ ബിസിനസ്സ്സ്ഥാപനം പ്രിൻസിപ്പലിന്റെ അഡിഷണൽ ബിസിന സ്സ് സ്ഥലമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലോ മാത്രം.

ചോ. 36 രജിസ്ട്രേഷൻ സമയത്തു് നികുതിദായകൻ അയാളുടെ എല്ലാ സ്ഥലങ്ങളുടെയും വിവരങ്ങൾ അറിയിക്കണമോ?

ഉ. വേണം.നികുതിദായകൻ രജിസ്ട്രേഷൻ അപേക്ഷയിൽ പ്രധാന ബിസിനസ്സ് സ്ഥലവും കൂടുതലായുള്ള മറ്റു ബിസിനസ്സ് സ്ഥലങ്ങളുടെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്. വകുപ്പുകൾ 2 (75), 2(78)-ലു മായി പ്രധാന ബിസിനസ്സ് സ്ഥലം, ബിസിനസ്സ് സ്ഥലം, ഇവ നിർവ്വചിച്ചിട്ടുണ്ട് .

ചോ.37 ചെറുകിട കച്ചവടക്കാരെയും കമ്പ്യൂട്ടർ സംവിധാനങ്ങൾ ഇല്ലാത്തവരെയും സഹായിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ ?

ഉ. അങ്ങനെയുള്ളവരെ സഹായിക്കാൻ താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ചെയ്യുന്നതാണ്.

ടാക്സ് റിട്ടേൺ പ്രിപ്പേറർ (TRP). നികുതിവിധേയനായ ഒരു വ്യക്തിക്ക് രജിസ്ട്രേഷൻ അപേക്ഷ / റിട്ടേൺ ഇവ സ്വന്തമായി ഉണ്ടാക്കുകയോ, സഹായത്തിനായിഒരു T.R.P-യെ സമീപിക്കുകയോ ചെയ്യാം. നികുതിവിധേയനായആൾ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ T.R.P, രജിസ്ട്രേഷൻ രേഖകൾ / റിട്ടേൺ നിശ്ചിത ഫോറത്തിൽ തയ്യാറാക്കുന്നു T.R.P തയ്യാറാക്കുന്ന അപേക്ഷകളിൽ പറയുന്ന വിവരങ്ങളുടെ നിയമപരമായ ഉത്തരവാദിത്തം നികുതിദായകനു

തന്നെയാണ്, T.R.P എന്തെങ്കിലും തെറ്റുകൾക്കോ, ശരിയല്ലാത്ത വിവരങ്ങൾക്കോ ഉത്തരവാദിയാകുകയില്ല .

ഫെസിലിറ്റേഷൻ സെൻറ്റർ(FC): നികുതി വിധേയനായ ആൾ / ചുമതലപ്പെട്ടയാൾ ഒപ്പിട്ടുനൽകുന്ന സമ്മറി ഷീറ്റ് ഉൾപ്പെടെയുള്ള ഫോമുകളും രേഖകളും ഡിജിറ്റലൈസ് ചെയ്യുകയും അപ്ലോഡ് ചെയ്യുകയും ചെയ്യാൻ ഫെസിലിറ്റേഷൻ സെന്ററിന് ഉത്തരവാദിത്തമുണ്ട്. വിവരങ്ങൾ കോമൺ പോർട്ടലിൽ FC -യുടെ ID യും പാസ്സ് വേർഡും ഉപയോഗിച്ച് അപ്ലോഡ് ചെയ്ത ശേഷം അതിൻറ്റെ അക്നോളഡ്ജ്മെൻറ് F C ഒപ്പിട്ട് , പ്രിൻറ് ഔട്ട് നികുതി ദായകന് രേഖയായി നൽകുന്നു . നികുതി ദായകനുവേണ്ടി ഒപ്പിടാൻ അധികാരപ്പെട്ടയാൾ ഒപ്പിട്ടു നൽകുന്ന സമ്മറി ഷീറ്റ് F C സ്കാൻ ചെയ്ത് അപ്ലോഡ്ചെയ്യുന്നു .

ചോ.38 GSTN രജിസ്ട്രേഷനിൽ ഡിജിറ്റൽ ഒപ്പിനുള്ള സൗകര്യം ഉണ്ടോ ?

ഉ. നികുതിദായകർക്ക് അവർ സമർപ്പിക്കുന്ന അപേക്ഷ വേണമെങ്കിൽ സാധുതയുള്ള ഡിജിറ്റൽ ഒപ്പോടുകൂടി നൽകാം. (അപേക്ഷകൻ വേറേ ഏതെങ്കിലും നിയമപ്രകാരം DSC എടുക്കേണ്ടയാളാണെങ്കിൽ അയാൾ അത് ഉപയോഗിച്ച് അപേക്ഷ നൽകണം). ഡിജിറ്റൽ ഒപ്പ് ഇല്ലാത്തവർക്ക് മറ്റുതരത്തിലുള്ള സംവിധാനങ്ങൾ GST നിയമപ്രകാരം കൊണ്ടുവരുന്നതാണ്.

ചോ.39:- ഓൺലൈൻ അപേക്ഷയിൽ തീരുമാനമെടുക്കാനുള്ള സമയപരിധി എത്രയാണ്?

അപ്ലോഡ് ചെയ്ത രേഖകളും വിവരങ്ങളും ക്രമപ്രകാരമാണെന്നു കണ്ടാൽ, സ്റ്റേറ്റ്, കേന്ദ്ര അധികാരികൾ അപേക്ഷയിൽ സമ്മതം നൽകുകയും കോമൺ പോർട്ടലിൽ മൂന്ന് പൊതുവായുള്ള പ്രവൃത്തിദിനങ്ങൾക്കുള്ളിൽ അംഗികാരം നൽകുകയും ചെയ്യും. പോർട്ടൽ സ്വയം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കും. രണ്ടു നികുതിയധികാരികളും അപേക്ഷയിലുള്ള കുറവുകളൊന്നും അപേക്ഷകനെ അറിയിക്കുന്നില്ലെങ്കിൽ മുന്ന് പൊതുവായ പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ രജിസ്ട്രേഷൻ നൽകിയതായി കണക്കാക്കുകയും പോർട്ടൽ തനിയെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യും.

ചോ .40 ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടായാൽ അപേക്ഷകന് പ്രതികരിക്കാൻ എത്ര സമയമുണ്ട്?

ഉ. പരിശോധനയിൽ ഏതെങ്കിലും ഒരു നികുതി അധികാരി എന്തെങ്കിലും ചോദ്യം ഉന്നയിക്കുകയോ തെറ്റു കണ്ടെത്തുകയോ ചെയ്താൽ അത് മറ്റേ നികുതി അധികാരിയെയും അപേക്ഷകനെയും GST കോമൺ പോർട്ടൽ വഴി മൂന്ന് പൊതുവായ പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ അറിയിക്കണം .അപേക്ഷകൻ ബന്ധപ്പെട്ട നികുതി അധികാരി അനുവദിക്കുന്ന സമയത്തിനുള്ളിൽ തെറ്റുതിരുത്തുകയോ ചോദ്യത്തിനു മറുപടി പറയുകയോ വേണം . (സാധാരണഗതിയിൽ ഏഴ് ദിവസത്തിനുള്ളിൽ )

കൂടുതലായ രേഖകളോ വിശദീകരണങ്ങളോ ലഭിക്കുന്ന ടാക്സ് അധികാരികൾ ഏഴു പ്രവൃത്തി ദിനത്തിനുള്ളിൽ മറുപടി നൽകുന്നതാണ്.

ചോ .41 രജിസ്ട്രേഷൻ നിരസിക്കാനുള്ള നടപടി എന്താണ് ?

ഉ. രജിസ്ട്രേഷൻ നിരസിക്കുകയാണെങ്കിൽ അപേക്ഷകനെ ഒരു സ്പീക്കിങ് ഓർഡർ മുഖേന കാരണങ്ങൾ അറിയിക്കണം. അധികാരിയുടെ തീരുമാനത്തിനെതിരേ അപ്പീൽ നല്കാൻ അപേക്ഷകന് അവകാശമുണ്ട് .MGL വകുപ്പ് 19 (10) പ്രകാരം ഏതെങ്കിലും ഒരു അധികാരി (CGST or SGST ) അപേക്ഷ നിരസിച്ചാൽ മറ്റേ അധികാരിയും നിരസിച്ചതായി കണക്കാക്കും .

ചോ .42 അപേക്ഷയുടെ ഡിസ്പോസൽ സംബന്ധിച്ച് എന്തെങ്കിലും കത്തുകൾ അയക്കേണ്ടതുണ്ടോ ?

ഉ . GST കോമൺ പോർട്ടലിൽ നിന്നുമുള്ള ഒരു ഇ -മെയിൽ ആയോ SMS വഴിയോ രജിസ്ട്രേഷൻ നൽകിയതോ നിരസിച്ചതോ സംബന്ധിച്ച് അപേക്ഷകനെ അറിയിക്കണം .അപേക്ഷകൻ ഏത് ഓഫിസിൻറ്റെ പരിധിയിൽ വരുന്നു എന്നത് ഈ ഘട്ടത്തിൽ അറിയിക്കണം .

ചോ. 43 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് GSTN പോർട്ടലിൽനിന്ന് ഡൗൺ ലോഡ് ചെയ്യാൻ കഴിയുമോ ?

ഉ. രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ GSTN പോർട്ടലിൽനിന്ന് ഡൗൺ ലോഡ് ചെയ്യാൻ സാധിക്കും .

# <u>സപ്ലൈ - അർത്ഥവുംവ്യാപ്തിയും</u>

## 4 . **സപ്ലൈ - അർത്ഥവും വ്യാപ്തിയും**

**ചോ.1.** ചരക്കു സേവന നികുതിക്കു കീഴിൽ നികുതി വിധേയ പ്രവർത്തനം എന്താണ്?

**ഉ:** ചരക്കു സേവന നികുതിക്കു കീഴിൽ ബിസിനസ്സ് അഭിവൃദ്ധിക്കുവേണ്ടി പ്രതിഫലം വാങ്ങി ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈ നടത്തുന്നതായിരിക്കും നികുതി വിധേയ പ്രവർത്തനം.

നിലവിലുള്ള പരോക്ഷ നികുതി നിയമങ്ങൾക്കു കീഴിലുള്ള നിർമ്മാണം, വില്പന, സേവനങ്ങൾ എന്നിവ ഈ നികുതി വിധേയ പ്രവർത്തനത്തിൽ ലയിക്കപ്പെടും.

**ചോ** 2. 'സപ്ലൈ' എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?

**ഉ:** 'സപ്ലൈ' എന്ന പദം വളരെ വ്യാപ്തി ഉള്ളത് ആണ് . ഇതിൽ എല്ലാവിധത്തിലുമുള്ള ബിസിനസ്സ് അഭിവൃദ്ധിയ്ക്കു വേണ്ടി പ്രതിഫലം വാങ്ങിനൽകുന്ന ചരക്കുകളുടെ വില്പന കൂടാതെ/അല്ലെങ്കിൽ സേവനങ്ങളുടെ കച്ചവടം, കൈമാറ്റങ്ങൾ, ബാർട്ടർ, ലൈസൻസ്, എക്സ്ചേഞ്ച്, വാടക, പാട്ടം, നീക്കംചെയ്യൽ എന്നിവയൊ അല്ലെങ്കിൽ ഇവ ചെയ്യാമെന്ന് സമ്മതിക്കുകയോ ഉൾപ്പെടുന്നു. ഇതിൽ ഇറക്കുമതി ചെയ്യുന്ന സേവനങ്ങളും ഉൾപ്പെടുന്നു .ഇതുകൂടാതെ, MGL പ്രകാരം പ്രതിഫലമില്ലാതെ നൽകുന്ന ചില ഇടപാടുകളും സപ്ലൈയുടെ പരിഗണനയിൽ വരും.

**ചോ 3.** നികുതി വിധേയ സപ്ലൈ എന്നാൽഎന്ത്?

**ഉ**:-'നികുതി വിധേയ സപ്ലൈ' എന്നാൽ ചരക്കുസേവനനികുതിനിയമ പ്രകാരം നികുതി ചുമത്തപ്പെടേണ്ട ചരക്കുകളോ സേവനങ്ങളോ ആണ്.

**ചോ 4:** മാതൃകാ നിയമത്തിനു കീഴിൽ സപ്ലൈ ആകുവാനുള്ള അത്യാവശ്യഘടകങ്ങൾ എന്തൊക്കെയാണ്?

ഉത്തരം. ഒരു സപ്ലൈ ആയി കരുതുന്നതിനു താഴെപ്പറയുന്ന ഘടകങ്ങൾ ആവശ്യമാണ്, അതായത്–

(i) ചരക്ക്/ അല്ലെങ്കിൽ സേവനങ്ങളുടെ സപ്ലൈ ആയിരിക്കണം

(ii) സപ്ലൈ പ്രതിഫലത്തിന് ആകണം

(iii) ബിസിനസ്സ് അഭിവൃദ്ധിക്കുള്ള പ്രയത്നത്തിനിടയിൽ നൽകുന്ന സപ്ലൈ ആയിരിക്കണം

(iv) നികുതി ചുമത്താവുന്ന പ്രദേശത്ത് നൽകുന്ന സപ്ലൈ ആയിരിക്കണം

(v) സപ്ലൈ, നികുതി വിധേയമായ സപ്ലൈ ആയിരിക്കണം

(vi) നികുതി വിധേയവ്യക്തി നൽകുന്ന സപ്ലൈ ആയിരിക്കണം

**ചോ 5.** മുകളിൽ പ്രസ്താവിച്ച ഏതെങ്കിലും ഒന്നോ അതിലധികമോ മാനദണ്ഡങ്ങൾ പാലിക്കാത്ത ഒരു ഇടപാട് ഉണ്ടെങ്കിൽ അത് ചരക്കു സേവനനിയമത്തിൻറ്റെ കീഴിൽ സപ്ലൈ ആയി കണക്കാക്കുമോ?

**ഉ:.** കണക്കാക്കാം. ചില സാഹചര്യങ്ങളിൽ, അതായത് സേവനങ്ങളുടെ ഇറക്കുമതി: (വകുപ്പ് 3(1) (b)), അല്ലെങ്കിൽ പ്രതിഫലേച്ഛ കൂടാതെയുള്ള സപ്ലൈ (MGL ഷെഡ്യൂൾ- 1- ൽ വിവരിച്ചിട്ടുള്ളവ) എന്നീ ചില സാഹചര്യങ്ങളിൽ,

ചോദ്യം 4-ൽ വിവരിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടകങ്ങൾ തൃപ്തിയായി പാലിച്ചിട്ടില്ലെങ്കിൽ കൂടി അവയെ ചരക്കു സേവന നിയമത്തിൻറ്റെ കീഴിൽ സപ്ലൈ ആയി തന്നെ കണക്കാക്കും

**ചോ 6**. ചരക്കിൻറ്റെ ഇറക്കുമതി സെക്ഷൻ 3- ൽ സ്പഷ്ടമായി ഒഴിവാക്കിയിരിക്കുകയാണ്, എന്തുകൊണ്ട്?

**ഉ:.** എന്തുകൊണ്ടെന്നാൽ ചരക്കുകളുടെ ഇറക്കുമതി കസ്റ്റംസ്ആക്ട്, 1962 പ്രകാരം പ്രത്യേകം കൈകാര്യം ചെയ്യുന്നുണ്ട്. അതിൽ ബേസിക് കസ്റ്റംസ് നികുതിക്ക് പുറമെ IGST 'അഡിഷണൽ കസ്റ്റംസ്ഡ്യൂട്ടിയായി' ചുമത്തപ്പെടും.

**ചോ 7.** സെൽഫ്-സപ്ലൈ(self supply) ചരക്കു സേവനനിയത്തിൻറ്റെ കീഴിൽ നികുതി വിധേയമാണൊ?

**ഉ:.** സ്റ്റോക്ക്കൈമാറ്റങ്ങൾ പോലുള്ള അന്തർസംസ്ഥാന സെൽഫ്-സപ്ലൈ നികുതി വിധേയം ആയിരിക്കും. പ്രതിഫലേച്ഛ കൂടാതെയുള്ളതാണെങ്കിലും അന്തർസംസ്ഥാന സെൽഫ്-സപ്ലൈ വ്യത്യസ്ത രജിസ്ട്രേഷനുകൾക്കിടയിലെ (ഷെഡ്യൂൾ 1(5) പ്രകാരം) സപ്ലൈ ആയതിനാലാണിത്. എന്നാലും സംസ്ഥാനത്തിനകത്തുള്ള സ്വയം സപ്ലൈ, നികുതി പരിധിയിൽ വരുന്നതല്ല.

**ചോ 8**: ഒരു ഇടപാട് ചരക്കുകളുടെ സപ്ലൈ ആയി കണക്കാക്കപ്പെടുവാൻ അതിൻറ്റെ ടൈറ്റിലൊ(Title) കൈവശാവകാശമൊ(Possession) അല്ലെങ്കിൽ ഇവ രണ്ടുമോ കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ടോ?

**ഉ:.** ഒരു ഇടപാട് സപ്ലൈയായ്ക്കണക്കാക്കുവാൻ അതിൻറ്റെ ടൈറ്റിലും കൈവശാവകാശവും കൈമാറ്റം ചെയ്യേണ്ടതാണ്. ടൈറ്റിൽ കൈമാറ്റം ചെയ്യപ്പെടാത്ത ഇടപാടുകൾ ഷെഡ്യൂൾII(1) പ്രകാരം ഒരു സേവന സപ്ലൈയായി കണക്കാക്കുന്നതാണ് ചില സന്ദർഭങ്ങളിൽ കൈവശാവകാശം ഉടനെ കൈമാറ്റം ചെയ്യാതിരിക്കാം എന്നാൽ ടൈറ്റിൽ ഭാവിയിൽ മാത്രം ആയിരിക്കും കൈമാറ്റം ചെയ്യുന്നത്. ഉദാഹരണത്തിന് കരാറിൻറ്റെ അടിസ്ഥാനത്തിൽ ഉള്ള വില്പന, അല്ലെങ്കിൽ ഹയർപർച്ചേസ് ക്രമീകരണം. ഇത്തരം ഇടപാടുകളും ചരക്കു സപ്ലൈ ആയികണക്കാക്കപ്പെടും.

**ചോ 9.** ബിസിനെസ്സ് ചെയ്യുമ്പോൾ അല്ലെങ്കിൽ 'ബിസിനസ്സിൻറ്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ഉള്ള സപ്ലൈ' എന്നതു വഴി നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

**ഉ**. ചെയ്യുന്ന പ്രവർത്തി' ബിസിനെസ്സ് ചെയ്യുമ്പോൾ അല്ലെങ്കിൽ 'ബിസിനസ്സിൻറ്റെ അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുമ്പോൾ' ആണോ എന്നുള്ളതിനു മോഡൽ നിയമം ഒരു നിർവചനമോ പരിശോധനയോ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ഒരു സപ്ലൈ ചെയ്യുമ്പോൾ ബിസിനസ്സിൻറ്റെ അഭിവൃദ്ധിക്കു വേണ്ടിയാണോ എന്ന നിഗമനത്തിൽ എത്തുവാൻ ഇനിപ്പറയുന്ന ബിസിനസ്സ് പരിശോധന സാധാരണയായി പ്രയോഗിക്കാറുണ്ട്

1. ചെയ്യുന്ന പ്രവർത്തനം വ്യഗ്രതയോടെ ചെയ്തുവരുന്ന ഒന്നാണോ?

2. ചെയ്യുന്ന പ്രവർത്തനം സ്ഥിരമായോ,തുടർച്ചയായോ ചെയ്യുന്ന ഒന്നാണോ?

3. ചെയ്യുന്ന പ്രവർത്തനം അംഗീകൃത ബിസിനെസ്സ് തത്വങ്ങൾ പ്രകാരം പതിവായി നടത്തപ്പെടുന്നതാണോ?

4. ചെയ്യുന്ന പ്രവർത്തനം മുഖ്യമായും പ്രതിഫലേച്ഛയോടെയൊ ലാഭദൃഷ്ടിയോടെയൊ ഉള്ള ഒരു നികുതി വിധേയ സപ്ലൈ ആണോ?

ഈ പരിശോധന, വല്ലപ്പോഴുമുള്ള സപ്ലൈ , പ്രതിഫലേച്ഛയോടുകൂടി ഉള്ള താണെങ്കിലും, ചരക്കു സേവന നികുതിയുടെ പരിധിയിൽ വരില്ല എന്നുറപ്പു വരുത്തും.

**ചോ 10**. ഒരു വ്യക്തി സ്വകാര്യ ഉപയോഗത്തിനായി ഒരുകാർ വാങ്ങിയിട്ട് ഒരു വർഷത്തിനുശേഷം ആ കാർ ഒരു കാർ വ്യാപാരിക്കു വിൽക്കുന്നു. ഈ ഇടപാട് മോഡൽ നിയമ നിബന്ധനകൾ പ്രകാരം സപ്ലൈ ആയിരിക്കുമോ? കാരണങ്ങൾ വ്യക്തമാക്കുക.

**ഉ.** അല്ല. എന്തെന്നാൽ ഈ സപ്ലൈ നടത്തിയത് ആ വ്യക്തി ബിസിനെസ്സ് ചെയ്യുമ്പോഴൊ അല്ലെങ്കിൽ ബിസിനസ്സ് അഭിവൃദ്ധിക്കു ശ്രമിക്കുമ്പോഴൊ അല്ല. കൂടാതെ, ആ കാർ വാങ്ങിയതു ബിസിനസ് ഇതര ഉപയോഗത്തിന് ആയിരുന്നതിനാൽ ആസമയത്തു് അതിൻറ്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല.

**ചോ**11.ഒരു എയർ-കണ്ടീഷണർ ഡീലർ തൻറ്റെ കയ്യിലുള്ള വ്യാപാരത്തിനുള്ള സ്റ്റോക്കിൽ നിന്ന് ഒരു എയർകണ്ടിഷണർ വ്യക്തിഗത ഉപയോഗത്തിനായി തൻറ്റെ വസതിയിലേക്കുമാറ്റുന്നു. ഈ ഇടപാട് ഒരു സപ്ലൈ ആകുമോ?

**ഉ**. അതെ. ഷെഡ്യൂൾ- I(1) പ്രകാരം സ്വകാര്യ അല്ലെങ്കിൽ നോൺ-ബിസിനസ്സ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ബിസിനസ്സ് ആസ്തികൾ സപ്ലൈ ആയി തന്നെ കണക്കാക്കപ്പെടും.

**ചോ:12.** ഒരു ക്ലബ് അല്ലെങ്കിൽ അസോസിയേഷൻ അതിൻറെ അംഗങ്ങൾക്ക് നൽകുന്ന സേവനം അല്ലെങ്കിൽ സാധനങ്ങൾ ഒരു സപ്ലൈ ആയി കണക്കാക്കുമോ?

**ഉ.** കണക്കാക്കും. ഒരു ക്ലബ്, അസോസിയേഷൻ, സൊസൈറ്റി മുതലായവ അംഗങ്ങൾക്ക് നൽകുന്ന സൗകര്യങ്ങൾ സപ്ലൈ ആയി കണക്കാക്കപ്പെടും. ഇത് മോഡൽ നിയമത്തിൻറെ സെക്ഷൻ 2 (17) ൽ "ബിസിനസ്"-ൻറെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചോ 13**. 'അന്തർ-സംസ്ഥാന' സപ്ലൈ(Interstate), സംസ്ഥാനത്തിനകത്തെ സപ്ലൈ (Intrastate) എന്നിവ കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**ഉ.** IGST നിയമത്തിലെ സെക്ഷൻ 3&3A പ്രകാരം' അന്തർ-സംസ്ഥാന' സപ്ലൈ (Interstate), 'സംസ്ഥാനത്തിനകത്തെ സപ്ലൈ'(Intrastate) എന്നിവ പ്രത്യേകം നിർവ്വചിച്ചിട്ടുണ്ട്. ഒരു വിതരണക്കാരൻറെ സംസ്ഥാനവും സപ്ലൈ ലഭിക്കുന്നസ്ഥലവും ഒരേ സംസ്ഥാനത്തിലായാൽ അത് സംസ്ഥാനത്തിനകത്തെ സപ്ലൈയും, രണ്ടും വെവ്വേറെ സംസ്ഥാനങ്ങളിലായാൽ അത് അന്തർ-സംസ്ഥാന സപ്ലൈയുമാണ്.

**ചോ 14**:- സാധനങ്ങളുടെ ഉപയോഗാവകാശം കൈമാറ്റം ചെയ്യുന്നത് സാധനങ്ങളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

**ഉ**: സാധനങ്ങളുടെ ഉപയോഗാവകാശം കൈമാറ്റം ചെയ്യുന്നത് സാധനങ്ങളുടെ സപ്ലൈയായി കണക്കാക്കപ്പെടും. എന്തെന്നാൽ, ഈ സപ്ലൈയിൽ അതിൻറെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്നില്ല. ഇങ്ങനെയുള്ള ഇടപാടുകൾ മോഡൽനിയമത്തിൻറെ ഷെഡ്യൂൾ II - ൽ പ്രത്യേകമായി സാധനങ്ങളുടെ സപ്ലൈയായി കാണിച്ചിട്ടുണ്ട്.

**15**:-വർക്ക് കോൺട്രാക്ട്, കേറ്ററിംഗ് എന്നീ സേവനങ്ങൾ ചരക്കുകളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

**ഉ** : മോഡൽനിയമത്തിൻറെ ഷെഡ്യൂൾ II - ൽ പറഞ്ഞിരിക്കുന്ന പ്രകാരം, വർക്ക് കോൺട്രാക്ട് , കാറ്ററിംഗ് എന്നീ സേവനങ്ങൾ സേവനങ്ങളുടെ സപ്ലൈ ആയി കണക്കാക്കപ്പെടും.

**ചോ**16:- ഹയർപർച്ചേസ് പ്രകാരം ചെയ്യുന്ന സപ്ലൈ, ചരക്കുകളുടെ സപ്ലൈയായാണോ സേവനങ്ങളുടെ സപ്ലൈയായാണോ കണക്കാക്കുക? എന്തുകൊണ്ട്?

**ഉ**:ഹയർപർച്ചേസ് പ്രകാരം ചെയ്യുന്ന സപ്ലൈ ചരക്കുകളുടെ സപ്ലൈയായാണ് കണക്കാക്കുക. എന്തെന്നാൽ ഒരു ഭാവി ദിവസത്തിലാണെങ്കിലും ഹയർപർച്ചേസിൽ ഉടമ സ്ഥാവകാശം കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്

# <u>സപ്ലൈ-സമയം</u>

## 5 . സപ്ലൈ-സമയം

**ചോ 1 :** എന്താണ് 'സപ്ലൈ-സമയം'**?**

**ഉ:**- എപ്പോളാണ് ചരക്കുസേവന നികുതി ചുമത്താൻ ബാധ്യത വരുന്നത് എന്നത് കണക്കാക്കുന്നത് സപ്ലൈ-സമയം അനുസരിച്ചാണ്. കൂടാതെ, അത് എപ്പോളാണ് ഒരു സപ്ലൈ നടത്തിയത് എന്നും കാണിക്കുന്നു. മോഡൽ നിയമം ചരക്കുകൾക്കും സേവനങ്ങൾക്കും വെവ്വേറെ സപ്ലൈ-സമയം നൽകിയിരിക്കുന്നു.

**ചോ** 2 :- ഒരു ചരക്കു സപ്ലൈയുടെ കാര്യത്തിൽ ചരക്കുസേവന നികുതി ചുമത്താൻ ബാധ്യത ഉണ്ടാകുന്നതു എപ്പോഴാണ്?

**ഉ:-** മോഡൽ നിയമം സെക്ഷൻ 12 -ൽ സപ്ലൈ-സമയത്തെ പറ്റി പ്രസ്താവിക്കുന്നു.

ഇനി പറയുന്നതിൽ ഏറ്റവും ആദ്യം സംഭവിക്കുന്നത് ആയിരിക്കും ചരക്കു സപ്ലൈയുടെ സപ്ലൈ-സമയം-

i. ചരക്കു നീക്കം ആവശ്യമുള്ളപ്പോൾ, ആ ചരക്കു ഏതു ദിവസമാണോ സപ്ലയർ നീക്കിയത് ആ ദിവസം ; അല്ലെങ്കിൽ;

ii .സപ്ലൈക്കു ചരക്കു നീക്കം ആവശ്യമില്ലാത്തപ്പോൾ, എന്നാണ് ചരക്കു ലഭ്യമാക്കിയത്, ആ ദിവസം; അല്ലെങ്കിൽ;

iii .മുകളിൽ പറഞ്ഞ രണ്ടു സാഹചര്യങ്ങളിലല്ലെങ്കിൽ , സപ്ലയർ ആ സപ്ലൈയുമായി ബന്ധപ്പെട്ട ഇൻവോയ്സ് പുറപ്പെടുവിച്ച ദിവസം; അല്ലെങ്കിൽ

iv .ചരക്കു ലഭിച്ചയാൾ ഏതു ദിവസം ആണോ തൻറ്റെ കണക്കു പുസ്തകങ്ങളിൽ ചരക്കു ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്, ആ ദിവസം.

**ചോ 3** :- തുടർച്ചയായ ചരക്കു സപ്ലൈയിൽ എന്താണ് 'സപ്ലൈ-സമയം'?

**ഉ:**- തുടർച്ചയായുള്ള ചരക്കു സപ്ലൈയിൽ 'സപ്ലൈ-സമയം' താഴെപ്പറയുന്നതു പോലെ ആണ്:

a) ഘട്ടം-ഘട്ടമായ കണക്കു രേഖകളൊ ഘട്ടം-ഘട്ടമായ പണം നൽകലൊ തുടർച്ചയായി ഉള്ളിടത്തു, ഏതു ദിവസമാണോ കണക്കു രേഖകളുടെയോ പണം നല്കുന്നതിന്റെയോ ഓരോ ഘട്ടവും അവസാനിക്കുന്നത്, ആ ദിവസം.
b) ഘട്ടം-ഘട്ടമായ കണക്കു രേഖകളൊ ഘട്ടം-ഘട്ടമായ പണം നൽകലൊ ഇല്ലാത്തിടത്തു ഇൻവോയ്സ് പുറപ്പെടുവിച്ച ദിവസം, അല്ലെങ്കിൽ, പണം ലഭിച്ച ദിവസം; അതിൽ ഏതാണോ ആദ്യം, ആ ദിവസം.

**ചോ 4** :- അപ്പ്രൂവൽ അടിസ്ഥാനത്തിൽ(Approval Basis) നൽകിയ ചരക്കു വിതരണത്തിൽ 'സപ്ലൈ-സമയം' എന്താണ്?

**ഉ:-** അപ്പ്രൂവൽ അടിസ്ഥാനത്തിൽ നൽകുന്ന സപ്ലൈയിൽ, ഒരു സപ്ലൈ നടക്കുമോ എന്ന് അറിയാവുന്ന ദിവസം, അല്ലെങ്കിൽ സപ്ലൈ നടന്ന് കഴിഞ്ഞു ആറു മാസം തികയുന്ന ദിവസം, ഇതിൽ ഏതാണോ ആദ്യം, അതായിരിക്കും 'സപ്ലൈ-സമയം'

**ചോ 5** :- മോഡൽ നിയമം സെക്ഷൻ 12, സബ് സെക്ഷൻ 2, 3, 5, 6; അല്ലെങ്കിൽ സെക്ഷൻ 13 പ്രകാരം സപ്ലൈ-സമയം, കണക്കാക്കാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ കണക്കാക്കും?

**ഉ:-** സെക്ഷൻ 12 (7), 13 (7) എന്നിവയിൽ ഒരു അവശിഷ്ട കുറിപ്പ് ചേർത്തിരിക്കുന്നു. അത് പ്രകാരം സമയാസമയം റിട്ടേണുകൾ സമർപ്പിക്കപ്പെടേണ്ടപ്പോൾ, ആ റിട്ടേൺ സമർപ്പിക്കപ്പെടേണ്ട ദിവസം ആയിരിക്കും സപ്ലൈ-സമയം. മറ്റുള്ള സന്ദർഭങ്ങളിൽ, ഏതു ദിവസമാണോ CGST/SGST/IGST അടച്ചത് ,ആ ദിവസം.

**ചോ 6** :- സേവന സപ്ലൈയുടെ കാര്യത്തിൽ ചരക്കുസേവന നികുതിയുടെ ബാധ്യത എപ്പോഴാണുണ്ടാകുന്നത്?

**ഉ:-** ചരക്കിൻറെ കാര്യത്തിൽ നിന്നും വ്യത്യസ്തമായി സേവനങ്ങളുടെ കാര്യത്തിൽ സപ്ലൈ-സമയം നിർണയിക്കപ്പെടുന്നത് സേവന സപ്ലൈയിൽ ഇൻവോയ്സ് പുറപ്പെടുവിച്ചിരിക്കുന്നത് നിശ്ചിത കാലയളവിനുള്ളിലാണോ അതോ ആ കാലയളവിന് ശേഷം ആണോ എന്നതിനെ ആശ്രയിച്ചാണ്.

**ചോ 7** :-ഇൻവോയ്സ് നിശ്ചിത സമയത്തിനുള്ളിൽ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ എന്തായിരിക്കും സപ്ലൈ-സമയം?

**ഉ**:- ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സപ്ലൈ-സമയം താഴെ പറയുന്നതിൽ ആദ്യം എന്താണോ സംഭവിച്ചത് അതായിരിക്കും

(i )ഏതു ദിവസം ആണോ സേവനം നൽകുന്നത് അവസാനിപ്പിച്ചത്, ആ ദിവസം; അല്ലെങ്കിൽ

(ii )ഏതു ദിവസം ആണോ പണം ലഭിച്ചത് ആ ദിവസം

**ചോ8**:-ഇൻവോയ്സ് നിശ്ചിത സമയത്തിനുള്ളിൽ പുറപ്പെടുവിച്ചിട്ടുള്ളതാണെങ്കിൽ എന്തായിരിക്കും സപ്ലൈ-സമയം?

**ഉ:-** ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സപ്ലൈ-സമയം താഴെ പറയുന്നതിൽ ഏതാണോ ആദ്യം സംഭവിച്ചത് അതായിരിക്കും

(i )ഇൻവോയ്സ് പുറപ്പെടുവിച്ച ദിവസം; അല്ലെങ്കിൽ

(ii )ഏതു ദിവസം ആണോ പണം ലഭിച്ചത് ആ ദിവസം.

**ചോ 9** :- എന്താണ് 'പണം ലഭിച്ച ദിവസം' എന്നതുകൊണ്ടു അർത്ഥമാക്കുന്നത് ?

**ഉ:-** ഏതു ദിവസമാണോ പണം നൽകിയത് വിതരണക്കാരൻ്റെ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്തിയത് അല്ലെങ്കിൽ ഏതു ദിവസമാണോ പണം വിതരണക്കാരൻ്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടത്, ഇതിൽ ആദ്യം വരുന്ന ദിവസം.

**ചോ 10** :- ഇൻവോയ്സ് പുറപ്പെടുവിച്ചിട്ടില്ല , കൂടാതെ പണം നൽകിയ ദിവസവും സേവനം നൽകിയത് എന്ന് അവസാനിച്ചു എന്നും കണക്കാക്കാൻ സാധിക്കുന്നില്ല . ഇങ്ങനെയുള്ള അവസരങ്ങളിൽ എന്തായിരിക്കും സപ്ലൈ-സമയം ?

**ഉ:-**അങ്ങനെയുള്ളപ്പോൾ, സേവനം ലഭിച്ചയാൾ ഏതു ദിവസമാണൊ സേവനം ലഭിച്ചതായി തൻ്റെ കണക്കു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ആ ദിവസം ആയിരിക്കും സപ്ലൈ-സമയം.

**ചോ 11** :- ഭാഗികമായി പണം മുൻകൂർ ആയി നൽകുകയൊ ഇൻവോയ്സ് പുറപ്പെടുവിച്ചിരിക്കുന്നത് ഭാഗികമായി നൽകിയ പണത്തിനോ ആണെങ്കിൽ, സപ്ലൈ-സമയം മുഴുവൻ സപ്ലൈയെയും ഉൾപ്പെടുത്തി ആയിരിക്കുമോ?

**ഉ:-** അല്ല. ഇങ്ങനെയുള്ളപ്പോൾ ഇൻവോയ്സിൽ കാണിച്ചിരിക്കുന്നതോ ,ഭാഗീകമായി നൽകപ്പെട്ട പണത്തോടു ബന്ധപ്പെട്ടതോ ആയ സേവനത്തെ മാത്രമേ സപ്ലൈ ആയി കണക്കാക്കുകയുള്ളു.

**ചോ 12** :- നികുതി റിവേഴ്സ് ചാർജിൽ അടക്കേണ്ടപ്പോൾ എന്തായിരിക്കും സപ്ലൈ-സമയം?

**ഉ:-** സപ്ലൈ-സമയം താഴെപറയുന്നവയിൽ ഏറ്റവും ആദ്യം വരുന്ന തിയതി ആയിരിക്കും

a )സേവനം ലഭിച്ച ദിവസം;

b )എന്നാണോ പണം നൽകിയത്, ആ ദിവസം;

c) എന്നാണോ ഇൻവോയ്സ് ലഭിച്ചത്, ആ ദിവസം;

d) സപ്ലയർ തൻ്റെ കണക്കു പുസ്തകത്തിൽ പണം ചെലവായതായി രേഖപ്പെടുത്തിയ ദിവസം.

**ചോ 13** :- തുടർച്ചയായ സപ്ലൈയുള്ള സേവനങ്ങളിൽ എന്തായിരിക്കും സപ്ലൈ-സമയം?

**ഉ:-** പണം നൽകേണ്ടതായ ദിവസം ഉടമ്പടി രേഖകളിൽ നിന്നും നിജപ്പെടുത്താൻ സാധിച്ചാൽ ആ ദിവസം ആയിരിക്കും സപ്ലൈ-സമയം.

അത് രേഖകളിൽ നിജപ്പെടുത്താൻ സാധിക്കുന്നില്ലെങ്കിൽ പണം നൽകിയ ദിവസം അല്ലെങ്കിൽ ഇൻവോയ്സ് പുറപ്പെടുവിച്ച ദിവസം അല്ലെങ്കിൽ, സേവനം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെടുത്തിയുള്ള പണം നൽകൽ സേവനങ്ങളുടെ കാര്യത്തിൽ, സേവനത്തിൻറെ പൂർത്തീകരണം, എന്നിവയിൽ ഏറ്റവും ആദ്യത്തെ ദിവസം

ചോ 14 :- ഇപ്പോൾ, 1/06/2017 മുതൽ നികുതി നിരക്കിൽ 18% -ൽ നിന്ന് 20% -ലേക്ക് കൂട്ടി എന്ന് കരുതുക. അങ്ങനെയെങ്കിൽ, നിരക്ക് മാറ്റത്തിന് മുൻപ് ഏപ്രിൽ 2017 - ൽ സേവനം നൽകുകയും ഇൻവോയ്സ് പുറപ്പെടുവിക്കുകയും ചെയ്തിട്ട്, നിരക്ക് മാറ്റത്തിന് ശേഷം ജൂൺ 2017-ൽ ആണ് പണം ലഭിച്ചതെങ്കിൽ, ബാധകമാകുന്ന നികുതി നിരക്ക് എന്തായിരിക്കും.?

ഉ: സേവനം 1/06/2017-ന് മുൻപ് നല്കിയിരിക്കുന്നതിനാൽ പഴയ നിരക്ക് ആയ 18 % ആയിരിക്കും ബാധകമാകുക.

# <u>ചരക്കുസേവനനികുതിയിൽ മൂല്യനിർണയം</u>

## 6 . ചരക്കു സേവന നികുതിയിൽ മൂല്യനിർണയം

**ചോ** 1 :- നികുതി ബാധക സപ്ലൈയുടെ എന്ത് മൂല്യം ആണ് ചരക്കു സേവനനികുതി ചുമത്തപ്പെടുവാൻ എടുക്കേണ്ടത്?

ഉ:- നികുതി ബാധക ചരക്കുകളുടെയും സേവനത്തിൻറ്റെയും സപ്ലൈയുടെ മൂല്യം എന്നാൽ, സാധാരണയായി ഇടപാടുകാർ ബന്ധുക്കൾ അല്ലാതിരിക്കുകയും വില മാത്രം ആധാരമാകുകയും ചെയ്യുന്ന ഇടപാടിൽ, യഥാർത്ഥത്തിൽ നൽകിയ അഥവാ നൽകാനുള്ള 'ഇടപാട് മൂല്യം' (Transaction value) ആണ്. മാതൃകാനിയമത്തിൽ ഇടപാട് മൂല്യ'ത്തിൻറ്റെ പരിധിയിൽ നിന്നുള്ള വിവിധ ഉൾകൊള്ളലുകളും ഒഴിവാക്കലുകളും പ്രതിപാദിച്ചിരിക്കുന്നു. ഉദാഹരണത്തിന്, തിരിച്ചു നൽകേണ്ട നിക്ഷേപം, സപ്ലൈയുടെ സമയത്തോ മുൻപോ നൽകുന്ന കിഴിവുകൾ എന്നിവ ഇടപാട് മൂല്യത്തിൽ ഉൾപ്പെടുന്നില്ല.

**ചോ 2 :-** എന്താണ്' 'ഇടപാട് മൂ ല്യം ' (Transaction value)?

ഉ:- സപ്ലയറും സ്വീകർത്താവും ബന്ധുക്കൾ അല്ലാതിരിക്കുകയും വിലമാത്രം ഏകമാനദണ്ഡം ആകുകയും ചെയ്യുമ്പോൾ ചരക്കുകളുടെയും സേവനത്തിൻറ്റെയും സപ്ലൈയുടെ യഥാർത്ഥത്തിൽ നൽകിയ അഥവാ നൽകേണ്ട പണമാണ് ' ഇടപാട് മൂല്യം '(Transaction value). ഇതിൽ സപ്ലയർ വഹിക്കേണ്ട ഏതെങ്കിലും തുക സ്വീകർത്താവ് വഹിക്കുകയാണെങ്കിൽ അതും ഉൾപ്പെടും.

**ചോ 3** :- CGST, SGST, IGST എന്നീ നിയമങ്ങളിൽ പ്രത്യേകം പ്രത്യേകം മൂല്യനിർണ്ണയ നിയമങ്ങൾ ഉണ്ടോ?

ഉ: ഇല്ല. സെക്ഷൻ 15 എല്ലാ നികുതികൾക്കും പൊതുവായതാണ്, കൂടാതെ ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യനിർണ്ണയത്തിന് പൊതുവായതാണ്.

**ചോ 4** :- സപ്ലൈയുടെ മൂല്യം നിർണ്ണയിക്കുവാൻ ഉടമ്പടി വില മതിയായതല്ലേ?

ഉ: ഉടമ്പടി വില കൂടുതൽ കൃത്യമായി ട്രാൻസാക്ഷൻവാല്യൂവായി പരാമർശിച്ചിരിക്കുന്നു. . ഈ വിലയാണ് നികുതി കണക്കാക്കുന്നതിൻറ്റെ അടിസ്ഥാനം. പക്ഷെ ചിലപ്പോൾ ഇടപാടുകാർ തമ്മിലുള്ള ബന്ധം പോലെയുള്ള ചില കാര്യങ്ങൾ കൊണ്ടോ ചില ഇടപാടുകൾ നിയമംമൂലം സപ്ലൈയായി കണക്കാക്കപ്പെടേണ്ടതാണെങ്കിലോ മൂല്യനിർണയത്തിൽ അതുമൂലമുണ്ടാകുന്ന അപാകതകൾ പരിഹരിക്കേണ്ടതായിവരും.

**ചോ 5** :- എല്ലാ കേസുകളിലും മൂല്യനിർണയനിയമം പരിഗണിക്കേണ്ടതുണ്ടോ?

ഉ:- ഇല്ല. സെക്ഷൻ 15(4) -ൻറ്റെ പരിധിയിൽ വരുന്ന കേസുകളിലാണ് മൂല്യനിർണയനിയമം പരിഗണിക്കേണ്ടതായി വരുന്നത്. അതായത് പ്രതിഫലം പണമല്ലാതെയും, ഇടപാടുകാർ ബന്ധുക്കൾ ആയിരിക്കയും ചെയ്യുന്ന സാഹചര്യങ്ങളാണിവ.

**ചോ 6** :- ഇടപാടിൻറ്റെ വിലയെ ബാധിക്കുന്നചിലകാര്യങ്ങൾസെക്ഷൻ 15(4) ൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ എന്ത്ചെയ്യണം?

ഉ: സെക്ഷൻ 15(2) ൽ വരുത്താവുന്ന മാറ്റങ്ങളുടെ ഒരു പട്ടിക നൽകിയിട്ടുണ്ട്, അതു പ്രകാരം ചെയ്യുക.

**ചോ 7** :- സെക്ഷൻ 15(1) പ്രകാരം പ്രഖ്യാപിക്കുന്ന ഇടപാടുമൂല്യത്തെ അംഗീകരിക്കാമോ?

ഉ:- അംഗീകരിക്കാം. സെക്ഷൻ 15(2) പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചശേഷം അത് അംഗീകരിക്കാം സപ്ലയറും സ്വീകർത്താവും ബന്ധുക്കളാണെങ്കിലും ആ ബന്ധം വിതരണത്തിൻറ്റെ വിലയെ ബാധിച്ചിട്ടില്ലെങ്കിൽ ഇടപാടുമൂല്യത്തെ അംഗീകരിക്കും (കരട് ചരക്ക് സേവന നികുതിമൂല്യ നിർണയ റൂൾ 3(4) പ്രകാരം)

**ചോ 8** :- സപ്ലൈയുടെ ശേഷം നൽകുന്ന കിഴിവുകളോ പ്രചോദനങ്ങളോ (Incentives) ഇടപാട് മൂല്യത്തിൽ ചേർക്കേണ്ടതായിട്ടുണ്ടോ?

ഉ:- ഉണ്ട്. സപ്ലൈയുടെ ശേഷം ഉള്ള കിഴിവുകൾ കരാർപ്രകാരം സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് സപ്ലൈയുടെ സമയത്തൊ സപ്ലൈയുടെ മുൻപൊ അറിയുകയും അത് കൃത്യമായി പ്രസക്തമായ ഇൻവോയ്സുമായി ബന്ധിക്കുകയും ചെയ്തിട്ടില്ലെങ്കിൽ.

**ചോ 9 :-** സപ്ലൈയുടെ മുൻപോ സപ്ലൈയുടെ സമയത്തൊ നൽകുന്ന കിഴിവുകൾ ഇടപാട് വിലയിൽ ചേർക്കേണ്ടതുണ്ടോ?

ഉ: അത് അനുവദിച്ചിരിക്കുന്ന സ്വാഭാവികമായ വില്പന രീതിപ്രകാരം ആകുകയും അത് ഇൻവോയ്സിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടും ഉണ്ടെങ്കിൽ ആവശ്യമില്ല.

**ചോ 10** :- എപ്പോഴാ ണ് മൂല്യനിർണയനിയമം ബാധകമാകുക?

ഉ:- മൂല്യനിർണയനിയമം ബാധകമാകുന്നത് :

i )പ്രതിഫലം പണമായി മാത്രമല്ലെങ്കിൽ;

ii )ഇടപാടുകാർ ബന്ധുക്കൾ ആകുമ്പോൾ ,അല്ലെങ്കിൽ സപ്ലൈ നടത്തുന്നത് ഒരു നിർദിഷ്ട വിഭാഗം സപ്ലയർ ആകുമ്പോൾ; കൂടാതെ

iii )പ്രഖ്യാപിച്ച ഇടപാട് മൂ ല്യം വിശ്വസനീയമല്ല എന്ന്ബോധ്യപ്പെടുമ്പോൾ.

**ചോ 11 :-** പ്രഖ്യാപിച്ച ഇടപാടുമൂല്യത്തെ സംശയിക്കാൻ ഉള്ള കാരണങ്ങൾ ഏവ?

ഉ:- ഇതിന്റെ കാരണങ്ങൾ കരട് ചരക്ക് സേവന മൂല്യനിയമം റൂൾ 7(b) -ൽ പ്രതിപാദിച്ചിരിക്കുന്നു.അവ:

(i) താരതമ്യം ചെയ്യാവുന്ന മറ്റു സപ്ലൈകൾ ഇതിലും വളരെ കൂടിയ മൂല്യത്തിലുള്ളതാണ്;

(ii) വിപണി വിലയേക്കാൾ ഉയർന്നതോതാഴ്ന്നതോ ആയ വിതരണങ്ങൾ; കൂടാതെ

(iii ) സാധനങ്ങളുടെ വിവരങ്ങൾ, എണ്ണം, ഗുണം ഉണ്ടാക്കിയ വർഷം മുതലായ കാര്യങ്ങൾ തെറ്റായി പ്രഖ്യാപിക്കുമ്പോൾ.

ഈ പട്ടിക ഒരുസൂചന മാത്രംആണ്. പൂർണമായിട്ടുള്ളതല്ല.

**ചോ 12** :- കരട് ചരക്ക് സേവന നികുതി മൂല്യനിർണയനിയമം പ്രകാരം മൂല്യം കണക്കാക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെ ആണ്?

ഉ:- കരട് ചരക്ക് സേവന നികുതി മൂല്യനിർണയനിയമത്തിൽ ഇടപാട് വില നിർണയിക്കാൻ 3 മാർഗങ്ങൾ നിർദേശിച്ചിട്ടുണ്ട്. അതായത്, താരതമ്യം ചെയ്തു നിർണ്ണയിക്കുന്ന സമ്പ്രദായം(comparative method), കണക്കുകൂട്ടി കണ്ടുപിടിക്കുന്ന സമ്പ്രദായം(computation method) കൂടാതെ, അവശേഷിക്കുന്ന സമ്പ്രദായം (residual method), ഇവ ഇതേക്രമത്തിൽപിന്തുടരണം. കൂടാതെ, കേവല ഏജൻറ് (Pure agent), മണി ചേഞ്ചേഴ്സ് എന്നിവർക്കു ഒരു പ്രത്യേക മൂല്യ നിർണയസമ്പ്രദായം ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. അത് കൂടാതെ, ഇൻഷുറർ, എയർട്രാവൽഎജന്റ്, ലോട്ടറിവില്പന/വിതരണ ഏജന്റ് എന്നിവർക്ക് വേണ്ടി ഒരു പ്രത്യേകനിയമം പിന്നീട് പു റപ്പെടുവിക്കും.

**ചോ 1**3 :- ഏതൊക്കെയാണ് ഇടപാട് വിലയിൽ കൂട്ടേണ്ടതായി സെക്ഷൻ 15(2) പ്രകാരം പ്രതിപാദിച്ചിരിക്കുന്ന തുകകൾ ?

ഉ:- സെക്ഷൻ 15(2) പ്രകാരം ഇടപാട് വിലയിൽ കൂട്ടേണ്ടതായി പ്രതിപാദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നവ ആണ്:

a )സപ്ലയർ നൽകുവാൻ ബാധ്യസ്ഥനായിട്ടുള്ളതും പക്ഷെ സ്വീകർത്താവ് ന ൽകിയതുമായ തുക;

b)സ്വീകർത്താവ്സൗജന്യമായോ വിലയിളവോടെയോ നൽകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ മൂല്യം;

c) സ്വീകർത്താവ് വിതരണത്തിൻറ്റെ ഉപാധിപ്രകാരം അടക്കേണ്ടതായ റോയൽറ്റി, ലൈസൻസ് ഫീസ് എന്നിവ;

d) മറ്റേതെങ്കിലും നിയമപ്രകാരം ചുമത്തുന്ന നികുതികൾ (SGST/CGST അഥവാ IGST അല്ലാത്തവ);

e) സപ്ലൈയുടെ മുൻപ് സപ്ലയർക്കുണ്ടായിട്ടുള്ള ചിലവുകൾ പ്രത്യേകമായി ചാർജ് ചെ യ്തിട്ടുണ്ടെങ്കിൽ അവ;

f )സപ്ലയർക്ക് സപ്ലൈയിലൂടെ ലഭിച്ച സബ്സിഡി തുക;

g )സപ്ലയർ പ്രത്യേകമായി തിരിച്ചടക്കാൻ ആവശ്യപ്പെടുന്ന തുകകൾ;

h )സപ്ലൈയുടെ മുൻപ് അറിഞ്ഞിരിക്കാതെ സപ്ലൈയുടെ "ശേഷം" നൽകുന്ന കിഴിവുകൾ; (സാധാരണയായുള്ള ബിസിനസ് ശീല പ്രകാരം നൽകുന്നതും ഇൻവോയ്സിൽ കാണിച്ചിരിക്കുന്നതുമായവ ഇതിൽ ചേർക്കേണ്ടതില്ല).

# നികുതിയടക്കൽ

# 7. നികുതിയടക്കൽ

**ചോ 1** : GST യുടെ കാലത്ത് എന്തൊക്കെ പണമൊടുക്കലുകളാണ് ചെയ്യേണ്ടത് ?

ഉ : സംസ്ഥാനത്തിനുള്ളിലെ ഇടപാടുകളായ ഓരോ ചരക്കു-സേവന സപ്ലൈയ്ക്കും, സെൻട്രൽ GST (കേന്ദ്ര ഗവണ്മെന്റ് അക്കൗണ്ടിൽ പോകുന്ന CGST) യും, സ്റ്റേറ്റ് GST (ബന്ധപ്പെട്ട സംസ്ഥാന ഗവണ്മെന്റിൻറെ അക്കൗണ്ടിൽ പോകുന്ന SGST)യും അടയ്ക്കണം. സംസ്ഥാനാന്തര ചരക്കു സേവന സപ്ളൈകൾക്കു ഓരോന്നിനും അടയ്ക്കേണ്ടത് ഇൻറഗ്രേറ്റഡ് GST (IGST) ആണ്. IGST-യ്ക്ക് CGST യുടെയും SGST യുടെയും ഘടകങ്ങളുണ്ട്. ഇത് കൂടാതെ ചില വിഭാഗങ്ങളിൽ പെട്ട രജിസ്റ്റർ ചെയ്ത നികുതിദായകർ സോഴ്സിൽ പിടിയ്ക്കുന്ന നികുതിയും (TDS), സോഴ്സിൽ പിരിയ്ക്കുന്ന നികുതിയും (TCS) ഗവൺമെൻറ് അക്കൗണ്ടിൽ അടയ്ക്കേണ്ടതുണ്ട്. ഇതും കൂടാതെ ബാധകമായ സന്ദർഭങ്ങളിൽ പലിശ, പിഴ, ഫീസ്, മറ്റിനങ്ങൾ എന്നിവയും അടയ്ക്കേണ്ടതാണ്.

**ചോ 2** : ചരക്കു സേവന നികുതിയടയ്ക്കാൻ ആർക്കാണ് ബാധ്യത ഉള്ളത്?

ഉ : ചരക്കുകളോ സേവനങ്ങളോ സപ്ലൈ ചെയ്യുന്നയാൾക്കാണ് പൊതുവെ GST അടയ്ക്കാൻ ബാധ്യതയുള്ളത്. എന്നാൽ ഇറക്കുമതി, നോട്ടിഫൈ ചെയ്യപ്പെട്ടവ എന്നിങ്ങനെ ചിലവിഭാഗങ്ങൾ റിവേഴ്സ് ചാർജ് രീതിയിൽ ചരക്ക് സേവന സ്വീകർത്താവാണ് നികുതിയടയ്ക്കേണ്ടത്. ചില സന്ദർഭങ്ങളിൽ നികുതിയടയ്ക്കാനുള്ള ബാധ്യത ഒരു മൂന്നാം കക്ഷിയിൽ നിക്ഷിപ്തമായിരിക്കും. ഇ-കോമേഴ്സ് ഓപ്പറെറ്റർ TCS അടയ്ക്കാനും ഗവൺമെൻറ് ഡിപ്പാർട്മെൻറ് TDS അടയ്ക്കാനും ഉത്തരവാദിത്തമുള്ളവരാണ്.

**ചോ 3** : നികുതിബാധ്യതയുള്ളയാൾ എപ്പോഴാണ് നികുതി അടയ്ക്കേണ്ടത് ?

ഉ : വകുപ്പ് 12-ൽ പറയുന്നപ്രകാരം ചരക്ക് സപ്ലൈ ചെയ്യുന്ന സമയത്തും, വകുപ്പ് 13 പ്രകാരം സേവനങ്ങൾ കൊടുക്കുന്ന സമയത്തുമാണ് നികുതിയടക്കേണ്ടത്. പൊതുവെ പറഞ്ഞാൽ പണം ലഭിക്കുക, ഇൻവോയ്സ് നൽകുക, സപ്ലൈ പൂർത്തിയാവുക ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അപ്പോഴാണ് നികുതിയടയ്ക്കേണ്ടത്. വിവിധ സന്ദർഭങ്ങളും നികുതി പോയിൻറുകളും മേല്പറഞ്ഞ വകുപ്പുകളിൽ പ്രതിപാദിക്കുന്നു.

**ചോ.4:** ചരക്കു സേവന നികുതി അടയ്ക്കുന്ന പ്രക്രിയയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ് ?

ഉ : GST യുടെ കാലത്ത് വിഭാവന ചെയ്തിരിക്കുന്ന നികുതി അടയ്ക്കൽ പ്രക്രിയയുടെ പ്രധാന സവിശേഷതകൾ താഴെ പറയുന്നവയാണ്.

GSTN കോമൺ പോർട്ടലിൽ നിന്നും പുറപ്പെടുവിക്കുന്ന ഇലക്ട്രോണിക് ചെല്ലാൻ എല്ലാത്തരം പണമടയ്ക്കലിനും ഉപയോഗിക്കുന്നു. മാനുവൽ ആയി തയാർ ആക്കിയ ചെല്ലാൻ ഉപയോഗിക്കുന്നില്ല

നികുതിദായകനെ സഹായിക്കാനായി, പ്രശ്നങ്ങളില്ലാത്ത, ഏതു സമയത്തും എവിടെയും എല്ലാത്തരം പണമടക്കലിനും സൗകര്യം. ഓൺലൈൻ ആയി പണമടക്കാനുള്ള സൗകര്യം, ഇലക്ട്രോണിക് ഫോർമാറ്റിലുള്ള യുക്തിസഹമായ വിവരങ്ങൾ, ഗവൺമെൻറ് അക്കൗണ്ടിലേക്ക് പെട്ടന്നുള്ള പണമടക്കൽ, പേപ്പർ രഹിത ഇടപാടുകൾ, വേഗത്തിലുള്ള അക്കൗണ്ടിങ്ങും റിപ്പോർട്ടിങ്ങും, , എല്ലാ പണം സ്വീകരിക്കലിനും ഇലക്ട്രോണിക് ആയ പൊരുത്തപ്പെടുത്തൽ ,ബാങ്കുകൾക്ക് ലളിതമായ നടപടിക്രമങ്ങൾ, ഡിജിറ്റൽ ചെല്ലാനുകളുടെ സംരക്ഷിക്കലും സൂക്ഷിക്കലും.

ചോ 5 : എങ്ങനെയാണ് പണം അടയ്ക്കുന്നത്?

ഉ : താഴെപ്പറയുന്ന രീതികളിൽ പണം അടയ്ക്കാം

1) ഇലക്ട്രോണിക് ആയി കോമൺ പോർട്ടലിലുള്ള ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് നികുതി അടയ്ക്കാം. പലിശ, പിഴ, ഫീസ്, എന്നിവ ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് അടയ്ക്കാനാവില്ല.

ഇൻപുട്ടിൻമേൽ അടയ്ക്കുന്ന നികുതികൾക്ക് ക്രെഡിറ്റ് എടുക്കാനും (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്) അത് ഔട്ട്പുട്ട് ടാക്സ് അടയ്ക്കാൻ ഉപയോഗിക്കാനും നികുതിദായകന് അവകാശമുണ്ട്. CGST-യുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് SGST അടയ്ക്കാനോ മറിച്ചോ ഉപയോഗിക്കാൻ പാടുള്ളതല്ല. IGST യുടെ ക്രെഡിറ്റ് ക്രമത്തിൽ IGST, CGST, SGST, എന്നിവ അട യ്ക്കാൻ ഉപയോഗിക്കാം.

2) കോമൺ പോർട്ടലിൽ സൂക്ഷിക്കുന്ന ക്യാഷ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് ക്യാഷിൽ നികുതി അടയ്ക്കാം. ഇ-പേയ്മെന്റ് (ഇന്റർനെറ്റ് ബാങ്കിങ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്); RTGS (റിയൽ ടൈം ഗ്രോസ് സെറ്റിൽമെൻറ് / നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (NEFT) ) ; GST സ്വീകരിക്കാൻ അധികാരമുള്ള ബാങ്കുകളുടെ കൗണ്ടറിൽ പണമടയ്ക്കൽ മുതലായ രീതിയിൽ ക്യാഷ് ലെഡ്ജറിൽ പണം നിക്ഷേപിക്കാവുന്നതാണ്.

**ചോ 6 :** സപ്ലയർ എപ്പോഴാണ് നികുതി അടയ്ക്കേണ്ടത് ?

ഉ : സാധാരണ നികുതിദായകൻ എല്ലാ മാസത്തെയും നികുതി അടുത്തമാസം ഇരുപതാം തിയതിയോടുകൂടി അടയ്ക്കേണ്ടതാണ്. പണമായി അടയ്ക്കുന്നത് ആദ്യം ക്യാഷ് ലെഡ്ജറിൽ നിക്ഷേപിക്കേണ്ടതാണ്. മാസ റിട്ടേണുകളിൽ ബന്ധപ്പെട്ട ഡെബിറ്റ് എൻട്രി കാണിച്ചു പണമടക്കേണ്ടതാണ്. മുമ്പ് പറഞ്ഞതുപോലെ ക്രെഡിറ്റ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്തും നികുതി അടയ്ക്കാം. മാർച്ച് മാസത്തിനുവേണ്ടി ഉള്ള നികുതി അടയ്ക്കൽ ഏപ്രിൽ 20-ഓട് കൂടി ചെയ്യേണ്ടതാണ്. കോമ്പോസിഷൻ രീതിയിൽ നികുതി അടയ്ക്കുന്നവർ ക്വാർട്ടർലി ആയി നികുതി

അടയ്ക്കണം. 0000 Hrs മുതൽ 2000 hrs വരെയാണ് നികുതി അടയ്ക്കാനുള്ള സമയം.

**ചോ 7** : നികുതിയടയ്ക്കാനുള്ള സമയം നീട്ടാനോ മാസതവണകൾ ആയി അടയ്ക്കാനോ സാധ്യമാണോ?

ഉ : ഇല്ല. സ്വയം നിർണയിക്കുന്ന നികുതി ബാധ്യതയെ സംബന്ധിച്ച് ഇത് സാധ്യമല്ല. മറ്റു കാര്യങ്ങളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമയം നീട്ടി കൊടുക്കാനും തവണകൾ ആയി അടയ്ക്കാൻ അനുവദിക്കാനും കഴിയും (MGLS-55)

**ചോ 8** : നികുതി ബാധ്യതയുള്ള ആൾ നികുതി അടയ്ക്കാതെ റിട്ടേൺ ഫയൽ ചെയ്താൽ എന്ത് സംഭവിക്കും?

ഉ : അങ്ങനെയുള്ള റിട്ടേൺ സാധുതയുള്ളതായി കണക്കാക്കുകയില്ല. വകുപ്പ് 27(3) പ്രകാരം റിട്ടേൺ അനുസരിച്ചുള്ള മുഴുവൻ നികുതിയും അടയ്ക്കാതെ ഫയൽ ചെയ്യുന്ന റിട്ടേണുകൾക്കു സാധുതയില്ല. സാധുതയുള്ള റിട്ടേൺ മാത്രമേ സപ്ലൈയുടെ സ്വീകർത്താവിനു ഇൻപുട്ട് ടാക്സിന് ഉപയോഗിക്കാൻ പാടുള്ളു. മറ്റു വാക്കുകളിൽ പറഞ്ഞാൽ സപ്ലയർ സ്വയം നിർണയിച്ച മുഴുവൻ നികുതിയും അടയ്ക്കുകയും റിട്ടേൺ ഫയൽ ചെയ്യുകയും സ്വീകർത്താവ് അയാളുടെ റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്താലേ ചരക്കു സേവനങ്ങൾ സ്വീകരിക്കുന്ന ആളിന് ഇൻപുട്ട് ക്രെഡിറ്റ് ഉറപ്പാകുകയുള്ളു. വകുപ്പ് 28 പ്രകാരം നികുതിവിധേയനായ ഒരു വ്യക്തി, സാധുതയുള്ള റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ, ക്രെഡിറ്റ് ഉപയോഗിക്കാൻ അയാൾ സ്വയം നിർണയിച്ച നികുതി അടയ്ക്കുന്നതുവരെയും അനുവദിക്കുകയില്ല.

**ചോ 9:** ഏതു തിയതി ആണ് നികുതി ഡിപ്പോസിറ്റ് ചെയ്തതായി കണക്കാക്കുന്നത് - ചെക്ക് പ്രെസൻറ് ചെയ്യുന്ന തിയതിയോ അല്ലെങ്കിൽ പേയ്മെന്റിൻറെ തിയതിയോ അല്ലെങ്കിൽ ഗവൺമെൻറ് അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്ന തീയതിയോ?

ഉ : ഗവൺമെൻറ് അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്ന തീയതി.

**ചോ 10** : ഇ ലെഡ്ജർ എന്നാൽ എന്ത് ?

ഉ : രജിസ്റ്റർ ചെയ്ത ഓരോ നികുതിദായകൻറെയും നികുതി പണത്തിൻറെയും ക്രെഡിറ്റിൻറെയും സ്റ്റേയ്റ്റ്മെന്റുകളാണ് ഇലക്ട്രോണിക് ലെഡ്ജർ അല്ലെങ്കിൽ ഇ ലെഡ്ജർ. ഇത് കൂടാതെ ഓരോ നികുതിദായകനും ഒരു ഇലക്ട്രോണിക് നികുതി ബാധ്യത ലെഡ്ജറും ഉണ്ട്. ഒരിക്കൽ ഒരു നികുതിദായകൻ കോമൺ പോർട്ടലിൽ (GSTN ) രജിസ്റ്റർ ചെയ്താൽ, രണ്ടു ഇ ലെഡ്ജറുകളും (ക്യാഷിന്റേയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിൻറെയും ) ഒരു ഇലക്ട്രോണിക് നികുതി ബാധ്യത ലെഡ്ജറും അയാളുടെ ഡാഷ്ബോർഡിൽ ഓട്ടോമാറ്റിക് ആയി എല്ലാ സമയവും തെളിഞ്ഞ് വരും.

**ചോ 11 :** നികുതി ബാധ്യത ലെഡ്ജ ർ എന്താണ് ?

ഉ : ഒരു നികുതിദായകൻറ്റെ ഓരോ മാസത്തേയും ഉള്ള മൊത്തം നികുതി കാണിക്കുന്നത് (നെറ്റിങ്ങിനു ശേഷം) നികുതി ബാധ്യത ലെഡ്ജറിലാണ്.

**ചോ 12** : ക്യാഷ് ലെഡ്ജർ എന്താണ് ?

ഉ : നികുതിദായകൻ ചെയ്യുന്ന പണമായുള്ള എല്ലാ ഡെപ്പോസിറ്റും സ്രോതസ്സിൽ പിടിച്ചതും പിരിച്ചതും ആയ നികുതി (TDS/TCS) പ്രതിഫലിപ്പിക്കുന്ന അക്കൗണ്ടാണ് ക്യാഷ് ലെഡ്ജർ. റിയൽ ടൈം അടിസ്ഥാനത്തിൽ വിവരങ്ങൾ ഇതിൽ ലഭ്യമാണ്. GST പ്രകാരം ഉള്ള ഏത് പണമടക്കലിനും ഇത് ഉപയോഗിക്കാം.

**ചോ .13** ITC ലഡ്ജർ എന്നാൽ എന്താണ് ?

ഉ . ഓരോ മാസത്തേയും റിട്ടേണിൽ സ്വയം നിർണയിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ITC ലഡ്ജറിൽ പ്രതിഫലിയ്ക്കുന്നു. ഈ ലഡ്ജറിലെ ക്രെഡിറ്റ് നികുതിയടയ്ക്കാൻ മാത്രമേ ഉപയോഗിക്കാവൂ. പലിശ, പിഴ, ഫീസ് എന്നിവ അടക്കാൻ ഉപയോഗിക്കാൻ പാടില്ല .

**ചോ .14** GSTN -ഉം അധികാരപ്പെടുത്തിയ ബാങ്കുകളും തമ്മിലുള്ള ബന്ധം എന്താണ് ?

ഉ. GSTN നെറ്റ്‌വർക്കും ബാങ്കിൻറ്റെ കോർ ബാങ്കിങ് സൊല്യൂഷനും തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും ഉള്ള തത്സമയ ബന്ധപെടൽ ഉണ്ട്. ഒരു ഇലക്ട്രോണിക്സ് സ്ട്രിംഗ് വഴി CPIN സ്വയം ബാങ്കുമായി പണം സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനുമായി ബന്ധപ്പെട്ടിരി ക്കുന്നു .ബാങ്ക് ചെല്ലാൻ തിരിച്ചറിയൽ നമ്പർ (CIN) കോമൺ പോർട്ടലിൽ സ്വയം അയച്ച് പണമടച്ച കാര്യം ഉറപ്പാക്കുന്നു .ബാങ്ക് കാഷ്യറുടെയോ ടെല്ലറുടെയോ നികുതിദായകൻറ്റെയോ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമില്ല .

**ചോ .15** ഒരു നികുതിദായകന് പല പ്രാവശ്യമായി ചെല്ലാൻ ജനറേറ്റ് ചെയ്യാമോ ?

ഉ. ഒരു നികുതിദായകന് ഭാഗികമായി ചെല്ലാൻ പൂരിപ്പിക്കുകയും പിന്നീട് പൂർത്തിയാക്കാനായി തൽക്കാലത്തേക്ക് സേവ് ചെയ്യുകയും ചെയ്യാം. സേവ് ചെയ്ത ചെല്ലാൻ പൂർത്തിയാക്കുന്നതിനു മുമ്പായി എഡിറ്റു ചെയ്യാവുന്നതാണ് ചെല്ലാൻ പൂർത്തിയാക്കിയ ശേഷം ജനറേറ്റ് ചെയ്ത് നികുതിയടയ്ക്കാൻ ഉപയോഗിക്കാം. പണമടച്ചയാളിന് അയാളുടെ രേഖയായി അച്ചടിച്ച പതിപ്പ് എടുക്കാം .

**ചോ .16** ഓൺലൈനിൽ ജെനറേറ്റ് ചെയ്ത ചെലാൻ തിരുത്താമോ ?

ഉ. പാടില്ല . ചെല്ലാൻ ജെനറേറ്റ് ചെയ്യുന്നതിനായി GSTN പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം, പണമടക്കലിൻറ്റെ വിവരങ്ങൾ നികുതിദായകനോ, അധികാരപ്പെടുത്തിയ ആളോ അതിൽ ചേർക്കണം. ഇടക്കുവെച്ചു പിന്നീട്

പൂർത്തീകരിക്കാനായി ചെലാൻ സേവ് ചെയ്യാം. എന്നാൽ ഒരിക്കൽ പൂർത്തിയാക്കുകയും CPIN ജെനറേറ്റ് ചെയ്യുകയും ചെയ്ത ശേഷം നികുതിദായകന് വീണ്ടും മാറ്റങ്ങൾ വരുത്താൻ സാധ്യമല്ല .

**ചോ 17** . ചെല്ലാന് എന്തെങ്കിലും സാധുതാകാലം ഉണ്ടോ ?

ഉ. ഉണ്ട്. ഒരു ചെലാൻ അതു ജനറേറ്റ് ചെയ്ത് 15 ദിവസത്തേക്ക് സാധുവായിരിക്കും. അതിനുശേഷം അത് സിസ്റ്റത്തിൽ നിന്നും നീക്കം ചെയ്യും .നികുതിദായകന് വീണ്ടും അയാളുടെ സൗകര്യപ്രകാരം ചെലാൻ ജനറേറ്റ് ചെയ്യാവുന്നതാണ്.

**ചോ .18** CPIN എന്നാൽ എന്താണ് ?

ഉ കോമൺ പോർട്ടൽ ഐഡന്റിഫിക്കേഷൻ നമ്പർ എന്നതാണ് CPIN. ചെലാൻ ജെനറേറ്റ് ചെയ്യുന്ന സമയത്ത് നൽകുന്ന നമ്പർ ആണ് അത് ചെലാൻ തിരിച്ചറിയാനായി കൊടുക്കുന്ന 14 അക്കമുള്ള ഒരു പ്രത്യേക നമ്പർ ആണത് .മുമ്പ് പറഞ്ഞതുപോലെ 15 ദിവസത്തേക്ക് അത് സാധുതയുള്ളതായി നിൽക്കുന്നു .

**ചോ .19** CIN എന്നാൽ എന്ത് അതിൻറ്റെ സാംഗത്യം എന്താണ് ?

ഉ .CIN എന്നത് ചെലാൻ ഐഡന്റ്റിഫിക്കേഷൻ നമ്പർ ആണ് .17 അക്കമുള്ളതും 14 അക്ക CPIN നമ്പറും 3 അക്കമുള്ള ബാങ്ക് കോഡും ചേരുന്നതാണ്. പണം യഥാർത്ഥത്തിൽ കിട്ടുകയും അത് ബന്ധപ്പെട്ട ഗവൺമെൻറ്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുമ്പോൾ അധികാരപ്പെടുത്തിയ ബാങ്ക്/ റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന നമ്പർ ആണ് ഇത്. പണം കിട്ടിയെന്നും അത് ബന്ധപ്പെട്ട ഗവൺമെൻറ്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തെന്നും ഇത് സൂചിപ്പിക്കുന്നു .അധികാരപ്പെടുത്തിയ ബാങ്ക് നികുതിദായകനെയും GSTN -നെയും CIN നമ്പർ അറിയിക്കുന്നു .

**ചോ.20**: മുൻ മാസങ്ങളിലെയും ബാധ്യതയുള്ള ഒരു നികുതിദായകൻ ഏതു ക്രമത്തിലാണ് നികുതി അടക്കേണ്ടത് ?

ഉ. 35 (8) വകുപ്പ് പ്രകാരം ഓരോ റിട്ടേൺ കാലയളവിന് മുമ്പുള്ള ബാധ്യത നിലനിൽക്കുന്ന നികുതിദായകൻറ്റെ കാര്യത്തിൽ പണം അടയ്ക്കുന്നതിന് ഒരു പ്രത്യേക ക്രമം നിഷ്കർഷിച്ചിട്ടുണ്ട് . അത്തരം സാഹചര്യങ്ങളിൽ പണമടയ്ക്കേണ്ടതിൻറ്റെ ക്രമം ഇപ്രകാരം ആണ്. ആദ്യം, മുൻകാലത്തെ സ്വയം നിർണ്ണയിച്ച നികുതിയും പലിശയും; അതിനുശേഷം അപ്പോഴത്തെ റിട്ടേൺ കാലയളവിലെ സ്വയം നിർണ്ണയിച്ച നികുതിയും പലിശയും; അതിനുശേഷം വകുപ്പ് 51 പ്രകാരം ഡിമാൻഡ് ചെയ്തതും മറ്റു തുകകളും. ഈ ക്രമം നിർബന്ധമായും പാലിക്കേണ്ടതാണ് .

**ചോ 21** : E-FPB എന്നാൽ എന്താണ് ?

ഉ : ഇലക്ട്രോണിക് ഫോക്കൽ പോയിന്റ് ബ്രാഞ്ച് എന്നതാണ് E-FPB. ഇവ GST സ്വീകരിക്കാൻ അധികാരപ്പെടുത്തിയ ബാങ്കുകളുടെ ബ്രാഞ്ചുക ളാണ്. അധികാരപ്പെടുത്തിയ ബാങ്കുകൾ അഖിലേന്ത്യാ ഇടപാടുകൾക്ക് ഒരു ബ്രാഞ്ചിനെ മാത്രമാണ് E-FPB ആയി ചുമതലപ്പെടുത്തുന്നത്. E-FPB കൾ എല്ലാ ഗവെർമെൻറ്കളുടെയും പേരിൽ ഓരോ മേജർ ഹെഡിലും ഓരോ അക്കൗണ്ടുകൾ തുറക്കണം. മൊത്തം 38 അക്കൗണ്ടുകൾ (ഒരെണ്ണം വീതം CGST, IGST എന്നിവയ്ക്കും ഓരോ സ്റ്റേറ്റ്/യൂണിയൻ ടെറിട്ടറി ഗവെർണ്മെന്റിനു ഒന്ന് വീതം SGSTക്കും) തുറക്കേണ്ടതുണ്ട്. E-FPBക്കു GST ഇനത്തിൽ കിട്ടുന്ന എല്ലാ തുകയും അവർ സൂക്ഷിക്കുന്ന ബന്ധപ്പെട്ട ഗവെർണ്മെന്റിൻറ്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യണം. NEFT/RTGS ഇടപാടുകൾക്ക് റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ തന്നെ E-FPB ആയി പ്രവർത്തിക്കും.

ചോ 22 : TDS എന്നാൽ എന്താണ് ?

ഉ : സ്രോതസ്സിൽ പിടിക്കുന്ന നികുതിയാണ് TDS. വകുപ്പ് 37 പ്രകാരം ഗവർണ്മെന്റോ, ഗവണ്മെന്റ് സ്ഥാപനങ്ങളോ വിജ്ഞാപനപ്പെടുത്തിയ മറ്റു സ്ഥാപനങ്ങളോ കരാർ പ്രകാരം സപ്ലയർക്ക് 10 ലക്ഷം രൂപയിൽ അധികം നൽകുമ്പോൾ ആണ് ഇത് ബാധകമാകുന്നത്. പണം നൽകുമ്പോൾ അത്തരം ഗവണ്മെന്റും സ്ഥാപനങ്ങളും അതിൽ നിന്നും ഒരു ശതമാനം പിടിച്ച് ബന്ധപ്പെട്ട GST അക്കൗണ്ടിലേക്കു അടയ്ക്കേണ്ടതാണ്.

**ചോ 23:** സപ്ലയർ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ TDS എങ്ങനെയാണ് കണക്കിൽ പെടുത്തുന്നത് ?

ഉ : ബന്ധപ്പെട്ട സപ്ലയറുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ സ്രോതസ്സിൽ പിടിച്ച നികുതിയുടെ (TDS) പ്രതിഫലനം ഉണ്ടാകും. അയാൾക്കു ഈ തുക അയാളുടെ നികുതി ബാധ്യത, പലിശ, ഫീസ് തുടങ്ങിയവ അടയ്ക്കാൻ ഉപയോഗിക്കാം.

**ചോ 24** : സ്രോതസ്സിൽ നികുതി പിടിച്ച ആൾ അത് എങ്ങനെയാണ് കണക്കിൽ പെടുത്തുന്നത് ?

ഉ : താഴെപ്പറയുന്ന രീതികളിൽ സ്രോതസ്സിൽ നികുതി പിടിച്ച ആൾക്ക് TDS കണക്കിൽ എടുക്കാവുന്നതാണ്

1) വകുപ്പ് 19 ഷെഡ്യൂൾ III എന്നിവ പ്രകാരം, സ്രോതസ്സിൽ നികുതി പിടിക്കുന്നയാൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണ്ടതാണ്

2) ഓരോ മാസവും സ്രോതസ്സിൽ പിടിച്ചതും GSTR-7ൽ കാണിച്ചതുമായ നികുതി, തൊട്ടടുത്ത മാസം പത്താം തിയതിയോടുകൂടി അടയ്ക്കണം.

3) TDS ആയി ഡെപോസിറ്റ് ചെയ്ത തുക സപ്ലയറുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും.

4) ആർക്കു വേണ്ടിയാണോ സ്രോതസ്സിൽ നികുതി പിടിച്ചത് അവർക്ക് 5 ദിവസത്തിനുള്ളിൽ TDS സർട്ടിഫിക്കറ്റ് കൊടുക്കണം. ഇതിനു വീഴ്ച വരുത്തിയാൽ ദിവസം 500 രൂപ വീതം പരാമാവധി 5000 രൂപ നികുതി പിടിച്ചയാൾ പിഴ അടയ്ക്കണം.

ചോ 25 : സ്രോതസ്സിൽ നികുതി പിരിക്കുക (TCS) എന്നാൽ എന്താണ് ?

ഉ : വകുപ്പ് 43C പ്രകാരം TCS ഇ കോമേഴ്സ് ഓപ്പറേറ്റർക്കു മാത്രം ബാധകമാണ്. ഓരോ ഇ കോമേഴ്സ് ഓപ്പറേറ്ററും സപ്ലയർക്ക് പണം നൽകുമ്പോൾ അതിൽനിന്നും പിടിച്ചു വെക്കേണ്ട ഒരു നിശ്ചിത ശതമാനം തുകയാണത്. (നിരക്ക് GST കൗൺസിൽ നോട്ടിഫൈ ചെയ്യും) അങ്ങനെ പിടിച്ചു വെക്കുന്ന തുക, ഇ കോമേഴ്സ് ഓപ്പറേറ്റർ ബന്ധപ്പെട്ട GST അക്കൗണ്ടിലേക്ക് തൊട്ടടുത്തമാസം പത്താം തിയതിയോടെ അടയ്ക്കണം. TCS ആയി ഡിപോസിറ്റ് ചെയ്യുന്ന തുക സപ്ലയറുടെ ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും.

ചോ 26 : ക്രെഡിറ്റ് കാർഡ് വഴി GST അടയ്ക്കാൻ, കാർഡ് GSTN പോർട്ടലിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യണ്ടതുണ്ടോ?

ഉ : ഉണ്ട്. നികുതിദായകൻ അയാളുടെ ഏത് ക്രെഡിറ്റ് കാർഡിൽ നിന്നാണോ നികുതി അടയ്ക്കാൻ ഉദ്ദേശിക്കുന്നത് അത് GSTN) കോമൺ പോർട്ടലിൽ മുൻകൂറായി രജിസ്റ്റർ ചെയ്യണം. ക്രെഡിറ്റ് കാർഡ് സേവന ദാതാവിൽനിന്നും ബാങ്കുകൾ അത് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുള്ള ഒരു സംവിധാനവും ശ്രമിക്കുന്നതാണ്. ബിസിനസ് ചെയ്യുന്നത് എളുപ്പത്തിലാക്കാനായി ക്രെഡിറ്റ് കാർഡ് മുഖേന പരിധി ഇല്ലാതെ നികുതി അടയ്ക്കാവുന്നതാണ്.

# ഇ-കൊമേഴ്സ്

## 8. ഇ-കൊമേഴ്സ്

**ചോ 1.** ഇ-കൊമേഴ്സ് എന്താണ്?

**ഉ:** മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 43B(d) ചരക്ക്/സേവനങ്ങൾ വിതരണം അല്ലെങ്കിൽ കൈപ്പറ്റൽ, ഫണ്ട് അല്ലെങ്കിൽ ഡാറ്റ പ്രേഷണം ഒരു ഇലക്ട്രോണിക് നെറ്റ്‌വർക്കിലൂടെ, പ്രാഥമികമായി ഇൻ്റർനെറ്റോ ഇൻ്റർനെറ്റിൽ അധിഷ്ഠിതമായ ഏതെങ്കിലും പ്രോഗ്രാമുകളോ എന്നാൽ ഇ-മെയിൽ, ഇൻസ്റ്റന്റ് മെസ്സേജിംഗ്, ഷോപ്പിങ്ങ് കാർട്ടുകൾ, വെബ് സർവീസ്, യൂണിവേഴ്സൽ ഡിസ്ക്രിപ്ഷൻ ഡിസ്കവറി ആൻഡ് ഇൻ്റഗ്രേഷൻ (UDDI), ഫയൽ ട്രാൻസ്ഫർ പ്രോട്ടോകോൾ (FTP), ഇലക്ട്രോണിക് ഡാറ്റ ഇൻ്റർചേഞ്ച് (EDI) ഇവയിൽ പരിമിതപ്പെടുത്താതെ, പണമടക്കൽ ഓൺലൈനിയിലായാലും അല്ലെങ്കിലും ചരക്കുകളുടേയോ സേവനങ്ങളുടേയോ അന്തിമ ഡെലിവറി ഓപ്പറേറ്റർ മുഖേന ആയാലും അല്ലെങ്കിലും അതിനെ ഇ-കോമേഴ്സ് എന്ന് നിർവചിക്കുന്നു.

**ചോ 2**. ആരാണ് ഒരു ഇ-കൊമേഴ്സ് ഓപ്പറേറ്റർ ?

**ഉ:** മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 43B (e) പ്രകാരം ഏതൊരാളും, നേരിട്ടോ അല്ലാതെയോ, സാധനങ്ങളും / അല്ലെങ്കിൽ സേവനങ്ങളും വിതരണം ചെയ്യുന്നത് സുഗമമാക്കുന്ന ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോം സ്വന്തമാക്കുകയോ, പ്രവർത്തിപ്പിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്താൽ ഒരു ഇ-കൊമേഴ്സ് ഓപ്പറേറ്റർ (ഓപ്പറേറ്റർ) ആകുന്നു. കൂടാതെ, ഒരു വ്യക്തി ഇത്തരം ചരക്കുകളും സേവനങ്ങളും ഇലക്ട്രോണിക് പ്ലാറ്റ്ഫോം വഴി നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിവരങ്ങൾ അല്ലെങ്കിൽ മറ്റേതെങ്കിലും സേവനങ്ങൾ യാദൃശ്ചികമായി നൽകിയാലും ഓപ്പറേറ്റർ ആയി പരിഗണിക്കും. ഒരു വ്യക്തി സ്വന്തമായ അക്കൗണ്ടിൽ ചരക്കുകളും/സേവനങ്ങളും സപ്ലൈ ചെയ്യുകയാണെങ്കിൽ ഒരു ഓപ്പറേറ്റർ ആയി പരിഗണിക്കില്ല . ഉദാഹരണത്തിന്, ആമസോണും ഫ്ലിപ്കാർട്ടും ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ ആകുന്നു. എന്തുകൊണ്ടെന്നാൽ അവർ അവരുടെ പ്ലാറ്റഫോം വഴി യഥാർത്ഥ വിതരണക്കാർക്ക് സാധങ്ങൾ വിതരണം ചെയ്യുക സുഗമമാക്കിത്തീർക്കുന്നു (അറിയപ്പെടുന്നത് മാർക്കറ്റ് പ്ലേസ് മാതൃക അല്ലെങ്കിൽ ഫുൾഫിൽമെൻ്റ് മാതൃക). എന്നാൽ ടൈറ്റൻ സ്വന്തം വെബ്സൈറ്റ് വഴി വാച്ചുകളും മുത്തുകളും വിതരണം ചെയ്യുന്നത് ഈ വ്യവസ്ഥകളുടെ ഉദ്ദേശം വെച്ച് ഇ-കൊമേഴ്സ് ഓപ്പറേറ്റർ ആയി പരിഗണിക്കപ്പെടുകയില്ല. അതുപോലെ ആമസോണും ഫ്ലിപ്കാർട്ടും അവരുടെ സ്വന്തം അക്കൗണ്ടിൽ ചെയ്യുന്ന വിതരണത്തിന് ഇ-കൊമേഴ്സ് ഓപ്പറേറ്റർ ആയി പരിഗണിക്കില്ല (അറിയപ്പെടുന്നത് ഇൻവെൻ്ററി മാതൃക)

**ചോ 3.** ഇ-കൊമേഴ്സ് ഓപ്പറേറ്റർക്ക് രജിസ്ട്രേഷൻ എടുക്കണമെന്ന് നിർബന്ധമുണ്ടോ ?

**ഉ:** ഉണ്ട് . മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 19 ഉം ഷെഡ്യൂൾ-മൂന്നും ചേർത്ത് വായിച്ചാൽ, ത്രെഷോൾഡ് എക്സംപ്ഷൻ ഇളവ് ഇ-കൊമേഴ്സ്നു ലഭ്യമല്ല എന്നും ഓപ്പറേറ്റർമാർ അവർ നടത്തിയ വിതരണ മൂല്യം കണക്കിലെടുക്കാതെ തന്നെ രജിസ്റ്റർ ചെയ്യാനുള്ള ബാധ്യതയുണ്ടാകും എന്നും വ്യക്തമാകുന്നു .

**ചോ 4.** ഇ-കൊമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്യുന്ന ചരക്ക് / സേവനങ്ങൾ ഒരു വിതരണക്കാരന് മൊത്തം ടേണോവർ അടിസ്ഥാനത്തിലുള്ള ഇളവ് പരിധി (ത്രെഷോൾഡ് എക്സംപ്ഷൻ) ഇളവിന് അവകാശമുണ്ടോ?

**ഉ:** ഇല്ല. മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 19 ഉം ഷെഡ്യൂൾ-മൂന്നും ചേർത്ത് വായിച്ചാൽ, ത്രെഷോൾഡ് എക്സംപ്ഷൻ ഇത്തരം വിതരണക്കാർക്ക് ലഭ്യമല്ല. അവർ നടത്തിയ സപ്ലൈയുടെ മൂല്യം കണക്കാക്കാതെ രജിസ്റ്റർ ചെയ്യാനുള്ള ബാധ്യതയുമുണ്ടാകും .

**ചോ 5.** ഒരു അഗ്രിഗേറ്റർ ആരാണ്?

**ഉത്തരം:** മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 43B (a) പ്രകാരം അഗ്രിഗേറ്റർ എന്നാൽ ഒരു ഇലക്ട്രോണിക് പ്ലാറ്റുഫോം സ്വന്തമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു വ്യക്തി, ആശയവിനിമയത്തിനുള്ള ഉപകരണവും ആപ്ലിക്കേഷനും വെച്ച് സാധ്യതയുള്ള കസ്റ്റമറെ ഒരു പ്രത്യേക തരത്തിലുള്ള സേവനം നൽകുന്ന ബ്രാൻഡ് നാമം അല്ലെങ്കിൽ വ്യാപാര നാമം ഉള്ള സേവനദാതാക്കളുമായി ബന്ധിപ്പിക്കാൻ സജ്ജമാക്കുന്നു. ഉദാഹരണത്തിന്, Ola cabs ഒരു അഗ്രിഗേറ്റർ തന്നെ.

**ചോ 6.** ഒരു അഗ്രിഗേറ്റർ ചരക്കുസേവന നികുതിക്ക് കീഴിൽ രജിസ്റ്റർ ചെയ്യണമെന്നുണ്ടോ ?

**ഉത്തരം:** ഉണ്ട്. മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 19 ഉം ഷെഡ്യൂൾ-മൂന്നും ചേർത്ത് വായിച്ചാൽ, ത്രെഷോൾഡ് എക്സംപ്ഷൻ അഗ്ഗ്രിഗേറ്റർമാർക്കു ലഭ്യമല്ല. അവർ നടത്തിയ സപ്ലൈയുടെ മൂല്യം കണക്കാക്കാതെ രജിസ്റ്റർ ചെയ്യാനുള്ള ബാധ്യതയുമുണ്ടാകും .

**ചോ 7.** സ്രോതസ്സിലെ നികുതി പിരിവ് (ടിസിഎസ്) എന്താണ്?

**ഉത്തരം:** മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 43C(1) പ്രകാരം, ഒരു ഇ-കൊമേഴ്സ് ഓപ്പറേറ്റർ, താൻ വഴി സപ്ലൈ ചെയ്ത സാധനങ്ങളുടെ അല്ലെങ്കിൽ സേവനങ്ങളുടെ പേരിൽ യഥാർത്ഥ വിതരണക്കാരന് കൊടുത്തതോ കൊടുക്കേണ്ടതോ ആയ പ്രതിഫലത്തിൽ നിന്ന് ഒരു തുക ശേഖരിക്കേണ്ടതാണ് (i .e . പിരിക്കേണ്ടതാണ്). അങ്ങനെ പിരിച്ച / ശേഖരിച്ച തുകയാണ് സ്രോതസ്സിലെ നികുതി പിരിവ്. (ടിസിഎസ്).

**ചോ 8.** ഏതൊക്കെ സമയം / ഇടവേളകളിൽ ആണ് ഇ-കൊമേഴ്സ് ഓപ്പറേറ്റർ അത്തരം തുകകൾ പിരിക്കേണ്ടത് ?

**ഉത്തരം**: താഴെ പറയുന്ന രണ്ടു സംഭവങ്ങളിൽ നേരത്തേ നടക്കുന്നത് ഏതോ , അതായിരിക്കും അത്തരം തുകകൾ കുറയ്ക്കാനും / ശേഖരിയ്ക്കാനും ബാധ്യതയുള്ള സമയം.

(i) ചരക്ക് / സേവനങ്ങളുടെ യഥാർത്ഥ വിതരണക്കാരൻ്റെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആയ സമയം

(i i) അത്തരം വിതരണക്കാരന് പണമായി അല്ലെങ്കിൽ മറ്റേതെങ്കിലും വഴിയിൽ തുക പേയ്മെൻ്റ് നടത്തിയ സമയം.

**ചോ 9.** അത്തരം ടിസിഎസ് എത്ര സമയത്തിനകമാണ് ഇ-കൊമേഴ്സ് ഓപ്പറേറ്റർ സർക്കാർ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടത്? ഈ ആവശ്യത്തിനായി ഓപ്പറേറ്റർ ഏതെങ്കിലും റിട്ടേണുകൾ ഫയൽ ചെയ്യേണ്ടത് ആവശ്യമുണ്ടോ ?

**ഉത്തരം:** മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 43C (3) പ്രകാരം ഓപ്പറേറ്റർ ശേഖരിച്ച തുക, ആ തുക ശേഖരിച്ച മാസാവസാനത്തിനുശേഷം 10 ദിവസത്തിനകം ബന്ധപ്പെട്ട സർക്കാരുകളിലേക്കു അടക്കേണ്ടതാണ്. എന്നുതന്നെയല്ല, മാതൃകാ ചരക്കുസേവന നിയമം സെക്ഷൻ 43C (4) പ്രകാരം തൻ്റെ പോർട്ടൽ വഴി നടത്തിയ സപ്ലൈകൾക്ക് ശേഖരിച്ച എല്ലാ തുകകളുടെയും വിശദാംശങ്ങൾ ഒരു സ്റ്റേറ്റ്മെൻ്റ് ആയി, ആ മാസം തീർന്നു 10 ദിവസത്തിനകം ഇലക്ട്രോണിക്കായി ഫയൽ ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ സ്റ്റേറ്റ്മെൻ്റിൽ യഥാർത്ഥ വിതരണക്കാരുടെ പേരുകൾ, അവർ നടത്തിയ വിതരണങ്ങളുടെ വിശദാംശങ്ങൾ, അവർക്കുവേണ്ടി ശേഖരിച്ച തുകകൾ എന്നിവ ഉൾപ്പെടണം. സ്റ്റേറ്റ്മെൻ്റിൻ്റെ ഫോമും രീതിയും ചരക്കുസേവന നികുതി റൂളിൽ നിർദ്ദേശിക്കപ്പെടും

**ചോ-1**0. യഥാർത്ഥ വിതരണക്കാർക്ക് ഈ ടിസിഎസ് ക്രെഡിറ്റ് അവകാശപ്പെടാമോ ?

**ഉ:** ഓപ്പറേറ്റർ ഫയൽ ചെയ്യുന്ന സ്റ്റേറ്റ്മെൻ്റിനെ അടിസ്ഥാനമാക്കി ഓപ്പറേറ്റർ ഗവണ്മെൻ്റ് അക്കൗണ്ടിൽ അടച്ച അത്തരം ടി സി എസ്, രജിസ്റ്റർ ചെയ്ത യഥാർത്ഥ സപ്ലയറുടെ (ആരുടെ അക്കൗണ്ടിൽ ആണോ കളക്ഷൻ ചെയ്തത്) ക്യാഷ് ലെഡ്ജറിൽ പ്രതിഫലിക്കും. അത് യഥാർത്ഥ സപ്ലയർ നടത്തിയ വിതരണത്തിനുള്ള നികുതി അടയ്ക്കുന്ന സമയത്തു ഉപയോഗിക്കാം.

**ചോ 11.** ഇ-കൊമേഴ്സ് ഓപ്പറേറ്റർ ഗവെർമെൻ്റിലേക്കിവരങ്ങൾ നൽകേണ്ടതായുണ്ടോ ?

**ഉ:** ഉണ്ട്. സെക്ഷൻ 43C(10) പ്രകാരം ജോയിൻ്റ് കമ്മീഷണർ റാങ്കിൽ കുറയാത്ത ഒരു ഓഫീസർക്ക് ഓപ്പറേറ്ററോട്:

(i) ഏതെങ്കിലും കാലയളവിൽ ഓപ്പറേറ്റർ വഴി നടത്തിയ ചരക്ക് / സേവനങ്ങളുടെ വിതരണം

(ii) യഥാർത്ഥ സപ്ലയർ അധിക ബിസിനസ് സ്ഥലമായി രജിസ്റ്റർ ചെയ്തതും ഓപ്പറേറ്ററുടേതായിട്ടുള്ളതുമായ ഗോഡൗണുകളിലോ വെയർഹൗസുകളിലോ കൈവശമുള്ള ചരക്കിൻറെ സ്റ്റോക്ക് എന്നിവ സംബന്ധിക്കുന്ന ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാൻ ആവശ്യപ്പെടാം.

മേല്പറഞ്ഞ വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് കിട്ടി 5 പ്രവർത്തി ദിവസത്തിനകം ഓപ്പറേറ്റർ നൽകേണ്ടതാണ്. ഇത്തരം വിവരങ്ങൾ കൊടുക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ Rs.25,000 / - വരെ പിഴ ചുമത്താം.

**ചോ 12.** ഇ-കൊമേഴ്സ് ഓപ്പറേറ്റർ എന്തെങ്കിലും സ്റ്റേറ്റ്മെൻറ്റ് സമർപ്പിക്കേണ്ടതായിട്ടുണ്ടോ? ആ സ്റ്റേറ്റ്മെൻറ്റിൽ എന്തെല്ലാം വിശദാംശങ്ങൾ ആണ് സമർപ്പിക്കേണ്ടത് ?

**ഉത്തരം:** ഉണ്ട് , സെക്ഷൻ 43C(4) പ്രകാരം ഓരോ ഓപ്പറേറ്ററും ഒരു കലണ്ടർ മാസത്തിൽ തങ്ങൾ വഴി നടത്തിയ പുറത്തോട്ടുള്ള ചരക്കുകളുടെ/സേവനങ്ങളുടെ വിതരണങ്ങൾക്ക് ടിസിഎസ് ആയി ശേഖരിച്ച എല്ലാ തുകകളുടേയും സ്റ്റേറ്റ്മെൻറ്റ് ഇലക്ട്രോണിക്കായി, ആ മാസം തീർന്ന് 10 ദിവസത്തിനകം സമർപ്പിക്കേണ്ടതായുണ്ട്. ആ സ്റ്റേറ്റ്മെൻറ്റിൽ ഓരോ സപ്ലയറിനു വേണ്ടിയും ഓപ്പറേറ്റർ നടത്തിയ ചരക്കുകളുടെയും (യോ) / സേവനങ്ങളുടെയും(യോ) വിതരണത്തിന് ശേഖരിച്ച തുകകളുടെ വിശദാംശങ്ങളും ആ കലണ്ടർ മാസത്തിൽ അത്തരത്തിലുള്ള വിതരണങ്ങളുടെ വിശദാംശങ്ങളും ഉൾപ്പെട്ടിരിക്കണം.

**ചോ 13.** ഇ-കൊമേഴ്സ് വ്യവസ്ഥകളിൽ മാച്ചിങ് എന്ന സങ്കല്പം എന്താണ് ? അത് എങ്ങനെയാണ് പ്രവർത്തിക്കാൻ പോകുന്നത്?

**ഉത്തരം:** സെക്ഷൻ 43C(6) പ്രകാരം ഓരോ ഓപ്പറേറ്ററും ആയാളുടെ സ്റ്റേറ്റ്മെൻറ്റിൽ നൽകുന്ന, ഒരു കലണ്ടർ മാസത്തിൽ ഉള്ള വിതരണത്തിൻറ്റെയും ശേഖരിച്ച തുകയുടെയും വിശദാംശങ്ങൾ സെക്ഷൻ 27 പ്രകാരം, ബന്ധപ്പെട്ട സപ്ലയർ നൽകുന്ന അതേ മാസത്തിലോ , ഏതെങ്കിലും മുൻ മാസത്തിലോ ഫയൽ ചെയ്ത ,സാധുവായ ഒരു റിട്ടേണിൽ, സദൃശമായ പുറത്തോട്ടുള്ള വിതരണത്തിലെ വിശദാംശങ്ങളുമായി പൊരുത്തപ്പെടുത്തുന്നു. ഓപ്പറേറ്റർ തൻറ്റെ സ്റ്റേറ്റ്മെൻറ്റിൽ പ്രഖ്യാപിച്ചതും , നികുതി ശേഖരിച്ച പുറത്തോട്ടുള്ള വിതരണത്തിൻറ്റെതുമായ വിശദാംശങ്ങളിൽ, എവിടെയാണോ സപ്ലയർ പ്രഖ്യാപിച്ച സദൃശമായ വിശദാംശങ്ങളുമായി പൊരുത്തപ്പെടാത്തത്, ആ പൊരുത്തക്കേട് രണ്ടു പേരെയും അറിയിച്ചിരിക്കണം.

**ചോ 14.** വിശദാംശങ്ങൾ പൊരുത്തപ്പെടാതെ നിലനിന്നാൽ എന്തുസംഭവിക്കും ?

**ഉത്തരം:** സെക്ഷൻ 43C(8) പ്രകാരം, പൊരുത്തക്കേട് അറിയിച്ച ഏതൊരു പേയ്മെൻറ്റും ആയി ബന്ധപ്പെട്ട വിതരണ മൂല്യം, പൊരുത്തക്കേട് അറിയിച്ച

മാസത്തെ തൻറെ സാധുവായ റിട്ടേണിൽ സപ്ലയർ തിരുത്തിയില്ലെങ്കിൽ, പൊരുത്തക്കേട് അറിയിച്ച കലണ്ടർ മാസത്തിൻറെ തൊട്ടടുത്ത മാസത്തിലുള്ള ഔട്ട്പുട്ട് ബാധ്യതയോട് അത് ചേർക്കപ്പെടും. ആരുടെയാണോ ഔട്ട്പുട്ട് ബാധ്യതയോട് ഏതെങ്കിലും തുക ചേർക്കപ്പെട്ടത്, ബന്ധപ്പെട്ട വിതരണക്കാരൻ അത്തരത്തിലുള്ള സപ്ലൈയ്ക്ക് നികുതി അടയ്ക്കാനും, അങ്ങനെ ചേർത്ത തുകയിൽ നികുതി അടക്കേണ്ട തീയതി മുതൽ പേയ്മെന്റ് തീയതി വരെ സെക്ഷൻ 36 (1) ൽ വ്യക്തമാക്കിയ നിരക്കിൽ പലിശ അടയ്ക്കാനും ബാധ്യസ്ഥനാകും.

# ജോബ് വർക്ക്

## 9. ജോബ് വർക്ക്

**ചോ 1.** ജോബ് വർക്ക് എന്നാൽ എന്താണ്?

**ഉത്തരം:** മാതൃകാ ചരക്കുസേവനനികുതി നിയമം സെക്ഷൻ 2 (62) പ്രകാരം, ഒരു വ്യക്തി, മറ്റൊരു റെജിസ്റ്റേർഡ് നികുതിദായകൻറ്റെ ചരക്കുകളിൽ ഏതെങ്കിലും പ്രക്രിയയോ ട്രീറ്റ്മെന്റോ ഏറ്റെടുത്തു നടത്തുകയാണെങ്കിൽ അതിനെ "ജോബ് വർക്ക്" എന്ന് പറയുകയും , അതിൽ നിന്നും "ജോബ് വർക്കർ " എന്ന പ്രയോഗം വ്യാഖ്യാനിക്കപ്പെടുകയും ചെയ്യേണ്ടതാകുന്നു. ജോബ്‌വർക്കിനെ ഉല്പാദനത്തിനുള്ള ഒരു പ്രക്രിയ ആയി മാത്രം നിർവചിച്ച 23rd March,1986ലെ നോട്ടിഫിക്കേഷൻ നമ്പർ 214 / 86 CE ൽ ഉള്ളതിനേക്കാൾ വിശാലമായ രീതിയിലാണ് ഈ നിർവചനം. അങ്ങനെ ജോബ്‌വർക്കിൻറ്റെ നിർവചനം തന്നെ, നിർദിഷ്ട ചരക്കു സേവന നികുതി വ്യവസ്ഥയിൽ, ജോബ് വർക്കുമായി ബന്ധപ്പെട്ട നികുതി പിരിക്കലിൻറെ അടിസ്ഥാന രീതിയിൽ വന്ന മാറ്റം പ്രതിഫലിപ്പിക്കുന്നു.

**ചോ 2.** ഒരു നികുതിവിധേയ വ്യക്തി ഒരു ജോബ് വർക്കിന് അയച്ച ചരക്കുകൾ സപ്ലൈ ആയി കണക്കാക്കുകയും, ചരക്കു സേവന നികുതിക്ക് വിധേയമാക്കുകയും ചെയ്യുമോ ? എന്തുകൊണ്ട്?

**ഉത്തരം:** ഇല്ല, അത് സപ്ലൈ ആയി കണക്കാക്കില്ല . മാതൃകാ ചരക്കു സേവന നികുതി നിയമം ഷെഡ്യൂൾ 1 ഖണ്ഡിക 5 ന്റെ പ്രോവിസോ അനുസരിച്ച് ഒരു റെജിസ്റ്റേർഡ് നികുതിദായകൻ (പ്രിൻസിപ്പൽ) ജോബ്‌വർക്കറിനു വിതരണം ചെയ്യുന്ന ചരക്കുകൾ, സെക്ഷൻ 43A പ്രകാരം ചരക്കുകളുടെ സപ്ലൈ ആയി കണക്കാക്കില്ല. അതുകൊണ്ടു, ആ റെജിസ്റ്റേർഡ് പ്രിൻസിപ്പൽ ഒരു ജോബ് വർക്കർക്കു കൊടുക്കുന്ന ചരക്കുകൾക്ക് ചരക്കുസേവന നികുതി ബാധകമാകുന്നില്ല എന്ന് അനുമാനിക്കാം.

**ചോ 3.** നികുതി അടക്കാതെ ഒരു റെജിസ്റ്റേർഡ് നികുതിവിധേയ വ്യക്തിക്ക് തൻറ്റെ ജോബ് വർക്കറിന് ചരക്കുകൾ അയയ്ക്കാൻ കഴിയുമോ?

**ഉത്തരം:** കഴിയും . മാതൃകാ ചരക്കു സേവന നികുതി നിയമം സെക്ഷൻ 43A പ്രകാരം, ആ റെജിസ്റ്റേർഡ് നികുതിദായകന് (പ്രിൻസിപ്പൽ) നികുതി വിധേയമായ ചരക്കുകൾ നികുതി അടക്കാതെ ജോബ്‌വർക്കിനുവേണ്ടി ജോബ്‌വർക്കറുടെ പക്കൽ അയക്കാൻ കഴിയും. കൂടാതെ അയാൾക്ക് ചില പ്രത്യേക നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചരക്കുകൾ ഒരു ജോബ്‌വർക്കറുടെ പക്കൽ നിന്നും മറ്റൊരു ജോബ്‌വർക്കറുടെ പക്കലേക്കും അയക്കാവുന്നതാണ്. നികുതി വിധേയമല്ലാത്തതോ/ നികുതി ഒഴിവാക്കിയതോ ആയ ചരക്കുകളാണ് ജോബ്‌വർക്കിനു അയയ്ക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ സെക്ഷൻ 43A യുടെ വ്യവസ്ഥകൾ ബാധകമല്ല എന്നു കണക്കാക്കേണ്ടതാണ്.

**ചോ 4.** ഒരു ജോബ് വർക്കർ റജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ ?

ഉത്തരം: ഉണ്ട്. ഒരു ജോബ് വർക്കർ സേവന സപ്ലയർ ആയതിനാൽ അദ്ദേഹത്തിന് മൊത്തം ടേണോവറിൻറ്റെ നിർദ്ദിഷ്ട പരിധി കവിയുമ്പോൾ റജിസ്ട്രേഷൻ എടുക്കേണ്ടത് ആവശ്യമാണ്.

**ചോ 5.** ഒരു ജോബ് വർക്കറുടെ പക്കൽ നിന്ന് നേരിട്ടു പുറത്തേക്ക് സപ്ലൈ ചെയ്ത പ്രിൻസിപ്പലിൻറ്റെ ചരക്കുകൾ ജോബ് വർക്കറുടെ മൊത്തം ടേണോവറിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം: ഇല്ല, അത് ആ പ്രിൻസിപ്പലിൻറ്റെ മൊത്തം ടേണോവറിൽ ഉൾപ്പെടുത്തും.

**ചോ 6**. ഒരു പ്രിൻസിപ്പലിന് തൻറ്റെ പക്കലേക്ക് തിരിച്ചു കൊണ്ടുവരാതെ നേരിട്ട് ജോബ് വർക്കറുടെ പരിസരത്തു നിന്നും ചരക്കുകളുടെ വിതരണം ചെയ്യുവാൻ സാധിക്കുമോ ?

**ഉത്തരം:** നിബന്ധനകൾക്ക് വിധേയമായി .സാധിക്കും. അത്തരം ജോബ് വർക്കറുടെ പരിസരങ്ങളെ പ്രിൻസിപ്പൽ തൻറ്റെ അധിക ബിസിനസ്സ് സ്ഥലമായി പ്രഖ്യാപിച്ചിരിക്കണം അല്ലെങ്കിൽ ആ ജോബ് വർക്കർ ഒരു റെജിസ്റ്റേർഡ് വ്യക്തി ആയിരിക്കണം അല്ലെങ്കിൽ ചരക്കുകൾ നോട്ടിഫൈഡ് ആയിരിക്കണം .

**ചോ 7.** ഏതു സാഹചര്യത്തിലാണ് ഒരു ജോബ് വർക്കറുടെ പക്കൽ നിന്നും പ്രിൻസിപ്പലിന് നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുക ?

**ഉത്തരം:** ഉള്ളതിന് പുറമേ, ഒരു അധിക ബിസിനസ്സ് സ്ഥലമായി പ്രസ്താവിക്കാതെ രണ്ട് സാഹചര്യങ്ങളിൽ ആണ് പ്രിൻസിപ്പലിന് ഒരു ജോബ് വർക്കറുടെ ബിസിനസ് സ്ഥലത്തു നിന്നും നേരിട്ട് ചരക്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുക, ഒന്നുകിൽ , ആ ജോബ് വർക്കർ ഒരു റെജിസ്റ്റേർഡ് നികുതിദായകൻ ആയിരിക്കണം അല്ലെങ്കിൽ ആ പ്രിൻസിപ്പൽ നോട്ടിഫൈ ചെയ്യപ്പെട്ട ചരക്കുകളുടെ വിതരണത്തിൽ ഏർപ്പെട്ടിരിക്കണം.

**ചോ 8.** ഒരു ജോബ് വർക്കറുടെ അടുത്തേക്ക് അയച്ച ഇൻപുട്ട് /ക്യാപിറ്റൽ ഗുഡ്സിൻറ്റെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതിന് ഏതൊക്കെ വ്യവസ്ഥകളാണ് ബാധകമാകുന്നത് ?

**ഉത്തരം:** മാതൃകാ ചരക്കു സേവന നികുതി നിയമത്തിൽ , ജോബ്‌വർക്കിനു വേണ്ടി അയച്ച ഇൻപുട്ട്സ് / ക്യാപിറ്റൽ ഗുഡ്സിൻറ്റെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകമായി സെക്ഷൻ 16A ൽ പ്രതിപാദിച്ചിട്ടുണ്ട്. ഇൻപുട്ട്/ ക്യാപിറ്റൽ ഗുഡ്സിൻറ്റെ ടാക്സിൻറ്റെ ക്രെഡിറ്റ് താഴെ പറയുന്ന രീതിയിൽ എടുക്കുവാൻ സാധിക്കും:

പ്രിൻസിപ്പലിന് ഒരു ജോബ് വർക്കറുടെ അടുത്തേക്ക് അയച്ച ഇന്പുട്ടിൻറ്റെ ക്രെഡിറ്റ് എടുക്കുവാൻ, ആ ഇൻപുട്ട് ജോബ് വർക്കിന് അയച്ചു 180 ദിവസത്തിനുള്ളിൽ ജോബ് വർക്ക് പൂർത്തിയാക്കി തിരിച്ചു എത്തിയാൽ മാത്രമെ സാധിക്കുകയുള്ളു. ഇൻപുട്ടിനെ നേരിട്ട് ജോബ് വർക്കറുടെ അടുത്തേക്ക് അയക്കുകയാണെങ്കിൽ ആ ഇൻപുട്ട് ജോബ് വർക്കർ കൈപ്പറ്റിയ തിയതി മുതലാണ് കണക്കാക്കുന്നത്.

ഇത് കൂടാതെ, ഇൻപുട്ടുകൾ നിശ്ചിത സമയത്തിന്നുളിൽ തിരിച്ച് കൈപ്പറ്റിയില്ലെങ്കിൽ ഈ ഇൻപുട്ടിൻമേൽ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്നു തുല്യമായ സംഖ്യ പലിശസഹിതം അടക്കേണ്ടതാണ്. ഇൻപുട്ട് യഥാർത്ഥത്തിൽ തിരിച്ചു് കൈപ്പറ്റുമ്പോൾ ഈ ക്രെഡിറ്റ് തിരികെ അവകാശപ്പെടാവുന്നതാണ്.

**ചോ 9.** ജോബ്‌വർക്കിൻറ്റെ വ്യവസ്ഥകൾ എല്ലാ വിഭാഗത്തിലുള്ള ചരക്കുകൾക്കും ബാധകമാണോ ?

**ഉത്തരം:** ഇല്ല. ഒരു റെജിസ്റ്റേർഡ് നികുതിദായകൻ നികുതിവിധേയമായ ചരക്കുകൾ അയയ്ക്കുവാൻ ഉദ്ദേശിക്കുമ്പോൾ മാത്രമാണ് ജോബ്‌വർക്കുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമാവുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഈ വ്യവസ്ഥകൾ നികുതി ഒഴിവാക്കിയതോ നികുതി ഇല്ലാത്തതോ ആയ ചരക്കുകൾക്കും അല്ലെങ്കിൽ അയക്കുന്ന വ്യക്തി,നികുതി ബാദ്ധ്യതയുള്ള റെജിസ്റ്റേർഡ് വ്യക്തി അല്ലാത്ത ആളാണ് എങ്കിലും ബാധകമല്ല.

# ഇന്‍പുട്ട് ടാക്സ് ക്രെഡിറ്റ്

# 10. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

ചോ. 1) എന്താണ് ഇൻപുട്ട് ടാക്സ്?

മാതൃകാ ചരക്ക് സേവന നികുതി നിയമത്തിൻ്റെ (MGL) 2(57) വകുപ്പിലും അന്തർ സംസ്ഥാന ചരക്ക് സേവനം (IGST) നിയമത്തിൻ്റെ 2(1) (d) വകുപ്പിലും ഇത് നിർവചിച്ചിട്ടുണ്ട്. ഒരു നികുതിദാതാവിനെ സംബന്ധിച്ചിടത്തോളം ഇൻപുട്ട് ടാക്സ് എന്നാല് CGST നിയമപ്രകാരം IGST യും CGSTയും ചേര്ന്നതും, ഇത് അയാളുടെ വ്യാപാരത്തിൻ്റെ നടത്തിപ്പിനോ, വികാസത്തിനോ വേണ്ടി ഉപയോഗിക്കുന്ന ചരക്കുകളിലോ സേവനത്തിന്മേലോ ചുമത്തപ്പെടുന്ന നികുതിയും, വകുപ്പ് 7ന്റെ ഉപവകുപ്പ് 3 പ്രകാരം നല്കേണ്ട നികുതിയും ഉൾപ്പെട്ടതാണ് . IGST നിയമപ്രകാരം ഇൻപുട്ട് ടാക്സ് എന്നാൽ ഒരാൾ വാങ്ങിയ ചരക്കുകൾക്കോ സേവനങ്ങൾക്കോ ചമുത്തപ്പെട്ട IGST, CGST അല്ലെങ്കിൽ SGST എന്നിവയാണ്.

**ചോ. 2)** CGST, IGST, SGST തുടങ്ങിയ മൂന്നു നിയമങ്ങളിലും ഉൾപ്പെട്ട ഇൻപുട്ട് ടാക്സിൻ്റെ വ്യത്യസ്തമായ നിർവചനങ്ങൾ കൊണ്ട് അർത്ഥ മാക്കുന്നതെന്താണ് ?

ഉ. 2) CGST നിയമപ്രകാരം IGST യും CGSTയും ചേര്ന്ന്തും SGST നിയമപ്രകാരം IGSTയും SGST യും ചേര്ന്നതുമാണ് ഇൻപുട്ട് ടാക്സ്. IGST നിയമപ്രകാരം മേല് പറഞ്ഞ 3 നികുതികളും ചേർന്നതാണ് ഇൻപുട്ട് ടാക്സ്. ഇവ മൂന്നിൻ്റെയും ക്രെഡിറ്റ് IGST ബാധ്യത ഒടുക്കാൻ പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ CGST നിയമപ്രകാരം IGSTയിലും CGSTയിലും ഉള്ള ക്രെഡിറ്റും SGST നിയമപ്രകാരം IGST യിലും SGST യിലും ഉള്ള ക്രെഡിറ്റും മാത്രമേ എടുക്കാൻ പാടുള്ളൂ. കൂടാതെ CGST യും SGST യും അങ്ങോട്ടും ഇങ്ങോട്ടും മാറ്റി ഉപയോഗിക്കാൻ പാടുള്ളതല്ല.

**ചോ. 3**) റിവേഴ്സ് ചാർജ് (Reverse charge), പ്രകാരം നൽകിയ GST, ഇൻപുട്ട് ടാക്സ് ആയി പരിഗണിക്കാമോ?

ഉ. അതേ, 7(3) വകുപ്പ് പ്രകാരം അപ്രകാരം ഉള്ള നികുതിയും ഇൻപുട്ട് ടാക്സിൻ്റെ നിർവ്വചനത്തിൽ പെടുന്നു . അത്തരത്തിലുള്ള ചരക്കുകളും സേവനവും ഒരു വ്യാപാരത്തിൻ്റെ നടത്തിപ്പിനോ വികാസത്തിനോ ഉപയോഗിക്കുകയാണെങ്കിൽ അവയുടെ മേലുള്ള ക്രെഡിറ്റ് ഉപയോഗിക്കാവുന്നതാണ്.

**ചോ. 4)** ഇൻപുട്ട് ചരക്കിലും ഇൻപുട്ട് സേവനത്തിലും ഇൻപുട്ട് ക്യാപിറ്റൽ ഗുഡ്സിലും (capital goods ) കൊടുത്ത നികുതി (CGST ,IGST ,SGST ) ഇൻപുട്ട് ടാക്സിൻ്റെ പരിധിയിൽ ഉൾപ്പെടുമോ?

ഉ. ഉൾപ്പെടും മാതൃകാ ചരക്ക് സേവന നികുതി നിയമത്തിൻ്റെ 2(54), 2(55),2(20) എന്നീ വകുപ്പ് പ്രകാരം ഇവയും ഉൾപ്പെടും. ക്യാപിറ്റൽ

ഗുഡ്സിന്മേലുള്ള നികുതിയുടെ ക്രെഡിറ്റ്, ഒറ്റത്തവണയായി എടുക്കാവുന്നതാണ്.

**ചോ.5)** ഈ നിയമപ്രകാരം രജിസ്രേടഷൻ എടുക്കാൻ ബാധ്യസ്ഥനായ ഒരാൾ 30 ദിവസത്തിനകം രജിസ്ട്രേഷൻ അപേക്ഷിക്കുകയും അത് ലഭിക്കുകയും ചെയ്താൽ, അയാൾക്ക് അർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്താണ്?

ഉ. ഈ നിയമപ്രകാരം ഒരാൾ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാകുന്ന ദിവസത്തിൻറെ തൊട്ടുമുമ്പുള്ള ദിവസം അയാളുടെ കൈവശമുള്ള അസംസ്കൃതവസ്തുക്കൾ, നിർമ്മാണം പൂർത്തിയായതും, നിർമ്മാണത്തിലിരിക്കുന്നതുമായ ചരക്കുകളിൽ ഉൾപ്പെട്ടിരിക്കുന്നതുമായ അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ക്രെഡിറ്റ് എടുക്കാവുന്നതാണ്. എന്നാൽ മേല്പറഞ്ഞ പ്രകാരം 30 ദിവസത്തിനകം രജിസ്ട്രേഷൻ എടുക്കാത്തവർക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നതല്ല.

**ചോ. 6)** 2017 ആഗസ്റ്റ് 1)ം തീയതി നികുതി അടയ്ക്കാൻ ബാധ്യസ്ഥനാവുകയും ആഗസ്റ്റ് 15-ം തീയതി രജിസ്ട്രേഷൻ ലഭിക്കുകയും ചെയ്ത ഒരാൾ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കേണ്ടത് ഏതു ദിവസത്തെ സ്റ്റോക്കിനെ അടിസ്ഥാനമാക്കിയാണ്?

ഉ. 31-07-2017

**ചോ, 7**) സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്ന ആളുടെ കൈവശമുള്ള ഇൻപുട്ടിനുമേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അർഹത എന്താണ്?

ഉ. മാതൃകാ നിയമത്തിൻറെ 16(2-A) വകുപ്പ് പ്രകാരം സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്ന ഒരാളിന് അയാൾ രജിസ്ട്രേഷൻ എടുക്കുന്നതിൻറെ തൊട്ടുമുമ്പുള്ള ദിവസം അയാളുടെ കൈവശമുള്ള ഇൻപുട്ടിന്മേലും, നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം കഴിഞ്ഞതുമായ ചരക്കിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടിൻറെയും ക്രെഡിറ്റ് എടുക്കാവുന്നതാണ്.

**ചോ. 8)** നികുതി വിധേയവും അല്ലാത്തതുമായ ചരക്കുകളും സേവനങ്ങളും നല്കുന്ന ഒരു രജിസ്റ്റേർട് നികുതിദായകന് അയാൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടോ?

മാതൃകാ നിയമ വകുപ്പ് 16(6) പ്രകാരം ഒരു രജിസ്റ്റേർട് നികുതി ദാതാവിന് നികുതി വിധേയമായ ചരക്കുകൾക്കും സേവനങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തിയവയിലുള്ള നികുതി മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ.

MGL വകുപ്പ് 16(7)ഉം GST, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ചട്ടങ്ങൾ പ്രകാരവും നിശ്ചയിച്ച രീതിയിൽ ആണ് ഇതിന് അർഹമായ തുക നിർണ്ണയിക്കുന്നത്. ക്യാപിറ്റൽ ഗുഡ്സിന്മേലുള്ള നികുതിയുടെ ക്രെഡിറ്റും ഇപ്പോൾ ആനുപാതികമായി മാത്രമേ അനുവദിക്കുകയുള്ളൂ എന്നത് ശ്രദ്ധിക്കണം.

**ചോ. 9)** ഒരു നികുതി ദാതാവ് അയാൾക്ക് ലഭിച്ച ചരക്കും സേവനങ്ങളും വ്യാപാരത്തിനും വ്യാപര ഇതര ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയാണെങ്കില് അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണോ?

ഉ. മാതൃക നിയമത്തിൻറ്റെ വകുപ്പ് 16(5) പ്രകാരം നികുതി വിധേയമായ വ്യാപാരാവശ്യത്തിന് ഉപയോഗപ്പെടുത്തിയ ചരക്കുകളിലും സേവനങ്ങളിലും മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ഇപ്രകാരം അർഹമായ ക്രെഡിറ്റ് മാതൃകാ നിയമ വകുപ്പ് 16(7) ഉം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിയമങ്ങളും പ്രകാരം നിർദേശിച്ചിട്ടുള്ള രീതിയിൽ നിർണ്ണയിക്കേണ്ടതാണ് . ക്യാപിറ്റൽ ഗുഡ്സിന്മേലുള്ള ക്രെഡിറ്റും ഇതേ രീതിയിൽ ആനുപാതികമായി അനുവദിക്കുന്നതാണ്.

**ചോ. 10**) ഒരു നികുതിദായകൻറ്റെ സ്ഥാപക ഘടനയിൽ (കോൺസ്റ്റിറ്റുഷൻ ) മാറ്റം വരുമ്പോൾ അയാളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അർഹത എന്തായിരിക്കും?

ഉ മാതൃക നിയമത്തിൻറ്റെ 16(8) വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യുന്നയാൾ അയാളുടെ കൈവശം ഉപയോഗിയ്ക്കപ്പെടാതെ അവശേഷിയ്ക്കുന്ന ഇൻപുട്ട് ക്രെഡിറ്റ് സ്വീകരിയ്ക്കുന്ന ആൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ ബാദ്ധ്യതകൾ കൈമാറുന്നത് സംബന്ധമായി പ്രത്യേകമായ വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണ്.

**ചോ. 11)** രജിസ്റ്റേർട് നികുതിദായകൻ നികുതിയുടെ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാകുമ്പോൾ അയാൾക്കുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള അർഹത എന്തായിരിക്കും?

ഉ. മാതൃക നിയമത്തിൻറ്റെ 16(12) വകുപ്പ് പ്രകാരം, ഒരു നികുതി ദായകൻ നികുതിയുടെ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാകുന്നപക്ഷം, അയാൾ ഒഴിവാകുന്നതിന് തൊട്ടുമുമ്പുള്ള ദിവസം കൈവശമുള്ള ഇന്പുട്ടിനും നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയായതുമായ ചരക്കുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഇൻപുട്ട് കളുടെയും ക്രെഡിറ്റിന് തുല്യമായ തുക കണക്കാക്കി അടയ്ക്കേണ്ടതാണ്. ഇപ്രകാരം അടച്ചതിന് ശേഷം ഇലക്ട്രോണിക് ക്രെഡിറ്റ് ലഡ്ജറിൽ ബാക്കി അവശേഷിക്കുന്നുണ്ടെങ്കിൽ അത് നഷ്ടപ്പെടുന്നതാണ്. ഇങ്ങനെ അടയ് ക്കേണ്ട തുക മാതൃക നിയമത്തിൻറ്റെ വകുപ്പ് 16(13) പ്രകാരം GAAP (Generally Accepted Accounting Principles) അനുസരിച്ച് നിര്ണയിക്കേണ്ടതാണ്.

**ചോ. 12**) വകുപ്പ് 7 പ്രകാരം നികുതി അടച്ചുകൊണ്ടിരുന്ന ഒരാൾ വകുപ്പ് 8 പ്രകാരമുള്ള അനുമാന നികുതി സമ്പ്രദായത്തിലേക്ക് മാറുകയാണെങ്കിൽ അയാളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള അർഹത എന്തായിരിക്കും?

ഉ. ഇപ്രകാരം മാറുന്ന ഒരാൾ, അങ്ങനെ മാറുന്നതിൻറ്റെ തൊട്ടുമുമ്പുള്ള ദിവസം വകുപ്പ് 16(12) പ്രകാരം, കൈവശമുള്ള ഇൻപുട്ടിൻറ്റെയും

നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതുമായ ചരക്കുകളിൽ ഉൾപ്പെട്ടിരിക്കുന്ന ഇൻപുട്ടുകളുടെയും ക്രെഡിറ്റിന് തുല്യമായ തുക കണക്കാക്കി അടയ്ക്കേണ്ടതാണ്. ഇപ്രകാരം അടച്ചതിന് ശേഷം ഇലക്ട്രോണിക് ക്രെഡിറ്റ് ലഡ്ജറിൽ ബാക്കി അവശേഷിക്കുന്നുണ്ടെങ്കിൽ അത് നഷ്ടപ്പെടുന്നതാണ്. ഇങ്ങനെ അടയ്ക്കേണ്ട തുക വകുപ്പ് 16(13) പ്രകാരം GAAP അനുസരിച്ച് നിർണയിക്കേണ്ടതാണ് .

**ചോ.13)** കോമ്പൗണ്ടിംഗ് രീതിയിൽ നികുതി അടച്ചുകൊണ്ടിരുന്ന ഒരു ഡീലർ, അയാൾ കോമ്പൗണ്ടിംഗ് പരിധി കടന്ന് സാധാരണ നികുതി ദായകനാകുന്നു. അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമോ? എങ്കിൽ എന്നു മുതൽ?

ഉ മാതൃകാ നിയമത്തിൻ്റെ വകുപ്പ് 16(3) പ്രകാരം ഒരാൾ വകുപ്പ് 7 പ്രകാരം നികുതി നൽകുവാൻ ബാധ്യസ്ഥനാകുന്ന തീയതിയുടെ തൊട്ടു മുൻദിവസം കൈവശമുള്ള, നിർമ്മാണം പൂർത്തി ആയതോ നിർമ്മാണത്തിൽ ഇരിക്കുന്നതോ ആയ ഉല്പന്നങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടുകളുടെയും അതു കൂടാതെ കൈവശമുള്ള ഇൻപുട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള നികുതിയുടെയും ക്രെഡിറ്റ് എടുക്കാവുന്നതാണ്.

**ചോ. 14)** Mr. B എന്ന ഒരു രജിസ്ട്രേർഡ് നികുതി ദാതാവ് 2017 ജൂലൈ 30 വരെ കോമ്പോസിഷൻ നിരക്കിൽ നികുതി നല്കുകയും 2017-ജൂലൈ 31 മുതൽ സാധാരണ നിരക്കിലുള്ള നികുതി കൊടുക്കാൻ ബാധ്യസ്ഥനാവുകയും ചെയ്താൽ അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടോ?

ഉ. 2017 ജൂലൈ 30-)ം തീയതി അയാളുടെ കൈവശമുള്ള ഇൻപുട്ടിലും നിർമ്മാണം പൂർത്തി ആയതും പൂർത്തി ആകാത്തതുമായ ഉല്പന്നങ്ങളിൽ ഉൾപ്പെട്ട ഇൻപുട്ടുകളുടെയും നികുതി ക്രെഡിറ്റ് ആയി എടുക്കാവുന്നതാണ്.

**ചോ15)** Mr. A എന്നയാൾ 2017 ജൂൺ 5-)ം തീയതി രജിസ്ട്രേഷനുവേണ്ടി സ്വമേധയാ അപേക്ഷിക്കുകയും അത് 2017 ജൂണ് 22-)ം തീയതി ലഭിക്കുകയും ചെയ്താൽ അയാൾ ഏതു തീയതിയിലുള്ള സ്റ്റോക്കിലുള്ള ഇൻപുട്ടിൻ്റെ ക്രെഡിറ്റിനാണ് അർഹനാകുന്നത്?

ഉ. 21-06-2017 ൽ അയാളുടെ കൈവശമുള്ള ഇൻപുട്ടിൻ്റെയും നിർമ്മാണം പൂർത്തിയായതും ആകാത്തതുമായ ഉല്പന്നങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഇൻപുട്ടിൻ്റെയും നികുതിയിൽ ക്രെഡിറ്റിന് അർഹതയുള്ളതാണ്.

**ചോ.16)** എപ്പോഴാണ് ഒരു നികുതി ദാതാവ് അയാൾക്ക് ലഭിക്കുന്ന ചരക്കുകളിലും സേവനങ്ങളിലും ഉള്ള ഇന്പുട്ട് ടാക്സ് ക്രെഡിറ്റിന് അർഹനല്ലാതാകുന്നത് ? (വകുപ്പ് 16ന്റെ ഉപവകുപ്പുകള് ആയ 2, 2എ,3 എന്നിവ പ്രകാരം)

ഉ. മാതൃകാനിയമത്തിൻറെ വകുപ്പ് 16(4) പ്രകാരം അത്തരം വസ്തുക്കളുടെ ഇൻവോയ്സ് തീയതി മുതൽ ഒരു വർഷത്തിനു ശേഷം അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ കഴിയുന്നതല്ല.

**ചോ.17)** ജോബ്‌വർക്കിന് അയയ്ക്കുന്ന ഇന്പ്പുട്ടുകളിന്മേലുള്ള നികുതിയുടെ ക്രെഡിറ്റ് ,ഉടമയ്ക്ക് (പ്രിൻസിപ്പൽ ) എടുക്കാൻ കഴിയുമോ?

ഉ. മാതൃകാ നിയമത്തിൻറെ 16(A)2 പ്രകാരം ജോബ് വർക്കിന് അയയ്ക്കുന്ന ഇൻപുട്ടുകളുടെ നികുതിയും ഉടമയ്ക്ക് ക്രെഡിറ്റ് ആയി എടുക്കാവുന്നതാണ്.

**ചോ.18**) ജോബ് വർക്കിന് അയയ്ക്കുന്ന ഇൻപുട്ടുകൾ എത്ര ദിവസത്തിനകം ആണ് ഉടമയ്ക്ക് തിരിച്ചു കിട്ടേണ്ടത്?

ഉ:- 180 ദിവസം

**ചോ. 19**) 180 ദിവസത്തിനകം ജോബ് വർക്കറിൽ നിന്നും തിരിച്ചുകിട്ടാത്ത ഇൻപുട്ടുകളുടെ ക്രെഡിറ്റ് ഉടമ തിരിച്ചടയ്ക്കേണ്ടതുണ്ടോ?

ഉ.- ഉണ്ടു്, പലിശ ഉൾപ്പടെ ക്രെഡിറ്റ് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കാലാവധിയ്ക്ക് ശേഷം തിരിച്ചുകിട്ടുകയാണെങ്കിൽ അപ്പോൾ ഇവയുടെ ക്രെഡിറ്റ് വീണ്ടും എടുക്കാവുന്നതാണ്.

**ചോ.20)** താഴെ പറഞ്ഞിരിയ്ക്കുന്നവയിൽ ഏതെല്ലാം ആണ് ക്രെഡിറ്റിൻറെ ആവശ്യത്തിനുവേണ്ടി ടാക്സബിൾ സപ്ലൈ (taxable supply) ആയി ഉൾപ്പെടുത്തിയിരിക്കുന്നത്.

a). പൂജ്യം നിരക്കിലുള്ള സപ്ലൈകൾ

b) ഒഴിവാക്കപ്പെട്ട സപ്ലൈകൾ

c) രണ്ടും

ഉ . പൂജ്യം നിരക്കിലുള്ള സപ്ലൈകൾ.

**ചോ. 21**) ജോബ് വർക്കിന് (Job Work) അയയ്ക്കുന്ന ക്യാപിറ്റൽ ഗുഡ്സ് , ഉടമയ്ക്ക് തിരികെ കിട്ടാനുള്ള കാലാവധി എത്രയാണ്?

ഉ. രണ്ടുവർഷം.

**ചോ. 22)** പ്രസ്തുത കാലാവധിയ്ക്കുള്ളിൽ ജോബ്‌വർക്കിൽ നിന്നും തിരിച്ചുകിട്ടാത്ത ക്യാപിറ്റൽ ഗുഡ്സിൽ ഉടമയുടെ ബാധ്യത എന്താണ്?.

ഉ:-ഉടമ എടുത്ത ക്രെഡിറ്റ് പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ തിരിച്ചുകിട്ടുന്ന അവസരത്തിൽ, അവയുടെ ക്രെഡിറ്റ് വീണ്ടും എടുക്കാവുന്നതാണ്.

**ചോ. 23)** വിവരസാങ്കേതിക വിദ്യ (IT) യുടെ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു നികുതിദാതാവ്, അയാളുടെ സ്ഥാപനത്തിൻറെ എക്

സിക്യൂട്ടീവ് ഡയറക്ടർമാരുടെ ഉപയോഗത്തിനായി ഒരു മോട്ടോർ വാഹനം വാങ്ങുമ്പോൾ, അതിനായി നല്കിയ ചരക്കുസേവന നികുതിയുടെ ക്രെഡിറ്റ് അയാൾക്ക് എടുക്കാമോ?

ഉ ഇല്ല. മാതൃകാ നിയമത്തിൻറെ 16(9)(a) വകുപ്പ് പ്രകാരം, വാഹനങ്ങളിന്മേലുള്ള നികുതിയുടെ ക്രെഡിറ്റ് എടുക്കണമെങ്കിൽ യാത്രക്കാരുടെയോ ചരക്കുകളുടെയോ ഗതാഗതത്തിനുള്ള വ്യാപാരത്തിലോ, വാഹനങ്ങളുടെ പരിശീലനം നൽകുന്ന സേവനത്തിലോ വ്യാപൃതനായിട്ടുള്ള ആളായിരിക്കണം.

**ചോ. 24)** ക്യാപിറ്റൽ ഗുഡ്സിൻറെ വിലയിലുള്ള നികുതിയിന്മേൽ ആദായ നികുതി (Income Tax) നിയമത്തിൻറെ പരിധിയിൽ വരുന്ന തേയ്മാന ബത്തയുടെ (ഡിപ്രീസിയേഷൻ) ആനുകൂല്യം നേടിയ ഒരു രെജിസ്റ്റേർട് നികുതിദാതാവിനു അതിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമാണോ?

ഉ. മാതൃകാ നിയമത്തിൻറെ 16(10) പ്രകാരം, അപ്രകാരമുള്ള നികുതിയിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമല്ല.

**ചോ.25)** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിലേയ്ക്കായി പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാം?

ഉ. മാതൃകാ നിയമത്തിൻറെ 16(11) പ്രകാരം താഴെ പറയുന്ന നാലു നിബന്ധനകൾ പാലിക്കേണ്ടതാണ്.

a) സപ്ലൈ ചെയ്ത ആൾ നൽകിയ നികുതിയുടെ രേഖ നികുതി ദാതാവിൻറെ പക്കൽ ഉണ്ടായിരിക്കേണ്ടതാണ്.

b) നികുതി ദാതാവ് ആ വസ്തുക്കളോ സേവനങ്ങളോ സ്വീകരിച്ചിരിക്കണം

c) അത്തരത്തിൽ ചുമത്തപ്പെട്ട നികുതി, കൃത്യമായും സർക്കാരിലേയ്ക്ക് പണമായോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചോ അടച്ചിരിക്കണം.

d) നികുതി ദാതാവ് വകുപ്പ് 27 പ്രകാരം റിട്ടേൺ സമർപ്പിച്ചിരിക്കണം.

**ചോ. 26)** ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന വസ്തുക്കൾ ഒന്നിച്ചോ തവണകളായോ ലഭിക്കുകയാണെങ്കിൽ, നികുതി ദാതാവിന് എങ്ങനെയാണ് അതിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനു അർഹത ഉണ്ടാകുന്നത്?

ഉ മാതൃകാ നിയമത്തിൻറെ വകുപ്പ് 16(11) പ്രകാരം, നികുതി ദാതാവിന് അത്തരത്തിലുള്ള വസ്തുക്കൾ മുഴുവനായി ലഭിച്ചശേഷം ക്രെഡിറ്റ് എടുക്കാവുന്നതാണ്.

**ചോ. 27)** നികുതി ദാതാവിനല്ലാതെ മറ്റൊരാളിന് എത്തിച്ച് കൊടുക്കുന്ന വസ് തുക്കളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആർക്കാണ് ലഭിക്കുന്നത്?

മാതൃകാ നിയമത്തിൻറെ വകുപ്പ് 16(11) ൻറെ വിശദീകരണകുറിപ്പ് പ്രകാരം, അത്തരം വസ്തുക്കൾ നികുതിദാതാവിൻറെ നിർദേശ പ്രകാരം മറ്റൊരാൾക്ക് എത്തിച്ച് കൊടുത്തതാണെങ്കിൽ അത് നികുതിദാതാവ് സ്വീകരിച്ചതായി കണക്കാക്കാവുന്നതാണ്. അതുകൊണ്ട്, വസ്തുക്കൾ മറ്റൊരാൾക്ക് നല്കാൻ ആവശ്യപ്പെട്ടയാൾക്ക് ക്രെഡിറ്റ് എടുക്കാവുന്നതാണ്.

**ചോ.28)** ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുള്ള സമയപരിധി എന്താണ്?

മാതൃകാ നിയമത്തിൻറെ വകുപ്പ് 16(15) പ്രകാരം ഇൻവോയ്സിൽ തീയതി വരുന്ന, സാമ്പത്തിക വർഷത്തെ തുടർന്നു വരുന്ന സെപ്തംബർ മാസം അവസാനിക്കുന്നതിനുമുമ്പോ, വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനു മുമ്പോ, ഇതിൽ ഏതാണാദ്യം വരുന്നത് ആ ദിവസം, വരെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്.

ഇത്തരത്തിലുള്ള നിയന്ത്രണത്തിനുള്ള കാരണം, സാമ്പത്തിക വർഷത്തിനെ തുടർന്നു വരുന്ന സെപ്തംബർ മാസത്തിനുശേഷം സമർപ്പിച്ച റിട്ടേണുകളിൽ മാറ്റം വരുത്താൻ അനുവദനീയമല്ലാത്തതിനാലാണ്. സെപ്റ്റംബർ മാസത്തിന് മുമ്പേ വാർഷിക റിട്ടേൺ ഫയൽ ചെയ്താൽ അതിനുശേഷം ഒരു മാറ്റവും ചെയ്യാന് പറ്റുന്നതല്ല.

**ചോ. 29**) :- ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കാത്ത നെഗറ്റീവ് ലിസ്റ്റ് (Negative list) ഉണ്ടോ?

ഉ മാതൃകാ നിയമത്തിൻറെ വകുപ്പ് 16(9) പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമല്ലാത്തവയുടെ നെഗറ്റീവ് ലിസ്റ്റ് നല്കിയിട്ടുണ്ട്. താഴെ പറയുന്ന ഇനങ്ങളിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ കഴിയുന്നതല്ല.

a) താഴെ പറയുന്ന നികുതിവിധേയമായ സേവനങ്ങൾക്ക് അല്ലാതെയുള്ള മോട്ടോർ വാഹനങ്ങൾ

i) യാത്രക്കാരുടെ സഞ്ചാരാവശ്യങ്ങൾക്ക്

ii) ചരക്ക് ഗതാഗതത്തിന്

iii) വാഹനം ഓടിക്കാനുള്ള പരിശീലനം നല്കുന്നതിനുള്ള ആവശ്യത്തിന്

b) ഭക്ഷണപാനീയങ്ങൾ, ഔട്ഡോർ കേറ്ററിംഗ്, സൗന്ദര്യ ചികിത്സ, ആരോഗ്യസേവനങ്ങൾ, കോസ്മെറ്റിക് ആൻഡ് പ്ലാസ്റ്റിക് സർജറി, ക്ലബ്ബുകളിലെ അംഗത്വം, ഹെൽത്ത് ആൻഡ് ഫിറ്റ്നസ് സെൻറർ ലൈഫ് ഇൻഷുറൻസ്, ഹെൽത്ത് ഇൻഷുറൻസ്, ലീവ് ട്രാവൽ കൺസെഷൻ പോലെയുള്ള അവധിയിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന യാത്രാനുകൂല്യങ്ങൾ എന്നിവയിലേക്കുള്ള വസ്തുക്കളും സേവങ്ങളും, അവ വ്യക്തിപരമായ ഉപയോഗത്തിനോ ഏതെങ്കിലും ഉദ്യോഗസ്ഥൻറെ ഉപയോഗത്തിനോ നൽകിയത് ആയാൽ

c) പ്ലാൻറ്റ് ആൻഡ് മെഷിനറി അല്ലാതെ ഉള്ള സ്ഥാവര വസ്തുക്കളുടെ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുന്ന ഒരാൾക്ക്, അത്തരത്തിലുള്ള കരാറിലേർപ്പെടുന്നതിനാവശ്യമായ വസ്തുക്കളും സേവനങ്ങളും

(d) പ്ലാൻറ്റ് ആൻഡ് മെഷിനറി അല്ലാതെയുള്ള സ്ഥാവരവസ്തുക്കളുടെ നിർമ്മാണത്തിന് വേണ്ടി ഉപയോഗിച്ച, മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാത്ത, ചരക്കുകൾ.

e) വകുപ്പ് 8 പ്രകാരം നികുതി അടച്ച വസ്തുക്കളും സേവനങ്ങളും

f) വ്യക്തിപരമായതോ സ്വകാര്യമായതോ ആയ ഉപഭോഗത്തിന് ഉപയോഗിച്ച വസ്തുക്കളും സേവനങ്ങളും.

**ചോ.30)** മാതൃകാ നിയമത്തിൻറ്റെ വകുപ്പ് 29 പ്രകാരം സേവനം ലഭിച്ച ആൾ അയാളുടെ റിട്ടേണിൽ സമർപ്പിച്ച ഇൻവേഡ് ഡീറ്റൈലും (inward detail ) സേവനം നല്കിയ ആൾ സമർപ്പിച്ച ഔട്ട്‌വേഡ് ഡീറ്റൈലും (outward detail ) തമ്മിൽ പൊരുത്തപ്പെടുമ്പോൾ മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അംഗീകരിക്കുകയുള്ളൂ. ഇവ തമ്മിൽ പൊരുത്തമില്ലാതായാൽ എന്തു സംഭവിക്കും?

ഉ. അത്തരം സന്ദർഭങ്ങളിൽ സപ്ലയർ രണ്ടു മാസത്തിനകം ഈ വ്യത്യാസം പരിഹരിക്കേണ്ടതാണ്. തുടർന്നും ഈ പൊരുത്തക്കേട് തുടരുകയാണെങ്കിൽ സ്വീകർത്താവ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചടയ്ക്കേണ്ടതാണ്.

**ചോ.31)** ഒരു നികുതി ദാതാവ് സപ്ലൈ ചെയ്ത ക്യാപിറ്റൽ ഗുഡ്സിൻറ്റെ മേൽ ഉള്ള ടാക്സിൻറ്റെ ക്രെഡിറ്റ് എടുത്താൽ അതിൻറ്റെ പരിണിതഫലം എന്തായിരിക്കും?

ഉ. ) മാതൃകാ നിയമത്തിൻറ്റെ വകുപ്പ് 16(15) പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്ത ക്യാപിറ്റൽ ഗുഡ്സ് സപ്ലൈ ചെയ്യുകയാണെങ്കിൽ നികുതി ദാതാവ് അങ്ങനെ എടുക്കപ്പെട്ട ക്രെഡിറ്റിൽ നിന്നും ഇതുസംബന്ധമായി വ്യവസ്ഥചെയ്തിട്ടുള്ള അനുപാത പ്രകാരം ഉള്ളതിനെ കുറച്ച ശേഷമുള്ള ക്രെഡിറ്റോ, അല്ലെങ്കിൽ ആ കാപിറ്റൽ ഗുഡ്സിൻറ്റെ ട്രാൻസാക്ഷൻ വാല്യൂവിലുള്ള നികുതിയോ, ഏതാണ് കൂടുതൽ അതു തിരിച്ചടക്കേണ്ടതാണ്.

**ചോ. 32)** തെറ്റായി എടുത്ത ക്രെഡിറ്റ് വീണ്ടെടുക്കാനുള്ള സംവിധാനം എന്താണ്?

ഉ. ) മാതൃകാ നിയമത്തിൻറ്റെ വകുപ്പ് 16(16) പ്രകാരം തെറ്റായി എടുത്ത ക്രെഡിറ്റ് ഒരു രജിസ്റ്റേർഡ് നികുതി ദാതാവിൽ നിന്നും വകുപ്പ് 51 പ്രകാരം തിരിച്ചു പിടിക്കുന്നതാണ്.

# ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ എന്ന ആശയം ജി.എസ്.ടിയിൽ

# 11. ഇന്‌പുട്ട് സര്‌വ്വീസസ് വിതരണക്കാരൻ എന്ന ആശയം ജി.എസ്.ടിയിൽ

ചോ.1) ഇൻപുട്ട് സർവ്വീസ് വിതരണം ചെയ്യുന്നയാൾ (ISD)എന്നാൽ എന്താണ്?

ഉ: മാതൃകാ നിയമത്തിൻറെ 2(56) വകുപ്പ് അനുസരിച്ച് സേവനങ്ങൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് 23 പ്രകാരമുള്ള ഇൻവോയ്സുകൾ സ്വീകരിക്കുകയും, ലഭിച്ച ഇൻപുട്ട് ക്രെഡിറ്റ്, തങ്ങളുടെ അതേ പാൻ നമ്പറുള്ള മറ്റ് ചരക്ക് സേവനദാതാക്കൾക്ക് വിതരണം ചെയ്യാൻവേണ്ടി ഇൻവോയ്സോ മറ്റ് നിശ്ചിത ഡോക്യുമെൻറ്റോ പുറപ്പെടുവിക്കുകയും ചെയ്യുന്ന ചരക്ക്സേവനദാതാക്കളെയാണ് ഇൻപുട്ട് ക്രെഡിറ്റ് വിതരണക്കാരൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത്തരത്തിൽ ക്രെഡിറ്റ് വിതരണം ചെയ്യുമ്പോൾ  ഒരു സേവനദാതാവിനു തുല്യമായിട്ടാണ് ഐഎസ്ഡി - യെ പരിഗണിക്കുന്നത്.

2. ഇൻപുട്ട് സർവ്വീസ് വിതരണക്കാരനായി രജിസ്റ്റർ ചെയ്യാൻ എന്തൊക്കെ ആവശ്യമുണ്ട്?

ഉ: വകുപ്പ് 19, പട്ടിക IIIൻറെ പാരാ 5(vii) എന്നിവയനുസരിച്ച്, ഇൻപുട്ട് സർവ്വീസ് വിതരണക്കാരൻ, ഒരു സേവനദാതാവ് എന്ന പോലെ കരുതി രജിസ്ട്രേഷൻ എടുക്കേണ്ടതാകുന്നു. നികുതിരഹിതവരുമാനപരിധി ഇവർക്കു ബാധകമല്ല. അതായത് വരുമാന പരിധി പരിഗണിക്കാതെ എല്ലാവരും രജിസ്ട്രേഷൻ എടുക്കണം. സേവന നികുതി നിയമപ്രകാരം നിലവിലുള്ള രജിസ്ട്രേഷൻ പുതിയ GST സമ്പ്രദായത്തിലേക്ക് മാറ്റപ്പെടുന്നതല്ല. നിലവിലുള്ള എല്ലാ ഇൻപുട്ട് സർവ്വീസ് വിതരണക്കാരും, അതു തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പുതിയ നിയമപ്രകാരമുള്ള പുതിയ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

ചോ.3) ക്രെഡിറ്റ് വിതരണം സംബന്ധിച്ചുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും എന്തൊക്കെയാണ്?

ഉ: ക്രെഡിറ്റിൻറെ വിതരണം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമാണ്.

എ) ടാക്സ് ഇൻവോയ്സ് അല്ലെങ്കിൽ തത്തുല്യമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡോക്യുമെൻറ്റ് മുഖേന മാത്രമേ ക്രെഡിറ്റ് വിതരണം ചെയ്യാൻ പാടുള്ളൂ.

ബി) വിതരണം ചെയ്യുന്ന ക്രെഡിറ്റ് തുക, ലഭ്യമായ ക്രെഡിറ്റ് തുകയെക്കാൾ അധികമാകാൻ പാടില്ല.

സി) സർവ്വീസുമായി ബന്ധമുള്ള ദാതാക്കൾക്ക് മാത്രമേ ക്രെഡിറ്റ് വിതരണം ചെയ്യാൻ പാടുള്ളൂ.

ഡി) ഒന്നിലധികം ദാതാക്കളുമായി ബന്ധപ്പെടുത്താവുന്ന സേവനങ്ങളുടെ ക്രെഡിറ്റ് വിതരണം ചെയ്യുമ്പോൾ, ഓരോരുത്തർക്കും കഴിഞ്ഞ

വർഷമുണ്ടായിരുന്ന വിറ്റുവരവിന് ആനുപാതികമായി വിതരണം ചെയ്യേണ്ടതാകുന്നു.

ചോ. 4) ഇൻപുട്ട് സർവ്വീസ് വിതരണം ചെയ്യുന്ന ആൾ റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ടോ?

ഉ: ചെയ്യണം. മാതൃകാനിയമത്തിൻറെ വകുപ്പ് 27(6) അനുസരിച്ച് ഓരോ മാസത്തെയും റിട്ടേൺ GSTR-6 എന്ന ഫോമിൽ അടുത്തമാസം 13-)o തീയതിക്കകം ഫയൽ ചെയ്യേണ്ടതാണ്.

ചോ.5) ഒരേ കമ്പനിക്ക് ഒന്നിലധികം ISD രജിസ്ട്രേഷൻ എടുക്കാമോ?

ഉ: എടുക്കാം. മാർക്കറ്റിംഗ് വിഭാഗം, സുരക്ഷാവിഭാഗം, തുടങ്ങിയ വ്യത്യസ്ത ഡിവിഷനുകൾ ഉള്ളപ്പോൾ ഓരോന്നിനും പ്രത്യേകം ISD രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

ചോ. 6) തെറ്റായി വിതരണം ചെയ്യപ്പെട്ട ക്രെഡിറ്റ്, അധികം ക്രെഡിറ്റ് തുടങ്ങിയവ തിരിച്ചു പിടിക്കാൻ വ്യവസ്ഥകളുണ്ടോ?

ഉ: 51-)o വകുപ്പ് പ്രകാരം വിതരണം ചെയ്ത ക്രെഡിറ്റ് തെറ്റായിവിതരണം ചെയ്തിട്ടുണ്ടെങ്കിൽ വകുപ്പ് 18(1), 18(2) എന്നിവ അനുസരിച്ച് വിതരണം ചെയ്ത ദാതാവിൽ നിന്നോ അതല്ലെങ്കിൽ ക്രെഡിറ്റ് സ്വീകരിച്ച ആളിൽ നിന്നോ തിരിച്ചു പിടിക്കാവുന്നതാണ്.

ചോ. 7) ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന്, CGST, IGST ക്രെഡിറ്റുകൾ വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന തങ്ങളുടെ യൂണിറ്റുകൾക്ക് IGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

ഉ: ചെയ്യാം. വകുപ്പ് 17(1) അനുസരിച്ച് (CGST ക്രെഡിറ്റ് IGST എന്ന നിലയിലും IGST ക്രെഡിറ്റ് IGST എന്നനിലയിലും വ്യത്യസ്ത സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന തങ്ങളുടെ യൂണിറ്റുകൾക്ക് വിതരണം ചെയ്യാവുന്നതാണ്.

ചോ.8) SGST ക്രെഡിറ്റ്, IGST ക്രെഡിറ്റായി വ്യത്യസ്ത സംസ്ഥാനങ്ങളിലുള്ള യൂണിറ്റുകൾക്ക് വിതരണം ചെയ്യാമോ?

ഉ: ചെയ്യാം, ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന്, SGST ക്രെഡിറ്റ്, IGST ക്രെഡിറ്റായി വിതരണം ചെയ്യാവുന്നതാണ്. വകുപ്പ് 17(2).

ചോ.9) ഒരു ഇൻപുട്ട് ക്രെഡിറ്റ് വിതരണക്കാരന് CGST, IGST ക്രെഡിറ്റുകൾ CGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

ഉ: ചെയ്യാം. അതേ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന യൂണിറ്റുകൾക്ക് അപ്രകാരം വിതരണം ചെയ്യാവുന്നതാണ്.

ചോ.10) SGST, IGST ക്രെഡിറ്റുകൾ, SGST ക്രെഡിറ്റായി വിതരണം ചെയ്യാമോ?

ഉ. ചെയ്യാം. അതേ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന യൂണിറ്റുകൾക്ക് അപ്രകാരം വിതരണം ചെയ്യാവുന്നതാണ്.

ചോ.11) ഏതുതരം ഡോക്യുമെൻറ്റുകൾ ഉപയോഗിച്ച് ഒരു ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് ക്രെഡിറ്റ് വിതരണം ചെയ്യാം?

ഉ: അവ ഇതുവരെ നിശ്ചയിച്ചിട്ടില്ല. എന്നാൽ നിർദ്ദേശിക്കുന്ന ഡോക്യുമെൻറ് മുഖേന മാത്രമേ ക്രെഡിറ്റ് വിതരണം ചെയ്യാവൂ എന്ന് നിയമം അനുശാസിക്കുന്നുണ്ട്.

ചോ. 12) പൊതുവായി ഉപയോഗിച്ച സേവനങ്ങളുമായി ബന്ധപ്പെട്ട ക്രെഡിറ്റ്, എല്ലാ യൂണിറ്റുകൾക്കുമായി എങ്ങനെ വിതരണം ചെയ്യും?

ഉ: ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് ഇത് ആനുപാതികമായി ഓരോരുത്തർക്കും വിതരണം ചെയ്യാം. അതായത് ഓരോ യൂണിറ്റിൻറെയും വിറ്റുവരവും എല്ലാ യൂണിറ്റുകളുടെയും കൂടിയുള്ള മൊത്തം വിറ്റു വരവും തമ്മിലുള്ള അനുപാതം എത്രയാണോ അതേ അനുപാതത്തിൽ അതാത് യൂണിറ്റുകൾക്ക് ക്രെഡിറ്റ് വിതരണം ചെയ്യാവുന്നതാണ്.

ചോ. 13) ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് CGST/IGST ക്രെഡിറ്റുകൾ ----- എന്ന നിലയിൽ അന്യസംസ്ഥാനത്തേക്ക് വിതരണം ചെയ്യാവുന്നതാണ്.

a) IGST

b) CGST

c) SGST

ഉ: (a) IGST

ചോ. 14) ഇൻപുട്ട് സർവ്വീസ് വിതരണക്കാരന് CGST ക്രെഡിറ്റ് സംസ്ഥാനത്തിനകത്ത് --------എന്ന നിലയിൽ വിതരണം ചെയ്യാവുന്നതാണ്.

a) IGST

b) CGST

c) SGST

d) മേൽപ്പറഞ്ഞതിൽ ഏതുമാകാം.

ഉ: (b) CGST

ചോ. 15 ഒന്നിലധികം സപ്ലൈയർമാർ ഉപയോഗിക്കുന്ന ഇൻപുട്ട് സേവനങ്ങളുടെ ടാക്സ് ക്രഡിറ്റ് --------------

a) അത്തരം സേവനം ഉപയോഗിച്ചിട്ടുള്ള സപ്ലൈയർമാരുടെ ആ സംസ്ഥാനത്തെ വിറ്റുവരവിൻറെ ആനുപാതികമായി വിതരണം ചെയ്യണം.

b) തുല്യമായി എല്ലാ സപ്ലൈയർമാർക്കും നൽകണം.

c) ഒരു സപ്ലൈയർക്ക് മാത്രമായി നൽകണം.

d) വിതരണം ചെയ്യാൻ പാടില്ല.

ഉ: (a). അത്തരം സേവനം ഉപയോഗിച്ചിട്ടുള്ള സപ്ലൈയർമാരുടെ ആ സംസ്ഥാനത്തെ വിറ്റുവരവിൻറെ ആനുപാതികമായി വിതരണം ചെയ്യണം.

ചോ.16) അർഹിക്കുന്നതിലധികം ക്രെഡിറ്റ് വിതരണം ചെയ്താൽ തിരിച്ച് പിടിക്കാൻ ഡിപ്പാർട്ട്മെൻറ്റിനു കഴിയുമോ?

ഉ: കഴിയും. അധികമായി വിതരണം ചെയ്ത ക്രെഡിറ്റ് ബന്ധപ്പെട്ട ഇൻപുട്ട് സർവ്വീസ് വിതരണക്കാരനിൽ നിന്ന് പലിശ സഹിതം തിരിച്ചുപിടിക്കാവുന്നതാണ്.

ചോ. 17) നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്രെഡിറ്റ് വിതരണം ചെയ്താലുള്ള അനന്തരഫലങ്ങൾ എന്താണ്?

ഉ: നിയമത്തിനു വിരുദ്ധമായി വിതരണം ചെയ്ത ക്രെഡിറ്റ് അത് സ്വീകരിച്ച യൂണിറ്റിൽ നിന്ന് പലിശ സഹിതം തിരിച്ചുപിടിക്കാവുന്നതാണ്.

# റിട്ടേൺ സമർപ്പണവും
# ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും

## 12. റിട്ടേൺ സമർപ്പണവും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒത്തുനോട്ടവും

ചോ. 1 :- റിട്ടേണുകളുടെ പ്രയോജനം എന്താണ്?

ഉ. :- (a) നികുതി വ്യവസ്ഥയിലേക്കുള്ള വിവര വിനിമയ മാർഗ്ഗം;

(b) നികുതി വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്നു നോക്കാനുള്ള (tax compliance) പരിശോധനാ പദ്ധതി;

(c) നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതിദായകൻ്റെ നികുതി ബാദ്ധ്യത തിട്ടപ്പെടുത്തൽ; നിർദ്ദിഷ്ട കാലയളവിലെ നികുതി ബാദ്ധ്യത പ്രസ്താവിക്കുക;

(d) നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടതായ വിവരങ്ങൾ നല്കുക;

(e) നികുതി വെട്ടിപ്പിനെതിരെയുള്ളതും (Anti-evasion) കണക്കു പരിശോധനയുമായും (Audit) ബന്ധപ്പെട്ട നികുതിവ്യവസ്ഥാ പദ്ധതികളുടെ നിർവ്വഹണം.

ചോ. 2 :- ചരക്കു സേവന നികുതി വ്യവസ്ഥയിൽ ആരൊക്കെ റിട്ടേണുകൾ സമർപ്പിക്കണം?

ഉ :- നികുതിയടക്കാനുള്ള വിറ്റുവരവു പരിധി കടക്കുന്ന എല്ലാ രജിസ്റ്റേഡ് നികുതിദായകരും. ഒരു സപ്ലയർ മൊത്തവരുമാനം ഒൻപത്‌ലക്ഷം കടക്കുമ്പോൾ ``രജിസ്റ്റർ'' ചെയ്യേണ്ടതുണ്ട്. എന്നാൽ, പത്തുലക്ഷം കടക്കുമ്പോൾ മാത്രമേ അയാൾ നികുതിയടക്കാൻ ബാധ്യസ്ഥനാകുന്നുള്ളൂ, അതുകൊണ്ട് ആ കാലയളവു മുതൽ. അന്തർസംസ്ഥാന സപ്ലൈയർമാർ (സംസ്ഥാനത്തിനു വെളിയിൽ സാധനമോ സേവനമോ നൽകുന്നവർ), ഉറവിടത്തിൽ നികുതി(TDS) പിടിക്കാൻ ബാദ്ധ്യസ്ഥരായവർ, ഇ – കോമെർസ് നടത്തിപ്പുകാർ, ഇ- കോമെർസ് നടത്തിപ്പുകാരിലൂടെ ചരക്കുകൾ സപ്ലൈ ചെയ്യുന്നവർ തുടങ്ങി മറ്റു ചില വിഭാഗം ആളുകൾ നിർബന്ധമായും `രജിസ്റ്റർ' ചെയ്യേണ്ടതും അതുകൊണ്ട് അവർ റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. (ഷെഡ്യൂൾ III ഉം രജിസ്ട്രേഷൻ എന്ന അദ്ധ്യായത്തിലെ ചോദ്യം 6-ഉം നോക്കുക).

ചോ. 3 :- പുറത്തേക്കുള്ള സപ്ലൈ (Outward Supply) സംബന്ധിച്ച് എന്തൊക്കെ വിവരങ്ങളാണ് റിട്ടേണിൽ സമർപ്പിക്കേണ്ടത്?

ഉ. :- രജിസ്ട്രേഷനുള്ള ഒരു സാധാരണ നികുതിദായകൻ GSTR- 1 ൽ ഒരു മാസത്തിൽ നടത്തിയ വിവധതരം സപ്ലൈകളുമായി ബന്ധപ്പെട്ട വിവരങ്ങൾ അതായത്, രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കുള്ള സപ്ലൈ, രജിസ്റ്റർ ചെയ്യാത്തവർക്കുള്ള (consumers) സപ്ലൈ, ക്രെഡിറ്റ് / ഡെബിറ്റ് നോട്ടുകൾ,

ശൂന്യനികുതിയിലുള്ളതും ഒഴിവാക്കപ്പെട്ടതും ചരക്കുസേവന നികുതിയിൽപ്പെടാത്തതുമായ സപ്ലൈകൾ, കയറ്റുമതി, വരുംകാല സപ്ലൈയുമായി ബന്ധപ്പെട്ടു ലഭിച്ച മുൻകൂർ തുക, തുടങ്ങിയ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

ചോ. 4 :- GSTR- 1 നൊപ്പം ഇൻവോയ്സുകളുടെ `സ്കാൻ' ചെയ്ത പകർപ്പുകൾ സമർപ്പിക്കേണ്ടതുണ്ടോ ?

ഉ. :- ഇൻവോയ്സുകളുടെ സ്കാൻ' ചെയ്ത പകർപ്പുകൾ സമർപ്പിക്കേണ്ടതില്ല. അവയിലുള്ള നിർദ്ദിഷ്ട വിവരങ്ങൾ മാത്രമേ സമർപ്പിക്കേണ്ടതുള്ളൂ.

ചോ. 5 :- എല്ലാ ഇൻവോയ്സുകളും അപ്‌ലോഡ് ചെയ്യേണ്ടതുണ്ടോ ?

ഉ. :- ഇല്ല. അത് പുറത്തേക്കുള്ള സപ്ലൈ വ്യാപാരികൾ തമ്മിലുള്ളതോ (B2B), അല്ലെങ്കിൽ വ്യാപാരിയും ഉപഭോക്താക്കളുമായുള്ളതോ (B2C) ഒരേ സംസ്ഥാനത്തിനുള്ളിലുള്ളതോ അന്തർ സംസ്ഥാനമാണോ എന്നൊക്കെയുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

വ്യാപാരികൾ തമ്മിലുള്ള ഇടപാടുകളിൽ(B2B) എല്ലാത്തരത്തിലുള്ള ഇൻവോയ്സുകളും സമർപ്പിക്കേണ്ടതാണ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, സ്വീകർത്താക്കൾ ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) എടുക്കുന്നതുകൊണ്ട് ഇൻവോയ്സുകൾ ഒത്തുനോക്കേണ്ടതായി വരുന്നു.

വ്യാപാരികൾ ഉപഭോക്താവിനു(B2C) കൊടുക്കുന്നവയിൽ സ്വീകർത്താവ് `ക്രെഡിറ്റ്' എടുക്കാത്തതുകൊണ്ട് പൊതുവേ അത്തരം ഇൻവോയ്സുകൾ അപ്‌ലോഡ് ചെയ്യേണ്ടതില്ല. എങ്കിലും, ലക്ഷ്യാധിഷ്ഠിത നികുതി (Destination based tax) തത്വങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി ഇത്തരത്തിലുള്ള അന്തർ സംസ്ഥാന B2B സപ്ലൈയിൽ രണ്ടരലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള ഇൻവോയ്സുകൾ സമർപ്പിക്കേണ്ടതുണ്ട്. രണ്ടരലക്ഷത്തിൽ താഴെ മൂല്യമുള്ള അന്തർ സംസ്ഥാന ഇൻവോയ്സുകളിലും ഒരേ സംസ്ഥാനത്തിനുള്ളിലുള്ള ഇൻവോയിസുകളിലും സംസ്ഥാനതലത്തിൽ വേർതിരിച്ചുള്ള സംഗ്രഹം പര്യാപ്തമാണ്.

ചോ.6:- ഇൻവോയ്സിലെ ഓരോ ഇനത്തിൻ്റെയും വിവരണം സമർപ്പിക്കേണ്ടതുണ്ടോ ?

ഉ. :- ഇല്ല. വിവരണം സമർപ്പിക്കേണ്ടതില്ല. ചരക്കുകളുടെ 'HSN കോഡുകളും' സേവനങ്ങളുടെ അക്കൗണ്ടിംങ് കോഡുകളും സമർപ്പിക്കേണ്ടതുണ്ട്. സമർപ്പിക്കുന്നയാൾ `അപ്‌ലോഡ്' ചെയ്യേണ്ട അക്കങ്ങളുടെ എണ്ണം അയാളുടെ മുൻവർഷത്തെ വിറ്റു വരവിനെ ആശ്രയിച്ചിരിക്കുന്നു.

ചോ.7:- ഓരോ ഇടപാടിൻ്റെയും മൂല്യം കാണിക്കേണ്ടതുണ്ടോ? പ്രതിഫലമില്ലെങ്കിലോ ?

ഉ. :- വേണം. മൂല്യം മാത്രമല്ല, നികുതിയോഗ്യമൂല്യവും കാണിക്കേണ്ടതുണ്ട്. ചില സാഹചര്യങ്ങളിൽ രണ്ടും വ്യത്യസ്തമാകാം. പ്രതിഫലമില്ലാതെ, ഷെഡ്യൂൾ ഒന്നിൻറെ അടിസ്ഥാനത്തിലുള്ള സപ്ലൈയാണെങ്കിലും നികുതിയോഗ്യമൂല്യം (Taxable value) സമർപ്പിക്കേണ്ടതുണ്ട്.

ചോ. 8:- സപ്ലയർ വിട്ടുപോയ വിവരങ്ങൾ `സ്വീകർത്താവിന്' അയാളുടെ GSTR-2 ൽ കാണിക്കാമോ ?

ഉ.:- കാണിക്കാം. സപ്ലയർ വിട്ടുപോയ വിവരങ്ങൾ സ്വീകർത്താവിന് ചേർക്കാം. അങ്ങനെയുള്ള ഇൻവോയ്സുകളിൽ താത്കാലികമായി ക്രെഡിറ്റും നല്കും, എന്നാൽ അത് ഒത്തുനോട്ടത്തിനു വിധേയമായിരിക്കും. ഒത്തുനോക്കുമ്പോൾ ആ ഇൻവോയ്സ് സപ്ലയർ `അപ്ലോഡ്' ചെയ്തിട്ടില്ലെങ്കിൽ രണ്ടുപേരേയും വിവരം അറിയിക്കും. പൊരുത്തക്കേടു പരിഹരിക്കപ്പെട്ടാൽ ക്രെഡിറ്റ് സ്ഥിരപ്പെടുത്തും. എന്നാൽ അറിയിച്ചശേഷവും പൊരുത്തക്കേട് തുടർന്നാൽ താത്കാലികമായി നല്കിയ ക്രെഡിറ്റ് റദ്ദാക്കും.

ചോ.9:-നികുതിദായകൻ എന്തെങ്കിലും വിവരങ്ങൾ GSTR-2 ൽ ചേർക്കേണ്ടതുണ്ടോ? അതോ GSTR-1 ൽ നിന്നും അതിലേക്കു വിവരങ്ങൾ ചേക്കേറിക്കൊള്ളുമോ (auto-populate) ?

ഉ. :- വലിയ ഒരു ഭാഗം വിവരങ്ങൾ GSTR-2 ൽ ചേക്കേറിക്കൊള്ളുമെങ്കിലും ഇറക്കുമതി, രജിസ്റ്റർ ചെയ്യാത്തതോ കോമ്പോസിഷൻ രീതി സ്വീകരിച്ചതോ ആയ ദാതാവ്/ ശൂന്യ നികുതി / ചരക്കു സേവന നികുതിയിതര / നികുതി രഹിത സപ്ലയർ തുടങ്ങിയവയുടെ വിശദാംശങ്ങൾ സ്വീകർത്താവിനേ, പൂരിപ്പിക്കാനാവൂ.

ചോ.10:- ഇൻവോയ്സുകൾ പൊരുത്തപ്പെട്ടില്ലെങ്കിൽ `ക്രെഡിറ്റ്' കൊടുക്കുമോ നിഷേധിക്കുമോ ? നിഷേധിക്കുമെങ്കിൽ സപ്ലയർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുക.

ഉ.:- GSTR-2 ലുള്ള ഇൻവോയ്സുകൾ സപ്ലൈയറുടെ GSTR-1 മായി പൊരുത്തപ്പെട്ടിട്ടില്ലെങ്കിൽ രണ്ടു കൂട്ടരേയും വിവരമറിയിച്ചിട്ടും പൊരുത്തക്കേടു പരിഹരിക്കപ്പെടാതെ തുടരുന്നപക്ഷം, ഇൻപുട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതു റദ്ദാക്കും. പൊരുത്തക്കേട് രണ്ടു കാരണങ്ങൾ കൊണ്ടുണ്ടാകാം. ഒന്നാമതായി സ്വീകർത്താവിൻറെ ഭാഗത്തു നിന്നുണ്ടായ അബദ്ധം. ഇതിൽ കൂടുതലായി ഒരു നടപടിയും ആവശ്യമാകുന്നില്ല. രണ്ടാമതായി, ആ ഇൻവോയ്സ് സപ്ലയർ നൽകിയിരിക്കാം, പക്ഷേ, അയാൾ അത് അപ്ലോഡു ചെയ്യുകയോ നികുതിയടക്കുകയോ ചെയ്തിരിക്കില്ല. ഇത്തരം സാഹചര്യങ്ങളിൽ സപ്ലയർക്കെതിരെ `വസൂലാക്കൽ'(recovery) നടപടിയെടുക്കാം. ചുരുക്കത്തിൽ സപ്ലയർ സപ്ലൈ നടത്തുകയും നികുതിയടക്കാതിരിക്കുകയും ചെയ്ത എല്ലാ പൊരുത്തക്കേടുകളും തുടർ നടപടികളിലേക്കു നയിക്കും.

ചോ. 11:- ദാതാവ് അബദ്ധം തിരിച്ചറിഞ്ഞു വിവരങ്ങൾ രേഖപ്പെടുത്തിയാൽ തിരിച്ചു പിടിച്ച (Reverse ചെയ്ത) ITC യുടെ നിയമപരമായ അവസ്ഥ എന്തായിരിക്കും?

ഉ. :- അടുത്ത സാമ്പത്തിക വർഷത്തിലെ സെപ്തംബറിനു മുമ്പായി ഏതു സമയത്തും ദാതാവിന് വിട്ടുപോയ ഇൻവോയ്സുകൾ അപ്ലോഡ് ചെയ്യാവുന്നതും, അവയുടെ മേലുള്ള നികുതിയും പലിശയും അയാൾ ഇൻവോയ്സ് അപ്ലോഡ് ചെയ്യുന്ന മാസത്തെ GSTR-3ൽ അടക്കാവുന്നതുമാണ്. സ്വീകർത്താവിന് അപ്പോൾ സ്വയമേവ അതിന്മേലുള്ള ITC ലഭിക്കുകയും, സ്വീകർത്താവ് റിവേഴ്സ് ചെയ്തപ്പോൾ അടച്ച പലിശ GSTNൻറെ സ്വയം പ്രവർത്തിത സംവിധാനത്തിൻറെ ഫലമായി തിരികെ ലഭിക്കുകയും ചെയ്യും.

ചോ. 12 :- G.S.T.R. - 2 ൻറെ സവിശേഷത എന്താണ്?

ഉ:- സ്വീകർത്താവിനു നൽകിയ ചരക്കിൻറെ/സേവനത്തിൻറെ വിശദാംശങ്ങൾ, സപ്ലയർ G.S.T.R.–1ൽ നല്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകർത്താവിൻറെ G.S.T.R.-2-വിലേക്ക് ചേക്കേറിക്കൊള്ളുമെന്നതാണ് അതിൻറെ സവിശേഷത.

ചോ. 13:- നിഷേധിച്ച ITC പുനഃസ്ഥാപിക്കാനാവുമോ?

ഉ: സപ്ലയർ Reversal നു ശേഷം അടുത്ത സെപ്തംബറിനു മുമ്പായി ഇൻവോയ്സ് അപ്ലോഡ് ചെയ്യുകയാണെങ്കിൽ റിവേഴ്സ് ചെയ്യപ്പെട്ട ക്രെഡിറ്റ് പുനഃസ്ഥാപിക്കപ്പെടുന്നതിനൊപ്പം റിവേഴ്സ് ചെയ്തപ്പോഴടച്ച പലിശ തിരികെ നല്കുകയും ചെയ്യും.

ചോ. 14:- കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകരും G.S.T.R.-1 ഉം G.S.T.R. - 2 ഉം സമർപ്പിക്കേണ്ടതുണ്ടോ?

ഉ:- ഇല്ല. കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകർ കൊടുക്കുന്നതിൻറെയോ വാങ്ങുന്നതിൻറെയോ റിട്ടേണുകൾ നല്കേണ്ടതില്ല. അവർ G.S.T.R. - 4 ലുള്ള ത്രൈമാസിക റിട്ടേണുകൾ ഓരോ ത്രൈമാസത്തിനും ശേഷമുള്ള മാസത്തിൻറെ 1-)o തീയതി സമർപ്പിക്കേണ്ടതുണ്ട്. അവർ ITC ക്ക് അർഹരല്ലാത്തതുകൊണ്ട് G.S.T.R.-2നോ, അവർ, ക്രെഡിറ്റ് അവരുടെ സ്വീകർത്താക്കൾക്ക് കൈമാറ്റം ചെയ്യാത്തതുകൊണ്ട് G.S.T.R.-1നോ പ്രസക്തിയില്ല. അവരുടെ റിട്ടേണിൽ തങ്ങൾ പുറത്തേക്ക് സപ്ലൈ ചെയ്തതിൻറെ സംക്ഷിപ്തവിവരണവും നികുതിയടച്ചതിൻറെ വിശദാംശവും നല്കേണ്ടതുണ്ട്. അവർ വാങ്ങിയ വസ്തുക്കളുടെ വിശദാംശങ്ങളും അവരുടെ ത്രൈമാസിക റിട്ടേണിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇവയിൽ പലതും സ്വയമേ വന്നു ചേർന്നുകൊള്ളും.

ചോ. 15:- ഇൻപുട്ട് സർവ്വീസ് വിതരണക്കാർ (ISD) കൊടുക്കലിനും വാങ്ങലിനും പ്രത്യേക പ്രസ്താവനകൾ തങ്ങളുടെ റിട്ടേണുകളോടൊപ്പം സമർപ്പിക്കേണ്ടതുണ്ടോ?

ഉ:- ഇല്ല; അവർ സേവനദാതാക്കളിൽ നിന്നു കിട്ടിയ ക്രെഡിറ്റും അനുബന്ധഓഫീസുകൾക്കു (Subsidiaries) വിതരണം ചെയ്ത ക്രെഡിറ്റും അടങ്ങുന്ന G.S.T.R. - 6 എന്ന റിട്ടേൺ സമർപ്പിച്ചാൽ മതിയാകും. അവരുടെ റിട്ടേണിൽ ഇത്തരം വിവരങ്ങൾ ഉള്ളതുകൊണ്ട് കൊടുക്കലിനും വാങ്ങലിനുമായി പ്രത്യേക പ്രസ്താവനകൾ സമർപ്പിക്കേണ്ടതില്ല.

ചോ.16:- ഒരു നികുതിദായകന് അയാൾക്കുവേണ്ടി ഉറവിടത്തിൽ പിടിക്കപ്പെട്ട നികുതിയുടെ ക്രെഡിറ്റ് എങ്ങിനെ ലഭിക്കും? പിടിച്ചവരിൽ നിന്നുമുള്ള സാക്ഷ്യപത്രം ഇതിലേക്കായി സമർപ്പിക്കേണ്ടതുണ്ടോ?

ഉ:- ചരക്കു സേവനനികുതിയിൽ ഉറവിടത്തിൽ നികുതി പിരിക്കുന്നവർ ആരിൽ നിന്നൊക്കെയാണ് നികുതി പിരിച്ചതെന്നുള്ളതിൻറെ വ്യക്തിഗത വിവരങ്ങൾ പിരിച്ചമാസത്തിനുശേഷമുള്ള മാസം 10-)ം തീയതിക്കു മുമ്പേ GSTR - 7 റിട്ടേണിൽ സമർപ്പിക്കുന്നുണ്ട്. അയാൾ ഇങ്ങനെ സമർപ്പിക്കുന്ന വിവരങ്ങൾ സ്വമേധയാ, പിരിച്ചെടുക്കപ്പെട്ടവരുടെ GSTR-2ൽ ചേക്കേറിക്കൊള്ളും. അയാൾക്ക് വേണ്ടി ഉറവിടത്തിൽ പിടിച്ച നികുതിയുടെ `ക്രെഡിറ്റ്' ലഭിക്കുന്നതിന് നികുതിദായകൻ അയാളുടെ GSTR - 2 ൽ ഈ വിവരങ്ങൾ സ്ഥിരീകരിക്കേണ്ടതുണ്ട്. ക്രെഡിറ്റെടുക്കുന്നതിന് അയാൾ ഒരു സാക്ഷ്യപത്രവും ഹാജരാക്കേണ്ടതില്ല. പൊതു പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന സാക്ഷ്യപത്രം നികുതിദായകന് പ്രമാണമായി സൂക്ഷിക്കുന്നതിനു വേണ്ടിയുള്ളതാണ്.

ചോ. 17:- ആരൊക്കെയാണ് വാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടത്?

ഉ :- GSTR-1 മുതൽ 3 വരെയുള്ള റിട്ടേണുകൾ സമർപ്പിക്കുന്ന നികുതിദായകരിൽ, താത്കാലിക നികുതിദായകരും, കോമ്പോസിഷൻ സ്കീമിലുള്ള നികുതിദായകരും ഒഴികെയുള്ളയെല്ലാവരും വാർഷിക സ്ഥിതി വിവരകണക്കുകൾ സമർപ്പിക്കേണ്ടതുണ്ട്. താത്കാലിക നികുതിദായകരും വിദേശ വാസികളായ നികുതിദായകരും ഇൻപുട്ട് സർവീസ് വിതരണക്കാരും (I.S.D.) ഉറവിടത്തിൽ നികുതി പിടിക്കാൻ ചുമതലപ്പെട്ടവരും വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതില്ല.

ചോ.18 :- വാർഷിക റിട്ടേണും അന്തിമ റിട്ടേണും ഒന്നു തന്നെയാണോ?

ഉ :- അല്ല, സാധാരണ നികുതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാം വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ റദ്ദാക്കാൻ അപേക്ഷിച്ചിട്ടുള്ള നികുതിദായകർ മാത്രമേ അന്തിമ റിട്ടേൺ സമർപ്പിക്കേണ്ടതുള്ളു. ഇത് റദ്ദാക്കുന്ന തീയതിക്കോ റദ്ദാക്കൽ ഉത്തരവിൻറെ തീയതിക്കോ മൂന്നുമാസത്തിനകം സമർപ്പിക്കേണ്ടതുണ്ട്.

ചോ.19:- റിട്ടേൺ സമർപ്പിച്ച് കഴിഞ്ഞാൽ അതിലെന്തെങ്കിലും വ്യതിയാനങ്ങൾ വരുത്തേണ്ടതായിട്ട് ഉണ്ടെങ്കിൽ അതെങ്ങനെയാണ് പുതുക്കേണ്ടത് ?

ഉത്തരം:- ചരക്കുസേവന നികുതിയിൽ ഓരോ ഇടപാടിൻറെയും വിശദാംശങ്ങളിൽ നിന്ന് റിട്ടേൺ ഉണ്ടാക്കുന്നതുകൊണ്ട് അത് പുതുക്കേണ്ട ആവശ്യമില്ല. ഒരു കൂട്ടം ഇൻവോയിസുകളോ, ഡെബിറ്റ്/ക്രഡിറ്റ് നോട്ടുകളോ മാറ്റേണ്ടതുകൊണ്ടാകാം ഒരു റിട്ടേൺ പുതുക്കേണ്ടതായി വരുന്നത്. സമർപ്പിച്ച് കഴിഞ്ഞ റിട്ടേൺ പുതുക്കുന്നതിനുപകരം വ്യതിയാനങ്ങൾ വരുത്തേണ്ട ഇടപാടുകളിൽ (ഇൻവോയിസുകൾ, ക്രഡിറ്റ് / ഡെബിറ്റ് നോട്ടുകൾ) മാറ്റം വരുത്താൻ കഴിയും. ഇത്തരം വ്യതിയാനങ്ങൾ പിന്നീടുള്ള G.S.T.R.-I അല്ലെങ്കിൽ G.S.T.R.-2ൽ (നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള വിശദാംശങ്ങളിൽ വ്യതിയാനങ്ങൾ വരുത്താനായി നല്കിയിട്ടുള്ള പട്ടികകളിൽ) വരുത്താവുന്നതാണ്.

ചോ. 20 :- നികുതിദായകർക്ക് അവരുടെ റിട്ടേൺ എങ്ങനെ സമർപ്പിക്കാൻ കഴിയും?

ഉ :- നികുതിദായകർക്ക് റിട്ടേണുകളും പ്രസ്താവനകളും സമർപ്പിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. ഇലക്ട്രോണിക് മാധ്യമത്തിലൂടെ (Online) റിട്ടേണും പ്രസ്താവനകളും നേരിട്ട് സമർപ്പിക്കാം. പക്ഷേയിത് വളരെയേറെ ഇൻവോയിസുകളുള്ള നികുതിദായകർക്ക് ക്ലേശകരവും ഏറെ സമയമെടുക്കുന്നതുമായിരിക്കും. അങ്ങനെയുള്ള നികുതിദായകർക്ക് ചേക്കേറിയിട്ടുള്ള വിശദാംശങ്ങൾ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തശേഷം ബാക്കി വിശദാംശങ്ങൾ ഉൾപ്പെടുത്തി പൊതുപോർട്ടലിൽ അപ്‌ലോഡ് ചെയ്യാവുന്ന ഓഫ്‌ലൈൻ യുട്ടിലിട്ടി ലഭ്യമാക്കുന്നതാണ്. പൊതു പോർട്ടലുമായി സമന്വയിക്കുന്ന G.S.T. സുവിധാ പ്രൊവൈഡേർസ് (GSP) ന്റെ ഒരു സമൂഹം G.S.T.N. വികസിപ്പിച്ചിട്ടുണ്ട്.

ചോ.21:- കർമോദ്യുക്തരായ നികുതിദായകർ ചരക്കുസേവന നികുതി നിയമത്തിന് അനുസൃതമായി പ്രശ്നരഹിതമായി പോകാൻ എന്തെല്ലാമാണ് ഉറപ്പുവരുത്തേണ്ടത്?

ഉ :- വില്പനകളുടെ വിശദാംശങ്ങൾ G.S.T.R.- 1 ഫോറത്തിൽ പിന്നത്തെ മാസം പത്താം തീയതിയോടെ അപ്‌ലോഡ് ചെയ്യുകയെന്നുള്ളത് ചരക്ക് സേവനനികുതിയിൽ പരമപ്രാധാന്യമുള്ള സംഗതികളിൽ ഒന്നാണ്. ഇത് എത്രത്തോളം ഉറപ്പിക്കാമെന്നുള്ളത് നികുതിദാതാവ് വ്യാപാരികൾക്ക് (B2B) നൽകുന്ന ഇൻവോയിസുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. ഈ എണ്ണം കുറവാണെങ്കിൽ നികുതിദായകന് ഒറ്റയടിക്കു തന്നെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യാൻ പറ്റും. എന്നാൽ ഇൻവോയിസുകളുടെയെണ്ണം അധികമാണെങ്കിൽ ഇൻവോയിസ് (അഥവാ ഡെബിറ്റ് / ക്രഡിറ്റ് നോട്ടുകൾ) കൃത്യമായ ഇടവേളയിൽ അപ്‌ലോഡ് ചെയ്യണം. G.S.T.N. ഇൻവോയിസുകളുടെ അതാത് സമയത്തുള്ള അപ്‌ലോഡിംഗ് പോലും അനുവദിക്കുന്നുണ്ട്.

പ്രസ്താവനകൾ സമർപ്പിക്കുന്നതുവരെ നികുതിദായകന് അപ്‌ലോഡ് ചെയ്ത ഇൻവോയിസുകളിൽ വ്യതിയാനങ്ങൾ വരുത്താൻ സാധിക്കും. അതുകൊണ്ട് കൃത്യനിഷ്ഠയോടെ ഇൻവോയിസുകൾ അപ്‌ലോഡ് ചെയ്യുന്നത് നികുതിദായകർക്ക് എപ്പോഴും ഗുണകരമാണ്. അവസാന നിമിഷത്തെ തിരക്ക് അപ്‌ലോഡിംഗ് ദുഷ്കരമാക്കുകയും ശ്രമം വിഫലമാകാനും തെറ്റുകൾ വരുവാനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

രണ്ടാമത്തെക്കാര്യം, സപ്ലൈയർമാർ നല്കിയ ഇൻവോയിസുകൾ അപ്‌ലോഡ് ചെയ്യുന്നുവെന്നത് നികുതിദായകൻ ഉറപ്പുവരുത്തണം. ഇൻപുട് ക്രെഡിറ്റ് തടസ്സവും താമസവുമില്ലാതെ കിട്ടുമെന്നുറപ്പാക്കാൻ ഇത് സഹായിക്കും. സ്വീകർത്താക്കൾക്ക് സപ്ലൈയർമാരെ അവരുടെ ഇൻവോയിസുകൾ അവസാനനിമിഷം ആവാതെ സമയാസമയം അപ്‌ലോഡ് ചെയ്യാൻ പ്രേരിപ്പിക്കാൻ കഴിയും. തങ്ങൾക്കുള്ള ഇൻവോയിസുകൾ ദാതാക്കൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സ്വീകർത്താക്കൾക്ക് G.S.T.N.-ൽ സാധിക്കും. ഒരു നികുതിദായകൻറെ നികുതി വിധേയത്വം ഉൾപ്പെടെയുള്ള പ്രവർത്തനരീതികൾ പ്രത്യേകിച്ചും സമയത്തിന് സപ്ലൈ ഇൻവോയിസ് അപ്‌ലോഡ് ചെയ്യുന്നതും മുൻപ് ആ സപ്ലയറുടെ ഇൻവോയിസിൻറെ സ്വയം പരിവർത്തനവും (auto-reversal) ഉൾപ്പെടെയുള്ള വിവരങ്ങൾ G.S.T.N. -ൽ ലഭ്യമാണ്. G.S.T. യുടെ പൊതു പോർട്ടലിൽ ഇന്ത്യയൊട്ടുക്കുള്ള വിവരങ്ങൾ ലഭ്യമാകുന്നത് നികുതിദായകർക്ക് വളരെ സഹായകരമാണ്. ഇൻവോയിസുകൾ ക്രമമായി അപ്‌ലോഡ് ചെയ്യുന്നത് എത്രയും എളുപ്പമാക്കുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുതക്ക പരിസ്ഥിതി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നികുതിദായകർ ഈ പരിസ്ഥിതിയെ എളുപ്പമുള്ളതും സുഗമവുമായ നികുതിവിധേയത്വത്തിന് ഉപയോഗപ്പെടുത്തേണ്ടതാണ്.

ചോ.22:-നികുതിദായകൻ സ്വന്തമായിത്തന്നെ റിട്ടേണുകൾ സമർപ്പിക്കണമെന്നത് നിർബന്ധിതമാണോ?

ഉ :- അല്ല. കേന്ദ്ര/സംസ്ഥാന നികുതി വകുപ്പുകൾ അംഗീകരിച്ചിട്ടുള്ള ഒരു ടാക്സ് റിട്ടേൺ പ്രിപ്പയറർ (TRP) മുഖേനയും ഒരു രജിസ്റ്റേർഡ് നികുതിദായകന് റിട്ടേണുകൾ സമർപ്പിക്കാം.

ചോ.23:- റിട്ടേണുകൾ വ്യവസ്ഥ ചെയ്തിട്ടുള്ള ദിവസത്തിനകം സമർപ്പിച്ചില്ലെങ്കിൽ എന്തു സംഭവിക്കും?

ഉ:-നിശ്ചിത സമയത്തിനുശേഷം റിട്ടേണുകൾ സമർപ്പിക്കുന്ന നികുതിദായകൻ ഓരോ ദിവസത്തേയും കാലതാമസത്തിന് നൂറുരൂപാവീതം, (പരമാവധി അയ്യായിരം രൂപ) പിഴയടയ്ക്കേണ്ടതായി വരും.

# നികുതി നിർണ്ണയവും കണക്ക് പരിശോധനയും

# 13. നികുതി നിർണ്ണയവും കണക്ക് പരിശോധനയും

ചോ 1: ഈ നിയമപ്രകാരം നൽകേണ്ട നികുതി നിർണ്ണയം നടത്താൻ ഉത്തരവാദപ്പെട്ടവർ ആരാണ്?

ഉ: ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ വ്യക്തിയും, ഓരോ കാലത്തേക്കും നൽകേണ്ട നികുതിയെക്കുറിച്ച് സ്വയം നിർണ്ണയം നടത്തേണ്ടതും വകുപ്പ് 27 പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ടതുമാകുന്നു.

ചോ2: മാതൃകാനിയമത്തിൽ തിരിച്ചയ്ക്കപ്പെട്ട ചരക്കുകളുടെ നികുതി കൈകാര്യം ചെയ്യേണ്ട വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉ: ഉണ്ട്. പ്രസ്തുത നിയമത്തിന്റെ 44-)ം വകുപ്പിനോട് ചേർന്ന് നൽകിയിട്ടുള്ള വിശദീകരണത്തിൽ ഇത് സംബന്ധമായിട്ടുള്ള വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥ പ്രകാരം, സ്വീകരിക്കപ്പെട്ട ചരക്കുകൾ ഇൻവോയ്സ് തീയതി മുതൽ ആറ് മാസത്തിനകം തിരിച്ച് നൽകുകയാണെങ്കിൽ, എടുത്ത ക്രഡിറ്റിന് തുല്യമായ നികുതി അടയ്ക്കേണ്ടതാണ്. സപ്ലെ സ്വീകരിച്ച് ആറ് മാസത്തിനകം തിരിച്ചയയ്ക്കുന്ന ചരക്കുകൾക്ക് അവ ആദ്യമായി സപ്ലൈ ചെയ്തപ്പോഴത്തെ അതേ നികുതി തന്നെയായിരിക്കുമെന്ന് ഈ വ്യവസ്ഥ പ്രകാരം ഉറപ്പാക്കുന്നു. സപ്ലൈ ഇൻവോയ്സിൻറ്റെ തിയതിക്ക് ആറ് മാസത്തിന് ശേഷം തിരിച്ചയയ്ക്കുന്നവയ്ക്ക് അത് അയയ്ക്കുന്ന ദിവസം നിലവിലുള്ള നികുതി നിരക്ക് ബാധകമായിരിക്കും.

ചോ3: 2017 ഏപ്രിലിൽ A, B ക്ക് നൽകുന്ന ചരക്കുകൾ B 2017 ജൂണിൽ A ക്ക് തിരിച്ചയയ്ക്കുന്നു. A, അന്ന് ചാർജ് ചെയ്തത് 18% നികുതി നിരക്ക് ആണ്. മേയ് 2017-ൽ നികുതി നിരക്ക് 18.5 ശതമാനമായി മാറുകയുണ്ടായി. അപ്പോൾ B, A ക്ക് തിരിച്ചയച്ച ചരക്കുകളിൻന്മേലുള്ള നികുതി നിരക്ക് എത്രയായിരിക്കും.?

ഉ: 18%

ചോ 4: എപ്പോഴാണ് ഒരു നികുതിവിധേയ വ്യക്തിക്ക് താൽക്കാലിക വ്യവസ്ഥയിൽ നികുതി നൽകാൻ കഴിയുന്നത്?

ഉ: ഓരോ നികുതിവിധേയ വ്യക്തിയും സ്വയം നിർണ്ണയം നടത്തി നികുതി അടയ്ക്കേണ്ടതിനാൽ താൽക്കാലിക അടിസ്ഥാനത്തിൽ നികുതി നൽകുന്നത് സംബന്ധിച്ചുള്ള അപേക്ഷ നികുതിവിധേയ വ്യക്തി നൽകേണ്ടതും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അനുമതി നൽകേണ്ടതുമാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു നികുതി ഉദ്യോഗസ്ഥനും സ്വയമേവ താൽക്കാലിക അടിസ്ഥാനത്തിൽ നികുതി നൽകാൻ ഉത്തരവിടാൻ കഴിയുന്നതല്ല. ഇത് മാതൃകാ നിയമത്തിൻറ്റെ സെക്ഷൻ 44(എ) പ്രകാരമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻറ്റെ അനുമതി ഒരു ഉത്തരവിലൂടെ ലഭിച്ചശേഷം മാത്രമേ ഇത്തരത്തിൽ നികുതി അടയ്ക്കാൻ പാടുള്ളു. ഇതിലേയ്ക്കായി നികുതിവിധേയ വ്യക്തി അതിനുള്ള കാരണം

കാണിച്ച് രേഖാമൂലം അപേക്ഷിക്കേണ്ടതാണ്. അത്തരത്തിലുള്ള അപേക്ഷ താഴെ പറയുന്നവ തിട്ടപ്പെടുത്താൻ സാധിക്കാത്ത സന്ദർഭങ്ങളിൽ മാത്രമാണ്:

എ) അയാൾ വിതരണം ചെയ്യേണ്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ മൂല്യമോ, അല്ലെങ്കിൽ

ബി) അയാൾ വിതരണം ചെയ്യേണ്ട ചരക്കുകളുടെയോ സേവനങ്ങളുടെയോ ബാധകമായ നികുതി നിരക്കോ നിർണ്ണയിക്കാൻ.

അത്തരം സന്ദർഭങ്ങളിൽ നികുതിവിധേയ വ്യക്തി, നിർദ്ദിഷ്ട ഫാറത്തിലുള്ള ബോണ്ട് ബന്ധപ്പെട്ട അധികാരി ആവശ്യപ്പെടുന്നതനുസരിച്ചുള്ള ജാമ്യത്തോടൊപ്പം നൽകേണ്ടതാണ്.

ചോ 5: അന്തിമമായ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സമയപരിധി എന്താണ്?

ഉ: താൽക്കാലിക മൂല്യനിർണ്ണയ ഉത്തരവ് നൽകിയ തീയതി മുതൽ ആറ് മാസത്തിനകം ബന്ധപ്പെട്ട അധികാരി അന്തിമമൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ശരിയായ കാരണങ്ങൾ ഉള്ളപക്ഷം അവ രേഖപ്പെടുത്തി ഈ ആറ് മാസക്കാലാവധി Joint/Additional Commissioner ക്ക് വീണ്ടും ആറ് മാസത്തിൽ കവിയാതെ ഉള്ള കാലത്തേക്കും, കമ്മീഷണർക്ക് ഉചിതമെന്ന് തോന്നുന്ന അധിക കാലത്തേയ്ക്കും നീട്ടി നൽകാവുന്നതാണ്.

ചോ6:താൽക്കാലിക മൂല്യനിർണ്ണയത്തെക്കാൾ അന്തിമ മൂല്യനിർണ്ണയത്തിൽ നികുതി ബാധ്യത കൂടുകയാണെങ്കിൽ നികുതിവിധേയ വ്യക്തി പലിശ നൽകാൻ ബാധ്യസ്ഥനാണോ?

ഉ: അതെ. അയാൾ നികുതി അടയ്ക്കേണ്ടിയിരുന്ന യഥാർത്ഥ ദിവസം മുതൽ നികുതി നൽകിയ ദിവസം വരെയുള്ള കാലാവധിക്കുള്ള പലിശ നൽകേണ്ടതാണ്.

ചോ 7: മാതൃകാ നിയമത്തിൻറ്റെ വകുപ്പ് 45 പ്രകാരം സമർപ്പിച്ചിട്ടുള്ള റിട്ടേണുകളിൽ കണ്ടെത്തിയ അപാകതകൾക്ക് ഉചിതമായ വിശദീകരണം ലഭിക്കാത്തപക്ഷം ബന്ധപ്പെട്ട അധികാരി എന്ത് നടപടിയാണ് കൈക്കൊള്ളേണ്ടത്?

ഉ: ബന്ധപ്പെട്ട അധികാരി ബോധ്യപ്പെടുത്തിയ അപാകതകൾ നികുതിവിധേയ വ്യക്തി 30 ദിവസത്തിനകമോ അതല്ലെങ്കിൽ അനുവദിച്ചു തന്ന കാലാവധിക്കകമോ തൃപ്തികരമായ വിശദീകരണം നൽകാതിരിക്കുകയോ ഉചിതമായ നടപടി എടുക്കാതിരിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട അധികാരിക്ക് താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്:

എ) നിയമത്തിന്റെ 49-)ം വകുപ്പ് അനുസരിച്ച് കണക്ക് പരിശോധന നടത്തുക;

ബി) കമ്മീഷണർ ചുമതലപ്പെടുത്തിയ ചാർട്ടേർഡ് അക്കൗണ്ടൻറ് അഥവാ കോസ്റ്റ അക്കൗണ്ടൻറ് -നെ കൊണ്ട് വകുപ്പ് 50 പ്രകാരം പ്രത്യേക കണക്ക് പരിശോധനക്ക് [special audit] നിർദ്ദേശിക്കാ വുന്നതാണ്; അല്ലെങ്കിൽ

സി) വകുപ്പ് 60 ൻ പ്രകാരം പരിശോധന, സെർച്ച്, കണ്ടുകെട്ടൽ നടപടികളും സ്വീകരിക്കുക; അല്ലെങ്കിൽ

ഡി) വകുപ്പ് 51 പ്രകാരമുള്ള നികുതി നിർണ്ണയ നടപടികൾ ആരംഭിക്കുക.

ചോ 8: വകുപ്പ് 46 പ്രകാരം മൂല്യനിർണ്ണയം പൂർത്തിയാക്കുന്നതിന് മുമ്പായി നികുതിവിധേയ വ്യക്തിക്ക് ബന്ധപ്പെട്ട അധികാരി ഏതെങ്കിലും നോട്ടീസ് നൽകേണ്ടതുണ്ടോ?

ഉ: ഈ വ്യവസ്ഥ ബെസ്റ്റ് ജഡ്ജ്മെൻറ് മൂല്യനിർണ്ണയമായതിനാൽ നികുതിവിധേയ വ്യക്തിക്ക് നോട്ടീസ് നൽകേണ്ട ആവശ്യമില്ല.

ചോ 9: വകുപ്പ് 27 ലോ 31 ലോ പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ട നികുതിവിധേയ വ്യക്തി അതിന് വീഴ്ചവരുത്തിയാൽ അയാളുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിക്കാവുന്നത്?

ഉ: ചുമതലപ്പെട്ട അധികാരി, ആദ്യം വീഴ്ച വരുത്തുന്ന നികുതിവിധേയ വ്യക്തിക്ക് മാതൃകാനിയമത്തിൻറെ 46-)ം വകുപ്പ് നിർദ്ദേശിക്കുന്നതുപോലെ 15 ദിവസത്തിൽ കുറയാത്ത കാലാവധി നൽകി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെട്ട് 32-)ം വകുപ്പ് പ്രകാരം നോട്ടീസ് നൽകേണ്ടതാണ്. എന്നിട്ടും അയാൾ നൽകിയ സമയത്തിനകം റിട്ടേൺ സമർപ്പിക്കുന്നതിൽ പരാജയപ്പെട്ടാൽ ചുമതലപ്പെട്ട അധികാരിക്ക് ലഭ്യമായിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ബെസ്റ്റ് ജഡ്ജ്മെൻറ് മൂല്യനിർണ്ണയ പ്രകാരം വീഴ്ചവരുത്തിയ ആളുടെ നികുതി ബാദ്ധ്യത നിർണ്ണയിക്കാവുന്നതാണ്. ഇത് മാതൃകാ നിയമത്തിൻറെ 46-)ം വകുപ്പ് പ്രകാരമാണ്.

ചോ 10; വകുപ്പ് 46 പ്രകാരം പുറപ്പെടുവിച്ച ബെസ്റ്റ് ജഡ്ജ്മെൻറ് മൂല്യനിർണ്ണയ ഉത്തരവ് ഏതെല്ലാം സാഹചര്യങ്ങളിൽ പിൻവലിക്കാനാകും?

ഉ: സെക്ഷൻ 46 പ്രകാരം ചുമതലപ്പെട്ട അധികാരി നല്കിയ ബെസ്റ്റ് ജഡ്ജ്മെൻറ് മൂല്യനിർണ്ണയ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം നികുതിവിധേയ വ്യക്തി വീഴ്ച സംഭവിച്ച കാലഘട്ടത്തേക്കുള്ള സാധുതയുള്ള റിട്ടേൺ സമർപ്പിക്കുകയാണെങ്കിൽ (റിട്ടേൺ സമർപ്പിക്കുകയും സ്വയം നിർണ്ണയിച്ച നികുതി അടക്കുകയും ചെയ്യുക) ഈ ഉത്തരവ് സ്വമേധയാ പിൻവലിച്ചതായി കണക്കാക്കാം.

ചോ 11: വകുപ്പ് 46 ഉം 47 ഉം അനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിയ്ക്കാനുള്ള കാലാവധി എത്രയാണ്?

ഉ: വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 3 വർഷത്തിനകമോ 5 വർഷത്തിനകമോ വകുപ്പ് 46 പ്രകാരമോ 47 പ്രകാരമോ ഉള്ള മൂല്യനിർണ്ണയ ഉത്തരവ് പാസ്സാക്കേണ്ടതാണ്.

ചോ 12: നികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഒരാൾ രജിസ്ട്രേഷൻ എടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അയാൾക്കെതിരെ എന്ത് നിയമനടപടിയാണുള്ളത്?

ഉ: മാതൃകാ നിയമത്തിലെ 47-)ം വകുപ്പ് പ്രകാരം അക്കാലയളവിലേയ്ക്കുള്ള നികുതി ബാദ്ധ്യത ബന്ധപ്പെട്ട അധികാരി ബെസ്റ്റ് ജഡ്ജ്മെൻറ്റ് മൂല്യനിർണ്ണയപ്രകാരം മൂല്യനിർണ്ണയം നടത്തി ഉത്തരവിറക്കേണ്ടതാണ്. എന്നാൽ അത്തരം ഉത്തരവ് നികുതിയടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ സാമ്പത്തിക വർഷത്തിൻറ്റെ വാർഷിക റിട്ടേൺ സമർപ്പിക്കേണ്ട തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്.

ചോ 13: ഏതെല്ലാം സാഹചര്യങ്ങളിലാണ് നികുതി നിർണ്ണയാധികാരിക്ക് സമ്മറി മൂല്യനിർണ്ണയം നടത്താൻ തുടങ്ങാവുന്നത്?

ഉ: മാതൃകാ നിയമത്തിലെ 48-)ം വകുപ്പ് പ്രകാരം -

(എ) നികുതിവിധേയവ്യക്തിക്ക് നിയമപ്രകാരം നികുതി അടയ്ക്കാനുള്ള ബാദ്ധ്യതയുള്ളതായി ബന്ധപ്പെട്ട അധികാരിക്ക് ബോധ്യപ്പെടുകയും,

(ബി) മൂല്യനിർണ്ണയ ഉത്തരവ് പുറപ്പെടുവിയ്ക്കാൻ വൈകിയാൽ, അത് റവന്യൂ താല്പര്യം സംരക്ഷിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്ന് തോന്നിയാൽ സമ്മറി മൂല്യനിർണ്ണയം നടത്താൻ നടപടി തുടങ്ങാവുന്നതാണ്

അത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് അഡീഷണൽ / ജോയിന്റ് കമ്മീഷണറുടെ അനുമതി നേടിയിരിക്കേണ്ടതാണ്

ചോ 14: സമ്മറി മൂല്യനിർണ്ണയത്തിനെതിരായി, അപ്പീൽ പരിഹാരമല്ലാതെ മറ്റെന്തെങ്കിലും പരിഹാരമാർഗ്ഗം നികുതിദായകന് ലഭ്യമാണോ?

ഉ: സമ്മറി മൂല്യനിർണ്ണയ ഉത്തരവിന് വിധേയനായ ഒരു നികുതിവിധേയനായ വ്യക്തി ആ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബന്ധപ്പെട്ട അഡീഷണൽ/ ജോയിൻറ്റ് കമ്മീഷണർക്ക് ഉത്തരവ് പിൻവലിയ്ക്കാൻ അപേക്ഷ നൽകാവുന്നതാണ്. ആ അധികാരിക്ക് പ്രസ്തുത ഉത്തരവ് തെറ്റാണെന്ന് തോന്നുന്നപക്ഷം, അത് പിൻവലിക്കാനും മാതൃകാ നിയമ ത്തിൻറ്റെ 51-)ം വകുപ്പ് പ്രകാരം നികുതി പുനർനിർണ്ണയം ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകാനും സാധിക്കുന്നതാണ്. കൂടാതെ ആ ഉത്തരവ് തെറ്റാണെന്ന് കാണുന്നപക്ഷം, സ്വമേധയാ ഇപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കാനും അദ്ദേഹത്തിന് അധികാരമുണ്ട് (മോഡൽ നിയമത്തിന്റെ സെക്ഷൻ 48).

ചോ15: സമ്മറിമൂല്യനിർണ്ണയഉത്തരവ് നിർബന്ധമായും നികുതിവിധേയനായ വ്യക്തിക്കെതിരെ പുറപ്പെടുവിക്കേണ്ടതുണ്ടോ?

ഉ: ഇല്ല. ഗതാഗതത്തിൽപ്പെട്ടിരിക്കുന്ന ചരക്കുകളുടെയോ, വെയർ ഹൗസുകളിൽ കിടക്കുന്ന ചരക്കുകളുടേയോ നികുതിവിധേയനായ വ്യക്തിയെ (ഉടമയെ) തിരിച്ചറിയാൻ കഴിയാതെ വരുമ്പോൾ, കൈവശക്കാരനെ നികുതിവിധേയനായ വ്യക്തിയായി കണക്കാക്കി നികുതി നിർണ്ണയം നടത്തേണ്ടതാണ്. (മോഡൽ നിയമത്തിന്റെ സെക്ഷൻ 48).

ചോ 16: നികുതിദായകരുടെ കണക്കുകൾ ആർക്കാണ് പരിശോധിക്കാൻ കഴിയുന്നത്?

ഉ: മാതൃകാ നിയമത്തിൻ്റെ വകുപ്പ് 49 പ്രകാരം, പൊതു ഉത്തരവ് പ്രകാരമോ, പ്രത്യേക ഉത്തരവ് പ്രകാരമോ കമ്മീഷണർ ചുമതലപ്പെടുത്തിയ CGST -യിലെയോ SGST -യിലെയോ ഏതൊരു അധികാരിക്കും നികുതിദായകൻ്റെ കണക്കുകൾ പരിശോധിയ്ക്കാവുന്നതാണ്. ഇതു സംബന്ധമായ തവണകളും രീതികളും പിന്നാലെ നിർദ്ദേശിയ്ക്കുന്നതാണ്.

ചോ 17: കണക്കുകൾ പരിശോധിയ്ക്കുന്നതിന്(Audit) മുമ്പായി മുൻകൂർ അറിയിപ്പ് നൽകേണ്ടതുണ്ടോ?

ഉ: ഉണ്ട്. കണക്ക് പരിശോധന നടത്തുന്നതിന് 15 ദിവസത്തിന് മുമ്പെങ്കിലും മുൻകൂർ അറിയിപ്പ് നൽകേണ്ടതാണ്.

ചോ 18: കണക്ക് പരിശോധന(Audit) പൂർത്തിയാക്കാനുള്ള കാലാവധി എത്ര?

ഉ: പരിശോധന തുടങ്ങി 3 മാസത്തിനകമോ, അല്ലെങ്കിൽ കമ്മീഷണറുടെ അനുമതിയോടെ അധികമായി പരമാവധി 6 മാസത്തിനകമോ പൂർത്തിയാക്കേണ്ടതാണ്.

ചോ 19: കണക്കുകളുടെ പരിശോധന ആരംഭിയ്ക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

ഉ: 'പരിശോധന ആരംഭിക്കുക' എന്ന പദത്തിന് വലിയ പ്രാധാന്യമാണ്. എന്തെന്നാൽ ആരംഭിക്കുന്ന ദിവസം മുതൽ പ്രത്യേക സമയപരിധിയ്ക്കകം അത് പൂർത്തിയാക്കേണ്ടതാണ്. പരിശോധന ആരംഭിക്കുക എന്ന് പറഞ്ഞാൽ തഴെപ്പറയുന്നതിൽ രണ്ടാമതായി സംഭവിയ്ക്കുന്നതേതാണോ അതായിരിക്കും:

(എ) പരിശോധനാധികാരികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന ദിവസം, അല്ലെങ്കിൽ

(ബി) നികുതിദാതാവിൻ്റെ വ്യാപാരസ്ഥലത്ത് പരിശോധന തുടങ്ങിവയ്ക്കുക

ചോ 20: കണക്ക് പരിശോധനയ്ക്കായി നോട്ടീസ് ലഭിച്ചാൽ നികുതി ദാതാവിന് എന്തെല്ലാം ബാദ്ധ്യതകളാണുള്ളത്?

ഉ: നികുതിവിധേയ വ്യക്തി താഴെപറയുന്ന കാര്യങ്ങൾ ചെയ്യണം:

(എ) ലഭ്യമായതോ അധികാരികൾ ആവശ്യപ്പെട്ടതോ ആയ കണക്ക്, രേഖകൾ ഇവയുടെ പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തു കൊടുക്കുക,

(ബി) പരിശോധന നടത്തുന്നതിനുവേണ്ടി ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുക,

(സി) സമയത്ത് പരിശോധന പൂർത്തീകരിക്കുവാൻ വേണ്ട എല്ലാ സഹായങ്ങളും നൽകുക.

ചോ 21: കണക്ക് പരിശോധന പൂർത്തിയായാൽ ചുമതലപ്പെട്ട ഓഫീസറുടെ നടപടി എന്തായിരിക്കും?

ഉ: താമസ്സമില്ലാതെ, തൻറ്റെ കണ്ടെത്തലുകളും അതിൻറ്റെ കാരണങ്ങളും അതുമായി ബന്ധപ്പെട്ട് നികുതിവിധേയ വ്യക്തിക്കുള്ള അവകാശങ്ങളും ബാദ്ധ്യതകളും അറിയിക്കണം.

ചോ 22: 'പ്രത്യേക കണക്ക് പരിശോധന' (special audit) എന്ത് സാഹചര്യത്തിലാണ് നടത്തുന്നത്?

ഉ: സൂക്ഷ്മ പരിശോധന, അന്വേഷണം ഇവ നടത്തുന്നതിനിടയിൽ, സങ്കീർണ്ണമായ കേസുകളോ, വൻനികുതി ബാദ്ധ്യത വരുന്ന സാഹചര്യങ്ങളോ കണ്ടെത്തുകയാണെങ്കിൽ അത്തരം പരിമിത സാഹചര്യങ്ങളിൽ മാത്രമാണ് പ്രത്യേക കണക്ക് പരിശോധന നടത്താവുന്നത്. മാതൃകാ നിയമത്തിൻറ്റെ 50-)o വകുപ്പ് ആണ് ഇത് അനുശാസി ക്കുന്നത്.

ചോ 23: പ്രത്യേക കണക്ക് പരിശോധനക്കുള്ള(special audit) നോട്ടീസ് നൽകുന്നതാരാണ്?

ഉ: കമ്മീഷണറുടെ മുൻകൂർ അംഗീകാരത്തോടെ, അസിസ്റ്റൻറ്റ് കമ്മീഷണർ അഥവാ ഡെപ്യൂട്ടി കമ്മീഷണർ ആണ് ഇത്തരം നോട്ടീസ് നൽകേണ്ടത്.

ചോ 24: ആരാണ് പ്രത്യേക കണക്ക് പരിശോധന നടത്തുന്നത്?

ഉ: ഇതിനായി കമ്മീഷണർ നാമനിർദ്ദേശം ചെയ്യുന്ന ചാർട്ടേർഡ് അക്കൗണ്ടൻറ്റ് അഥവാ കോസ്റ്റ് അക്കൗണ്ടൻറ്റ് ആണ് പ്രത്യേക കണക്ക് പരിശോധന നടത്തുന്നത്.

ചോ 25: കണക്ക് പരിശോധന റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയപരിധി എന്താണ്?

ഉ: 90 ദിവസത്തിനകം അല്ലെങ്കിൽ അതുകഴിഞ്ഞ് നീട്ടിക്കിട്ടാവുന്ന അടുത്ത 90 ദിവസത്തിനകം കണക്ക് പരിശോധകൻ തൻ്റെ റിപ്പോർട്ട് സമർപ്പിക്കണം.

ചോ 26: പ്രത്യേക കണക്ക് പരിശോധനാചെലവ് ആരാണ് വഹിക്കുന്നത്?

ഉ: പരിശോധകന് കൊടുക്കേണ്ട പ്രതിഫലം ഉൾപ്പെടെ പരിശോധനയുടെ ചെലവുകൾ കണക്കാക്കുകയും വഹിക്കുകയും ചെയ്യേണ്ടത് കമ്മീഷണറാണ്.

ചോ 27: പ്രത്യേക കണക്ക് പരിശോധനക്ക് ശേഷം നികുതി അധികാരികൾക്ക് എന്ത് നടപടിയാണെടുക്കാനാവുന്നത്?

ഉ: സ്പെഷ്യൽ ഓഡിറ്റിൻ്റെ കണ്ടെത്തലുകളും നിരീക്ഷണങ്ങളുമനുസരിച്ച് മാതൃകാനിയമത്തിൻ്റെ 51-)ം വകുപ്പ് പ്രകാരമുള്ള നടപടികൾ എടുക്കാവുന്നതാണ്.

# റീഫണ്ടുകൾ

## 14 .റീഫണ്ടുകൾ

ചോ 1 :- എന്താണ് റീഫണ്ട് ?

മാതൃകാ ചരക്കു സേവന നിയമത്തിൻറ്റെ വകുപ്പ് 38 ൽ റീഫണ്ടിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. റീഫണ്ട് എന്നാൽ ചരക്കുകളും സേവനങ്ങളും ഇന്ത്യക്കു പുറത്തേക്കു കയറ്റുമതി ചെയ്യുമ്പോൾ ഉള്ള നികുതി റീഫണ്ട്, ചരക്കുകളും സേവനങ്ങളും ഇന്ത്യക്കു പുറത്തേക്കു കയറ്റുമതി ചെയ്യുമ്പോൾ അവയിൽ ഉപയോഗിച്ചിരിക്കുന്ന ഇൻപുട്ട് അല്ലെങ്കിൽ ഇൻപുട്ട് സേവനങ്ങളുടെ നികുതി റീഫണ്ട് , കയറ്റുമതിയായി കണക്കാക്കപ്പെടുന്ന ചരക്കുകളുടെ സപ്ലൈയിലുള്ള നികുതി റീഫണ്ട് , വകുപ്പ് 38 (2 ) പ്രകാരം ഉപയോഗിക്കപ്പെടാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് എന്നിവ ഉൾപ്പെടുന്നതാണ് .

ചോ 2 :- ഉപയോഗിച്ചിട്ടില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, റീഫണ്ട് ആയി അനുവദിക്കാമോ?

അനുവദിക്കാം, പക്ഷെ വകുപ്പ് 38 (2) ൽ കൊടുത്തിട്ടുള്ള, ഇനി പറയുന്നവക്ക് മാത്രം.

(i ) കയറ്റുമതി തീരുവ അടക്കേണ്ടതില്ലാത്ത ചരക്കുകളുടെ കയറ്റുമതികൾ

(ii ) സേവനങ്ങളുടെ കയറ്റുമതികൾ

(iii ) ഇൻപുട്ട് നികുതി നിരക്ക് ഔട്ട്പുട്ട് നികുതി നിരക്കിനേക്കാൾ കൂടിയിരിക്കുകയാൽ സഞ്ചയിക്കപ്പെട്ട ക്രെഡിറ്റ്.

ചോ 3 :- കയറ്റുമതി തീരുവയ്ക്കു വിധേയമായ ചരക്കു ഇന്ത്യക്കു പുറത്തേക്കു കയറ്റുമതി ചെയ്യപ്പെടുകയാണെങ്കിൽ ഉപയോഗിക്കപ്പെടാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി നൽകാമോ.?

ഉ:- പാടില്ല. (മാതൃകാ നിയമത്തിൻറ്റെ വകുപ്പ് 38(2 ) ൻറ്റെ ഉപാധി 2 പ്രകാരം.)

ചോ 4 :- സാമ്പത്തിക വർഷാവസാനം നീക്കിയിരുപ്പു ചരക്കുകളുടെ (GST നടപ്പാക്കിയതിനു ശേഷം) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്യാമോ?

ഉ:- പാടില്ല. ഇത് അടുത്ത കാലയളവിലേക്ക് എടുത്തു ഉപയോഗിക്കാവുന്നതാണ് .

ചോ 5 :- ഒരു നികുതി ദായകൻ സംസ്ഥാനത്തിനുള്ളിലെയോ / അന്തർ സംസ്ഥാനമായതോ ആയ സപ്ലൈ ആണെന്ന് തെറ്റി ധരിച്ച IGST /CGST /SGST അടയ്ക്കുകയും പിന്നീട് അതിൻറ്റെ തരം വിശദീകരിച്ചും എന്നും കരുതുക, .തെറ്റായി അടച്ച IGST ,CGST ക്കോ SGST ക്കോ, തിരിച്ചോ വക വെക്കാമോ ?

ഉ: പാടില്ല. അദ്ദേഹം ബാധകമായ നികുതി അടക്കുകയും തെറ്റായി അടച്ച നികുതി റീഫണ്ട് ചോദിക്കുകയും വേണം .

ചോ 6 :- എംബസ്സികളോ, ഐക്യരാഷ്ട്രസംഘടനയോ നടത്തുന്ന വാങ്ങലുകൾക്കു നികുതി ചുമത്തേണ്ടതുണ്ടോ? അല്ലെങ്കിൽ, ഒഴിവാക്കപ്പെട്ടതാണോ?

ഉ:- നികുതി ചുമത്തേണ്ടതാണ്. എന്നാൽ, പിന്നീട് റീഫണ്ട് ചോദിക്കാവുന്നതാണ് .

(ഐക്യരാഷ്ട്ര സംഘടന, കോൺസുലേറ്റുകൾ ,എംബസികൾ എന്നിവ ഒരു UID നമ്പർ എടുക്കേണ്ടതും അവരുടെ വാങ്ങലുകൾ സപ്ലയറുടെ പുറത്തേക്കുള്ള സപ്ലൈകളുടെ റിട്ടേണിൽ കാണുന്ന നമ്പറിന് നേരെ പ്രതിഫലിക്കുന്നതും നികുതി റീഫണ്ട് അനുവദിക്കാവുന്നതുമാണ് -വകുപ്പ് 19 (16 ))

ചോ 7 :- റീഫണ്ട് ചോദിക്കുന്നതിനുള്ള കാലപരിധി എന്ത് ?

ഉ:- പ്രസ്തുത വ്യക്തി, മാതൃകാ നിയമത്തിലെ വകുപ്പ് 38 ൻറെ വിവരണത്തിൽ പറഞ്ഞ പ്രകാരം പ്രസക്തമായ തിയതി മുതൽ രണ്ടു വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്

ചോ 8 :- അന്യായ പോഷണ തത്വം ( principle of unjust enrichment) റീഫണ്ടിനു ബാധകമാണോ?

ഉ:- കയറ്റുമതികളിലും, വകുപ്പ് 38(2) ൽ പരാമർശിച്ചിരിക്കുന്ന ഉപയോഗിച്ചിട്ടില്ലാത്ത ടാക്സ് ക്രെഡിറ്റിൻറെ റീഫണ്ടും ഒഴിച്ചുള്ളവക്കെല്ലാം ബാധകമാണ്.

ചോ 9 :- നികുതി, ഉപഭോക്താവിലേക്കു കൈമാറ്റം ചെയ്യപ്പെടുകയാണെങ്കിൽ റീഫണ്ട് അനുവദിക്കാമോ?

ഉ:- അനുവദിക്കും. എന്നാൽ അങ്ങനെ തീർപ്പാക്കപ്പെട്ട തുക കൺസ്യൂമർ വെൽഫെയർ ഫണ്ടിലേക്ക് വക കൊള്ളിക്കുന്നതാണ് .

ചോ 10 :- റീഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും കാലപരിധിയുണ്ടോ?

ഉണ്ട്.

വകുപ്പ് 38 ൻറെ ഉപവകുപ്പു 4 എ യിൽ പരാമർശിച്ചിരിക്കുന്ന റീഫണ്ട് ക്ലെയിമിൻറെ 80 % വരെ അനുവദിക്കാവുന്ന ചില പ്രത്യേക വിഭാഗം കയറ്റുമതിക്കാർക്കു ഒഴികെ, എല്ലാ കേസുകളിലും 90 ദിവസമാണ് പരിധി. പ്രസ്തുത കാലാവധിക്കുള്ളിൽ റീഫണ്ട് അനുവദിക്കുന്നില്ലെങ്കിൽ പലിശ നൽകുവാൻ ഡിപ്പാർട്മെൻറ് ബാധ്യസ്ഥമാണ്.

ചോ 11 :- ഡിപ്പാർട്മെൻറിന് റീഫണ്ട് തടഞ്ഞു വെക്കാമോ?

ഉ:- താഴെപ്പറയുന്ന സന്ദർഭങ്ങളിൽ ഡിപ്പാർട്മെൻറിന് റീഫണ്ട് തടഞ്ഞു വെക്കാവുന്നതാണ്.

(എ) രജിസ്റ്റർ ചെയ്ത വ്യാപാരി റിട്ടേണുകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ, അവ സമർപ്പിക്കുന്നത് വരെ

(ബി ) രജിസ്റ്റർ ചെയ്ത നികുതിദായകൻ എന്തെങ്കിലും നികുതിയോ, പലിശയോ അല്ലെങ്കിൽ പിഴയോ അടക്കുവാനുള്ളത് ഏതെങ്കിലും അപ്പീൽ അധികാരിയോ, ട്രിബ്യൂണലോ കോടതിയോ സ്റ്റേ ചെയ്തിട്ടില്ലെങ്കിൽ അപ്രകാരമുള്ള നികുതി, പലിശ അല്ലെങ്കിൽ പിഴ അടക്കുന്നത് വരെ.

(റീഫണ്ട് ചെയ്യാവുന്ന തുകയിൽ നിന്നും അടച്ചിട്ടില്ലാത്ത നികുതി തുക ഉചിതമായ ഉദ്യോഗസ്ഥന് വസൂലാക്കാവുന്നതാണ്)

(സി ) റീഫണ്ട് ഉത്തരവിന്മേൽ അപ്പീൽ സമർപ്പിച്ചിരിക്കുന്ന കേസിൽ കമ്മീഷണർക്ക് / ബോർഡിന് അപ്രകാരം റീഫണ്ട് അനുവദിക്കുന്നതു കൊണ്ടു നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും എന്ന് അഭിപ്രായമുണ്ടെങ്കിൽ റീഫണ്ട് തടഞ്ഞു വെക്കാം. [വകുപ്പ് 38 (9 )]

ചോ 12 :-മേൽ പറഞ്ഞപോലെ വകുപ്പ് 38 (9 ) പ്രകാരം തടഞ്ഞു വച്ച റീഫണ്ടിനു , നികുതി വിധേയവ്യക്തിക്കു പലിശ നൽകേണ്ടതുണ്ടോ?

ഉ:- അപ്പീൽ വിധിയിലുടെയോ, മറ്റു തുടർ നടപടികളിലൂടെയോ റീഫണ്ടിനു അദ്ദേഹം അർഹനായാൽ പലിശ ലഭിക്കുന്നതിനും അർഹതയുണ്ട്

ചോ 13 :- റീഫണ്ടിനു കുറഞ്ഞ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഉ:- ആയിരം രൂപയിൽ കുറവുള്ള തുക റീഫണ്ട് അനുവദിക്കുന്നതല്ല [വകുപ്പ് 38 (11 )]

ചോ 14 :- മുൻപ് നിലനിന്നിരുന്ന നിയമപ്രകാരം അർഹതയുള്ള റീഫണ്ട് എങ്ങനെ നൽകും?

ഉ; മുൻപ് നിലനിന്നിരുന്ന നിയമപ്രകാരം അർഹതയുള്ള റീഫണ്ട് ആ നിയമങ്ങൾ പ്രകാരം തന്നെ CGST യിൽ പണമായും SGST യിൽ മുൻപ് നില നിന്നിരുന്ന നിയമപ്രകാരവും നൽകുന്നതാണ് . എന്നാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആയി ലഭ്യമല്ല.[ മാതൃകാ നിയമം സെക്ഷൻ 156 ,157 & 158 ]

ചോ 15 :- രേഖകൾ ഹാജരാക്കുന്നതിന് മുൻപ് റീഫണ്ട് നൽകാമോ?

ഉ:- വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ചില ഇനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വ്യാപാരികൾക്ക് കയറ്റുമതിക്കുള്ള റീഫണ്ടിൽ 80 % റീഫണ്ട് തുക, രേഖകൾ പരിശോധിക്കുന്നതിന് മുൻപ്, ചില നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നൽകാവുന്നതാണ് [വകുപ്പ് 38 (4 എ )]

ചോ 16 :- കയറ്റുമതിക്കുള്ള റീഫണ്ട് അനുവദിക്കുന്നതിന് പണം ലഭിച്ചതായി ബാങ്ക് രേഖ (ബാങ്ക് റിയലൈസേഷൻ സർട്ടിഫിക്കറ്റ് ) ഹാജരാക്കേണ്ടതുണ്ടോ?

ഉ; കയറ്റുമതിയുടെ മൂല്യം ലഭിക്കുന്നതിന് കയറ്റുമതി ചെയ്ത തിയതി മുതൽ ഒരു വർഷം സമയം ഉള്ളതിനാൽ റീഫണ്ടിനു അപേക്ഷിക്കുന്ന വേളയിൽ ബി.ആർ.സി ലഭ്യമാകണമെന്നില്ല, എന്നാൽ കയറ്റുമതിയുടെ മൂല്യം മുൻകൂറായി ലഭിച്ചിട്ടുണ്ടെങ്കിൽ ബി ആർ സി ഉണ്ടാകാം. ആയതിനാൽ, പരമാവധി ഒരു വർഷത്തിനുള്ളിലോ, റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവദിക്കുന്ന അധിക കാലാവധിക്കുള്ളിലോ ബി. ആർ സി. യുടെ വിശദാംശങ്ങൾ സമർപ്പിക്കണം എന്ന നിബന്ധനയിൽ റീഫണ്ട് നൽകാം.

DGFT യുടെ E-BRC മൊഡ്യൂൾ GST മൊഡ്യൂളുമായി സംയോജിപ്പിക്കുന്നതാണ് .

എന്നാൽ സേവനങ്ങളുടെ കയറ്റുമതിമേലുള്ള റീഫണ്ട് അനുവദിക്കുന്നതിന് ബി. ആർ. സി. ഹാജരാക്കേണ്ടതാണ് .

ചോ 17 :- കയറ്റുമതികൾക്കും കയറ്റുമതിയായി കണക്കാക്കപ്പെടുന്നവയ്ക്കും 'പ്രിൻസിപ്പൾ ഓഫ് അൺ ജസ്റ്റ് എൻറിച്ച്മെന്റ് ' ബാധകമാണോ?

ഉ:- ചരക്കുകളോ സേവനങ്ങളോ യഥാർത്ഥമായി കയറ്റുമതി ചെയ്യുന്ന പക്ഷം അതിൻറെ സ്വീകർത്താവ് നികുതി ചുമത്താവുന്ന സ്ഥലത്തിന് പുറത്താകയാൽ 'പ്രിൻസിപ്പൾ ഓഫ് അൺ ജസ്റ്റ് എൻറിച്ച്മെന്റ്' ബാധകമല്ല. എന്നാൽ കയറ്റുമതി ആയി കണക്കാക്കപ്പെടുന്നവക്ക് (deemed exports ) ഇത് ബാധകമാണ് .

ചോ 18 :- ''പ്രിൻസിപ്പൾ ഓഫ് അൺ ജസ്റ്റ് എൻറിച്ച്മെന്റ് ' ബാധകമല്ലെന്ന് ഒരാൾക്ക് എങ്ങനെയാണ് തെളിയിക്കാൻ സാധിക്കുന്നത്?

ഉ:- അപേക്ഷകൻ തൻറെ റീഫണ്ട് അപേക്ഷയോടൊപ്പം, അതുമായി ബന്ധപ്പെട്ടു അടച്ച നികുതിയും അല്ലെങ്കിൽ മറ്റെന്തെങ്കിലും തുകയും മറ്റൊരാളിലേക്കും കൈമാറിയിട്ടില്ലെന്നുള്ള രേഖകളോ തെളിവുകളോ സമർപ്പിക്കേണ്ടതാണ്.[വകുപ്പ് 38 (3 )ബി ] കൂടാതെ, നികുതിദായകന് ആശ്വാസത്തിനായി മുൻപറഞ്ഞ ഉപവകുപ്പു പ്രകാരം റീഫണ്ട് തുക അഞ്ചു ലക്ഷത്തിനു താഴെയാണെങ്കിൽ ഒരു സ്വയം പ്രസ്താവന (Self Declaration ) മതിയാകും.

ചോ 19 :- നിലവിൽ വാറ്റ് /സി. എസ്. റ്റി നിയമ പ്രകാരം കച്ചവട കയറ്റുമതിക്കാരന് (merchant exporter ) ഒരു പ്രസ്താവന നൽകിക്കൊണ്ട് നികുതി അടക്കാതെ സാധനങ്ങൾ വാങ്ങാം .ഈ സംവിധാനം GST യിൽ .ഉണ്ടാകുമോ?

ഉ: അങ്ങനെ ഒരു സംവിധാനം GST യിൽ ഉണ്ടാവില്ല . അവർ നികുതി അടച്ചു സാധനങ്ങൾ വാങ്ങേണ്ടതും 38 (2 ) വകുപ്പിൽ പറയുന്ന പ്രകാരം ആർജ്ജിച്ച (accumulated) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ആയി അവകാശപ്പെടേണ്ടതുമാണ് .

ചോ 20 :- നിലവിൽ സെൻട്രൽ എക്സയിസ് നിയമത്തിൽ കയറ്റുമതിക്കാർക്ക് തീരുവ അടച്ച് ഇൻപുട്ട് വാങ്ങുന്നതിനും, അതിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനും, ചരക്കുകൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് തീരുവ

അടച്ചു കയറ്റുമതി ചെയ്ത ശേഷം കയറ്റുമതി ചെയ്തവയുടെ  തീരുവ റീഫണ്ട് വാങ്ങുന്നതിനും സാധിക്കും .ഈ സംവിധാനം GST യിലും തുടരുമോ?

GST നിയമത്തിൽ കയറ്റുമതികൾക്കു പൂജ്യം നികുതിയാണ് .അതായത് കയറ്റുമതി ചരക്കുകളിലുള്ള ഇൻപുട്ടിന് നികുതി അടച്ചതാണെങ്കിലും കയറ്റുമതി സാധനങ്ങൾക്ക് ഒരു നികുതിയും ബാധകമല്ല . GST നിയമപ്രകാരം ഇൻപുട്ടിൻമേലും കയറ്റുമതി ചെയ്ത സാധനങ്ങളിലും ഉള്ള ആർജ്ജിത ക്രെഡിറ്റ് റീഫണ്ട് ആയി അനുവദിക്കുന്നതാണ്.

# നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും

## (Demand and Recovery)

## 15 . നികുതി ആവശ്യപ്പെടലും വീണ്ടെടുക്കലും

ചോ 1 : അടക്കാത്തതോ കുറവായി അടച്ചതോ ആയ നികുതികൾ അഥവാ തെറ്റായി തിരികെ നൽകിയ നികുതികൾ അഥവാ തെറ്റായി എടുത്തതോ ഉപയോഗിച്ചതോ ആയ ഇൻപുട് നികുതികൾ എന്നിവ തിരികെ പിടിക്കുന്നതിനുള്ള വകുപ്പ് ഏതാണ് ?

ഉ : തട്ടിപ്പ്, പൂഴ്ത്തിവെയ്പ്പ്, തെറ്റായ വിവരം നൽകൽ എന്നിവ ഉൾപ്പെടാത്ത കേസുകളിൽ മാതൃകാ ചരക്കുസേവന നിയമത്തിലെ 51 A എന്ന വകുപ്പിലും മേല്പറഞ്ഞവ ഉൾപ്പെട്ട കേസുകളിൽ 51 B വകുപ്പ് പ്രകാരവും തിരികെ പിടിക്കാവുന്നതാണ്.

ചോ 2: നികുതി അടക്കാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് തൻറെ നികുതിയും പലിശയും 51 എ പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിക്കുന്നതിനു മുൻപ് അടക്കുവാൻ സാധിക്കുമോ ?

ഉ: തീർച്ചയായും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് നോട്ടീസ് നൽകുവാൻ സാധിക്കില്ല.

ചോ 3: 51 A പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതിനുശേഷം തുക അടച്ചാൽ പ്രസ്തുത നോട്ടീസിൽ വിധി പ്രസ്താവിക്കേണ്ടതുണ്ടോ?

ഉ: സെക്ഷൻ 51A സബ്-സെക്ഷൻ (1) പ്രകാരം നോട്ടീസ് ലഭിച്ച വ്യക്തി, നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ, നികുതി പലിശ സഹിതം അടക്കുകയാണെങ്കിൽ, യാതൊരു പിഴയും ഉണ്ടാവുന്നതല്ല. കൂടാതെ, നോട്ടീസിൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ അവസാനിച്ചതായി കണക്കാക്കുകയും ചെയ്യും.

ചോ 4: 51 A/B വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകുവാനുള്ള പ്രസക്ത തിയതി എന്താണ് ?

ഉ: നിയമപ്രകാരമുള്ള വാർഷിക റിട്ടേണുകൾ സമർപ്പിച്ചിട്ടുള്ള സന്ദർഭത്തിൽ അപ്രകാരം റിട്ടേൺ സമർപ്പിച്ച തിയതിയും റിട്ടേൺ സമർപ്പിക്കാത്ത സന്ദർഭത്തിൽ നിയമപ്രകാരം വാർഷിക റിട്ടേൺ സമർപ്പിക്കേണ്ടതായ തിയതിയും മുതലാണ് പ്രസക്ത തിയതി കണക്കാക്കുന്നത്.

ചോ 5: 51 A/B വകുപ്പുകൾ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിനോ അവയിൽ വിധി പറയുന്നതിനോ സമയപരിധിയുണ്ടോ?

ഉ: കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് സമയപരിധി ഇല്ല. എന്നാൽ വകുപ്പ് 51A പ്രകാരമുള്ള കേസുകളിൽ പ്രസക്ത തിയതി മുതൽ 3 വർഷത്തിനകവും, വകുപ്പ് 51B പ്രകാരമുള്ള കേസുകളിൽ പ്രസക്ത തിയതി മുതൽ 5 വർഷത്തിനകവും നോട്ടീസ് നൽകി വിധി പ്രസ്താവിച്ചിരിക്കണം.

ചോ 6: നികുതി അടക്കുവാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് തൻ്റെ നികുതിയും പലിശയും 51B പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിക്കുന്നതിന് മുൻപ് അടക്കുവാൻ സാധിക്കുമോ?

ഉ: തീർച്ചയായും. ഉപവകുപ്പ് (1) പ്രകാരമുള്ള നോട്ടീസ് അല്ലെങ്കിൽ ഉപവകുപ്പ് (2) പ്രകാരമുള്ള പ്രസ്താവന ലഭിക്കുന്നത്തിന് മുൻപ് നിയമപ്രകാരം നികുതി അടക്കാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് സ്വയം കണക്കാക്കിയതോ അഥവാ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ കണക്കാക്കിയതോ ആയ നികുതിയും പലിശയും 15% പിഴ ഉൾപ്പെടെ അടക്കാവുന്നതാണ്. അപ്രകാരം അടക്കുന്ന നികുതിക്ക് നോട്ടീസ് നൽകുന്നതല്ല.

ചോ 7: വകുപ്പ് 51 B പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചതിനുശേഷം തുക അടച്ചാൽ, പ്രസ്തുത നോട്ടീസിൽ വിധി പ്രസ്താവിക്കേണ്ട ആവശ്യം ഉണ്ടോ ?

ഉ: സബ്-സെക്ഷൻ (1) പ്രകാരം നോട്ടീസ് ലഭിച്ച വ്യക്തി, നോട്ടീസ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ നികുതി പലിശയും 25% പിഴയും സഹിതം അടക്കുകയാണെങ്കിൽ, നോട്ടീസിൽ പറഞ്ഞ പ്രകാരമുള്ള എല്ലാ നടപടികളും അവസാനിച്ചതായി കണക്കാക്കും.

ചോ 8 : വകുപ്പ് 51B പ്രകാരമുള്ള നോട്ടീസിൻമേൽ ഉള്ള വിധിപ്രകാരം നികുതിയും പിഴയും അടക്കാൻ ബാധ്യതപ്പെട്ട വ്യക്തിക്ക് കുറഞ്ഞ നിരക്കുള്ള പിഴ അടക്കുവാൻ അവസരമുണ്ടോ ?

ഉ: ഉണ്ട്. അയാൾ 51B വകുപ്പ് ഉപവകുപ്പ് 6 പ്രകാരമുള്ള വിധി ലഭിച്ച തിയതി മുതൽ 30 ദിവസത്തിനുള്ളിൽ നികുതിയും പലിശയും നികുതിയുടെ 50 % പിഴ സഹിതം അടച്ചാൽ, ആ നികുതിയുടെ മേലുള്ള എല്ലാ നടപടികളും അവസാനിച്ചതായി കണക്കാക്കും.

ചോ 9: 51 എ /ബി പ്രകാരമുള്ള നോട്ടീസുകളിൽ, നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ (3 / 5 വർഷം ) വിധി പ്രസ്താവിച്ചിട്ടില്ലെങ്കിൽ ഉള്ള തുടർനടപടികൾ എന്താണ്?

ഉ 9 : മാതൃകാ ചരക്ക് സേവന നിയമത്തിലെ വകുപ്പ് 51 എ (7) പ്രകാരം 3 വർഷ ത്തിനുള്ളിലും 51 ബി (7 ) പ്രകാരം 5 വർഷത്തിനുള്ളിലും വിധി പറയാത്ത പക്ഷം പ്രസ്തുത നോട്ടീസ് തുടർ നടപടികൾ ഇല്ലാതെ അവസാനിച്ചതായി കണക്കാക്കപ്പെടുന്നതായിരിക്കും.

ചോ 10: ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ നിന്നും നികുതിയായി പിടിക്കുന്ന തുക ഗവെർമെൻ്റിലേക്ക് അടക്കാതിരുന്നാൽ തുടർനടപടികൾ എന്താണ്?

ഉ 10 : MGL നിയമത്തിലെ വകുപ്പ് 52 പ്രകാരം ഓരോ വ്യക്തിയും, തൻ്റെ സപ്ലൈ നികുതിബാധകമല്ലെങ്കിൽ പോലും , നികുതിയിനത്തിൽ ഏതെങ്കിലും തുക വേറൊരാളിൽ നിന്നും പിടിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത തുക കേന്ദ്ര/സംസ്ഥാന ഗവെർമെൻ്റിലേക്ക് അടക്കേണ്ടതാണ് .

ചോ 11 : വകുപ്പ് 52 നു വിരുദ്ധമായി ഒരു വ്യക്തി നികുതിയായി പിടിച്ച തുക അടക്കാതിരുന്നാൽ തുടർനടപടികൾ എന്താണ്?

ഉ 11 : നോട്ടീസ് നൽകിയതിന് ശേഷം സ്വാഭാവിക നീതി ഉറപ്പാക്കി വിധി പ്രസ്താവിക്കേണ്ടതാണ്. ഇങ്ങനെയുള്ള കേസുകളിൽ നോട്ടീസ് നൽകിയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ വിധി പ്രസ്താവിക്കേണ്ടതാണ്. എന്നാൽ നോട്ടീസ് നൽകുന്നതിന് സമയപരിധി ഉണ്ടായിരിക്കുന്നതല്ല. അതായത് ഇപ്രകാരമുള്ള കേസുകളിൽ പത്തു വർഷം കഴിഞ്ഞാലും നികുതി തിരിച്ചു പിടിക്കാവുന്നതാണ്.

ചോ 12 : നികുതി പിടിച്ചതിനു ശേഷം അടക്കാത്ത കേസുകളിൽ വകുപ്പ് 52 പ്രകാരം നോട്ടീസ് നൽകുന്നതിന് സമയപരിധി ഉണ്ടോ?

ഉ 12 : ഇല്ല. ഇപ്രകാരമുള്ള കേസുകളിൽ സമയപരിധി ഇല്ലാതെ നോട്ടീസ് നൽകാവുന്നതാണ്. എന്നാൽ നോട്ടീസ് നൽകിയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ വിധി പ്രസ്താവിച്ചിരിക്കണം.

ചോ 13 : അധികാരപ്പെട്ട ഉദ്യാഗസ്ഥന് നികുതി വസൂലാക്കുന്നതിന് നിയമപ്രകാരമുള്ള രീതികൾ ഏതൊക്കെയാണ് ?

ഉ 13 : നികുതി വസൂലാക്കുന്നതിനു താഴെ പറയുന്ന രീതികൾ ലഭ്യമാണ്.

(എ) നികുതി അടക്കാൻ ബാധ്യതപ്പെട്ട ആൾക്ക് പണം കൊടുക്കുവാനുള്ള തുകയിൽ നിന്നും ഉത്തരവാദപ്പെട്ട അധികാരിക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും അധികാരിക്കോ തുക തട്ടിക്കിഴി ക്കാവുന്നതാണ്.

(ബി)നികുതി അടക്കാൻ ബാധ്യതപ്പെട്ട ആളിൻ്റെ ഉടമസ്ഥതയിലുള്ള സാധനങ്ങൾ പിടിച്ചെടുക്കുവാനും അവ വില്പന നടത്തി തുക വസൂലാക്കുവാനും ഉത്തരവാദപ്പെട്ട അധികാരിക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും അധികാരിക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ് .

(സി)നികുതി അടക്കാൻ ബാധ്യതപ്പെട്ട ആൾക്ക് ഇപ്പോൾ പണം നല്കുവാനോ ഭാവിയിൽ പണം നല്കുവാനോ ഉള്ള വ്യക്തികൾക്ക് അല്ലെങ്കിൽ നികുതി അടയ്ക്കാൻ ബാധ്യതപ്പെട്ട ആളുടെ പണം ഇപ്പോൾ കൈവശം വെച്ചിരിക്കുന്ന അല്ലെങ്കിൽ ഭാവിയിൽ കൈവശം വരാൻ സാധ്യതയുള്ള വ്യക്തികൾക്ക് നോട്ടീസ് നൽകി ഉത്തരവാദപ്പെട്ട അധികാരിക്ക് വസൂലാക്കാവുന്നതാണ് .

(ഡി) അധികാരപ്പെടുത്തിയ ഉദ്യാഗസ്ഥൻ നിയോഗിച്ച ആൾക്ക്, നികുതി നല്കാൻ ബാധ്യതപ്പെട്ട ആളിൻ്റെ ഉടമസ്ഥതയിൽ അല്ലെങ്കിൽ നിയന്ത്രണത്തിൽ ഉള്ള വസ്തുവകകൾ കണ്ടുകെട്ടുന്നതിനും തടഞ്ഞു വെക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്. അടക്കുവാനുള്ള തുക 30 ദിവസത്തിനുള്ളിൽ അടയ്ക്കാതിരുന്നാൽ, പ്രസ്തുത വസ്തുവകകൾ

വിൽക്കുവാനും വിറ്റുവരവ് തുക അടക്കുവാനുള്ള തുകയിലും വില്പനയ്ക്കുള്ള ചെലവിലും വരവ് വെച്ചതിനു ശേഷം ബാക്കി തുക പ്രസ്തുത ബാധ്യതപ്പെട്ട ആൾക്ക് തിരികെ നൽകേണ്ടതുമാണ്.

(ഇ) ബന്ധപ്പെട്ട അധികാരി നികുതി നല്കാൻ ബാധ്യതപ്പെട്ട ആൾക്ക്, സ്വന്തമായി ഭൂമിയുള്ളതോ, അയാൾ താമസിക്കുന്നതോ അല്ലെങ്കിൽ ബിസ്സിനസ്സ് ചെയ്യുന്നതോ ആയ പ്രദേശത്തെ ജില്ലാ കളക്ടർക്കു, കുടിശ്ശിക തുക കാണിച്ച്, ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിച്ചാൽ ഉടൻ ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്.

ചോ 14 : അടക്കുവാനുള്ള നികുതി ഗഡുക്കളായി അടക്കാൻ അനുവദിക്കാമോ?

ഉ 14 : സ്വയം നിർണയിച്ച നികുതി ഒഴികെ മറ്റെല്ലാം 24 എണ്ണത്തിൽ കവിയാത്ത മാസ ഗഡുക്കളായി അടക്കുവാൻ കമ്മീഷണർ /ചീഫ് കമ്മീഷണർക്ക്, നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അനുവദിക്കാവുന്നതാണ്. ഇങ്ങനെ അടക്കുന്ന ഗഡുക്കൾക്കു വകുപ്പ് 36 ൽ പറയുന്ന പലിശ അടക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഒരു ഗഡു അടക്കുവാൻ മുടക്കം വരുത്തിയാൽ ബാക്കി അടക്കേണ്ടതായ തുക മുഴുവനും മറ്റൊരു നോട്ടീസ് നൽകാതെ തന്നെ വസൂലാക്കാവുന്നതാണ്.

ചോ 15 : അപ്പീലിലോ പുനർനിർണയത്തിലോ നികുതി ബാധ്യത ഉയർത്തപ്പെട്ടാൽ എന്ത് ചെയ്യും?

ഉ 15 :നേരത്തെ നിർണയിച്ച ബാധ്യത നിലനിൽക്കുകയും പ്രസ്തുത ബാധ്യത തിരിച്ചു പിടിക്കാൻ ഉള്ള നടപടികൾ തുടരുകയും ചെയ്യും. എന്നാൽ പുനർനിർണയിച്ചപ്പോൾ ഉള്ള അധിക ബാധ്യതയ്ക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും വേണം .

ചോ 16 : നികുതി അടക്കാൻ ബാധ്യതപ്പെട്ട ഒരു വ്യക്തി തൻ്റെ ബാധ്യത നിലനിൽക്കുമ്പോൾതന്നെ തൻ്റെ ബിസിനസ്സ് മുഴുവനായോ ഭാഗികമായോ മറ്റൊരാൾക്ക് കൈമാറ്റം ചെയ്താൽ എന്ത് സംഭവിക്കും?

ഉ 16 : നികുതി അടക്കാൻ ബാധ്യതപ്പെട്ട ഒരു വ്യക്തി തൻ്റെ ബാധ്യത നിലനിൽക്കുമ്പോൾതന്നെ തൻ്റെ ബിസിനസ്സ് മുഴുവനായോ ഭാഗികമായോ മറ്റൊരാൾക്ക് വില്പന , സമ്മാനം, പാട്ടം ,ലൈസൻസ് വാടക മുതലായ മാർഗങ്ങളിലൂടെ കൈമാറ്റം ചെയ്താൽ, കൈമാറ്റം ചെയ്ത വ്യക്തിയും ലഭിച്ച വ്യക്തിയും കൈമാറ്റം ചെയ്യുന്ന തീയതിയിൽ നികുതിക്ക് പലിശയും പിഴയും സഹിതം പ്രത്യേകമായോ ഒരുമിച്ചോ ബാധ്യതപ്പെട്ടവർ ആകുന്നതാണ്.

ചോ 17 :ഒരു കമ്പനി അടച്ചു പൂട്ടിയാൽ നിലവിലുള്ള നികുതി ബാധ്യത എന്ത് ചെയ്യും ?

ഉ 17 : ഒരു കമ്പനി അടച്ചുപൂട്ടിയാൽ ,അങ്ങിനെ അടച്ചുപൂട്ടുന്നതിനു മുൻപോ അതിനു ശേഷമോ ഉള്ള നികുതി/മറ്റു ബാധ്യതകൾക്കു പ്രസ്തുത ബാധ്യതകൾ നിലവിലിരുന്ന കാലയളവിലെ ഡയറക്ടർമാർ ഒന്നിച്ചോ പ്രത്യേകമായോ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. ഏതെങ്കിലും ഡയറക്ടർ തൻറെ അവഗണന കൊണ്ടോ കടമ നിർവഹിക്കാതിരിക്കൽ കൊണ്ടോ അതല്ലെങ്കിൽ കൃത്യവിലോപം കൊണ്ടോ അല്ല പ്രസ്തുത ബാധ്യത എന്ന് കമ്മീഷണർക്ക് ബോധ്യപ്പെടും വണ്ണം തെളിയിച്ചാൽ പ്രസ്തുത ഡയറക്ടർ ബാധ്യതയിൽ നിന്നും ഒഴിവാകുന്നതാണ് .

ചോ 18 : നികുതി ബാധ്യതയിൽ പാർട്ട്ണർഷിപ് (പങ്കാളിത്ത ) ബിസിനസ്സിൽ ഉൾപ്പെട്ട പാർട്ട്ണർമാർക്ക് ഉള്ള ബാധ്യത എങ്ങിനെയാണ്?

ഉ 18 : എല്ലാ പങ്കാളികളും ഒന്നിച്ചോ പ്രത്യേകമായോ നികുതി ബാധ്യതക്ക് പലിശയും പിഴയും ഉൾപ്പെടെ ബാധ്യതപ്പെട്ടവർ ആകുന്നതാണ്. ഏതെങ്കിലും ഒരു പാർട്ട്ണർ വിരമിക്കുകയോ വിട്ടുപോകുകയോ ചെയ്യുന്നുവെങ്കിൽ പ്രസ്തുത വിവരം കമ്മീഷണറെ അറിയിക്കേണ്ടതാണ് .അങ്ങിനെ അറിയിച്ചാൽ വിരമിക്കുന്ന തീയതി വരെയുള്ള ബാധ്യത മാത്രമേ പ്രസ്തുത പാർട്ട്ണർക്ക് ഉണ്ടായിരിക്കുകയുള്ളൂ. അറിയിക്കാത്ത പക്ഷം വിരമിക്കുന്ന പാർട്ട്ണറുടെ ബാധ്യത കമ്മീഷണറെ അറിയിക്കുന്നത് വരെ തുടരുന്നതാണ്.

ചോ 19 : ഒരു മൈനറായ വ്യക്തിയുടെ ബിസിനസ്സ് ഒരു ഏജൻറ് അല്ലെങ്കിൽ രക്ഷാകർത്താവ് അല്ലെങ്കിൽ ട്രസ്റ്റി മുഖാന്തിരം നടത്തപ്പെടുകയാണെങ്കിൽ നികുതി ബാധ്യത എങ്ങിനെയാണ്?

ഉ 19 :മൈനറായ വ്യക്തിയുടെ/കഴിവില്ലാത്ത വ്യക്തിയുടെ ബിസിനസ്സ് ഒരു ഏജൻറ് അല്ലെങ്കിൽ രക്ഷാകർത്താവ് അല്ലെങ്കിൽ ട്രസ്റ്റി മുഖാന്തിരം നടത്തപ്പെടുകയാണെങ്കിൽ നികുതി ബാധ്യത പലിശയും പിഴയും സഹിതം പ്രസ്തുത ഏജൻറ് /രക്ഷാകർത്താവ് /ട്രസ്റ്റിയുടെ കയ്യിൽ നിന്നും ഈടാക്കുന്നതാണ്.

ചോ 20 : ഒരു നികുതിദായകൻറെ എസ്റ്റേറ്റ് ഒരു കോടതി നിയോഗിച്ച ട്രസ്റ്റി / അഡ്മിനിസ്ട്രേറ്റർ / റിസീവർ ഭരണത്തിൽ ആണെങ്കിൽ നികുതി ബാധ്യത എങ്ങിനെയാണ് ?

ഉ 20 : ഒരു നികുതിദായകൻറെ എസ്റ്റേറ്റ് ഒരു കോടതി നിയോഗിച്ച ട്രസ്റ്റി/അഡ്മിനിസ്ട്രേറ്റർ/റിസീവർ ഭരണത്തിൽ ആണെങ്കിൽ നികുതി പലിശയും പിഴയും ഉൾപ്പെടെ പ്രസ്തുത അധികാരിയുടെ പക്കൽ നിന്നും ബാധ്യതപ്പെട്ട ആളെന്നു കണക്കാക്കി ഈടാക്കുന്നതാണ്.

# ചരക്കുസേവന നികുതി നിയമത്തിലെ അപ്പീൽ, അവലോകനം (റിവ്യൂ), പുനരവലോകനം (റിവിഷൻ) മുതലായവ

## 16. ചരക്കുസേവന നികുതി നിയമത്തിലെ അപ്പീൽ, അവലോകനം (റിവ്യൂ), പുനരവലോകനം (റിവിഷൻ) മുതലായവ

ചോ: 1 ജിഎസ്ടി നിയമത്തിൽ തനിക്കെതിരെയുള്ള ഒരു ഉത്തരവിനോ തീർപ്പിനോ എതിരെ വ്യക്തികൾക്ക് അപ്പീൽ നൽകുവാൻ അർഹതയുണ്ടോ?

ഉത്തരം: ഉണ്ട്, ജിഎസ്ടി നിയമത്തിൽ വിധി നിർണ്ണയിക്കുവാൻ അധികാരമുള്ളവർ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് എതിരായി വ്യക്തികൾക്ക് അപ്പീൽ നൽകുവാൻ അർഹതയുണ്ട്. എന്നാൽ തൊണ്ണൂറ്റി മൂന്നാംവകുപ്പ് പ്രകാരം ഇറക്കിയ ഉത്തരവുകൾക്ക് ഇ ത് ബാധകമല്ല.

ചോ 2 :- സിജിഎസ് ടി കമ്മീഷണർക്കു തെറ്റാണെന്നു ബോധ്യപ്പെട്ടാൽ ഉത്തരവുകൾ സ്വമേധയാ പുതുക്കുവാൻ കഴിയുമോ?

ഉത്തരം: ഇല്ല. കമ്മീഷണർക്കു അങ്ങനെ പുതുക്കുവാനുള്ള അധികാരം ഇല്ല. എന്നാൽ മാതൃകാ നിയമത്തിൽ സിജിഎസ്ടി യ്ക്കും എസ് ജിഎസ് ടിക്കും രണ്ടു തരം വ്യവസ്ഥകളാണ് നിർദ്ദേശിച്ചിരിക്കുന്നത്. സിജിഎസ് ടിയ്ക്ക് എഴുപത്തി ഒൻപതാം വകുപ്പ്പ്രകാരം കമ്മീഷണർക്കു ഒരു ഉത്തരവ് നിയമാനുസൃതമല്ല എന്ന് ബോധ്യപ്പെട്ടാൽ കാര്യകാരണസഹിതം തൻ്റെ കീഴുദ്യോഗസ്ഥനോട് പ്രഥമ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ നൽകുവാൻ ഒരു ഉത്തരവ് പ്രകാരം നിർദ്ദേശിക്കാവുന്നതാണ്. ടി അധികാരി ഇത്തരം ഹർജികൾ സാധാരണ അപ്പീൽ പോലെ പരിഗണിക്കുന്നതാണ്.

ചോ 3 :- പ്രഥമ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധി എന്താണ്?

ഉത്തരം: ഓർഡർ, അല്ലെങ്കിൽ തീരുമാനം കൈപ്പറ്റിയ തീയതി മുതൽ 3 മാസം ആയി സമയപരിധി നിജപ്പെടുത്തിയിരിക്കുന്നു.

ചോ 4 :- ഈ സമയപരിധി CGST കമ്മീഷണരുടെ ഉത്തരവുമൂലം നൽകപ്പെടുന്ന വകുപ്പു തല അപ്പീൽ / അപേക്ഷ എന്നിവയ്ക്കും ബാധകമാണോ?

ഉത്തരം. അതെ. ഈ സമയപരിധി അപ്പീൽ ആയി പരിഗണിക്കപ്പെടേണ്ട എല്ലാ അപേക്ഷകൾക്കും ബാധകമാണ്. അപ്പീലിൻ്റെ എല്ലാ വ്യവസ്ഥകളും ഇത്തരം അപേക്ഷകൾക്ക് ബാധകമാണ്.

ചോ 5 :-ആദ്യ അപ്പലേറ്റ് അതോറിറ്റിയ്ക്ക് അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടിനൽകുവാൻ അധികാരമുണ്ടോ?

ഉത്തരം: ഉണ്ട് .സെക്ഷൻ 79 (4) പ്രകാരം മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് മാസ കാലാവധി എന്നത് ഒരു മാസം കൂടി (3 + 1) നീട്ടി നൽകാവുന്നതാണ്.

ചോ 6 :- അപ്പീൽ അപേക്ഷയിൽ പ്രതിപാദിച്ചിട്ടില്ലാത്ത വാദമുഖങ്ങൾ പിന്നീട് ഉന്നയിക്കുവാൻ അനുവദിക്കുന്നതിനുള്ള അധികാരം ആദ്യ അപ്പലേറ്റ് അതോറിറ്റിയ്ക്ക് ഉണ്ടോ?

ഉത്തരം. ഉണ്ട്. മനപ്പൂർവം അല്ലാത്ത ഇത്തരം വീഴ്ചകൾ യുക്തിഹിതമെങ്കിൽ അഡീഷണൽ ഗ്രൗണ്ടുകളായി അനുവദിക്കുന്നതിനുള്ള അധികാരം ആദ്യ അപ്പലേറ്റ് അതോറിറ്റിയ്ക്കുണ്ട്.

ചോ 7 :- ആദ്യ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവുകളും പകർപ്പുകളും ആർക്കൊക്കെ ആണ് നൽകേണ്ടത് ?

ഉത്തരം. ഹർജിക്കാരനും ഉത്തരവിറക്കിയ അധികാരിയ്ക്കും സിജിഎസ്ടി , എസ്ജിഎസ്ടി കമ്മീഷണർമാർക്കും അപ്പീൽ ഉത്തരവുകളും പകർപ്പുകളും നൽകേണ്ടതാണ്.

ഓരോ അപ്പീലിനൊപ്പവും നൽകേണ്ടുന്ന മുൻകൂർ നിക്ഷേപം ( പ്രീ-ഡെപ്പോസിറ്റ്) എത്രയാണ്?

ഉത്തരം: ഓരോ അപ്പീലിനൊപ്പവും നൽകേണ്ടുന്ന മുൻകൂർ നിക്ഷേപം ( പ്രീ-ഡെപ്പോസിറ്റ്) തർക്കത്തിലുള്ള തുകയുടെ 10% ആണ്. എന്നാൽ എസ്ജിഎസ്ടിക്കു കൂടുതലായി ചില നിബന്ധനകൾ വന്നേക്കാവുന്നതാണ് .കൂടുതൽ വിവരത്തിന് മാതൃകാ കരട് നിയമസംഹിതയും 12, 13 ചോദ്യോത്തരങ്ങളും പരിശോധിക്കുക

ചോ9:-അപ്പീലുകളിലെ തർക്ക തുക (എമൗണ്ട് ഇൻ ഡിസ്പ്യൂട്ട്) എന്നാലെന്താണ്?

ഉത്തരം. MGL സെക്ഷൻ 79 (6) ലെ വിശദീകരണപ്രകാരം "തർക്കതുക" (എമൗണ്ട് ഇൻ ഡിസ്പ്യൂട്ട്) എന്നത്

(I) MGL-ൽപറഞ്ഞിട്ടുള്ള 46, 47, 48, 51 മുതലായ വകുപ്പുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള തുകയോ;

(II) ചരക്കുസേവന നികുതി ക്രെഡിറ്റ്റൂൾസ് പ്രകാരം അടക്കുവാൻ ബാധ്യതപെട്ട തുകകൾ

(III) ചുമത്തപ്പെട്ടിട്ടുള്ള പിഴ, ഫീസ് മുതലായവ അടങ്ങിയതാണ്.

ചോ 10 :- പ്രഥമ അപ്പലേറ്റ് അധികാരിയ്ക്കു ഒറിജിനൽ അധികാരിയുടെ ഉത്തരവുകളിൽ വിധിച്ചിട്ടുള്ള ഡ്യൂട്ടി, ഫൈൻ, പെനാൽറ്റി മുതലായവ ഉയർത്തി നിശ്ചയിക്കുന്നതിനോ ; റീഫണ്ട്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ( ITC) മുതലായവ കുറച്ചു നൽകുന്നതിനോഉള്ള അധികാരം ഉണ്ടോ?

ഉത്തരം: അപ്പെല്ലൻറ്റിനു കാരണം കാണിക്കുവാൻ നിയമപരമായ അവസരം നൽകിയശേഷം ഒറിജിനൽ അധികാരിയുടെ ഉത്തരവുകളിൽ വിധിച്ചിട്ടുള്ള ഡ്യൂട്ടി, പെനാൽറ്റി, ആസ്ഥി കണ്ടുകെട്ടുന്നതിന് പകരമുള്ള ഫൈൻ

മുതലായവ ഉയർത്തി നിശ്ചയിക്കുന്നതിനും റീഫണ്ട്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) മുതലായവ കുറച്ചു നൽകുന്നതിനും പ്രഥമ അപ്പലേറ്റ് അധികാരിയ്ക്കു സാധിക്കുന്നതാണ്. (സെക്ഷൻ 79 (10)).

ഡ്യൂട്ടി ഉയർത്തി നിശ്ചയിക്കുന്നതിനും, തെറ്റായ രീതിയിൽ ഉപയോഗിച്ചിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) തർക്കങ്ങളിൽ തീരുമാനം എടുക്കുന്നതിനും മുൻപ് പ്രഥമ അപ്പലേറ്റ് അധികാരി ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ട് അപ്പെല്ലൻറ്റിനു ഒരു കാരണം കാണിക്കൽ നോട്ടിസ് നൽകേണ്ടതും വകുപ്പ് 51ൽ പറഞ്ഞിരിക്കുന്ന പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ തീരുമാനമെടുക്കേണ്ടതുമാണ്. {MGL SEC.70(10)(2)}

ചോ 11 :- എസ് ജി എസ്ടിയെ (SGST) മാത്രം സംബന്ധിച്ച് ആദ്യ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ കൊടുക്കുമ്പോൾ മുൻകൂർ ഡെപ്പോസിറ്റ് സംബന്ധിച്ച നിയമവശങ്ങൾ എന്താണ്?

ഉത്തരം: ഓരോ അപ്പീലിനൊപ്പവും നൽകേണ്ടുന്ന മുൻകൂർ നിക്ഷേപം ( പ്രീ-ഡെപ്പോസിറ്റ്) തർക്കത്തിലുള്ള തുകയുടെ 10% ആണ്. ഇത്

CGST ക്കും, SGST ക്കും ഒരുപോലെയാണ്. എന്നാൽ SGST യിൽ ഇതിനു പുറമെ ഒറിജിനൽ ഉത്തരവിൽ അപ്പെല്ലൻറ്റ് അംഗീകരിച്ച നികുതി, പലിശ, ഫൈൻ,ഫീസ് മുതലായവ മുഴുവനും, അപ്പീൽ കൊടുക്കുന്നതിനു മുൻപ് അ ടച്ചിരിക്കണം.

ഇത്കൂടാതെ SGST കമ്മീഷണർക്കു അത്രമേൽ ഗൗരവതരമാണെന്ന് ( SERIOUS CASES) തോന്നുന്ന കേസുകളിൽ പ്രീഡെപോസിറ്റ് അമ്പതുശതമാനം വരെ ഉയർത്തണമെന്ന് ആവശ്യപ്പെട്ടു ആദ്യ അപ്പലേറ്റ് അധികാരിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

ചോ 12 :- (എസജിഎസ്ടി (SGST)യെ മാത്രം സംബന്ധിച്ച്) "ഗൗരവമായകേസ്" (SERIOUS CASE) എന്നതിൻറ്റെ അർത്ഥമെന്താണ് ?

ഉത്തരം:- 25 കോടിയിൽ കുറയാത്ത തുക നികുതിയിനത്തിൽ ഒരു തർക്ക വിഷയമായി വരുകയും അതിൽ S.G.S.T കമ്മീഷണർക്ക് ഡിപ്പാർട്മെൻറ്റിന് അനുകൂലമായ ശക്തമായ കേസുണ്ടെന്ന് കാര്യകാരണങ്ങൾ എഴുതി രേഖപ്പെടുത്തിയതുമായ കേസുകളെയാണ് "ഗൗരവമായകേസ്" എന്നുപറയുന്നത്.\

ചോ 13 :-കീഴുദ്യോഗസ്ഥരുടെ ഉത്തരവുകൾ തെറ്റാണെന്നു ബോധ്യപ്പെട്ടാൽ SGST കമ്മീഷണർക്കു അവ പുനഃപരിശോധിക്കുവാൻ (റിവിഷൻ) കഴിയുമോ?

ഉത്തരം: കഴിയും. SGST ആക്ട് സെക്ഷൻ 80 (1) പ്രകാരം കമ്മീഷണർക്കു അങ്ങനെ പുനഃപരിശോധിക്കുവാനുള്ള അധികാരം ഉണ്ട്. ഈ വകുപ്പ്പ്രകാരം കമ്മീഷണർക്കു തൻറ്റെ കീഴുദ്യോഗസ്ഥരുടെ ഉത്തരവുകൾ പരിശോധിച്ച ശേഷം അവ നിയമ വിധേയമല്ലെന്നും തെറ്റാണെന്നും ബോധ്യപ്പെട്ടാൽ

ബന്ധപ്പെട്ടവർക്ക് മറുപടി ബോധിപ്പിക്കുവാനുള്ള അവസരം നൽകി അവലോകനം ചെയ്തശേഷം പുനരുത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ചോ 14 :- മുകളിൽ പറഞ്ഞ റിവിഷൻ കാലയളവിൽ SGST കമ്മീഷണർക്കു കീഴുദ്യോഗസ്ഥരുടെ ഉത്തരവുകൾ മരവിപ്പിക്കുവാൻ കഴിയുമോ?

ഉത്തരം.: കഴിയും.

ചോ 15 :-മുകളിൽ പറഞ്ഞ റിവിഷൻ അധികാരം നടപ്പാക്കുന്നതിൽ SGST കമ്മീഷണർക്കു എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉണ്ടോ?

ഉത്തരം. ഉണ്ട്.

(എ). മോഡൽ നിയമത്തിലെ 79, 82, 87, 88 മുതലായ വകുപ്പുകൾ പ്രകാരം അപ്പീൽ കൊടുത്തിട്ടുള്ള കേസുകളിലും,

(ബി). പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്ന ഉത്തരവ് പാസ്സാക്കി മൂന്നു വർഷം കഴിഞ്ഞ സന്ദർഭങ്ങളിലും മറ്റും റിവിഷൻ അധികാരം നടപ്പാക്കുന്നതിൽ SGST കമ്മീഷണർക്കു വിലക്കുകളുണ്ട്. (ദയവായി വിശദാംശങ്ങൾ MGL ൽ സെക്ഷൻ 80 -കാണുക)

ചോ 16 :-ഏതെല്ലാം അവസരങ്ങളിലാണ് ട്രിബ്യൂണലുകൾക്കു അപ്പീലുകൾ തള്ളി കളയുന്നതിനുള്ള അധികാരം ഉള്ളത്?

ഉത്തരം. ഇത്തരം അപ്പീലുകളിൽ താഴെപറയുന്നവയിൽ ഏതെങ്കിലും ഉൾപെട്ടിട്ടുണ്ടെങ്കിൽ

നികുതി തുക, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ( ITC), നികുതി വ്യത്യാസം , ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ( ITC) വ്യത്യാസം, ഫൈൻ ,ഫീസ് , പിഴ എന്നിവ ഒരു ലക്ഷം രൂപയിൽ കുറവാണെങ്കിൽ (രൂപ 1,00,000/-), അത്തരം അപ്പീലുകൾ തിരസ്കരിക്കുവാനുള്ള വിവേചനാധികാരം ട്രിബ്യൂണലുകൾക്കുണ്ട്. (വകുപ്പ് 82 (2) MGL )

ചോ 17 :- ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി എന്താണ് ?

ഉത്തരം: അപ്പീൽ ചെയ്യേണ്ടുന്ന ഓർഡർ അല്ലെങ്കിൽ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 3 മാസം ആയി സമയപരിധി നിജപ്പെടുത്തിയിരിക്കുന്നു.

ചോ 18 :-അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധി നീട്ടി നൽകുവാൻ ട്രിബ്യൂണലിനു അധികാരമുണ്ടോ?

ഉത്തരം :ഉണ്ട്. മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിലധികമുള്ള ഏതു കാലയളവുകളും നീട്ടി നൽകുവാനുള്ള അധികാരം ട്രിബ്യൂണലിനുണ്ട് .

ചോ 19:- ട്രിബ്യൂണൽ മുമ്പാകെ ക്രോസ്സ് ഒബ്ജക്ഷൻ മെമ്മോറാണ്ടം ഫയൽചെയ്യേണ്ട സമയ പരിധി എന്താണ്?

ഉത്തരം. അപ്പീൽ കൈപ്പറ്റിയ ദിവസം മുതൽ 45 ദിവസം.

ചോ 20 :- ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ കൊടുക്കുമ്പോൾ സ്റ്റെയ്റ്റ് ജി എസ്ടിയും സെൻട്രൽ ജിഎസ്ടിയുംതമ്മിൽ നിയമ വ്യവസ്ഥയിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

(1) പ്രഥമ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിനെതിരെ ഏതൊരു വ്യക്തിക്കും ട്രിബ്യൂണൽ മുൻപാകെ അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകൾ സിജിഎസ്ടിയുടെയും, എസ്ജിഎസ്ടിയുടെയും വകുപ്പ് 82 ൽ ആണ് പ്രതിപാദിച്ചിരിക്കുന്നത്. അടിസ്ഥാനപരമായി അവ സമാനമായ വ്യവസ്ഥകളാണ്.

(2) എന്നാൽ ഇതിനു പുറമെ എസ്ജി എസ്ടിയുടെ വകുപ്പ് 82 ൽ കമ്മീഷണർ ഇറക്കുന്ന റിവിഷനറി ഉത്തരവിനെതിരെയും ട്രിബ്യൂണൽ മുൻപാകെ അപ്പീൽ കൊടുക്കാമെന്നു കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(3) ആദ്യ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിനെതിരെ ഡിപ്പാർട്മെന്റിന് ട്രിബ്യൂണലിനെ സമീപിക്കാം എന്നുള്ള വ്യവസ്ഥ സിജിഎസ്ടി നിയമത്തിൽ ഉണ്ടെങ്കിലും, അത്തരം വ്യവസ്ഥ എസ്ജിഎസ്ടി നിയമത്തിൽ നൽകിയിട്ടില്ല, എന്തെന്നാൽ സംസ്ഥാനങ്ങളിൽ എസ്ജിഎസ്ടി പ്രകാരം റിവിഷനറി അധികാരം എസ്ജിഎസ്ടി കമ്മീഷണർക്കാണ് നൽകിയിട്ടുള്ളത്. (സംസ്ഥാനങ്ങളിലെ ആദ്യ അപ്പലേറ്റ് അതോറിറ്റി കമ്മീഷണറുടെ കീഴുദ്യോഗസ്ഥൻ ആകുവാനാണ് സാധ്യതയുള്ളത്)

(IV) കൂടാതെ, ഓരോ അപ്പീലിനൊപ്പവും നൽകേണ്ടുന്ന മുൻകൂർ നിക്ഷേപം ( പ്രീ-ഡെപ്പോസിറ്റ്) തർക്കത്തിലുള്ള തുകയുടെ 10% ആണ്. ഇത് സി ജിഎസ്ടിക്കും, എസ്ജിഎസ്ടിക്കും ഒരു പോലെയാണ്. എന്നാൽ എസ്.ജി.എസ്.ടിയിൽ ഒറിജിനൽ ഉത്തരവിൽ അപ്പീൽ നല്കുന്നയാൾ താൻ നിയമപരമായി ബാധ്യതപ്പെട്ടതാണെന്നു അംഗീകരിച്ച നികുതി, പലിശ, ഫൈൻ, ഫീസ് മുതലായ തുകകൾ മുഴുവനും അപ്പീൽ കൊടുക്കുന്നതിനു മുൻപ് അടച്ചിരിക്കണം.

ചോ 21 :-മുൻകൂർ നിക്ഷേപം( പ്രീ-ഡെപ്പോസിറ്റ്) തിരികെ നൽകേണ്ടി വരുന്ന (റീഫണ്ട്) സന്ദർഭങ്ങളിൽ അതിനു പലിശ നൽകേണ്ടതുണ്ടോ?

ഉത്തരം. ഉണ്ട്. MGL സെക്ഷൻ 85 അനുസരിച്ച് 79-ആം വകുപ്പിൻറ്റെ ഉപവകുപ്പ് (6) / (4), 82-ആം വകുപ്പിൻറ്റെ ഉപവകുപ്പ് (10) / (4) മുതലായവ പ്രകാരം ഹർജിക്കാരൻ നിക്ഷേപിച്ചിട്ടുള്ള മുൻകൂർ നിക്ഷേപം ( പ്രീ-ഡെപ്പോസിറ്റ്) തിരികെ നൽകുവാൻ ഏതെങ്കിലും ആദ്യ അപ്പലേറ്റ് അതോറിറ്റിയോ, ട്രിബ്യൂണലോ ഉത്തരവിട്ടാൽ 39 വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിൽ പ്രീ-ഡെപ്പോസിറ്റ് തുക അടച്ച തീയതി

മുതൽ റീഫണ്ട് കൊടുക്കുന്ന തീയതി വരെയുള്ള കാലത്തേയ്ക്ക് പലിശ നൽകേണ്ടതാണ്.

ചോ 22:- ട്രിബ്യൂണൽ ഉത്തരവുകൾക്കെതിരെ എവിടെയാണ് അപ്പീൽ നൽകുക?

ഉത്തരം. ഹൈക്കോടതി മുൻപാകെയാണ് നൽകേണ്ടത്. ഹൈക്കോടതി മുൻപാകെ നൽകപ്പെടുന്ന അപ്പീലുകളിൽ സങ്കീർണമായ നിയമപ്രശ്നം ഉൾപെട്ടിട്ടുള്ളതായി (ക്വസ്റ്റ്യൻ ഓഫ് ലോ / പോയിൻറ് ഓഫ് ലോ) കോടതിയ്ക്ക് ബോ ധ്യം വന്നാൽ അവ പരിഗണിക്കപ്പെടുന്നതാണ്.

എന്നാൽ ട്രിബ്യൂണൽ ഉത്തരവുകളിൽ , വിവിധ സംസ്ഥാനങ്ങളോ, കേന്ദ്രവും സംസ്ഥാനങ്ങളും ഒന്നിച്ചോ ഉൾപ്പെട്ടിട്ടുള്ള കേസുകളിലും ,കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് സപ്ലൈ ലഭിച്ച സ്ഥലത്തെ സംബന്ധിച്ച് പരസ്പരവിരുദ്ധമായ അഭിപ്രായമുള്ള കേസുകളിലും സുപ്രീംകോടതി മുന്പാകെയാണ് അപ്പീൽ നല്കപ്പെടേണ്ടത്. (വിഭാഗം87 (1))

ചോ 23 :-ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധി എത്രയാണ്?

ഉത്തരം. ഓർഡർ കൈപ്പറ്റിയ ദിവസം മുതൽ( 180) നൂറ്റിയെൺപതു ദിവസമാണ് ഹൈക്കോടതിയുടെ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധി.

എന്നാൽ മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ സമയ പരിധി നീട്ടി നൽകുവാനുള്ള അധികാരം ഹൈക്കോടതിക്കുണ്ട്

# അഡ്വാൻസ് റൂളിംഗ്

## 17: അഡ്വാൻസ് റൂളിംഗ്

**ചോദ്യം 1**. ആഡ്വാൻസ് റൂളിംഗ് എന്നാൽ എന്താണ്?

**ഉത്തരം:** മോഡൽ ജി.എസ്.ടി./എസ്.ജി.എസ്.ടി നിയമം വകുപ്പ് 94 പ്രകാരം, ഒരു അപേക്ഷകന് സെക്ഷൻ 97 ൽ പറയുന്ന കാര്യങ്ങളിലും അവയുടെ അപ്പീൽ (സെക്ഷൻ 99) സംബന്ധിച്ചും അദ്ദേഹത്തിൻറ്റെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും അധികാരികൾ എഴുതികൊടുക്കുന്ന തീരുമാനങ്ങൾ ആണ് അഡ്വാൻസ് റൂളിംഗ്.

**ചോദ്യം 2.** വകുപ്പ് 97 പ്രകാരം ഏതൊക്കെ കാര്യങ്ങളിലാണ് അഡ്വാൻസ് റൂളിംഗ് ഏതൊക്കെ ആവശ്യപ്പെടാവുന്നതു ?

**ഉത്തരം :** അഡ്വാൻസ് റൂളിംഗിലൂടെ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെടാൻ പറ്റും.

**എ.** ചരക്ക് സേവന നികുതി (ജി.എസ്.ടി) ആക്ട് പ്രകാരം ഉള്ള ചരക്കുകളുടെയും, സേവനങ്ങളുടെയും വർഗീകരണം.( ക്ലാസ്സിഫിക്കേഷൻ )

**ബി**. നികുതി നിരക്കിനെ ബാധിക്കുന്ന തരത്തിലുള്ളതും ചരക്ക് സേവന നികുതി ആക്ട് പ്രകാരം പുറപ്പെടുവിച്ചതും ആയ ഒരു വിജ്ഞാപനത്തിൻറ്റെ പ്രസക്തി

**സി**.ചരക്ക് സേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ചരക്കുകളുടെ അഥവാ സേവനങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നതിനു സ്വീകരിക്കേണ്ട തത്വങ്ങൾ.

**ഡി**. അടച്ചതോ, അടച്ചതായി പരിഗണിക്കുന്നതോ ആയ ഇൻപുട് ടാക്സ് ക്രെഡിറ്റിൻറ്റെ അർഹത

**ഇ.** ചരക്ക് സേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എന്തെങ്കിലും സാധനങ്ങൾക്കോ അഥവാ സേവനങ്ങൾക്കോ നികുതി അടയ്ക്കാൻ ഉള്ള ബാധ്യത നിർണയിക്കൽ.

**എഫ്.** ചരക്ക് സേവന നികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകൻ രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണോ എന്നത്

**ജി.** ഒരു അപേക്ഷകൻ ചരക്ക് അഥവാ സേവനം സംബന്ധിച്ച എന്തെല്ലാം പ്രവൃത്തികൾ ചെയ്താൽ അത് ചരക്ക് / സേവനം കൈമാറ്റം ചെയ്യലിൻറ്റെ പരിധിയിൽ വരും എന്നത്

**ചോദ്യം 3**. അഡ്വാൻസ് റൂളിംഗ് എന്ന സംവിധാനത്തിന്റെ ഉദ്ദേശം എന്താണ്?

**ഉത്തരം** : ഇത്തരം ഒരു അധികാരസ്ഥാപനം ഉണ്ടാക്കുന്നതിനുള്ള വിശാലമായ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

i.ഒരു അപേക്ഷകൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ഒരു പ്രവർത്തനത്തിന് ,അദ്ദേഹത്തിൻറ്റെ നികുതി ബാധ്യത മുൻകൂറായി നിശ്ചയപ്പെടുത്തി കൊടുക്കൽ.

ii. നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) ആകർഷിക്കാൻ.

iiii നിയമ വ്യവഹാരം കുറക്കൽ.

iv. സുതാര്യവും ചിലവ് കുറഞ്ഞതുമായ രീതിയിൽ വളരെ വേഗത്തിൽ കാര്യങ്ങൾക്ക് തീരുമാനം അറിയിക്കൽ

**ചോദ്യം 4**. ചരക്കുസേവന നികുതി അഡ്വാൻസ് റൂളിംഗ് അതോറിറ്റിയുടെ (AAR under GST) ഘടന എങ്ങിനെ ആയിരിക്കും?

**ഉത്തരം:** അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിൽ ഒരു അംഗം CGST യ്ക്കും , ഒരു അംഗം SGST യ്ക്കും ആയിരിക്കും. അവരെ യഥാക്രമം കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയമിക്കും. നിയമനത്തിനുള്ള അവരുടെ അർഹതയും, യോഗ്യതയും മാതൃകാ ചരക്കുസേവന നികുതി നിയമപ്രകാരം (വകുപ്പ് 95) നിർദ്ദേശിക്കപ്പെടും.

**ചോദ്യം 5:** അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR) എന്താണ്? അതിൻറ്റെ ഘടന എങ്ങിനെയായിരിക്കും?

**ഉത്തരം:** അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAR)ൻറ്റെ അഡ്വാൻസ് റൂളിംഗിങ്ങിനെതിരായുള്ള അപ്പീൽ, അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR) കേൾക്കും. AAAR -ൽ രണ്ട് അംഗങ്ങൾ ഉണ്ടാകും. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് നിർദേശിക്കുന്ന ഒരു ചീഫ് കമ്മീഷണറും, SGST നിയമപ്രകാരം അപേക്ഷകൻറ്റെ മേൽ അധികാര പരിധിയുള്ള കമ്മീഷണറും(സെക്ഷൻ 96 )

**ചോദ്യം 6.** ചരക്ക് സേവന നികുതി നിയമപ്രകാരം എത്ര അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAR) ഉം, അപ്പലേറ്റ് അതോറിറ്റി ഫോർ അഡ്വാൻസ് റൂളിംഗ് (AAAR) ഉം ഉണ്ടായിരിക്കും?

**ഉത്തരം:** സെക്ഷൻ 95, 96 പ്രകാരം ഓരോ സംസ്ഥാനത്തും ഓരോ (AAR) ഉം, ഓരോ (AAAR) ഉം ഉണ്ടായിരിക്കും.

**ചോദ്യം 7**. അഡ്വാൻസ് റൂളിംഗ് ആർക്കൊക്കെ ബാധകമാകും ?

**ഉത്തരം:** വകുപ്പ് 102 പ്രകാരം AAR അല്ലെങ്കിൽ AAAR പ്രഖ്യാപിക്കുന്ന അഡ്വാൻസ് റൂളിംഗ് അപേക്ഷകനും അപേക്ഷകൻറ്റെ മേൽ അധികാര പരിധിയുള്ള നികുതി അധികാരിക്കും മാത്രമാണ് ബാധകം. സംസ്ഥാനത്തെ സമാന രീതിയിൽ നികുതി ചുമത്തപ്പെടാവുന്ന വ്യക്തികൾക്ക് അഡ്വാൻസ് റൂളിംഗ് ബാധകമല്ല എന്നത് ഇവിടെ വ്യക്തമാണ്.അഡ്വാൻസ് റൂളിംങ്ങിന് അപേക്ഷ നൽകിയ വ്യക്തിക്ക് മാത്രമായി ഇത് പരിമിതപ്പെടുത്തിയിട്ടുണ്ട്.

**ചോദ്യം 8 .** അഡ്വാൻസ് റൂളിങിൻറ്റെ സാധുത കാലാവധി എത്രയാണ്?

**ഉത്തരം**: റൂളിംഗ് ബാധകമായ് ഒരു നിശ്ചിത കാലാവധി നിയമം നിഷ്കർഷിക്കുന്നില്ല. പകരം വകുപ്പ് 102 പ്രകാരം, ഒറിജിനൽ അഡ്വാൻസ് റൂളിംങ്ങിനെ പിന്തുണയ്ക്കുന്ന നിയമമോ, വസ്തുതകളോ, സാഹചര്യങ്ങളോ മാറുന്നതുവരെ അഡ്വാൻസ് റൂളിംഗ് ബാധകമായിരിക്കും.

**ചോദ്യം 9.** അഡ്വാൻസ് റൂളിങ് എപ്പോഴെങ്കിലും അസാധുവാക്കാമോ ?

**ഉത്തരം:** ഏതെങ്കിലും അപേക്ഷകൻ വ്യാജമായോ ശരിയായ വസ്തുതകൾ ഒളിപ്പിച്ചുവെച്ചോ, സത്യത്തെ തെറ്റായി അവതരിപ്പിച്ചു കൊണ്ടോ ആണ് 168 അഥവാ 169 പ്രകാരമുള്ള അഡ്വാൻസ് റൂളിംഗ് വാങ്ങിച്ചത് എന്ന് AAR നോ AAARനോ ബോധ്യപ്പെട്ടാൽ, സെക്ഷൻ 103 പ്രകാരം ആ അഡ്വാൻസ് റൂളിംഗ് തുടക്കം മുതൽ തന്നെ അസാധുവാണെന്ന് പ്രഖ്യാപിക്കാം. അങ്ങിനെ അസാധുവാക്കു ന്ന പക്ഷം ചരക്ക് സേവന നികുതി നിയമത്തിലെ (CGST/SGST) എല്ലാ വ്യവസ്ഥകളും അഡ്വാൻസ് റൂളിംഗ് ഇല്ലായിരുന്നെങ്കിൽ എങ്ങനെ അപേക്ഷകന് ബാധകമാകുമോ അപ്രകാരം തന്നെ ആയിരിക്കും (അഡ്വാൻസ് റൂളിംഗ് അനുവദിച്ചത് മുതലുള്ള സമയം തൊട്ട് അഡ്വാൻസ് റൂളിംഗ് അസാധുവാക്കുന്ന ഓർഡർ ഇഷ്യൂ ചെയ്യുന്ന സമയം വരെയുള്ള കാലയളവ് ഒഴിവാക്കിക്കൊണ്ട്). അപേക്ഷകന് പറയുവാനുള്ളത് കേട്ടതിന് ശേഷമേ അഡ്വാൻസ് റൂളിംഗ് അസാധുവാക്കുന്ന ഓർഡർ ഇറക്കാൻ പാടുള്ളൂ.

**ചോദ്യം 10.** അഡ്വാൻസ് റൂളിംഗ് ലഭിക്കാനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം:** സെക്ഷൻ 97 ലും 98 ലും അഡ്വാൻസ് റൂളിംഗ് ലഭിക്കാനുള്ള നടപടി ക്രമങ്ങൾ വിവരിച്ചിട്ടുണ്ട്. അഡ്വാൻസ് റൂളിംഗ് ലഭിക്കാൻ താല്പര്യമുള്ള അപേക്ഷകൻ നിർദിഷ്ട ഫോമിലും രീതിയിലും AAR ഇൽ അപേക്ഷിക്കണം . അപേക്ഷിക്കാനുള്ള ഫോമിൻറ്റെ മാതൃകയും വിശദമായ നടപടിക്രമങ്ങളും മാതൃകാ ചരക്ക് സേവന നികുതി നിയമത്തിൽ പ്രതിപാദിക്കും. അഡ്വാൻസ് റൂളിങ്ങിനുള്ള അപേക്ഷകൾ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് സെക്ഷൻ 98 ഇൽ പ്രതിപാദിച്ചിട്ടുണ്ട്. AAR അപേക്ഷയുടെ ഒരു പകർപ്പ് അപേക്ഷകൻറ്റെ മേൽ അധികാര പരിധിയുള്ള അധികാരിക്ക് അയച്ചു കൊടുത്ത് ആവശ്യമായ രേഖകൾ വിളിച്ചു വരുത്തേണ്ടതാണ്. അതിനു ശേഷം AAR അപേക്ഷയോടൊപ്പം രേഖകളും പരിശോധിച്ച് ആവശ്യമെങ്കിൽ അപേക്ഷകനെ കേൾക്കേണ്ടതാണ്. പിന്നീട് അപേക്ഷ സ്വീകരിച്ചു കൊണ്ടോ തള്ളിക്കൊണ്ടോ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**ചോദ്യം 11.** അഡ്വാൻസ് റൂളിങ്ങിനുള്ള അപേക്ഷ നിർബന്ധമായും തള്ളേണ്ട സാഹചര്യങ്ങൾ ഏതൊക്കെയാണ്?

**ഉത്തരം:** സെക്ഷൻ 98 (2) പ്രകാരം അനിവാര്യമായും അപേക്ഷ തള്ളപ്പെടേണ്ട ചില സാഹചര്യങ്ങൾ താഴെ ഇനം തിരിച്ചു പറയുന്നു.

**എ.** അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ, അപേക്ഷകൻ്റെ കാര്യത്തിൽ, 1stഅപ്പലേറ്റ് അതോറിറ്റിയുടെയോ, അപ്പലേറ്റ് ട്രിബ്യുണലിൻ്റെയോ, കോടതിയുടെയോ പരിഗണനയിലിരിക്കുന്നതും തീരുമാനമാവാത്തതുമാണെങ്കിൽ.

**ബി.** അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ, 1stഅപ്പലേറ്റ് അതോറിറ്റിയോ, അപ്പലേറ്റ് ട്രിബ്യുണലോ, കോടതിയോ മുൻപേതന്നെ തീർപ്പ് കല്പിച്ചതുമാണെങ്കിൽ.

**സി.** അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം, അപേക്ഷകൻ്റെ കാര്യത്തിൽ നിയമപ്രകാരമുള്ള ഏതെങ്കിലും ഒരു നടപടിയിൽ പരിഗണനയിൽ ഉള്ളതാണെങ്കിൽ .

**ഡി.** അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം അപേക്ഷകൻ്റെ കാര്യത്തിൽ ഒരു അഡ്ജൂഡിക്കേറ്റിങ് അതോറിറ്റിയോ, അസ്സെസ്സിങ് അതോറിറ്റിയോ മുമ്പേതന്നെ തീരുമാനി ച്ചതാണെങ്കിൽ.

അപേക്ഷ നിരസിക്കുകയാ ണെങ്കിൽ അത് വ്യക്തമായ കാരണങ്ങൾ കാണിച്ച ഒരു സ്പീക്കിങ് ഓർഡറോട് കൂടിയായിരിക്കണം.

ചോ 12 : ഒരു അപേക്ഷ അഡ്മിറ്റ് ചെയ്തു കഴിഞ്ഞാൽ അഡ്വാൻസ് റൂളിംഗ് അതോറിറ്റി എന്തൊക്കെ നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് ?

ഉ:- ഒരു അപേക്ഷ സ്വീകരിച്ചാൽ , AAR 90 ദിവസത്തിനുള്ളിൽ അതിൻ്റെ തീർപ്പു പ്രസ്താവിക്കണം. തീർപ്പു പ്രസ്താവിക്കുന്നതിനു മുൻപായി, ലഭിച്ച അപേക്ഷയും ,അപേക്ഷകനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ കൂടുതലായി സമർപ്പിച്ച രേഖകളും പരിശോധിക്കണം. തീർപ്പു പ്രസ്താവിക്കുന്നതിനു മുൻപായി, AAR അപേക്ഷകനേയോ അയാളുടെ പ്രതിനിധിയെയും കൂടാതെ, ബന്ധപ്പെട്ട CGST / SGST ഉദ്യോഗസ്ഥനെയും കേൾക്കണം.

ചോ 13 :- AAR -ലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ എന്ത് സംഭവിക്കും?

ഉ:- AAR -ലെ 2 അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ, അവർക്കു വ്യത്യസ്ത അഭിപ്രായം ഉള്ള പോയിന്റുകൾ AAAR -ന് റെഫർ ചെയ്യണം. AAR റെഫർ ചെയ്ത പോയിൻ്റുകളിൽ AAAR -നും ഒരു പൊതുവായ തീരുമാനം എടുക്കാൻ സാധിക്കുന്നില്ലെങ്കിൽ, തർക്കം തുടരുന്ന ആ പോയിൻ്റിന്മേൽ അഡ്വാൻസ് റൂളിംഗ് നൽകുവാൻ സാധിക്കാത്തതാണ് എന്ന് കണക്കാക്കപ്പെടും.

ചോ 14 :- AAR-ൻറ്റെ ഉത്തരവിനെതിരായി അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്?

ഉ:- AAAR -ൻറ്റെ മുൻപിൽ അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകൾ മോഡൽ GST നിയമത്തിൻറ്റെ 99 , 100 എന്നീ സെക്ഷനുകൾ പ്രകാരമാണ് . അപേക്ഷകന് AAR-ൻറ്റെ കണ്ടെത്തലുകളിൽ സംതൃപ്തനല്ലെങ്കിൽ, അയാൾക്ക് AAAR നു മുൻപിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അതേപോലെ, അധികാരപരിധിയിലുള്ള CGST /SGST ഉദ്യോഗസ്ഥൻ AAR-ൻറ്റെ തീരുമാനം അംഗീകരിക്കുന്നില്ല എങ്കിൽ അദ്ദേഹത്തിനും AAAR -നു മുൻപിൽ അപ്പീൽ നൽകാവുന്നതാണ് . നിർദേശിക്കപ്പെട്ട CGST /SGST ഉദ്യോഗസ്ഥൻ എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഒരു അഡ്വാൻസ് റൂളിംഗ് അപ്ലിക്കേഷനുമായി ബന്ധപ്പെട്ടു, CGST / SGST അഡ്മിനിസ്ട്രേഷൻ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥനെ ആണ്. സാധാരണ സാഹചര്യങ്ങളിൽ, അപേക്ഷകൻറ്റെ അധികാരപരിധി ഉള്ള ഉദോഗസ്ഥനായിരിക്കും ആ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ. ഇങ്ങനത്തെ കേസുകളിൽ അധികാര പരിധിയിലുള്ള CGST /SGST ഓഫീസർ ആയിരിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ.

അഡ്വാൻസ് റൂളിംഗ് നടത്തി 30 ദിവസത്തിനുള്ളിൽ അപ്പീലുകൾ ഫയൽ ചെയ്തിരിക്കണം. അപ്പീലുകൾ നിർദ്ദേശിച്ചിരിക്കുന്ന ഫോമിലുള്ളതും അത് നിർദേശിച്ചിരിക്കുന്നതുപോലെ വെരിഫൈ ചെയ്തിരിക്കുകയും വേണം. ഇത് മോഡൽ GST നിയമത്തിൽ നിർദേശിച്ചിരുന്നു.

അപ്പെലറ്റ് അതോറിറ്റി, അപ്പീൽ ഫയൽ ചെയ്തു 90 ദിവസത്തിനുള്ളിൽ, പാർട്ടികളെ കേട്ട ശേഷം ഉത്തരവ് പാസ്സാക്കേണ്ടതാണ . AAAR അംഗങ്ങൾക്ക് അപ്പീലിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ വിരുദ്ധ അഭിപ്രായം ഉണ്ടെങ്കിൽ ആ വിഷയത്തിന്മേൽ അഡ്വാൻസ് റൂളിംഗ് നൽകുവാൻ സാധിക്കാത്തതാണ് എന്ന് കണക്കാക്കപ്പെടും.

ചോ 15 :- AAR -നോ AAAR -നോ റൂളിംഗ്-ൽ വന്ന തെറ്റുകൾ തിരുത്തുവാൻ അധികാരമുണ്ടോ?

ഉ:- ഉണ്ട്. ആക്ടിന്റെ സെക്ഷൻ 101 പ്രകാരം AAR നും AAAR നും ഉത്തരവ് പുറപ്പെടുവിച്ചിട്ടു 6 മാസത്തിനുള്ളിൽ രേഖകളിൽ നിന്ന് വ്യക്തമാകുന്ന തെറ്റുകൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരം നൽകിയിരിക്കുന്നു. അങ്ങനെയുള്ള തെറ്റുകൾ അതോറിട്ടി തന്നെയോ അല്ലെങ്കിൽ, അപേക്ഷകനോ അല്ലെങ്കിൽ പറഞ്ഞിരിക്കുന്ന അല്ലെങ്കിൽ CGST / അധികാരപരിധിയുള്ള ഉദ്യോഗസ്ഥനോ കണ്ടെത്തിയതാകാം. ഇങ്ങനെ ചെയ്യുന്ന തിരുത്തലുകൾ ടാക്സ് ബാധ്യത കൂട്ടുന്നതോ ഇൻപുട് ടാക്സ് ക്രെഡിറ്റ് കുറവ് വരുത്തുന്നതോ ആയാൽ, ഉത്തരവ് പാസ്സ് ആക്കുന്നതിനു മുൻപ് അപേക്ഷകനെ കേൾക്കേണ്ടതാണ്.

# സെറ്റിൽമെൻറ് കമ്മീഷൻ

# 18.സെറ്റിൽമെൻറ്റ് കമ്മീഷൻ

ചോ 1:-സെറ്റിൽമെൻറ്റ് കമ്മീഷൻൻ്റെ അടിസ്ഥാന ലക്ഷ്യങ്ങൾ എന്തെല്ലാം?

ഉ: സെറ്റിൽമെൻറ്റ് കമ്മീഷൻൻ്റെ അടിസ്ഥാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

1 നികുതിദാതാവിനു തർക്ക പരിഹാരത്തിനായുള്ള ഒരു ഇതര മാർഗ്ഗം

2 തർക്കങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ജി.എസ് .ടി. ബാധ്യതകളെ , ചെലവേറിയതും സമയം അപഹരിക്കുന്നതുമായ നിയമ നടപടികളിൽ നിന്നും മോചിപ്പിച്ചു ത്വരിതപെടുത്തുക.

3. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട നികുതിദാതാക്കൾക്ക് തങ്ങളുടെ തെറ്റുകൾ തിരുത്തി നിയമത്തിൻ്റെ വരുതിയിൽ വരുവാനുള്ള അവസരം

4 . തങ്ങളുടെ നികുതി കുടിശ്ശിക സ്വയം വെളിപ്പെടുത്തി കേസുകൾ ഒത്തുതീർപ്പാക്കാനുള്ള ഒരു വേദി.

5 . നികുതി സംബന്ധമായ തർക്കങ്ങൾക്ക് ഉടനടി പരിഹാരം കണ്ട് തങ്ങളുടെ വ്യവസായത്തെ തുടർ നടപടികളിൽ നിന്ന് മോചിപ്പിക്കുവാൻ ഒരു അവസരം.

ചോ 2: മാതൃകാ ചരക്കു സേവന നികുതി നിയമപ്രകാരം സംസ്ഥാനത്തിനകത്തോ സംസ്ഥാനങ്ങൾ തമ്മിലുള്ളതോ ആയ ഇടപാടുകളിൽ നിന്ന് ഉടലെടുക്കുന്ന നികുതി തർക്കങ്ങൾ ഒത്തുതീർപ്പ് ആക്കുവാൻ സെറ്റിൽമെൻറ്റ് കമ്മീഷന് അധികാരമുണ്ടോ?

ഉ: മാതൃകാ ചരക്കു സേവന നികുതി നിയമത്തിൽ സെറ്റിൽമെൻറ്റ് കമ്മീഷനെ പ്രതിപാദിക്കുന്നത് IGST ആക്ടിലാണ് . അതിനാൽ സംസ്ഥാനത്തിന് അകത്തു നടക്കുന്ന ഇടപാടുകളിൽ തീർപ്പു കല്പിക്കുവാൻ സെറ്റിൽമെൻറ്റ് കമ്മീഷന് സാധാരണഗതിയിൽ അധികാരമില്ല. എന്നാൽ, സെറ്റിൽമെൻറ്റ് കമ്മീഷൻ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനങ്ങൾക്കു IGST, CGST ആക്ടുകളിൽ നൽകിയിട്ടുള്ള രൂപരേഖ പ്രകാരം സെറ്റിൽമെൻറ്റ് കമ്മീഷൻ സ്ഥാപിക്കാം. ഇപ്രകാരം സ്ഥാപിക്കപ്പെട്ട സെറ്റിൽമെൻറ്റ് കമ്മീഷന് സംസ്ഥാനത്തിന് അകത്തു നടക്കുന്ന ഇടപാടുകളിൽ തീർപ്പു കൽപ്പിക്കാൻ അധികാരമുണ്ട്.

ചോ 3: മാതൃകാ ചരക്കു സേവന നികുതി നിയമത്തിലെ ഒത്തുതീർപ്പു വ്യവസ്ഥകൾ പ്രകാരം "കേസ്" എന്നതുകൊണ്ട് എന്താണു അർത്ഥമാക്കുന്നത്?

ഉ: IGST ആക്ടിനു കീഴിൽ IGST ഉദ്ധ്യോഗസ്ഥനോ ആദ്യ അപ്പെല്ലറ്റ് അധികാരിക്കോ മുൻപാകെ നികുതി ചുമത്തൽ ,നികുതി നിർണ്ണയം, നികുതി പിരിവു എന്നിവയിന്മേൽ അപേക്ഷ നൽകിയ തീയതിയിൽ തീർപ്പു കല്പിക്കപ്പെടാത്ത നടപടികളെ മാതൃകാ ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 11 പ്രകാരം "കേസ്" എന്ന് വിളിക്കുന്നു. കൂടാതെ, അഡ്ജൂഡിക്കേറ്റിങ് അധികാരി പുറപ്പെടുവിച്ച ഒരു ഉത്തരവിൻ്റെ അപ്പീൽ കാലാവധി തീർന്നിട്ടില്ലെങ്കിൽ അതും "കേസ്" എന്നതിൻ്റെ പരിധിയിൽ പെടുന്നു.

ചോ 4: സെറ്റിൽമെൻറ്റ് കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം?

ഉ: സ്റ്റേറ്റ് ചെയർമാൻ അധ്യക്ഷനും, മറ്റു രണ്ടു വിദഗ്ദ്ധ അംഗങ്ങളും അടങ്ങുന്നതാണ് സെറ്റിൽമെൻറ്റ് കമ്മീഷൻ. സ്റ്റേറ്റ് ചെയര്മാൻ അധികാരത്തിൽ ഇരിക്കുന്നതോ വിരമിച്ചതോ ആയ ഹൈക്കോടതി ജഡ്ജി ആയിരിക്കും. വിദഗ്ദ്ധ അംഗങ്ങൾ CGST അധികാരികളിൽ നിന്നും തിരഞ്ഞെടുക്കുന്നവരായിരിക്കും.

ചോ 5: സെറ്റിൽമെൻറ്റ് അപേക്ഷ കേൾക്കുന്ന അവസരത്തിൽ കമ്മീഷനിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ എന്തു സംഭവിക്കും?

ഉ: IGST ആക്ട് വകുപ്പ് 14 പ്രകാരം സെറ്റിൽമെൻറ്റ് അപേക്ഷ കേൾക്കുന്ന അവസരത്തിൽ കമ്മീഷനിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ ഭൂരിപക്ഷ അടിസ്ഥാനത്തിൽ തീർപ്പു കല്പിക്കും. ഒരു അംഗത്തിൻറ്റെ അസാന്നിധ്യത്തിൽ രണ്ടു അംഗങ്ങൾ അടങ്ങുന്ന ബെഞ്ചിന് കേസ് തീർപ്പാക്കാം. ഇങ്ങനെയുള്ള അവസരങ്ങളിൽ അംഗങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ അത് മൂന്നാമത്തെ അംഗത്തിന് വിടുകയും ഭൂരിപക്ഷ അടിസ്ഥാനത്തിൽ തീർപ്പു കല്പിക്കുകയും ചെയ്യും.

ചോ 6: സെറ്റിൽമെൻറ്റിനു ആർക്കൊക്കെ അപേക്ഷിക്കാം?

ഉ: IGST ആക്ട് വകുപ്പ് 15 പ്രകാരം, നികുതി പരിധിയിൽ വരുന്ന ഏതു വ്യക്തിക്കും IGST ഉദ്ധ്യോഗസ്ഥനോ ആദ്യ അപ്പെല്ലറ്റ് അധികാരിക്കോ മുൻപാകെ തീർച്ചയാക്കപ്പെടാതെ നിൽക്കുന്ന കാരണം കാണിക്കൽ നോട്ടീസ് അടിസ്ഥാനമാക്കി സെറ്റിൽമെൻറ്റിനു അപേക്ഷിക്കാം.

ചോ7:സെറ്റിൽമെൻറ്റ് അപേക്ഷയുടെ ഉള്ളടക്കം എന്തൊക്കെയായിരിക്കണം?

ഉ: സെറ്റിൽമെൻറ്റ് അപേക്ഷയിൽ താഴെപ്പറയുന്നവയുടെ പൂർണമായ വെളിപ്പെടുത്തൽ ഉണ്ടാകേണ്ടതാണ്.

i . IGST ഉദ്ധ്യോഗസ്ഥനു മുൻപാകെ വെളിപ്പെടുത്താത്ത നികുതി ബാധ്യത.

ii . ഇപ്രകാരമുള്ള നികുതി ബാധ്യത ഉണ്ടാകുവാനിടയായ സാഹചര്യം.

iii. അടയ്ക്കാൻ അംഗീകരിച്ച അധിക നികുതി .

iv. തെറ്റായ തരംതിരിക്കൽ, എക്സംപ്ഷൻ നോട്ടിഫിക്കേഷൻ തുടങ്ങി നികുതി പൂർണമായി അടയ്ക്കാതിരിക്കാൻ ഉണ്ടായ കാരണങ്ങൾ.

ചോ8: സെറ്റിൽമെൻറ്റ് അപേക്ഷ സ്വീകരിക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാം?

ഉ: IGST ആക്ട് വകുപ്പ്-15 പ്രകാരം സെറ്റിൽമെൻറ്റ് അപേക്ഷ സ്വീകരിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കണം.

a) IGST ആക്ട് പ്രകാരം സമർപ്പിക്കേണ്ട റിട്ടേൺ അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്, അല്ലെങ്കിൽ റിട്ടേൺ സമർപ്പിക്കുന്നതിൽ നിന്ന് അപേക്ഷകന് സെറ്റിൽമെൻറ്റ് കമ്മീഷൻ ഇളവ് നൽകിയിട്ടുണ്ട്.

b) അപേക്ഷകന് കാരണം കാണിക്കൽ നോട്ടീസ് കിട്ടുകയോ നികുതി ബാദ്ധ്യത കാണിച്ചുള്ള IGST ഉദ്ധ്യോഗസ്ഥൻറ്റെ ഉത്തരവ് ലഭിക്കുകയോ, ഇവ ആദ്യ അപ്പെല്ലറ്റ് അധികാരിക്കു മുൻപാകെ തീർപ്പാക്കാതെ ഇരിക്കുകയോ ചെയ്തിട്ടുണ്ട്.

c) അപേക്ഷകൻ തൻറ്റെ അപേക്ഷയിൽ അംഗീകരിച്ച തുക 5 ലക്ഷത്തിനു മുകളിൽ ആണെങ്കിൽ.

d) അപേക്ഷകൻ അംഗീകരിച്ച അധിക നികുതി CGST ആക്ടിലെ വകുപ്പ് 36 പ്രകാരമുള്ള പലിശ സഹിതം അടച്ചിട്ടുണ്ടെങ്കിൽ.

ചോ 9: സെറ്റിൽമെൻറ്റ് അപേക്ഷ നിരാകരിക്കുന്നതിനു ഇടയാക്കുന്ന സാഹചര്യങ്ങൾ എന്തെല്ലാം?

ഉ: IGST ആക്ട് വകുപ്പ്-15 പ്രകാരം താഴെപ്പറയുന്ന സാഹചര്യങ്ങളിൽ സെറ്റിൽമെൻറ്റ് കമ്മീഷൻ സെറ്റിൽമെൻറ്റ് അപേക്ഷ സ്വീകരിക്കുന്നതല്ല:

i) അപേക്ഷയിൽ ഉൾപ്പെട്ട കേസ് അപ്പെല്ലറ്റ് ട്രിബ്യൂണൽ അല്ലെങ്കിൽ ഏതെങ്കിലും കോടതി മുൻപാകെ തീർപ്പാക്കാതെ ഇരിക്കുന്നു .

ii) അപേക്ഷയിൽ ഉൾപ്പെട്ട കേസിൽ നികുതിയുടെ അനുപാതമോ അതോ ബാധ്യത നിർണയമോ അടങ്ങിയ ചോദ്യം ഉണ്ടെങ്കിൽ

III) പ്രസ്തുത ഫീസ് അടച്ചില്ലെങ്കിൽ

ചോ 10: സെറ്റിൽമെൻറ്റ് കമ്മീഷൻറ്റെ മുന്നിൽ ഫയൽ ചെയ്ത ഒരു കേസ് അപേക്ഷകന് പിൻവലിക്കാൻ സാധിക്കുമോ?

ഉ: IGST ആക്ട് വകുപ്പ്- 15 പ്രകാരം കമ്മീഷനു മുൻപാകെ ഫയൽ ചെയ്ത ഒരു കേസ് പിൻവലിക്കുവാൻ അപേക്ഷകന് സാധിക്കില്ല.

ചോ 11: സെറ്റിൽമെൻറ്റ് കമ്മീഷനു എന്തെല്ലാം ഉത്തരവുകൾ ആണു പുറപെടുവിക്കാൻ അധികാരം ഉള്ളത്?

ഉ:താഴെ പറയുന്ന വിഷയങ്ങളിൽ എല്ലാം ഉത്തരവുകൾ പുറപെടുവിക്കാൻ കമ്മീഷനു അധികാരം ഉണ്ട്.

അപേക്ഷകൻ അടയ്ക്കേണ്ടതായ നികുതി, പലിശ, പിഴ. (ഇപ്രകാരമുള്ള തുക 30 ദിവസത്തിനകമോ അതിനു ശേഷം നീട്ടി അനുവദിക്കുന്ന മൂന്നു മാസത്തിനകമോ അടച്ചില്ലെങ്കിൽ പലിശ സഹിതം , CGST നിയമം വകുപ്പ് 54 പ്രകാരം ഈടാക്കുന്നതാണ് )

മുകളിൽ പറഞ്ഞ ഒത്തുതീർപ്പിൽ എത്തിയ തുക എങ്ങനെ അടയ്ക്കണം എന്നതിൽ വ്യവസ്ഥകൾ തീരുമാനിക്കാൻ കമ്മീഷനു അധികാരം ഉണ്ട്

അപേക്ഷകൻ പൂർണവും സത്യവുമായ വെളിപ്പെടുത്തൽ നടത്തി എന്ന് കമ്മീഷനു ബോധ്യപ്പെട്ടാൽ കമ്മീഷന് അപേക്ഷ നൽകുന്ന ദിവസം വരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ പിന്നീട് പ്രോസിക്യൂഷൻ നടപടികളെ പ്രതിരോധിക്കാൻ കമ്മീഷനു അധികാരം ഉണ്ട് (സെക്ഷൻ 20 )

IGST ആക്ട് പ്രകാരം പിഴയിൽ നിന്നും പൂർണ്ണമായും ഭാഗികമായും ഇളവു നൽകികൊണ്ട് ഉത്തരവ് ഇറക്കാൻ കമ്മിഷന് അധികാരം ഉണ്ട്

കമ്മീഷനു മുൻപാകെ നിലനില്ക്കുന്ന കേസുകളിൽ താത്കാലികമായി വസ്തുവകകൾ ജപ്തി ചെയുവാൻ കമ്മീഷനു അധികാരം ഉണ്ട്. സർക്കാർനു വന്നു ചേരേണ്ട നികുതി അടച്ചു കമ്മീഷനു മുന്നിൽ തെളിവുകൾ നൽകിയാൽ ജപ്തി ചെയ്ത വകകൾ തിരിച്ചു നൽകും. (സെക്ഷൻ 17 )

കമ്മീഷനും ആയി സഹകരിച്ചില്ല എന്നതിനാൽ തങ്ങൾക് മുന്നിൽ വന്ന കേസ് തിരിച്ചു താഴെയുള്ള അഡ്ജുഡിക്കേറ്റിങ് അധികാരിക്ക് തിരിച്ചു അയക്കാൻ ഉള്ള അധികാരവും കമ്മീഷനുണ്ട്. ടി കേസുകളിൽ കമ്മീഷന് മുൻപാകെ അപേക്ഷകൻ ലഭ്യമാക്കിയ വിവരങ്ങൾ / കമ്മീഷൻ കണ്ടെത്തിയ ഫലങ്ങൾ ഉപയോഗിക്കാൻ അഡ്ജുഡിക്കേറ്റിങ് അധികാരിക്ക് കഴിയും . (സെക്ഷൻ 21 )

മുന്നേ തീർപ്പ് ആക്കിയ ഒരു കേസ് വീണ്ടു കേൾക്കുന്നതിനും അതനുസരിച്ചു തീർപ്പു കല്പിക്കുന്നതിനും  അധികാരം ഉണ്ട്. ഇങ്ങനെ ചെയ്യണം എങ്കിൽ അപേക്ഷകൻറ്റെ അനുവാദം  ആവശ്യമാണ് . മുൻപത്തെ അപേക്ഷ ദിവസം മുതൽ  അഞ്ചു കൊല്ലം കഴിയാനും പാടില്ല.

ചോ 12: ഏതൊക്കെ സാഹചര്യങ്ങളിൽ ആണു കമ്മീഷൻ പുറപെടുവിച്ച വിധിതീർപ്പിനെ നിയമസാധുതയില്ലാത്തതായി പിൻവലിക്കുവാൻ സാധിക്കുന്നത്?

ഉ: തെറ്റായ മാർഗ്ഗത്തിലൂടെ അല്ലെങ്കിൽ കമ്മീഷനെ തെറ്റിദ്ധരിപ്പിച്ച് നേടിയെടുത്ത വിധി ആണു എന്ന് കമ്മീഷനു സ്വയം ബോദ്ധ്യപ്പെട്ടാൽ കമ്മിഷൻറ്റെ വിധിയെ നിയമസാധുത ഇല്ലാതാകാൻ കമ്മിഷനു  തന്നെ അധികാരം ഉണ്ട്. അങ്ങനെ ഉള്ള സാഹചര്യങ്ങളിൽ പ്രസ്തുത കേസിലെ എല്ലാ നടപടികളും വീണ്ടും തുടങ്ങുകയും, രണ്ടു കൊല്ലത്തിനുള്ളിൽ തീർപ്പ് കല്പ്പിക്കാനും അധികാരം നൽകികൊണ്ട് അതതു അഡ്ജുഡിക്കേറ്റിങ് അധികാരിയെ കമ്മീഷനു ചുമതലപ്പെടുത്താം .

കമ്മീഷൻറ്റെ ഉത്തരവ് പ്രകാരം പിഴ  അടക്കുന്നതിനോ, പ്രോസിക്യൂഷൻ നടപടികളിൽ നിന്നോ, ഇളവു ലഭിചീട്ടുണ്ടെങ്കിൽ, ഇത് കമ്മീഷനെ തെറ്റി ധരിപ്പിച്ചു നേടിയതാണ് എന്ന് കമ്മീഷനു പിന്നീടു ബോദ്ധ്യപെട്ടാൽ കമ്മീഷൻ സ്വയം തങ്ങൾ നൽകിയ ഉത്തരവ് പിൻവലിക്കും.

ചോ 13: കമ്മീഷൻറ്റെ സേവനം ആർക്കെല്ലാമാണ് ഉപയോഗപെടുത്തുവാൻ സാധിക്കാത്തത്?

ഉ  (i) രണ്ടു തവണ  കമ്മീഷൻറ്റെ സേവനം മുന്നേ ഉപയോഗിച്ചവർക്ക് ഉപയോഗിക്കുവാൻ സാധിക്കില്ല.

(ii) കമ്മീഷൻ പുറപെടുവ്വിച്ച ഒരു ഉത്തരവിന്മേൽ ആ ഉത്തരവ് അനുസരിക്കാതെ IGST  നിയമം പ്രകാരം ശിക്ഷിക്കപെട്ടവർക്കും  നിസ്സ ഹകരണം മൂലം ഒത്തുതീർപ്പു  കമ്മീഷൻ കേസ് അഡ്ജുഡിക്കേറ്റിങ് അധികാരിയ്ക്ക് തിരിച്ചയച്ച കേസുകളിലെ അപേക്ഷകൾക്കും, വേറൊന്നിനും  കമ്മീഷനെ സമീപിക്കുവാൻ സാധിക്കില്ല. (സെക്ഷൻ 23 )

ചോ 14: കമ്മീഷൻറ്റെ അധികാരങ്ങൾ എന്തെല്ലാം?

ഉ 14: IGST ആക്റ്റ് വകുപ്പ് 25/26 ൽ ആണു കമ്മീഷൻറ്റെ അധികാരങ്ങളെയും നടപടികളെയും കുറിച്ച് പ്രതിപാദിക്കുന്നത്. കണ്ടെത്തലുകൾക്കും,

പരിശോധനക്കും, സാക്ഷികളെയും ബന്ധപെട്ടവരെയും വിളിച്ചു വരുത്തുന്നതിനും, മൊഴി രേഖപ്പെടുത്തുന്നതിനും , കണക്കും മറ്റു രേഖകൾ ഹാജരാക്കുവാൻ ആവശ്യപെടുനതിനും കമ്മീഷനു സിവിൽ പെരുമാറ്റച്ചട്ടം 1908 പ്രകാരമുള്ള സിവിൽ കോടതിയുടെ അധികാരം ഉണ്ട്. സിആർപിസി നിയമം, വകുപ്പ് 195 പ്രകാരം ഉള്ള ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ട് കമ്മീഷന്. ഇന്ത്യൻ പീനൽ കോഡ് വകുപ്പ് 193/228/196 പ്രകാരം ഒത്തുതീർപ്പ് കമ്മീഷനു മുൻപാകെ ഉള്ള എല്ലാ നടപടി ക്രമങ്ങളും കോടതി നടപടി ക്രമങ്ങൾ ആയി കണക്കാക്കുന്നു.സ്വയം നടപടി ക്രമങ്ങൾ ഉണ്ടാക്കാൻ ഉള്ള അധികാരവും കമ്മീഷനുണ്ട്. കമ്മീഷനു മുൻപാകെ തെറ്റിദ്ധരിപ്പിക്കുന്ന തെളിവുകൾ നൽകുകയോ കമ്മീഷനെ അപമാനിക്കുക്കയോ തടസ്സപ്പെടുത്തുകയോ ചെയ്താൽ വകുപ്പ് 193/228 ഐപിസി പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാൻ അധികാരം ഉണ്ട്.

സ്വന്തം ഉത്തരവുകളിൽ വ്യക്തമാകുന്ന തെറ്റുകൾ തിരുത്തി പുതുക്കുവാനുള്ള അധികാരവും കമ്മീഷന് ഉണ്ട്. പക്ഷെ ആ തിരുത്തലുകൾ ഉത്തരവ് പാസ്സാക്കി മൂന്ന് മാസങ്ങൾക്ക് ഉള്ളിൽ നടത്തുകയും ശേഷം ബന്ധപെട്ടവരെ അറിയിക്കുകയും വേണം. സെറ്റിൽമെൻറ്റ് കമ്മീഷനു സ്വന്തമായോ, അപേക്ഷകനോ, അല്ലെങ്കിൽ അധികാരപ്പെട്ട IGST ഉദ്യോഗസ്ഥനോ ഇപ്രകാരമുള്ള തെറ്റുകൾ ശ്രദ്ധയിൽ പെടുത്താവുന്നതാണ് ഇങ്ങനെ ഉള്ള തിരുത്തലുകളിൽ നികുതി ബാധ്യത കൂട്ടുകയോ, ക്രെഡിറ്റ് ഉപയോഗം വെട്ടി കുറയ്ക്കുകയോ ചെയ്യുകയാണെങ്കിൽ പ്രതിഭാഗത്തിന് പറയാനുള്ളത് കൂടി കേൾക്കാൻ കമ്മീഷനു ബാധ്യതയുണ്ട്.

# ഇൻസ്പെക്ഷൻ (പരിശോധന) , സേർച്ച് (തിരയൽ) ,സീഷർ (പിടിച്ചെടുക്കൽ), അറസ്റ്റ്(ബന്തവസ്സിലാക്കുക) മുതലായവ

## 19.ഇൻസ്‌പെക്ഷൻ (പരിശോധന) , സേർച്ച് (തിരയൽ) ,സീഷർ (പിടിച്ചടക്കൽ) , അറസ്റ്റ് (ബന്തവസ്സിലാക്കുക) മുതലായവ

ചോ 1 : സേർച്ച് എന്നാലെന്താണ് അർഥം?

**ഉത്തരം:** സർക്കാരിൽ നിന്നോ / സർക്കാർ ഡിപ്പാർട്മെൻറ്റുകളിൽ നിന്നോ മനഃപൂർവം ഒളിച്ചുവയ്ക്കപെട്ടിട്ടുള്ള വസ്തുവകകളോ/ സാധനസാമഗ്രികളോ / ആളുകളെയോ / അന്വേഷണാത്മകമായ മറ്റേതെങ്കിലും കാര്യങ്ങളോ കണ്ടെത്തി പിടിച്ചെടുക്കുന്നതിനു വേണ്ടി ഒരു സർക്കാർ സംവിധാനം . ഉത്തമമായ വിശ്വാസത്തിൻറ്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ രീതിയിൽ ഒരുസ്ഥലത്തോ, പ്രദേശത്തോ, വ്യക്തിയെയോ, മറ്റുവസ്തുക്കളിലോ, നടത്തുന്ന പരിശോധന (തിരച്ചിൽ) പ്രക്രിയയെയാണ് അംഗീകരിക്കപ്പെട്ട ഭാഷയിൽ സേർച്ച് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. വ്യക്തികളെയും, വാഹനങ്ങളെയും, കെട്ടിടങ്ങളിലും മറ്റുസ്ഥലങ്ങളിലും ഇത്തരം സെർച്ചുകൾ നടത്തുന്നതിന് നിയമാനുസൃതമായ മുൻകൂർ അനുവാദം നിർബന്ധമാണ്.

**ചോ 2** ഇൻസ്‌പെക്ഷൻ" എന്നാലെന്താണ് അർത്ഥം?

**ഉത്തരം:** എം ജിഎല്ലിൽ കൊണ്ടുവന്നിട്ടുള്ള പുതിയ നിബന്ധനകളിൽ ഒന്നാണ് "ഇൻസ്‌പെക്ഷൻ എന്നത്. ഒരു ബിസിനസ് സ്ഥാപനത്തിലോ, ചരക്കു കൈമാറ്റം ചെയ്യപ്പെടുന്ന കച്ചവട, വാണിജ്യസ്ഥാപനങ്ങളിലോ, ഗോഡൗണുകളിലോ, ഓപ്പറേറ്റർമാരുടെ ആപ്പീസുകളിലോ സെർച്ച് നടത്തുന്നതിന് പകരം കൂടുതൽ മൃദുവും നിയമവിധേയവുമായ രീതിയിൽ കടന്നു ചെന്നു പരിശോധന ("ഇൻസ്‌പെക്ഷൻ) നടത്തുവാൻ ഈ പ്രൊവിഷൻ ഓഫീസർമാരെ പ്രാപ്തരാക്കുന്നു.

**ചോ 3** ആർക്കാണ് ഇൻസ്‌പെക്ഷൻ നടത്തുന്നതിനുള്ള ഉത്തരവ് നല്കാൻ കഴിയുന്നത്? ഏതെല്ലാം സാഹചര്യങ്ങളിലാണ് "ഇൻസ്‌പെക്ഷൻ" നടത്താവുന്നത്?

**ഉത്തരം:** MGL സെക്ഷൻ 60 പ്രകാരം ജോയിൻറ്റ് കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള CGST / SGST ഉദ്യോഗസ്ഥർ എഴുതി നൽകിയ അനുമതിപത്രം ഉപയോഗിച്ച് മാത്രമേ മുകളിൽ പറഞ്ഞ ഇൻസ്‌പെക്ഷൻ നടത്താൻ കഴിയുകയുള്ളൂ.

താഴെ പറയുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നു എന്ന് ഉത്തമബോധ്യം ഉള്ളപ്പോൾ മാത്രമേ ഇത്തരം അനുമതിപത്രം നൽകുവാൻ പാടുള്ളൂ.

(1). ഗൂഢമായും, രഹസ്യമായും, സപ്ലൈ ഇടപാടുകൾ നടത്തുമ്പോൾ,

(2). ഗൂഢമായും, രഹസ്യമായും ചരക്കുകൾ കൈവശം വക്കുമ്പോൾ.(സ്റ്റോക്ക് ഓഫ് ഗുഡ്സ്)

(3) അർഹതപ്പെട്ടതിൽ കൂടുതൽ ഇൻപുട്ട്ടാക്സ്ക്രെഡിറ്റ് അവകാശപ്പെടുന്ന സാഹചര്യങ്ങളിൽ,

(4) നികുതി വെട്ടിക്കുന്നതിനു വേണ്ടി സിജിഎസ്ടി /എസ്ജിഎസ്ടി വ്യവസ്ഥകൾ ലംഘനം ചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ,

(5) ട്രാൻസ്പോർട്ടറോ ഗോഡൌൺഉടമസ്ഥരോ നികുതി വെട്ടിച്ചു കടത്തിയ ചരക്കുകൾ സൂക്ഷിച്ചു വയ്ക്കുന്ന സാഹചര്യങ്ങളിൽ .അല്ലെങ്കിൽ നികുതി വെട്ടിക്കുന്നതിനായി ചരക്കുകളോ /രേഖകളോ ഒളിപ്പിച്ചു വയ്ക്കുന്ന സാഹചര്യങ്ങളിൽ

**ചോ 4.**ഈ വകുപ്പ് പ്രകാരം പ്രോപ്പർ ആപ്പീസർക്കു ഏതെങ്കിലും ഒരാളുടെ വസ്തുവകകൾ (അസ്സറ്റ്സ്/പ്രെമൈസസ്) ഇൻസ്പെക്ഷൻ നടത്തുവാൻ അധികാരപ്പെടുത്തുവാൻ സാധിക്കുമോ?

**ഉത്തരം:** : താഴെ പറയുന്ന സ്ഥലങ്ങൾ പരിശോധന നടപ്പിലാക്കുന്നതിനായി സിജിഎസ്ടി / എസ്ജിഎസ്ടി ഉദ്യോഗസ്ഥർക്ക് അധി കാരപത്രിക നൽകുവാൻ പ്രോപ്പർ ആപ്പീസർക്കു സാധിക്കുന്നതാണ്.

1. ഒരുനികുതിവിധേയ വ്യക്തിയുടെ( ടാക്സബിൾപേഴ്സൺ) ബിസിനസ് സ്ഥലം (ബിസിനസ്സ്പ്രെമിസസ്) ;

2.ചരക്കുകൾ ട്രാൻസ്പോർട് നടത്തുന്ന ബിസിനെസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയുടെ (നികുതിവിധേയ വ്യക്തി ആണെങ്കിലും അല്ലെങ്കിലും) ബിസിനസ് സ്ഥലം (ബിസിനസ്സ്പ്രെമിസസ്).

3. ചരക്കുകൾ സൂക്ഷിക്കുന്ന ബിസിനെസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഗോഡൗൺ ഉടമയുടെയോ നടത്തിപ്പുകാരൻ്റെയോ ബിസിനസ് സ്ഥലം(ബിസിനസ്സ്പ്രെമിസസ്).

**ചോ . 5** MGL -നിബന്ധനകൾ പ്രകാരം ആർക്കൊക്കെയാണ് സേർച്ച് (തിരയൽ), സീഷർ(പിടിച്ചടക്കൽ) മുതലായ കാര്യങ്ങളിൽ ഉത്തരവിടുവാനുള്ള അധികാരം ഉള്ളത്?

**ഉത്തരം**. ജോയിൻറ് കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള CGST / SGST ഉദ്യോഗസ്ഥർക്കു മാത്രമേ മുകളിൽ പറഞ്ഞ സേർച്ച് (തിരയൽ) ചെയ്യുവാനും, അതിലൂടെ കണ്ടെടുക്കുന്ന ചരക്കുകൾ , പ്രമാണങ്ങൾ, പുസ്തകങ്ങൾ സാധനങ്ങൾ എന്നിവ പിടിച്ചെടുക്കുന്നതിനും (സീഷർ ) രേഖാമൂലം ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

കണ്ടുകെട്ടപ്പെടാൻ സാധ്യതയുള്ള ചരക്കുകളോ , നിയമ നടപടികളുമായി ബന്ധപ്പെട്ട പ്രമാണങ്ങളോ , പുസ്തകങ്ങളോ സാധനങ്ങളോ ഏതങ്കിലും സ്ഥലത്ത് ഒളിപ്പിച്ചുവെച്ചിട്ടുണ്ട് എന്നുള്ള ഉത്തമവിശ്വാസം ഉണ്ടെങ്കിൽ മാത്രമേ ജോയിൻറ്റ് കമ്മീഷണർക്കു മേൽ പറഞ്ഞ അധികാരപത്രം നൽകുവാൻ സാധിക്കുകയുള്ളു .

**ചോ:6** വിശ്വസനീയമായ കാരണങ്ങളാൽ (റീസൺ റ്റു ബിലീവ്) എന്നാലെന്താണ്?

**ഉത്തരം** : പൂർണമായും ഉറപ്പില്ല എങ്കിലും അറിവിൽപ്പെട്ട കാരണങ്ങളാലും സാഹചര്യങ്ങളാലും സന്ദർഭങ്ങളാലും നിയമപരമായി ആവശ്യമുള്ളതെന്നു പൂർണബോധ്യമുള്ളതും ഉത്തമവിശ്വാസമുള്ളതുമായ അവസ്ഥയാണിത്.

'അങ്ങനെ വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ ഉള്ളതിനാലും മറിച്ചു വിശ്വസിക്കുവാനുള്ള കാരണങ്ങൾ ഇല്ലാത്തതിനാലും' എന്നാണ്

ഐപിസി, 1860 സെക്ഷൻ-26 പ്രകാരം 'അങ്ങിനെ വിശ്വസിക്കുവാനേ കാരണങ്ങൾ കാണുന്നുള്ളൂ' എന്ന്പറയുന്നതിനെ വിവക്ഷിച്ചിരിക്കുന്നത് .

ലഭ്യമായ വിവരങ്ങളുടെയും, രേഖകളുടെയും, അടിസ്ഥാനത്തിൽ നിഷ്പക്ഷമായും, വസ്തുനിഷ്ഠമായും, വിലയിരുത്തിയ ശേഷം കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ വിഷയ സംബന്ധിതമായെടുത്ത ഉറച്ച ഒരു തീരുമാനത്തെയാണ് റീസൺ റ്റു ബിലീവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**ചോ:7** വിശ്വസനീയമായകാരണങ്ങൾ (റീസൺ റ്റു ബിലീവ്) എന്തെല്ലാമാണെന്നു പരിശോധന അധികാരപത്രത്തിൽ' രേഖപ്പെടുത്തേണ്ടത് നിർബന്ധമാണോ?

**ഉത്തരം**: അങ്ങനെ വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ ഓരോ അധികാരപത്രങ്ങളും നൽകുന്നതിനു മുൻപ് രേഖപ്പെടുത്തേണ്ടതാണെങ്കിലും, എല്ലാ അവസരങ്ങളിലും ഇത് നിർബന്ധമല്ല. എന്നിരുന്നാലും സെർച്ച് വാറണ്ട് നൽകും മുൻപ് അല്ലെങ്കിൽ സേർച്ച് നടക്കുന്നതിനു മുൻപ് അതിനു ഹേതുവായ വിശ്വനീയമായ കാര്യകാരണങ്ങൾ (ഇൻറ്റലിജൻസ്/ ഇൻഫൊർമേഷൻസ്) രേഖപ്പെടുത്തുന്നത് നല്ലതായിരിക്കും.

**ചോ: 8** സേർച്ച് വാറണ്ട് എന്നാലെന്താണ്? അതിൻറ്റെ ഉള്ളടക്കങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം** : സേർച്ച് നടത്തുന്നതിനുള്ള രേഖാമൂലമായ അധികാര പത്രം ആണ് സേർച്ച് വാറണ്ട് . ജോയിൻറ്റ് കമ്മീഷ്ണർ റാങ്കിലോ അതിനുമുകളിലോ ഉള്ള CGST / SGST ഉദ്യോഗസ്ഥർക്കു മാത്രമേ സേർച്ച് വാറണ്ട് പുറപ്പെടുവിക്കുവാനുള്ള അധികാരമുള്ളു. സേർച്ച് നടത്തണമെന്നുള്ള

ഉത്തമവിശ്വാസം ഉണ്ട് എന്ന് സേർച്ച് വാറണ്ടിൽ രേഖപ്പെടുത്തിയിരിക്കണം. സേർച്ച് വാറണ്ടിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം .

1. നിയമലംഘനവിവരങ്ങൾ

2. സേർച്ച് ചെയ്യേണ്ടുന്ന സ്ഥലവിവരണം

3. സേർച്ച് നടത്തുന്നതിന് വേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ്റെ പേരും ഔദ്യോഗിക പദവിയും

4. അധികാരം നൽകിയ ഉദ്യോഗസ്ഥൻ്റെ പേരും ഔദ്യോഗികപദവിയും ആപ്പീസ് മുദ്രയും.

5.അധികാരം നൽകിയ സ്ഥലവും തീയതിയും

6. വാറണ്ട്സീരിയൽ നമ്പർ.

7. വാറണ്ട്സാധുതാ കാലാവധി; അതായത് ഒരുദിവസം /രണ്ടുദിവസം.... എന്നിങ്ങനെ.

**ചോ 9** MGL വ്യവസ്ഥകൾ പ്രകാരം ചരക്കുകൾ കണ്ടുകെട്ടപ്പെടാൻ സാധ്യതയുള്ളത് എപ്പോളാണ് ?

**ഉത്തരം.** മോഡൽചരക്കു സേവനനിയമത്തിലെ 70 –ആം വകുപ്പ്പ്രകാരം താഴെപറയുന്ന സാഹചര്യങ്ങളിൽ ചരക്കുകൾ കണ്ടുകെട്ടാൻ സാധ്യതയുമുണ്ട്:

1. നികുതി വെട്ടിപ്പിലേക്കു നയിക്കുന്നതരത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള ചട്ടത്തിനോ നിയമത്തിനോ വിരുദ്ധമായ രീതിയിൽ ചരക്കുകളുടെ സപ്ലൈ നടത്തുമ്പോൾ

2. ഈ നിയമപ്രകാരം നികുതി നൽകേണ്ടുന്ന ഏതെങ്കിലും ചരക്കുകൾ കണക്കിൽപെടുത്താതെയിരുന്നാൽ,

3. ഈ നിയമപ്രകാരം നികുതി നൽകേണ്ടുന്ന ഏതെങ്കിലും ചരക്കുകൾ രജിസ്ട്രേഷൻ എടുക്കാതെ സപ്ലൈ നടത്തിയാൽ

4. നികുതി വെട്ടിക്കുക എന്ന ഉദ്ദേശത്തോടു കൂടി സിജിഎസ്ടി / എസ്ജിഎസ്ടി നിയമങ്ങളും അതിലെ ചട്ടങ്ങളും ലംഘിക്കുന്ന ഘട്ടങ്ങളിൽ .

**ചോ10 ;** നിയമപ്രകാരമുള്ള സെർച്ചിനിടയിൽ ഒരു ഉദ്യോഗസ്ഥന് എന്തെല്ലാം അധികാരങ്ങൾ ആണുള്ളത്?

**ഉത്തരം.:** സാധുവായ തെരച്ചിലിൻ്റെ ഫലമായി കണ്ടെടുത്ത ചരക്കുകളും കണ്ടുകെട്ടപ്പെടേണ്ടവയായ) ഫലസൂചകങ്ങളായതും എംജിഎൽ നിയമപ്രകാരം പ്രസക്തമായതുമായ പ്രമാണങ്ങൾ, പുസ്തകങ്ങൾ മുതലായവയും പിടിച്ചെടുക്കുവാനുള്ള അധികാരം ഉദ്യോഗസ്ഥനുണ്ട്.

.തിരച്ചിൽ നടത്തേണ്ടുന്ന സ്ഥലത്തേക്കുള്ള വാതിൽ തുറന്നു കൊടുക്കാത്ത പക്ഷം അത് പൊളിച്ചു അകത്തു കടന്നു തിരച്ചിൽ നടത്തുവാനുള്ള അധികാരം ആപ്പീസർക്കുണ്ട്. അതുപോലെ തെളിവ് മുതലുകൾ ഒളിപ്പിച്ചു വെച്ചിട്ടുണ്ട് എന്നു തോന്നുന്ന അലമാരകളും പെട്ടികളും ആവശ്യമെന്നു കണ്ടാൽ പൊളിച്ചു തുറന്നു പരിശോധിക്കുവാനും അധികാരമുണ്ട്. പ്രവേശനം നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളിൽ പ്രസ്തുത സ്ഥാപനം മുദ്ര വച്ച് ബന്തവസ് ആക്കുന്നതിനു ഉള്ള അധികാരവും മേൽ പറഞ്ഞ ഉദ്യോഗസ്ഥനു ഉണ്ടായിരിക്കുന്നതാണ്

**ചോ .11** തിരയൽ (സേർച്ച്) നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ് ?

**ഉത്തരം:** MGL സെക്ഷൻ 60 (8) പ്രകാരം നിയമപ്രകാരമുള്ള എല്ലാ തിരയലും 1973 -ലെ ക്രിമിനൽപ്രോസീജിയർകോഡ്, 1973 ( ക്രിമിനൽനടപടിച്ചട്ടം,1973) അനുസരിച്ചു വേണം നടപ്പിലാക്കുവാൻ . ക്രിമിനൽനടപടിച്ചട്ടത്തിൻറ്റെ (സിആർപിസി,1973) നൂറാംവകുപ്പ് ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിവരിച്ചിട്ടുണ്ട്

**ചോ:12** സേർച്ച് നടത്തുന്ന സമയത്തു പാലിക്കപ്പെടേണ്ട അടിസ്ഥാനതത്വങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം.** സേർച്ച് നടത്തുന്ന സമയത്തു താഴെ പറയുന്ന തത്വങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

1. അധികാരപ്പെട്ട ഓഫീസർ നൽകിയ സേർച്ച് വാറണ്ട് ഇല്ലാതെ സേർച്ച് നടത്തുവാൻ പാടില്ല.

2. വാസസ്ഥലങ്ങൾ വീടുകൾ മുതലായവ സേർച്ച് ചെയ്യുമ്പോൾ തീർച്ചയായും ഒരു സ്ത്രീ ആപ്പീസർ എങ്കിലും സേർച്ച് ടീമിൽ ഉണ്ടായിരിക്കേണ്ടതാണ്,

3. സേർച്ച് തുടങ്ങും മുൻപ് ആപ്പീസർമാർ തങ്ങളുടെ തിരിച്ചറിയൽ കാർഡ് അവിടെ ഉള്ള ചുമതലപ്പെട്ട വ്യക്തിയെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്.

4. തിരച്ചിൽ തുടങ്ങും മുൻപ് സേർച്ച് വാറണ്ട് ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിയെ കാണിച്ചു അതു കണ്ടു ബോധ്യപ്പെട്ടതിൻറ്റെ അടയാളമായി അദ്ദേഹത്തിൻറ്റെ കൈയ്യൊപ്പ് തിയതി സഹിതം വാങ്ങിയിട്ടുവേണം വാറണ്ട് നടപ്പിലാക്കാൻ. അതുപോലെ സേർച്ച് വാറണ്ടിൽ കുറഞ്ഞപക്ഷം രണ്ടു സ്വതന്ത്രസാക്ഷികളുടെ എങ്കിലും കൈയ്യൊപ്പ് തിയതി സഹിതം വാങ്ങിയിരിക്കണം .

5. കുറഞ്ഞപക്ഷം തദ്ദേശ്ശവാസികളായ രണ്ടുസ്വതന്ത്രസാക്ഷികളുടെ സാന്നിധ്യത്തിൽ വേണം സേർച്ച്നടത്തുവാൻ

.തദ്ദേശ്ശവാസികളായ സ്വതന്ത്രസാക്ഷികളുടെ അഭാവത്തിൽ മറ്റുള്ളവരെയും ഇതിനായി വിളിക്കാവുന്നതാണ്. സേർച്ച് തുടങ്ങും മുൻപ് കാര്യകാരണങ്ങൾ അവരെ ബോധ്യപ്പെടുത്തിയിരിക്കണം .

6.. സേർച്ച് തുടങ്ങുന്നതിനു മുൻപും ,സേർച്ച് അവസാനിച്ച ശേഷവും ആപ്പീസർമാരും സാക്ഷികളും അവരെ ദേഹപരിശോധന നടത്തുവാൻ ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിയെ അനുവദിക്കേണ്ടതാണ്.

7. സേർച്ച് നടത്തി കഴിഞ്ഞാൽ അവിടെ നടന്ന സേർച്ച്സംബന്ധിയായ വിവരങ്ങൾ വ്യക്തമായി എഴുതിയ ഒരു മഹസ്സർ അഥവാ പഞ്ചനാമ അപ്പോൾ തന്നെ തയ്യാറാക്കേണ്ടതാണ്. അവിടെനിന്നും കണ്ടെടുത്തതും ,പിടിച്ചെടുത്തതും ,ബന്തവസ്സിലാക്കിയതും ആയ ചരക്കുകളുടെയും രേഖകളുടെയും ഒരു പട്ടിക തയ്യാറാക്കി മഹസ്സറിൻറ്റെ അനുബന്ധമായി ചേർത്തിരിക്കണം. ഈ മഹസ്സറിലും അനുബന്ധ രേഖകളിലും ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിയും, സാക്ഷികളും ,സേർച് നടത്തുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ആപ്പീസറും കയ്യൊപ്പ്, തീയതിസഹിതം രേഖപ്പെടുത്തേണ്ടതാണ്.

8. സേർച്ച് നടപ്പിലാക്കി കഴിഞ്ഞാൽ അതു സംബന്ധിച്ച റിപ്പോർട്ടിനോടൊപ്പം സേർച്ച് വാറണ്ട് അത് പുറപ്പെടുവിച്ച ഉദ്യോഗസ്ഥന് തിരികെ ഏല്പിക്കേണ്ടതും സേർച്ച് വാറണ്ടിൻറ്റെ മറുവശത്തു പങ്കെടുത്ത ആപ്പീസർമാരുടെ പേര് വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

9. സേർച്ച് വാറണ്ട് സംബന്ധിച്ച ഒരു രജിസ്റ്റർ അതു പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. അതിൽ നൽകിയതും തിരികെകിട്ടിയതുമായ സേർച്ച് വാറണ്ട് സംബന്ധിച്ച് ഏഴുതിയിരിക്കണം. തിരികെകിട്ടിയ ഉപയോഗിച്ച സേർച്ച് വാറണ്ടുകൾ രേഖയായി സൂക്ഷിക്കേണ്ടതാണ്.

10. മഹസ്സർ അഥവാ പഞ്ചനാമയുടെയും അനുബന്ധത്തിൻറ്റെയും ഒരു പകർപ്പ് ആ സ്ഥലത്തിൻറ്റെ ചുമതലപ്പെട്ട വ്യക്തിക്ക് കൊടുത്തിരിക്കേണ്ടതും അത് കിട്ടിബോധിച്ചു എന്ന് രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്

**ചോ :13** ഒരു CGST / SGST ഓഫീസർക്കു മറ്റേതെങ്കിലും സാഹചര്യത്തിൽ ബിസ്സിനെസ്സ് സ്ഥലങ്ങൾ സന്ദർശിക്കുവാൻ കഴിയുമോ ?

**ഉത്തരം.** കഴിയും . MGL സെക്ഷൻ 64 പ്രകാരം ഇത് സാധ്യമാണ്. CGST / SGST ഓഡിറ്റ്പാർട്ടി, അല്ലെങ്കിൽ സി&എജി, അല്ലെങ്കിൽ MGL സെക്ഷൻ 50 പ്രകാരം നാമനിർദേശം ചെയ്യപ്പെട്ട ചാർട്ടേഡ് അക്കൗണ്ടൻറ്റ് / കോസ്റ്റ് അക്കൗണ്ടൻറ്റ് എന്നിവർക്ക് സർക്കാർ വരുമാനം സംരക്ഷിക്കുവാനായി സേർച്ച് വാറണ്ട് ഇല്ലാതെ ഓഡിറ്റ്, സൂക്ഷ്മപരിശോധന, വെരിഫിക്കേഷൻ മുതലായവ നടത്തുന്നതിനുവേണ്ടി സന്ദർശിക്കാവുന്നതാണ്. എന്നാൽ ഇതിനു അഡീഷണൽ / ജോയിൻറ്റ് കമ്മീഷണറുടെ രേഖാമൂലമുള്ള അനുവാദം

ആവശ്യമാണ്. നികുതി അടക്കേണ്ട വ്യക്തിയുടെ , പ്രമാണങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെടാത്ത പ്രധാന ബിസ്സിനസ്സ്സ്ഥലങ്ങളിലും മറ്റു സ്ഥലങ്ങളിലും ഓഡിറ്റ്, വെരിഫിക്കേഷൻ മുതലായവ നടത്തുന്നതിനു വേണ്ടി ഈ അധികാരം നടപ്പിലാക്കാവുന്നതാണ്.

**ചോ: 14** നിയമാനുസൃതമല്ലാത്ത സേർച്ച് എന്നാലെന്താണ്? അങ്ങിനെ ശേഖരിക്കുന്ന തെളിവുകൾക്കു നിയമ സാധുതയുണ്ടോ?

**ഉത്തരം.** ഒരു സാധുവായ സേർച്ച് വാറണ്ട് ഇല്ലാതെ നടപ്പാക്കുന്ന സെർച്ചുകളെ നിയമാനുസൃതമല്ലാത്ത സേർച്ച് എന്ന് പറയാവുന്നതാണ്. നികുതിവെട്ടിച്ചവർക്ക് ഇതിൻറ്റെ ഗുണം ലഭിക്കുകയില്ല. എന്നാൽ ഇതിലൂടെ ലഭിക്കുന്ന തെളിവുകൾക്കു ട്രയൽ നടക്കുമ്പോഴും അഡ്ജൂഡിക്കേഷൻ നടക്കുമ്പോഴും നിയമസാധുത ഉണ്ടായിരിക്കുന്നതാണ്

**ചോ:15** 'സീഷർ' അഥവാ 'പിടിച്ചെടുക്കുക എന്നതുകൊണ്ട് എന്താണുദ്ദേശ്ശിക്കുന്നത്?

**ഉത്തരം.** മോഡൽചരക്കു സേവന നിയമം ഇതിനു പ്രത്യേക നിർവചനം നൽകിയിട്ടില്ല. നിയമപരമായി ആവശ്യമുള്ള ഒരു വസ്തു നിയമാനുസൃതമായ മാർഗത്തിലൂടെ ഒരു ആപ്പീസർ പിടിച്ചെടുക്കുന്ന പ്രക്രിയയാണ് 'സീഷർ' അഥവാ പിടിച്ചെടുക്കുക എന്ന പദം അർഥമാക്കുന്നതെന്നു ലെക്സിക്കൻ ഡിക്ഷണറി പറയുന്നു. പൊതുവായി പറഞ്ഞാൽ നിയമത്തിൻറ്റെ ബലം പ്രയോഗിച്ചു ഉടമയുടെ ഇഷ്ടപ്രകാരമല്ലാതെ ഒരു വസ്തു കൈവശമാക്കുന്ന പ്രവൃത്തിയെ 'സീഷർ' അഥവാ 'പിടിച്ചെടുക്കുക എന്ന് പറയാവുന്നതാണ്.

**ചോ : 16** ചരക്കുകളും, വാഹനങ്ങളും തടങ്കലിലാക്കുവാനുള്ള (ഡീറ്റെയിൻ) അധികാരം മോഡൽചരക്കുസേവനനിയമത്തിലുണ്ടോ ?

**ഉത്തരം.** ഉണ്ട്. മോഡൽചരക്കുസേവനനിയമം വകുപ്പ് 69 പ്രകാരം, നിയമവിരുദ്ധമായി ചരക്കുകൾ, അവ കടത്തുവാൻ ഉപയോഗിച്ച ട്രക്ക്പോലെയുള്ള വാഹനങ്ങൾ അടക്കം പിടിച്ചെടുക്കുവാനുള്ള അധികാരം ഒരു ഉദ്യോഗസ്ഥനുണ്ട്. MGL വ്യവസ്ഥകൾ പ്രകാരം കണക്കിൽ പെടുത്താതെ സംഭരിച്ചു വെച്ചിരിക്കുന്ന ചരക്കുകളും ഇങ്ങനെ പിടിച്ചെടുക്കാവുന്നതും നിയമം അനുശാസിക്കുന്ന നികുതി അടയ്ക്കുന്നപക്ഷം / നികുതിക്ക് തുല്യമായ തുകക്കുള്ള സെക്യൂരിറ്റി നൽകുന്നപക്ഷം അവ വിട്ടു കൊടുക്കാവുന്നതുമാണ്

**ചോ : 17** –സീഷറും ഡിറ്റെൻഷനും തമ്മിലുള്ള വ്യത്യാസം എന്താണ്?

**ഉത്തരം** നിയമാനുസൃതമായ നോട്ടീസ് നൽകി ഉടമയെയോ കൈവശാവകാശിയെയോ അയാൾക്ക് തൻറ്റെ വസ്തുവിലോ / പ്രോപ്പർട്ടിയിലോ ഉള്ള അവകാശം ഒരു പ്രത്യേക കാലത്തേയ്ക്ക് തടയുന്നതിനെയാണ് ഡിറ്റൻഷൻ എന്ന് പറയുന്നത്.. എന്നാൽ സീഷർ

എന്നാൽ ആ വസ്തുവിൻറെ ശരിക്കുള്ള കൈവശാവകാശം ഡിപ്പാർട്ടമെൻറ് ഏറ്റെടുത്തു എന്നാണ്. കണ്ടുകെട്ടേണ്ടതാണ് എന്ന് സംശയിക്കുന്ന ചരക്കുകൾ ആണ് സാധാരണയായി ഡീറ്റെയിൻ ചെയ്യാറുള്ളത്.എന്നാൽ സീഷർ ചെയ്യുന്നത് അന്വേഷണത്തിന് ശേഷം കണ്ടുകെട്ടപ്പെടും എന്ന് ഉത്തമവിശ്വാസമുള്ള വസ്തുക്കളാണ്

**ചോ : 18** സെർച്ച് / സീഷെറിന് മോഡൽചരക്കുസേവനനിയമം നൽകിയിരിക്കുന്ന സുരക്ഷ ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണ് ?

**ഉത്തരം.**സെർച്ച് / സീഷെറിന് ചരക്കുകൾ മോഡൽ ചരക്കുസേവനനിയമം സെക്ഷൻ 60 പ്രകാരം ചില സുരക്ഷകൾ ഉറപ്പുവരുത്തിയിട്ടുണ്ട്. അവ ഇങ്ങനെയാണ്.

1. പിടികൂടിയ ചരക്കുകൾ അല്ലെങ്കിൽ പ്രമാണങ്ങൾ പരിശോധന കാലാവധി വരെ മാത്രം കാത്തു സൂക്ഷിച്ചാൽ മതിയാകും.

2. ഉടമസ്ഥന് രേഖകളുടെ ഫോട്ടോകോപ്പി എടുക്കാവുന്നതാണ്.

3. പിടിച്ചെടുത്ത ചരക്കുകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് 60 ദിവസത്തിനകം കൊടുത്തില്ലയെങ്കിൽ അവ തിരികെ കൊടുക്കേണ്ടതാണ്. മതിയായ കാരണത്തോടുകൂടി ഈ കാലാവധി പരമാവധി 6 മാസം വരെ നീട്ടാവുന്നതുമാണ്.

4, പിടിച്ചെടുക്കുന്ന ചരക്കുകളുടെ ഇനവിവരപ്പട്ടിക പിടിച്ചെടുക്കുന്ന ആപ്പീസർ ഉണ്ടാക്കേണ്ടതാണ്.

5. വേഗം നശിച്ചുപോകാവുന്നതും, അപകടസാദ്ധ്യത നിറഞ്ഞതും ആയ വസ്തുക്കളുടെ ലിസ്റ്റ് നിയമത്തിൽ പറഞ്ഞിട്ടുണ്ട്. അവ പിടിച്ചെടുത്താൽ ഉടൻ തന്നെ തീർപ്പാക്കേണ്ട താണ്.

6. സെർച്ച് / സീഷെറിനെ സംബന്ധിക്കുന്ന ക്രിമിനൽ നടപടിചട്ടങ്ങൾ, 1973 സൂക്ഷ്മമായി ഇവിടെയും ബാധകമാണ് . എന്നാൽ സെക്ഷൻ 165 (5) പ്രകാരമുള്ള റിപ്പോർട്ട് അടുത്തുള്ള മജിസ്ട്രേറ്റിന് കൊടുക്കുന്നതിനു പകരം പ്രിൻസിപ്പൽ കമ്മീഷണർ / കമ്മീഷണർമാർ CGST/ കമ്മീഷണർമാർ SGSTഎന്നിവർക്കാണ് നൽകേണ്ടത് /അയക്കേണ്ടത്.

**ചോ: 19** നികുതി അടക്കേണ്ടുന്ന ചരക്കുകൾ ട്രാൻസ്പോർട്ട് ചെയ്യുന്ന സമയത്ത് നിർബന്ധമായും കൊണ്ടുനടക്കേണ്ടുന്ന പ്രത്യേകമായ രേഖകൾ വല്ലതുമുണ്ടോ?

**ഉത്തരം** മോഡൽ ചരക്കു സേവനനിയമം സെക്ഷൻ 61 പ്രകാരം , അൻപതിനായിരം (50000) രൂപയിൽ കൂടുതൽ മൂല്യമുള്ള നികുതി അടക്കേണ്ടുന്ന ചരക്കുകൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ

ചുമതലപ്പെട്ട വ്യക്തി ചരക്കുകളെ കുറിച്ചുള്ള നിർദേശിക്കപ്പെട്ട രേഖകൾ കൈവശംവെച്ചിരിക്കണം.

**ചോ: 20** "അറസ്റ്റ്" എന്നതുകൊണ്ട് എന്താണ് ഉദ്ദേശ്ശിക്കുന്നത്?

**ഉത്തരം**. മോഡൽ ചരക്കുസേവനനിയമം ഇതിനു പ്രത്യേക നിർവചനം നൽകിയിട്ടില്ല. എന്നാൽ ജുഡീഷ്യൽ പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇതിനെ നിയമപരമായ അധികാരം ആജ്ഞ, ഉത്തരവ് മുതലായവയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ കസ്റ്റഡിയിൽ എടുക്കുന്ന പ്രവർത്തിയെ "അറസ്റ്റ്" എന്ന് പറയാവുന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ നിയമം നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചു പുറപ്പെടുവിച്ച വാറണ്ടിലൂടെ ഒരുവ്യക്തിയുടെ സ്വാതന്ത്ര്യം തടയുന്ന പ്രവർത്തിയാണ്.

**ചോ:: 21** CGST / SGST മോഡൽ നിയമപ്രകാരം എപ്പോഴൊക്കെയാണ് ഒരാളെ അറസ്റ്റ് ചെയ്യാവുന്നതു ?

**ഉത്തരം** CGST / SGST ആക്റ്റ് സെക്ഷൻ 73 (1) (i), 73 (1) (ii ) ,73(2) വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ ഒരാൾ ചെയ്തു എന്ന് CGST / SGST കമ്മീഷണർക്ക് വിശ്വസിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അദ്ദേഹത്തിന് അയാളെ അറസ്റ്റു ചെയ്യുവാൻ ഒരു CGST/SGST ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്. ഇതു കൊണ്ടു ഉദ്ദേശ്ശിക്കുന്നതെന്തെന്നാൽ അത്തരക്കാർ ഒന്നുകിൽ അമ്പതുലക്ഷത്തിലധികം രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയ ആളോ അല്ലെങ്കിൽ ഈ വ്യക്തി ഇതിനു മുൻപ് ജി എസ്റ്റി ആക്റ്റ് സെക്ഷൻ 73 പ്രകാരം ശിക്ഷിക്കപ്പെട്ട ആളോ ആയിരിക്കണം

**ചോ: 22** മോഡൽ ജിഎസ്റ്റി നിയമം അനുസരിച്ചു അറസ്റ്റ്ചെയ്യപ്പെടുന്ന വ്യക്തിക്ക് ഉറപ്പു വരുത്തിയിരിക്കുന്ന സംരക്ഷണങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം** മോഡൽ ജിഎസ്റ്റി നിയമം വകുപ്പ് 62 അനുസരിച്ചു അറസ്റ്റ്ചെയ്യപ്പെടുന്ന വ്യക്തിക്ക് താഴെ പറയുന്ന സംരക്ഷണങ്ങൾ ഉണ്ട്

i ഒരു കോഗ്നിസബ്ൾ കുറ്റകൃത്യത്തിനാണ് അറസ്റ്റ്ചെയ്യപ്പെടുന്നതെങ്കിൽ അറസ്റ്റിൻറെ കാരണം അയാളെ എഴുതി അറിയിക്കണം, 24 മണിക്കൂറിനുള്ളിൽ ഒരു മജിസ്ട്രേറ്റിനു മുൻപാകെ അയാളെ ഹാജരാക്കിയിരിക്കണം..

ii. ജാമ്യം ലഭിക്കാവുന്നതും നോൺ കോഗ്നിസബ്ൾ ആയതുമായ കുറ്റകൃത്യത്തിനാണ് അറസ്റ്റ്ചെയ്തതെങ്കിൽ അറസ്റ്റ്ചെയ്യപ്പെട്ട വ്യക്തിയെ CGST / SGST ഡെപ്യൂട്ടി / അസിസ്റ്റൻറ് കമ്മീഷണർ ജാമ്യത്തിൽ വിടണം ഇക്കാര്യത്തിൽ ഒരു പോലീസ് സ്റ്റേഷൻഡ്യുട്ടിഓഫീസർക്ക് എന്ന പോലെ , 1973 ലെ ക്രിമിനൽ നടപടിചട്ടം 436 ബാധകമാണ്

iii. 1973 ലെ ക്രിമിനൽ നടപടിചട്ടം പ്രകാരം മാത്രമേ ഒരാളെ അറസ്റ്റ് ചെയ്യുവാൻ പാടുള്ളൂ.

**ചോ:23** അറസ്റ്റ്ചെയ്യുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

**ഉത്തരം.:-** അറസ്റ്റിനെ സംബന്ധിച്ചും അതിൻ്റെ നടപടികളെ പറ്റിയും 1973 ലെ ക്രിമിനൽ നടപടിചട്ടത്തിൽ പറഞ്ഞിരിക്കുന്ന എല്ലാവ്യവസ്ഥകളും പാലിക്കണം. അതുകൊണ്ടു എല്ലാ CGST / SGST ഫീൽഡ് ആപ്പീസർമാരു ഇതേക്കുറിച്ചു ശരിക്കും അറിഞ്ഞിരിക്കണം.

1973-ലെക്രിമിനൽനടപടിചട്ടം,അൻപത്തിയേഴാം വകുപ്പ്പ്രകാരം വാറണ്ടില്ലാതെ അറസ്റ്റ്ചെയ്ത ഒരു വ്യക്തിയെ കേസിൻ്റെ സാഹചര്യം അനുസരിച്ചു ന്യായമായും ആവശ്യമായ സമയത്തിലധികം, ഒരു കാരണവശാലും 24 മണിക്കൂറിനു മുകളിൽ, കസ്റ്റഡിയിൽ വയ്ക്കുവാൻ പാടുള്ളതല്ല. ഈ 24 മണിക്കൂർ എന്ന പരിധിയിൽ നിന്ന് പ്രതിയെ അറസ്റ്റുചെയ്ത സ്ഥലത്തു നിന്ന് മജിസ്ട്രേറ്റിനു മുൻപാകെ കൊണ്ടുവരുന്നതിനുള്ള യാത്രാ സമയം ഒഴിവാക്കിയിട്ടുണ്ട്. വാറണ്ടില്ലാതെ അറസ്റ്റ്ചെയ്ത വ്യ ക്തിയെ Cr P C ,56 വകുപ്പ്പ്രകാരം കേസിൽ അധികാരമുള്ള മജിസ്ട്രേറ്റിനു മുൻപാകെയാണ് ഹാജരാക്കേണ്ടത് .

അറസ്റ്റ് ചെയ്യുന്നതിനു മുമ്പ് പാലിക്കപ്പെടേണ്ട കാര്യങ്ങളെകുറിച്ച് ഡി കെ ബസു Vs പശ്ചിമബംഗാൾ എന്ന കേസിൽ ബഹുമാന്യ സുപ്രീം കോടതി പ്രത്യേക മാർഗ്ഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പോലീസിനെ ഉദ്ദേശ്ശിച്ചുള്ളതായിരിന്നുവെങ്കിലും അത് അറസ്റ്റ് ചെയ്യുവാൻ അധികാരമുള്ള എല്ലാവർക്കും ബാധകമാണ്.

അവ ഇങ്ങനെയാണ്.

1. അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ തൻ്റെ പേരും ഉദ്യോഗപ്പേരും വ്യക്തമായി കാണത്തക്കവിധം നെയിം ടാഗോടുകൂടിയ യൂണിഫോം ധരിച്ചിരിക്കണം. ചോദ്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അവരുടെ പേരു വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കണം

2. അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ ആ സമയത് ഒരു മെമ്മോ എഴുതി ഉണ്ടാക്കുകയും അതിൽ ഒരു സാക്ഷിയെങ്കിലും ഒപ്പിട്ടിരിക്കുകയും വേണം. ആ സാക്ഷി ഒന്നുകിൽ പ്രതിയുടെ ബന്ധുവോ ആ സ്ഥലത്തെ ബഹുമാന്യനായ വ്യക്തിയോ ആയിരിക്കണം. അതിൽ അറസ്റ്റ്ചെയ്യപ്പെട്ട വ്യക്തി സമയവും തീയതിയും കാണിച്ചു ഒപ്പിട്ടിരിക്കണം.

3. അറസ്റ്റ്മെമ്മോയിൽ ഒപ്പിടുന്ന വ്യക്തി അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ ബന്ധുവോ സുഹൃത്തോ അല്ലായെങ്കിൽ അറസ്റ്റുമായി ബന്ധപ്പെട്ട എല്ലാവിവരവും കഴിയുന്നത്രയും വേഗം പ്രതിയുടെ ബന്ധുവിനേയോ സുഹൃത്തിനേയോ അറിയിച്ചിരിക്കേണ്ടതാണ്. അറസ്റ്റ്ചെയ്യപ്പെട്ട സമയം, സ്ഥലം, കസ്റ്റഡിയിൽ വെച്ചിരിക്കുന്ന സ്ഥലം മുതലായവ അയാളെ അറിയുന്ന ഒരു വ്യക്തിയെയോ , അയാളുടെ അഭ്യുദയകാംക്ഷിയെയോ

ബന്ധുവിനേയോ സുഹൃത്തിനെയോ അറിയിക്കാൻ അറസ്റ്റു ചെയ്യപ്പെട്ട ആളിന് അവകാശമുണ്ട്

4. അറസ്റ്റ് ചെയ്യപ്പെട്ട ആളുടെ ബന്ധുക്കൾ / സുഹൃത്തുക്കൾ ജില്ലക്ക് വെളിയിൽ ആണ് ഉള്ളതെങ്കിൽ, അയാൾ അറസ്റ്റ് ചെയ്യപ്പെട്ട സമയം, സ്ഥലം, കസ്റ്റഡിയിൽ വെച്ചിരിക്കുന്ന സ്ഥലം മുതലായവ, ടെലിഗ്രാം മുഖേന, നിയമസഹായസമിതിവഴിയും അവർ താമസിക്കുന്ന സ്ഥലത്തെ പോലീസ്സ്റ്റേഷൻവഴിയും 8 മുതൽ 12 മണിക്കൂറിനുള്ളിൽ അവരെ അറിയിച്ചിരിക്കേണ്ടതാണ്.

5. തടങ്കലിൽ വച്ചിരിക്കുന്ന സ്ഥലത്തു സൂക്ഷിച്ചിരിക്കുന്ന ഒരു ഡയറിയിൽ അറസ്റ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും അതിൽ പ്രസ്തുത ബന്ധുവിൻറ്റെ പേരു വിവരങ്ങൾ, അയാളെ കസ്റ്റഡിയിൽ വച്ചിരിക്കുന്ന ആപ്പീസർമാരുടെ പേരു വിവരങ്ങൾ, എന്നിവ എഴുതിയിരിക്കണം.

6. അറസ്റ്റിൻറ്റെ സമയത്ത് അയാൾ ആവശ്യപ്പെടുകയാണെങ്കിൽ അയാളുടെ ദേഹപരിശോധന നടത്തുകയും പ്രത്യേകമായി കാണപ്പെടുന്ന ചെറുതോ വലുതോ ആയ മുറിവുകൾ എന്തെങ്കിലും ശരീരത്തിൽ ഉണ്ടെങ്കിൽ അവ പരിശോധനാ മെമ്മോയിൽ കാണിക്കുകയും അതിൽ ആപ്പീസറും അറസ്റ്റു ചെയ്യപ്പെടുന്ന ആളും ഒപ്പിടേണ്ടതുമാണ് . ഒരു കോപ്പി അയാൾക്ക് കൊടുക്കുകയും വേണം.

7. അറസ്റ്റു ചെയ്യപ്പെടുന്ന ആൾ കസ്റ്റഡിയിൽ ഉള്ള കാലത്തോളം എല്ലാ 48 മണിക്കൂറിലും ഇതിനായി സർക്കാർ നിയമിച്ചിട്ടിള്ള ഡോക്ടർ മുമ്പാകെ ഹാജരാക്കി വൈദ്യപരിശോധന നടത്തേണ്ടതാണ്. എല്ലാ താലൂക്കുകളിലും ജില്ലകളിലും ബന്ധപ്പെട്ട ഹെൽത്ത് സർവീസ് ഡയറക്ടർ ഇതിനായി ഡോക്ടർമാരുടെ ഒരു പാനൽ ഉണ്ടാക്കേണ്ടതാണ്

8. അറസ്റ്റ് മെമ്മോ ഉൾപ്പെടെ മുകളിൽ പറഞ്ഞ എല്ലാ രേഖകളുടെയും ഒരുകോപ്പി അവിടുത്തെ മജിസ്ട്രേറ്റിനു അയച്ചുകൊടുക്കേണ്ടതാണ്.

9. ചോദ്യം ചെയ്യുന്ന വേളയിൽ വക്കീലിനെ കാണുവാൻ അറസ്റ്റു ചെയ്യപ്പെടുന്ന ആളെ അനുവദിക്കേണ്ടതാണ്. ചോദ്യം ചെയ്യുന്ന എല്ലാ സമയവും ഇത് വേണമെന്നില്ല.

10. എല്ലാ ജില്ലയിലും സജ്ജമാക്കിയിട്ടുള്ള പോലീസ് കൺട്രോൾറൂമിൽ അറസ്റ്റു ചെയ്യപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ 12 മണിക്കൂറിനുള്ളിൽ അറിയിക്കേണ്ടതും എല്ലാവർക്കും കാണാവുന്ന രീതിയിൽ ആ വിവരങ്ങൾ ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്

**ചോ 24** :സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കപ്പെടണമെന്നു പറഞ്ഞിരിക്കുന്ന മാർഗ്ഗനിർദേശങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം.:** ഒരാളെ അറസ്റ്റു ചെയ്യുന്നതിന് മുൻപായി ആ കേസിൽ അടങ്ങിയിട്ടുള്ള കാര്യ കാരണം, നികുതി, വെട്ടിപ്പിൻറെ വ്യാപ്തി, നികുതിവെട്ടിപ്പിൻറെ മാർഗം, കാലയളവ്, തെളിവുകളുടെ ഔന്നത്യം, തെറ്റായ രീതിയിൽ എടുത്ത ക്രെഡിറ്റിൻറെ വ്യാപ്തി, തെളിവ് നശിപ്പിക്കുവാനുള്ള സാധ്യതകൾ തുടങ്ങിയ വിവിധങ്ങളായ ഘടകങ്ങൾ വച്ചു കൊണ്ടുള്ള ഒരു കേസ് - ടു - കേസ് പഠനം നടത്തിയ ശേഷം മാത്രമേ ഒരാളെ അറസ്റ്റു ചെയ്യുവാൻ പാടുള്ളൂ. മാത്രവുമല്ല താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

1. നികുതിശോഷണം സംബന്ധിച്ച് ശരിയായ രീതിയിൽ അന്വേഷണം നടത്തുന്നതിനു വേണ്ടിയാകണം അറസ്റ്റ്.

2. പ്രതികൾ ഒളിവിൽ പോകാതിരിക്കുവാൻ വേണ്ടിയാവണം അറസ്റ്റ്.

3. സാധനങ്ങൾ ഒളിപ്പിച്ചു വെച്ചുകൊണ്ടുള്ള കള്ളക്കടത്തു തടയുന്നതിനും/ കസ്റ്റംസ് തീരുവ വെട്ടിക്കുന്നതു തടയുന്നതിനും വേണ്ടിയാകണം അറസ്റ്റ്.

4. നികുതിവെട്ടിപ്പിനു ആസൂത്രണം ചെയ്യുകയും നിർവഹിക്കുകയും ചെയ്ത ബുദ്ധികേന്ദ്രം, ബിനാമി , പ്രോക്സി ,ഡമ്മി മുതലായ ശരിയായ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടി.

5. നികുതി വെട്ടിപ്പിനുള്ള ആസൂത്രണം മനപ്പൂർവം ചെയ്തതാണെന്ന് ബോധ്യം വരുന്ന ഘട്ടങ്ങളിൽ.

6.തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കുവാൻ വേണ്ടി.

7. സാക്ഷികളെ സ്വാധീനിക്കുന്ന / അധൈര്യപ്പെടുത്തുക മുതലായവ നടക്കുന്ന സമയത്ത്.

8. ഒരു കോടിയിലധികം രൂപയുടെ നികുതി / സർവീസ് ടാക്സ് വെട്ടിപ്പ് നടന്ന സാഹചര്യങ്ങളിൽ.

**ചോ: 25** ഒരു കൊഗ്നിസബിൾ ഒഫൻസ് എന്നാൽ എന്താണ്?

**ഉത്തരം.** ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു കുറ്റവാളിയെ വാറണ്ടില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനു അറസ്റ്റു ചെയ്യാവുന്നതും കോടതിയുടെ ഉത്തരവോടു കൂടിയോ അല്ലാതെയോ തന്നെ അന്വേഷണം തുടങ്ങാവുന്നതുമാണ്. അത്തരം കുറ്റകൃത്യങ്ങളെ ആണ് കോഗ്നിസബിൾ ഒഫൻസ് എന്ന് സാധാരണയായി വിളിക്കുന്നത്.

**ചോ: 26** ഒരു നോൺകൊഗ്നിസബിൾ ഒഫൻസ് എന്നാൽ എന്താണ്?

**ഉത്തരം.** അത്ര ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു കുറ്റവാളിയെ വാറണ്ടില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനു അറസ്റ്റുചെയ്യുവാനും കോടതിയുടെ ഉത്തരവില്ലാതെ അന്വേഷണം നടത്തുവാനും സാധ്യമല്ല . അത്തരം കുറ്റകൃത്യങ്ങളെ ആണ് നോൺകോഗ്നിസബിൾ ഒഫൻസ് എന്ന് സാധാരണയായി വിളിക്കുന്നത്.

**ചോ: 27 :** MGL -പ്രകാരം കൊഗ്നിസബിൾ ഒഫൻസ്, നോൺ കൊഗ്നിസബിൾ ഒഫൻസ് എന്ന് പറഞ്ഞാൽ എന്താണ് ?

**ഉത്തരം.** MGL സെക്ഷൻ 73 (4), പ്രകാരം രണ്ടരകോടി രൂപക്ക് മുകളിലുള്ള ചരക്കുസേവനനികുതി വെട്ടിപ്പുകളെയാണ് കോഗ്നിസബിൾ &നോൺ ബെയ്‌ലബിൾ (ജാമ്യംഇല്ലാത്തതു ) ഒഫൻസ് എന്ന ഗണത്തിൽ പെടുത്തിയിരിക്കുന്നത്. മറ്റു നികുതി വെട്ടിപ്പുകളെല്ലാം നോൺ കൊഗ്നിസബിൾ & ബെയ്‌ലബിൾ (ജാമ്യംകിട്ടാവുന്നത് ) ഒഫൻസ് എന്ന ഗണത്തിൽ പെടുത്തിയിരിക്കുന്നു..

**ചോ: 28** : MGL ൽ എപ്പോഴൊക്കെ ആണ് പ്രോപ്പർ ആപ്പീസർക്കു സമ്മൺസ് കൊടുക്കുവാൻ അധികാരമുള്ളത്?

**ഉത്തരം:** MGL സെക്ഷന് 63 പ്രകാരം ഒരു CGST / SGST ആപ്പീസർക്കു തൻ്റെ അന്വേഷണത്തിൽ ഇരിക്കുന്ന കേസുകളിൽ ആവശ്യമായ തെളിവ് നൽകുന്നതിനും, ഡോകുമെൻ്റ് ഹാജരാകുന്നതിനു വേണ്ടിയും മറ്റും തൻ്റെ മുമ്പാകെ ഹാജരാകുന്നതിന് ഒരാൾക്ക് സമ്മൺസ് കൊടുക്കുവാൻ അധികാരം ഉണ്ട്. ചിലപ്പോൾ ഇത് ഒരു പ്രത്യേക പ്രമാണമോ മറ്റുവസ്തുക്കളോ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ടാകാം,ചിലപ്പോൾ അയാളുടെ നിയന്ത്രണത്തിൽ ഇരിക്കുന്ന ഒരു പ്രത്യേക വിവരണത്തിൽപെട്ട എല്ലാ രേഖകളെയും അല്ലെങ്കിൽ വസ്തുക്കളെയും സംബന്ധിച്ചാകാം.

**ചോ. 29** : സമ്മൺസ് ലഭിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം**. അന്വേഷണത്തിൽ ഇരിക്കുന്ന കേസുകളിൽ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന തെളിവുകളും രേഖകളും തൻ്റെ കൈവശമോ അധീനതയിലോ ഉള്ളതാണെങ്കിൽ അവ സ്വമേധയായോ ഒരു അംഗീകൃത പ്രതിനിധി മുഖാന്തിരമോ ഹാജരായി സത്യം ബോധിപ്പിച്ചു തെളിവ് നൽകുന്നതിനുള്ള ഉത്തരവാദിത്വം നിയമപരമായി സമ്മൺസ് ലഭിക്കുന്ന ഒരു വ്യക്തിക്കുണ്ട്.

**ചോ.30:-**സമ്മൺസ് ലഭിക്കുന്ന വ്യക്തി ഹാജരായില്ലെങ്കിൽ ഉള്ള അനന്തരഫലങ്ങൾ എന്താണ്?

**ഉത്തരം:** സമ്മൺസ് നൽകി ഒരു വ്യക്തിയോട് ഹാജരാകുവാൻ ആവശ്യപ്പെടുന്ന പ്രക്രിയയെ നിയമപരമായി ഒരു കോടതി നടപടിയായി കണക്കാക്കപെടാം. മതിയായ കാരണങ്ങളില്ലാതെ ഒരാൾ അങ്ങിനെ

ഹാജരാകാതിരുന്നാൽ അവരെ ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 174 പ്രകാരം ഉള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കാവുന്നതാണ്. അയാൾ സമ്മൺസ് കൈപ്പറ്റാതെ ഒളിച്ചുനടന്നാൽ ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 172 പ്രകാരവും ആവശ്യപ്പെട്ട രേഖകൾ (ഇലക്ട്രോണിക്ക് ഡോക്യൂമെൻറ്റ്സ് അടക്കമുള്ളവ) ഹാജരാക്കാതിരുന്നാൽ ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 175 പ്രകാരവും ശിക്ഷാർഹനാണ്. തെറ്റായ വിവരങ്ങൾ നൽകിയാൽ ഇന്ത്യൻപീനൽകോഡിലെ സെക്ഷൻ 193 പ്രകാരം ശിക്ഷാർഹനാണ്. MGL സെക്ഷൻ 66 (3) (ഡി) പ്രകാരം, സമ്മൺസ് അയച്ച CGST /SGST ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരാകാത്ത വ്യക്തിക്ക് , മുകളിൽ പറഞ്ഞവ കൂടാതെ, 25000 രൂപ വരെ പിഴയും ചുമത്തപ്പെടാവുന്നതാണ്.

**ചോ.30** സമ്മൺസ് പുറപ്പെടുവിക്കുവാനുള്ള മാർഗനിർദേശങ്ങൾ എന്തൊക്കെയാണ്?

**ഉത്തരം.** സമ്മൺസ് കൊടുക്കുവാനുള്ള അധികാരം ദുരുപയോഗപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കാൻ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് സമയാസമയങ്ങളിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ മാർഗ്ഗനിർദേശങ്ങളിൽ പ്രധാനപ്പെട്ട ഹൈലൈറ്റുകൾ താഴെ കൊടുത്തിരിക്കുന്നു:

1. നികുതിദായകർ സഹകരിക്കാത്ത സന്ദർഭങ്ങളിൽ ഒരു അവസാന ആശ്രയമെന്ന നിലയിൽ മാത്രമേ സമ്മൺസ് ഇഷ്യു ചെയ്യാവു, തലപ്പത്തിരിക്കുന്ന മുതിർന്ന മാനേജ്മെൻറ്റ് ഉദ്യോഗസ്ഥർക്ക് സമ്മൺസ് കൊടുക്കുന്നത് ഒ ഴിവാക്കണം,

II. സമ്മൺസിൽ, അത് ലഭിക്കുന്ന വ്യക്തിക്ക് , അനാവശ്യമായ മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്ന കഠിനവും പരുഷവുമായ ഭാഷ പാടില്ല;

III. അസിസ്റ്റൻറ്റ് കമ്മീഷണർ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനിൽ നിന്ന്, സമ്മൺസയക്കുന്നതിനുള്ള കാരണങ്ങൾ ബോധ്യപ്പെടുത്തി, രേഖാമൂലമുള്ള മുൻകൂർ അനുമതി ലഭിച്ചശേഷം മാത്രമേ സൂപ്രണ്ടുമാർ സമൻസ് കൊടുക്കുവാൻ പാടുള്ളു .

IV.മുൻകൂർ അനുമതിയില്ലാതെ അങ്ങനെ ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ ടെലിഫോൺ വഴിയോ മറ്റോ വാക്കാലുള്ള അനുമതി വാങ്ങിയിരിക്കണം. ഇക്കാര്യം എത്രയും വേഗം സമൻസ് അയക്കുന്നതിനു അനുമതി നൽകിയ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കണം

V. സമൻസ് ഇഷ്യു ചെയ്യുന്ന എല്ലാ കേസുകളിലും ഇഷ്യു ചെയ്യുന്ന ഉദ്യോഗസ്ഥൻ അവ സംബന്ധിച്ച വിവരണം കേസ് ഫയലുകളിൽ

രേഖപ്പെടുത്തുകയും, റിപ്പോർട്ട് സമൻസ് അയക്കുവാൻ അനുമതി നൽകിയ ഉദ്യോഗസ്ഥനു അയച്ചു കൊടുക്കുകയും വേണം .

VI. സിഇഒ, സിഎഫ്ഒ, വലിയ കമ്പനിയുടെ അല്ലെങ്കിൽ ഒരു പൊതു മേഖലാ സ്ഥാപനത്തിൻറ്റെ ജനറൽമാനേജർ, മുതിർന്ന മാനേജ്മെൻറ്റ് ഉദ്യോഗസ്ഥർ മുതലായവർക്ക് അന്വേഷണ തുടക്കത്തിൽ തന്നെ സാധാരണയായി സമൻസ് കൊടുക്കുവാൻ പാടില്ല ; എന്നാൽ നികുതി നഷ്ടം വരുത്തിയതിലുള്ള അവരുടെ പങ്കാളിത്തം വെളിവായിക്കഴിഞ്ഞാൽ അങ്ങനെ ചെയ്യാവുന്നതാണ്.

**ചോ;: 32** സമ്മൺസ്കൊടുക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

**ഉത്തരം.** സമ്മൺസ് കൊടുക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെ എന്ന് താഴെ പറയുന്നു.

(1) മതിയായ കാരണങ്ങൾ കൂടാതെ ഹാജരാകുവാൻ ഒരാൾക്കു സമ്മൺസ് അയക്കരുത്. ഒരാളുടെ സാന്നിദ്ധ്യം (പ്രെസൻസ്) അന്വേഷണത്തിൽ ഇരിക്കുന്ന കേസിൽ ആവശ്യമുള്ളപ്പോൾ മാത്രമേ അയാളെ ഇങ്ങനെ വിളിച്ചു വരുത്തുവാൻ പാടുള്ളൂ.

2. തുടർച്ചയായി സമൻസ് ഇഷ്യു ചെയ്യാതെ കുറ്റാരോപിതർ അല്ലെങ്കിൽ സാക്ഷികൾ ഇവരുടെ മൊഴി കഴിയുന്ന അത്ര കുറഞ്ഞ ഹാജരാകലുകളിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

3. സമ്മൻസിൽ ഹാജരാകുവാൻ പറഞ്ഞിരിക്കുന്ന സമയത്തിൽ കൃത്യത വേണം. പ്രത്യേക സാഹചര്യങ്ങളിലല്ലാതെ ഒരു വ്യക്തിയെയും മൊഴി രേഖപ്പെടുത്തുന്നതിന് വേണ്ടി മണിക്കൂറുകൾ കാത്തിരിക്കുവാൻ ഇടയാക്കരുത് .

4. സാധാരണ ഓഫീസ് സമയത്തു തന്നെ മൊഴി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കേസിൻറ്റെ വസ്തുതകൾ അനുസരിച്ചു മൊഴി രേഖപ്പെടുത്തുന്ന സമയവും സ്ഥലവും മാറ്റാവുന്നതാണ്.

**ചോ. 33** CGST / SGST ഓഫീസർമാരെ അവരുടെ ഔദ്യോഗിക ജോലിക്കിടയിൽ സഹായിക്കാൻ ബാധ്യതപ്പെട്ട മറ്റു ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടോ?

**ഉത്തരം**. MGL സെക്ഷൻ 65 പ്രകാരം താഴെ പറയുന്ന ഉദ്യോഗസ്ഥരെ , CGST / SGST ഓഫീസർമാരെ അവരുടെ ഔദ്യോഗിക ജോലിക്കിടയിൽ സഹായിക്കാൻ അധികാരപ്പെടുത്തിയിട്ടുണ്ട് . MGLൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥർ താഴെ പറയുന്നവരാണ്

I. പോലീസ്;

II. കസ്റ്റംസ്;

III. കേന്ദ്ര സംസ്ഥാന ജിഎസ് ടിഉദ്യോഗസ്ഥർ ;

IV.കേന്ദ്ര സംസ്ഥാന ലാൻഡ്റവെന്യു ഉദ്യോഗസ്ഥർ

V . വില്ലേജ് ഓഫീസർമാർ;

vi. കേന്ദ്ര / സംസ്ഥാന സർക്കാരുകൾ ഇതിനായി കാലാകാലങ്ങളിൽ നിയമിക്കുന്നവർ

# കുറ്റങ്ങളും പിഴകളും –
# പ്രോസിക്യൂഷനും ഒത്തുതീർപ്പാക്കലും

## 20. കുറ്റങ്ങളും പിഴകളും – പ്രോസിക്യൂഷനും ഒത്തുതീർപ്പാക്കലും

ചോ 1:- മാതൃകാചരക്കുസേവന നികുതി നിയമത്തിൻറ്റെ കീഴിൽ അനുശാസിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാം?

ഉ:- മാതൃകാചരക്കുസേവന നികുതി നിയമത്തിൻറ്റെ പതിനാറാം അദ്ധ്യായത്തിലാണ് കുറ്റങ്ങളെയും പിഴകളെയും പറ്റി പ്രതിപാദിക്കുന്നത്. നികുതിബാധ്യതയുള്ള ആൾ, അനർഹമായ കോംപൗണ്ടിങ് വ്യവസ്ഥ പിൻപറ്റിയതിന് അനുച്ഛേദം 8 ൽ നിശ്ചയിച്ച പിഴകൾക്ക് പുറമേ, പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 66 പ്രകാരം 21 കുറ്റങ്ങളെ പറ്റി പറഞ്ഞിരിക്കുന്നു. അവ താഴെ പറയുംപ്രകാരമാണ്.

1) ഇൻവോയ്സ് ഇല്ലാതെയോ, തെറ്റായതോ ശരിയല്ലാത്തതോ ആയ ഇൻവോയ്സ് ഉപയോഗിച്ചോ സപ്ലൈയിലേർപ്പെടുക.

2) സപ്ലൈ നടത്താതെ ഇൻവോയ്സ് നൽകുക

3) വസൂലാക്കിയ നികുതി 3 മാസം കഴിഞ്ഞിട്ടും അടയ്ക്കാതിരിക്കുക

4) 3 മാസത്തിൽ കവിഞ്ഞ കാലയളവിൽ മാതൃകാ ചരക്ക് സേവനനികുതി നിയമം ലംഘിച്ചുകൊണ്ട് നികുതി അടയ്ക്കാതിരിക്കുക.

5) ഉറവിടത്തിൽ തന്നെ നികുതി തട്ടികിഴിക്കേണ്ട വേളകളിൽ നികുതി തട്ടികിഴിക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ച് മാത്രം തട്ടികിഴിക്കുകയോ; അല്ലെങ്കിൽ ഉറവിടത്തിൽ തട്ടികിഴിച്ച നികുതി സെക്ഷൻ 37 പ്രകാരം നിക്ഷേപിക്കാതിരിക്കുകയോ ചെയ്യുക.

6) സെക്ഷൻ 43 സി പ്രകാരം ഉറവിടത്തിൽ വസൂലാക്കേണ്ട നികുതി വസൂലാക്കാതിരിക്കുകയോ കുറച്ച് മാത്രം വസൂലാക്കുകയോ അല്ലെങ്കിൽ അടയ്ക്കാതിരിക്കുകയോ ചെയ്യുക.

7) ചരക്കുകളോ സേവനങ്ങളോ സ്വീകരിക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (Input tax credit) സഹായകമാക്കുകയോ ഉപയോഗിക്കുകയോ ചെയ്യുക.

8) കൃത്രിമമായി നേടുന്ന നികുതി റീഫണ്ട്

9) സെക്ഷൻ17 നെ ലംഘിച്ചുകൊണ്ട് ഇൻപുട്ട് സേവന വിതരണക്കാർ ( Input service distributor) നേടുന്നതും അല്ലെങ്കിൽ വിതരണം ചെയ്യുന്നതുമായ ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് (Input tax credit)

10) നികുതി വെട്ടിക്കുവാൻ വേണ്ടി തെറ്റായ വിവരങ്ങൾ നല്കുക, അല്ലെങ്കിൽ സാമ്പത്തികകണക്ക്പുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തുക. അല്ലെങ്കിൽ തെറ്റായ കണക്കുകളോ രേഖകളോ നല്കുക.

11) നികുതി അടയ്ക്കാൻ ബാധ്യസ്ഥനായിട്ടും റജിസ്റ്റർ ചെയ്യാതിരിക്കുക.

12) റജിസ്ട്രേഷനായുള്ള നിർബന്ധിതമായ സ്ഥലങ്ങളിൽ (Mandatory fields) തെറ്റായ വിവരങ്ങൾ നല്കുക.

13) ഏതെങ്കിലും ഉദ്യോഗസ്ഥനെ ഉത്തരവാദിത്തം നിറവേറ്റുന്നതിന് വിഘ്നം വരുത്തുകയോ തടസ്സമാവുകയോ ചെയ്യുക.

14) നിശ്ചിത രേഖകളില്ലാതെ ചരക്കുകൾ കടത്തുക.

15) നികുതിബാധ്യതയിൽ നിന്നും ഒഴിഞ്ഞുമാറാനായി മൊത്തവിറ്റുവരവ് കുറച്ച് കാണിക്കുക

16) കണക്കുപുസ്തകങ്ങളും രേഖകളും നിയമാനുസൃതം സൂക്ഷിക്കുന്നതിൽ പരാജയപ്പെടുകയോ, നിയമത്തിൽ പറഞ്ഞ കാലയളവിലെ കണക്കുപുസ്തകങ്ങളും രേഖകളും നിലനിർത്തുന്നതിൽ പരാജയപ്പെടുകയോ ചെയ്യുക.

17) ഒരു ഉദ്യോഗസ്ഥന് നിയമത്തിൻറ്റെയും ചട്ടത്തിൻറ്റെയും അടിസ്ഥാനത്തിൽ ആവശ്യമായ വിവരങ്ങളും രേഖകളും നൽകുന്നതിൽ പരാജയപ്പെടുകയോ ഏതെങ്കിലും നടപടിക്രമത്തി ൻറ്റെ ഭാഗമായി തെറ്റായ വിവരങ്ങളും രേഖകളും നല്കുക.

18) കണ്ടുകെട്ടലിന് കാരണമാകാവുന്ന തരത്തിലുള്ള ചരക്കുകൾ സംഭരിക്കുന്നതിലോ കടത്തുന്നതിലോ സപ്ലൈ ചെയ്യുന്നതിലോ ഏർപ്പെടുക

19) മറ്റൊരാളുടെ ജി.എസ്.ടി.ഐ.എൻ ഉപയോഗിച്ച് ഇൻവോയ്സോ അല്ലങ്കിൽ മറ്റ് രേഖകളോ ഇറക്കുക.

20) ആവശ്യമായ തെളിവുകൾ കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുക.

21) നിയമപ്രകാരം തടഞ്ഞുവെക്കപ്പെട്ടതോ(detained), പിടിച്ചെടുത്തതോ (seized), അറ്റാച്ച് ചെയ്യപ്പെട്ടതോ ആയ ചരക്കുകൾ കേടുവരുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യുക.

ചോ 2. പിഴ (Penalty) എന്ന പദം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ?

ഉ . പിഴ (penalty) എന്ന പദത്തെ മാതൃകാചരക്കുസേവനനികുതി നിയമത്തിൽ നിർവചിച്ചിട്ടില്ല. എന്നാൽ ന്യായതീർപ്പുകളുടെയും നിയമശാസ്ത്രതത്വങ്ങളുടെയും അടിസ്ഥാനത്തിൽ പിഴയുടെ സ്വഭാവം താഴെപറയുംവിധമാണ്.

* ഒരു കുറ്റം ചെയ്തതിനുള്ള താല്ക്കാലിക ശിക്ഷയോ, ശിക്ഷയായി നിയമപ്രകാരം അടക്കേണ്ടുന്ന തുകയോ

* എന്തെങ്കിലും ചെയ്തതിനെ, കടമപ്രകാരം ചെയ്യേണ്ടിയിരുന്ന എന്തെങ്കിലും ചെയ്യാതിരുന്നതിനോ നിയമപ്രകാരമോ കരാർ പ്രകാരമോ ചുമത്തിയ ശിക്ഷ.

ചോ 3. പിഴ ചുമത്തുമ്പോൾ പാലിക്കേണ്ട പൊതുചിട്ടകൾ എന്തെല്ലാം ?

നിയമശാസ്ത്രത്തിൻറെയും സ്വാഭാവികനീതിയുടെയും അന്താരാഷ്ട്രവാണിജ്യത്തെയും,സമ്മതപത്രങ്ങളെയും, നയിക്കുന്ന തത്വങ്ങളുടെയും, അടിസ്ഥാനത്തിലുള്ള ശിക്ഷണവ്യവസ്ഥകള്ക്ക് വിധേയമായാണ് പിഴ ചുമത്തുന്നത്. സെക്ഷൻ 68 ൽ ഉൾക്കൊള്ളുന്ന അത്തരം വ്യവസ്ഥകൾ പ്രകാരം :

* ഒരാൾക്കും, അയാൾക്കെതിരെ ആരോപണങ്ങളെ ഖണ്ഡിക്കാനും പറഞ്ഞുകേൾക്കാനുമുള്ള അവസരം നൽകാതെയോ കാരണം കാണിക്കൽ നോട്ടീസ് കൊടുക്കാതെയോ, പിഴ ചുമത്താൻ പാടുള്ളതല്ല.

* പിഴ, കേസിൻറെ മുഴുവൻ വസ്തുതകളുടെയും സാഹചര്യത്തിൻറെയും അടിസ്ഥാനത്തിലായിരിക്കണം.

* നിയമത്തിൻറെയും ചട്ടത്തിൻറെയും ആരോപിക്കപ്പെട്ട ലംഘനത്തിൻറെ നിരക്കിനും തീവ്രതയ്ക്കും ആനുപാതികമായിരിക്കണം, ചുമത്തിയ പിഴ.

* പിഴ ചുമത്തിയ ഉത്തരവിൻറെ സ്വഭാവം തെളിവോടെ വ്യക്തമാക്കണം.

* നിയമത്തിൻറെ ഏത് വകുപ്പുകൾ പ്രകാരമാണ് പിഴ ചുമത്തിയതെന്ന് വ്യക്തമാക്കണം.

സെക്ഷൻ68 പ്രകാരം ഗണ്യമായ പിഴ താഴെ പറയുന്ന സാഹചര്യങ്ങളിൽ ചുമത്താൻ പാടുള്ളതല്ല.

* ലഘുനിയമലംഘനങ്ങളിൽ (5000 രൂപയിൽ താഴെ നികുതി ഉൾപ്പെട്ട ഒരു കേസിൽ വകുപ്പുകളുടെ ലംഘനമുണ്ടെങ്കിൽ അതിനെ ലഘുനിയമലംഘനം എന്നു പറയുന്നു)

* നടപടിക്രമ (Procedural requirements) വുമായി ബന്ധപ്പെട്ട കേസിൽ.

* വഞ്ചനാപരമായ ഉദ്ദേശത്തോടു കൂടിയോ പൂർണ്ണമായ നിരുത്തരവാദിത്തം മൂലമോ അല്ലാതെ വന്നുചേർന്ന, രേഖകളിൽ എളുപ്പം തിരുത്താവുന്ന തെറ്റുകളും വീഴ്ച്ചകളുമായി (രേഖകളിൽ വ്യക്തമായ തെറ്റുകൾ എന്ന് നിയമത്തിൽ വിവക്ഷിക്കുന്ന) ബന്ധപ്പെട്ട കേസുകളിൽ.

കൂടാതെ, മാതൃകാചരക്കുസേവന നികുതിനിയമപ്രകാരം എവിടെയെല്ലാം പിഴ നിശ്ചിത തുകയായോ നിശ്ചിത ശതമാനമായോ നിശ്ചയിച്ചിരിക്കുന്നുവോ അത്തരം കേസുകളിലും മേല്പറഞ്ഞത് ബാധകമാവും.

ചോ 4. മാതൃകാചരക്ക് സേവന നികുതിനിയമപ്രകാരം പിഴയുടെ തുക എങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു ?

ഉ.: സെക്ഷൻ66(1) പ്രകാരം നികുതി അടയ്ക്കാൻ ബാധ്യസ്ഥനായ ഏതൊരാളും സെക്ഷൻ-66 ൽ പറഞ്ഞ കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ താഴെപറയുന്നതിൽ കൂടിയ തുക പിഴയായി ചുമത്തി ശിക്ഷിക്കപ്പെടുന്നതാണ്.

* വെട്ടിക്കാൻ ശ്രമിച്ച നികുതിയുടെ ബാധ്യത, വ്യാജമായി നേടാൻ ശ്രമിച്ച മടക്കിനൽകുന്ന നികുതിതുക, വരവിനത്തിൽ ചേർത്ത് തുക, തട്ടികിഴിക്കാതിരിക്കുകയോ, വസൂലാക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ച്മാത്രം തട്ടികിഴിക്കുകയോ വസൂലാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ തുക.

* 10,000 /- രൂപ

കൂടാതെ സെക്ഷൻ66 (2) പ്രകാരം ഏതെങ്കിലും രജിസ്റ്റർ ചെയ്ത, നികുതി അടയ്ക്കാൻ ബാധ്യസ്ഥനായ ആൾ ആവർത്തിച്ച് അടയ്ക്കേണ്ടുന്ന തുകയിൽ കുറവ് വരുത്തുകയാണെങ്കിൽ അയാൾ താഴെ പറയുന്നതിൽ കൂടിയ തുകയുടെ പിഴക്ക് ബാധ്യസ്ഥനായിരിക്കും.

* അടയ്ക്കുന്നതിൽ കുറവ് വരുത്തിയ നികുതിയുടെ 10 %

* 10,000/-രൂപ

ചോ 5. പിഴ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് `ആവർത്തിച്ചുള്ള കമ്മിയായ പണമടക്കൽ' (Repeated short payment) കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

ഉ. സെക്ഷൻ66(2)-ലെ വിശദീകരണപ്രകാരം തുടര്ച്ചയായ 6 നികുതിവേളകളിലെ 3 കണക്ക് പട്ടിക (റിട്ടേൺ) യുമായി ബന്ധപ്പെട്ട് നികുതി അടച്ചതിൽ 3 പ്രാവശ്യം കമ്മിയായ അടവ് ഉണ്ടായിട്ടുണ്ടെങ്കിൽ, പിഴ ചുമത്തുന്നതിലേക്കായി അതിനെ ആവർത്തിച്ചുള്ള കമ്മിയായ പണമടക്കലായി കാണാം.

ചോ6:- നികുതി വിധേയ വ്യക്തി ആല്ലാതെ മറ്റാർക്കെങ്കിലും പിഴ നിശ്ചയിച്ചിട്ടുണ്ടോ ?

ഉ.: ഉണ്ട്; സെക്ഷൻ 66(3) പ്രകാരം 25,000/-രൂപ വരെയുള്ള പിഴ താഴെ പറയുന്ന കുറ്റങ്ങൾ ചെയ്യുന്ന ഏതൊരു വ്യക്തിക്കെതിരെയും ചുമത്താവുന്നതാണ്.

* 21 കുറ്റങ്ങളിൽ ഏതെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്നവർ

* കണ്ടുകെട്ടലിന് അധീനമായ ചരക്കുകളുമായി ഇടപെടുന്നയാൾ (സ്വീകരിക്കുകയോ നൽകുകയോ സംഭരിക്കുകയോ, കടത്തുകയോ ചെയ്യുന്നത്)

* നിയമത്തിന് വിരുദ്ധമായി സേവനങ്ങൾ 'സപ്ലൈ' ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ആൾ.

* സമൻസ് നല്കിയ അധികാരിയുടെ മുന്നിൽ ഹാജരാകാതിരിക്കുന്ന ആൾ.

* നിയമപ്രകാരം സപ്ലൈയുമായി ബന്ധപ്പെട്ട് ഇൻവോയ്സ് ഇറക്കാതിരിക്കുകയോ, അല്ലെങ്കിൽ ഇൻവോയ്സിൻറെ കണക്കുകൾ രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന ആൾ

ചോ 7. മാതൃകാചരക്കുസേവന നികുതിനിയമത്തിൽ പ്രത്യേക പിഴകൾ നിശ്ചയിക്കാത്ത നിയമലംഘനത്തിന്, എന്ത് പിഴയാണ് നിശ്ചയിച്ചിട്ടുള്ളത് ?

ഉ. : മാതൃകാചരക്കുസേവന നികുതിനിയമത്തിൻറെ സെക്ഷൻ 67 പ്രകാരം ഏതെങ്കിലും ആൾ നിയമത്തിലേയോ അതിനു കീഴിലുള്ള ചട്ടങ്ങളുടെയോ അല്ലങ്കിൽ വകുപ്പുകളുടെയോ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ അതിന് പ്രത്യേക പിഴ നിശ്ചയിച്ചിട്ടില്ലെങ്കിലും, 25,000/- രൂപ വരെയുള്ള പിഴ ശിക്ഷയായി നൽകാവുന്നതാണ് .

ചോ. 8. സാധുതയുള്ള രേഖകളില്ലാതെ ചരക്കുകൾ കടത്തുകയോ അല്ലെങ്കിൽ യുക്തമായ രേഖാപുസ്തകങ്ങളില്ലാതെ ചരക്കുകൾ നീക്കാൻ ശ്രമിക്കുകയോ ചെയ്താൽ എന്ത് നടപടി എടുക്കാനാകും?

ഉ.: നിയമത്തിൽ നിശ്ചയിക്കപ്പെട്ട രേഖകൾ ഇല്ലാതെ, (അതായത് ഇൻവോയ്സ് / ഡിക്ലറേഷൻ) ആരെങ്കിലും, ചരക്കുകൾ സഞ്ചാരമാർഗത്തിൽ കടത്തുകയോ സംഭരിക്കുകയോ; അല്ലെങ്കിൽ കണക്കുപുസ്തകത്തിൽ രേഖപ്പെടുത്താത്ത ചരക്കുകൾ ആരെങ്കിലും സംഭരിക്കുകയോ 'സപ്ലൈ' ചെയ്യുകയോ ചെയ്താൽ ആ ചരക്കുകൾ കടത്താൻ ഉപയോഗിച്ച വാഹനത്തോടെ തടഞ്ഞുവെക്കലിന് അധീനമാവും. അത്തരം ചരക്കുകൾ, ബാധകമായ നികുതിയും പലിശയും പിഴയും അടച്ച്, അതേ സംഖ്യയ്ക്ക് തുല്യമായ ഈടിന്മേൽ വിട്ടുകൊടുക്കാവുന്നതാണ്.

ചോ. 9. കോമ്പോസിഷൻ സ്കീമിന് അർഹതയില്ലാത്ത ഒരാൾ അത് പിൻപറ്റിയാൽ എന്ത് പിഴയാണ് നിശ്ചയിച്ചിട്ടുള്ളത് ?

ഉ. : കോമ്പോസിഷൻ സ്കീം പിന്പറ്റിയ ഒരാൾക്ക് അതിന് അർഹത യില്ലെന്ന് കണ്ടാൽ സെക്ഷൻ 8(3) പ്രകാരം ശരിക്കും നികുതി അടക്കാൻ ബാധ്യസ്ഥനായ ഒരാൾ എത്ര നികുതി അടക്കേണമോ അതിന് തുല്യമായ പിഴ ഒടുക്കാൻ ബാധ്യസ്ഥനാണ്. ഈ പിഴ അയാൾ അടയ്ക്കേണ്ട നികുതിക്ക് പുറമേയാണ്.

10. `കണ്ടുകെട്ടൽ' എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ?

ഉ. : കണ്ടുകെട്ടലിനെ നിയമത്തിൽ ഒരിടത്തും നിർവചിച്ചിട്ടില്ല . ഈ ആശയം ഉരുത്തിരിഞ്ഞ് വന്ന റോമൻ നിയമത്തിൽ പിടിച്ചെടുക്കുക, ചക്രവർത്തിയുടെ കൈകളിലേക്ക് എടുക്കുക, ചക്രവർത്തിയുടേതായി മാറ്റുക എന്നീ അർത്ഥങ്ങളാണ് ഉള്ളത്. അയ്യരുടെ നിയമനിഘണ്ടുപ്രകാരം കണ്ടുകെട്ടൽ എന്ന പദത്തിന് സ്വകാര്യവസ്തുവഹകൾ രാഷ്ട്രത്തിന് പിഴയായി കൊടുത്ത് വിനിയോഗിക്കുക എന്ന അർത്ഥമാണുള്ളത്.

ചോ.11. മാതൃകാചരക്കുസേവന നികുതിനിയമപ്രകാരം ഏത് ചുറ്റുപാടിലാണ് ചരക്കുകൾ കണ്ടുകെട്ടാൻ ആവുന്നത് ?

ഉ. : മാതൃകാചരക്കുസേവന നികുതിനിയമത്തിൻറെ സെക്ഷൻ 70 പ്രകാരം താഴെ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ ചെയ്യുമ്പോഴാണ് ചരക്കുകൾ കണ്ടുകെട്ടലിന് അധീനമാവുന്നത്.

* നിയമത്തിലെ ഏതെങ്കിലും വകുപ്പുകൾ ലംഘിച്ച് ചരക്കുകൾ 'സപ്ലൈ' ചെയ്യുകയും അത്തരം നിയമലംഘനങ്ങൾ നികുതിയുടെ വെട്ടിപ്പിലേക്ക് (Tax evasion) നയിക്കുകയും ചെയ്യുമ്പോൾ

*നിയമത്തിന് ആവശ്യമായ രീതിയിൽ ചരക്കുകൾ കണക്കിൽപെടുത്താതിരിക്കുക

*നികുതിബാധ്യതയുള്ള ചരക്കുകൾ രജിസ്ട്രേഷന് അപേക്ഷിക്കാതെ 'സപ്ലൈ' ചെയ്യുക

*നികുതി വെട്ടിക്കാനായി നിയമത്തിൻറെയോ ചട്ടത്തിൻറെയോ വകുപ്പുകൾ ലംഘിക്കുക.

ചോ. 13. കണ്ടുകെട്ടലിന് ശേഷം കണ്ടുകെട്ടിയ ചരക്കുകൾ വീണ്ടെടുക്കാൻ വ്യക്തിക്ക് അവസരം നൽകേണ്ടതുണ്ടോ ?

ഉ. : ഉണ്ട്. സെക്ഷൻ 70(6) പ്രകാരം കണ്ടുകെട്ടലിന് വിധേയമാകുന്ന ചരക്കുകളുടെ ഉത്തരവാദിത്തം ഉള്ള വ്യക്തിക്കോ ഉടമക്കോ കണ്ടുകെട്ടുന്നതിന് പകരം പിഴ കൊടുക്കാനുള്ള അവസരം കൊടുക്കേണ്ടതാണ്. (ഈ പിഴ കണ്ടുകെട്ടുന്ന ചരക്കുകളുടെ മാർക്കറ്റ് വിലയേക്കാൾ കൂടുതലാകരുത്) ഈ പിഴ അടക്കേണ്ട നികുതിയ്ക്കും മറ്റ് ചാർജ്ജുകൾക്കും പുറമേയാണ്.

ചോ. 14. നിശ്ചയിക്കപ്പെട്ട രേഖകൾ ഇല്ലാതെ ചരക്കുകൾ കൊണ്ടുപോകുന്ന വാഹനം കണ്ടുകെട്ടാമോ?

ഉ. : അതെ ; സെക്ഷൻ 71 പ്രകാരം, നിയമത്തിൽ നിശ്ചയിച്ച ഡിക്ലറേഷനോ മറ്റ് രേഖകളോഇല്ലാതെ ചരക്കുകൾ കൊണ്ടുപോകുന്ന ഏത് വാഹനവും കണ്ടുകെട്ടലിന് വിധേയമാണ്. എന്നാൽ വാഹനത്തിൻറെ ഉടമ, അയാളുടെ അറിവില്ലാതെയോ അയാൾ കൂട്ട്നില്ക്കാതെയോ അയാളുടെ പ്രതിനിധി അറിയാതെയോ കൂട്ടുനില്ക്കാതെയോ ആണ് ചരക്കുകൾ ആവശ്യമായ

രേഖകളോ ഡിക്ലറേഷനോ ഇല്ലാതെ വാഹനത്തിൽ കടത്തിയതെന്ന് തെളിയിച്ചാൽ, വാഹനം കണ്ടുകെട്ടലിന് വിധേയമാവില്ല. വാഹനം ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് വാടകയ്ക്ക് ഉപയോഗിക്കുന്നതാണെങ്കിൽ, അത്തരം വാഹനങ്ങളുടെ ഉടമയ്ക്ക് വാഹനം കണ്ടുകെട്ടുന്നതിന് പകരം നികുതിയ്ക്ക് തത്തുല്യമായ പിഴ അടയ്ക്കാൻ അവസരം നല്കേണ്ടതാണ്. സെക്ഷൻ 72 പ്രകാരം, സെക്ഷൻ 70, 71 ഉം പ്രകാരമുള്ള കണ്ടുകെട്ടലും പിഴയും, ആവശ്യമായ രേഖയും ഡിക്ലറേഷനും ഇല്ലാതെ ചരക്കുകൾ കൊണ്ടുപോകുന്ന കുറ്റത്തിനുള്ള മറ്റേതൊരു ശിക്ഷക്കോ നടപടികൾക്കോ തടസ്സമാവുന്നില്ല.

ചോ. 15. എന്താണ് പ്രോസിക്യൂഷൻ ?

ഉ. കുറ്റം ചെയ്ത ആൾക്കെതിരെ കുറ്റം ചെയ്തു എന്ന് കാണിക്കുന്ന നിയമനടപടിക്രമത്തിൻറെ തുടക്കവും തുടർന്നുള്ള നടപടികളുമാണ് പ്രോസിക്യൂഷൻ. ക്രിമിനൽ നടപടിക്രമത്തിൻറെ (ക്രിമിനൽ പ്രോസിഡിയർ കോഡ്) സെക്ഷൻ 198 പ്രകാരം ഒരാൾക്കെതിരെയുള്ള നിയമനടപടിക്രമം തുടങ്ങുന്നതും തുടർന്നു കൊണ്ടുപോകുന്നതുമാണ് പ്രോസിക്യൂഷൻ.

ചോ. 16. മാതൃകാചരക്കുസേവന നികുതിനിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ ആവശ്യമാകുന്നത് എതെല്ലാം കുറ്റങ്ങളിലാണ് ?

ഉ. : മാതൃകാചരക്കുസേവന നികുതി നിയമത്തിൻറെ സെക്ഷൻ 73 ലാണ് ക്രിമിനൽ പ്രോസിഡിങ്സും പ്രോസിക്യൂഷനും ആവശ്യമാകുന്ന ഗുരുതരകുറ്റങ്ങൾ ക്രോഡീകരിച്ചിരിക്കുന്നത്. അത്തരം 12 കുറ്റങ്ങൾ താഴെ കൊടുക്കുന്നു.

1) ഇൻവോയ്സ് (Invoice) ഇല്ലാതെയോ, തെറ്റായതോ ശരിയല്ലാത്തതോ ആയ ഇൻവോയ്സ് ഉപയോഗിച്ചോ സപ്ലൈയിൽ ( Supply) ഏർപ്പെടുക.

2) സപ്ലൈ നടത്താതെ ഇൻവോയ്സ് ഇറക്കുക

3) വസൂലാക്കിയ നികുതി 3 മാസം കഴിഞ്ഞിട്ടും അടയ്ക്കാതിരിക്കുക.

4) 3മാസത്തിൽ കവിഞ്ഞ കാലയളവിൽ മാതൃകാ ചരക്ക് സേവനനികുതിനിയമം ലംഘിച്ചുകൊണ്ട് വസൂലാക്കിയ നികുതി അടയ്ക്കാതിരിക്കുക.

5) ചരക്കുകളോ സേവനങ്ങളോ ലഭിക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ( Input tax credit) പ്രയോജനപ്പെടുത്തുകയോ ഉപയോഗിക്കുകയോ ചെയ്യുക.

6) വ്യാജമായി റീഫണ്ട് നേടുക

7) നികുതി അടക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറാൻ വേണ്ടി തെറ്റായ വിവരങ്ങൾ നല്കുകയോ അല്ലെങ്കിൽ സാമ്പത്തിക കണക്കു പുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തുകയോ അല്ലെങ്കിൽ തെറ്റായ കണക്കുകളോ രേഖകളോ നൽകുകയോ ചെയ്യുക .

8) ഏതെങ്കിലും ഉദ്യോഗസ്ഥനെ ഉത്തരവാദിത്തം നിറവേറ്റുന്നതിന് വിഘ്നം വരുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുക.

9) കണ്ടുകെട്ടലിന് വിധേയമാകേണ്ട ഏതെങ്കിലും ചരക്കുകൾ സ്വീകരിക്കുന്നതിലോ, സംഭരിക്കുന്നതിലോ, കടത്തുന്നതിലോ,സപ്ലൈ ചെയ്യുന്നതിലോ ഏർപ്പെടുക.

10) നിയമത്തിന് വിരുദ്ധമായി, സേവനങ്ങൾ സപ്ലൈ ചെയ്യുകയോ സ്വീകരിക്കുകയോ, ഏർപെടുകയോ ചെയ്യുക.

11) നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ വിവരങ്ങൾ നല്കാതിരിക്കുക, അല്ലെങ്കിൽ തെറ്റായ വിവരങ്ങൾ നല്കുക.

12) മുകളിൽ പറഞ്ഞ പതിനൊന്ന് കുറ്റങ്ങൾ ചെയ്യുകയോ ചെയ്യുന്നതിന് സഹായം നല്കുകയോ ചെയ്യുക.

| ബന്ധപ്പെട്ട കുറ്റങ്ങൾ | ശിക്ഷ (പരമാവധി തടവിന്റെ കാലാവധി) |
|---|---|
| 250 ലക്ഷത്തിന് മുകളിൽ ഉള്ള നികുതി വെട്ടിപ്പ് | 5 വർഷം തടവും, പിഴയും |
| 50 ലക്ഷത്തിന് മുകളിലും 250 ലക്ഷത്തിന്ഇടയിലും ഉള്ള നികുതി വെട്ടിപ്പ് | 3വർഷം തടവും, പിഴയും |
| 25 ലക്ഷത്തിന് മുകളിലും 50 ലക്ഷത്തിന്ഇടയിലും ഉള്ള നികുതി വെട്ടിപ്പ് | 1വർഷം തടവും, പിഴയും |

സെക്ഷൻ 73(2) പ്രകാരം, രണ്ടോ അതിൽക്കൂടുതലോ പ്രാവശ്യം കുറ്റം നടന്നു എന്ന് ബോധ്യം വന്നാൽ തടവുകാലം 5 വർഷം വരെ ആകാവുന്നതാണ്. ഒപ്പം പിഴ അടയ്ക്കാനും ബാധ്യസ്ഥനാണ്. എന്നാൽ ഒരു കുറ്റത്തിനും 6 മാസത്തിൽ കുറഞ്ഞ തടവുകാലം ഉണ്ടാകുന്നതല്ല.

ചോ. 18. മാതൃകാചരക്കുസേവന നികുതിനിയമപ്രകാരം Cognizable, Non-Cognizable കുറ്റങ്ങൾ എന്തൊക്കെയാണ് ?

ഉ. : മാതൃകാചരക്കുസേവന നികുതിനിയമത്തിന്റെ സെക്ഷൻ 73(3) & 73(4)പ്രകാരം :

വെട്ടിച്ച നികുതിബാധ്യത 250 ലക്ഷത്തിൽ കുറവാണെങ്കിൽ അത്തരം കേസുകൾ Non-Cognizable കേസുകൾ ആവുന്നു. അത്തരം കേസുകളിൽ ജാമ്യം അനുവദനീയമാണ്.

ഒഴിഞ്ഞുമാറിയ നികുതിബാധ്യത 250 ലക്ഷത്തിൽ കൂടുതലായാൽ അത്തരം കേസുകൾ Non-Cognizable കേസുകളാണ്. അത്തരം കേസുകളിൽ ജാമ്യം അനുവദനീയമല്ല.

ചോ. 19. പ്രോസിക്യൂഷൻ തുടങ്ങാൻ, നിയോഗിക്കപ്പെട്ട അധികാരിയുടെ മുൻ അനുവാദം ആവശ്യമാണോ ?

ഉ.. : അതെ; ഉത്തരവാദപ്പെട്ട അധികാരിയുടെ, മുന്നനുവാദമില്ലാതെ ഒരു കുറ്റത്തിനും ആരെയും പ്രോസിക്യൂട്ട് ചെയ്യാൻ പാടില്ല.

ചോ.20. മാതൃകാചരക്കുസേവന നികുതിനിയമപ്രകാരം പ്രോസിക്യൂട്ട് ചെയ്യാൻ കുറ്റം ചെയ്യാനുള്ള ഉദ്ദേശ്യം (mens-rea) കുറ്റകാരണമായ മാനസികനില (culpable mental state) എന്നീ ഘടകങ്ങൾ ആവശ്യമാണോ ?

ഉ.: കുറ്റകാരണമായ മാനസികനിലയും(culpable mental state), കുറ്റം ചെയ്യാനുള്ള ഉദ്ദേശവും (mens-rea)) കുറ്റം ചെയ്യാൻ ആവശ്യമാണെന്നും അത്തരം കുറ്റങ്ങൾ അത്തരം മാനസികനില ഇല്ലാതെ ചെയ്യാൻ പറ്റില്ലെന്നും അനുച്ഛേദം 75 ൽ സങ്കല്പിതമാണ്.

ചോ. 21. എന്താണ് കുറ്റകാരണമായ മാനസികനില ? (Culbale mental state)

ഉ. : ഒരു പ്രവൃത്തി ചെയ്യുമ്പോൾ കുറ്റകാരണമായ മാനസികനിലയിലാണെന്ന് പറഞ്ഞാൽ അത്തരം മനസ്സ് പ്രകാരം

- ചെയ്യുന്ന പ്രവൃത്തി മനഃപൂർവമായിരിക്കുക

-പ്രവൃത്തിയേയും, അതിൻറ്റെ പരിണതികളെയും പറ്റി ബോധവാനായിരിക്കുക

- പ്രവൃത്തി ചെയ്യുന്ന ആൾ ഭീഷണിക്ക് വഴങ്ങാതെയും തടസ്സങ്ങൾ മറികടന്നും പ്രവൃത്തി ചെയ്യുക .

- പ്രവൃത്തി ചെയ്യുന്ന ആൾ ചെയുന്നത് നിയമവിധേയമല്ലെന്ന് വിശ്വസിക്കുകയോ, വിശ്വസിക്കാൻ കാരണമുണ്ടാകുകയോ ചെയ്യുക.

ചോ.22. മാതൃകാചരക്കുസേവന നികുതിനിയമപ്രകാരം ഒരു കമ്പനിക്കെതിരെ പ്രോസിക്യൂഷനോ മറ്റ് നടപടികളോ നടത്താമോ ?

ഉ. : നടത്താം, മാതൃകാചരക്കുസേവന നികുതിനിയമത്തിൻറ്റെ സെക്ഷൻ 77 കാരം,ഒരു കമ്പനിയുടെ നടത്തിപ്പിൽ നിയന്ത്രണാധികാരവും ഉത്തരവാദിത്തവുമുള്ള ഏതൊരാൾക്കും എതിരെ, കമ്പനിക്കൊപ്പം, അയാളുടെ ഉത്തരവാദിത്തത്തിലുള്ള കാലഘട്ടത്തിൽ ചെയ്ത കുറ്റത്തിന് , നടപടികൾ എടുക്കുകയും ശിക്ഷിക്കുകയും ചെയ്യാവുന്നതാണ്. ഒരു കമ്പനി ചെയ്ത ഏതെങ്കിലും കുറ്റം ഏതെങ്കിലും ഉദ്യോഗസ്ഥൻറ്റെ:

- സമ്മതത്തോടെയും കൂട്ടുനിന്നതിൻറ്റെയും ഫലമായും നടന്നതാണെങ്കിൽ

- വീഴ്ച്ചകാരണം സംഭവിച്ചതാണെങ്കിൽ

ആ ഉദ്യോഗസ്ഥൻ കുറ്റം ചെയ്തതായി കണക്കാക്കി ആ കുറ്റത്തിന് ശിക്ഷിക്കാവുന്നതാണ്.

23. കുറ്റം ഒത്തുതീർപ്പാക്കൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

ഉ. : ക്രിമിനൽ നടപടിക്രമത്തിൻറെ സെക്ഷൻ 320 പ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നത്, പരിഗണനയുടെ ബലത്തിൽ നിർത്തലാക്കുക എന്നതാണ് ഒത്തുതീർപ്പാക്കല്കൊണ്ട് ഉദ്ദേശിക്കുന്നത്.

ഉ. 24. എല്ലാ കുറ്റങ്ങളും മാതൃകാചരക്ക് സേവന നികുതി നിയമപ്രകാരം ഒത്തുതീർപ്പാക്കാമോ?

ചോ.: മാതൃകാചരക്കുസേവന നികുതിനിയമത്തിൻറെ സെക്ഷൻ 78 പ്രകാരം, താഴെ പറയുന്നതൊഴികെയുള്ള ഏത് കുറ്റവും നിശ്ചയിച്ച ഒത്തുതീർപ്പ് തുക അടയ്ക്കുകയാണെങ്കിൽ അത് പരിഗണിച്ച് ഒത്തുതീർപ്പാകുന്നതാണ്. അത്തരം ഒത്തുതീർപ്പാക്കൽ പ്രോസിക്യൂഷന് മുമ്പോ പിമ്പോ അനുവദനീയമാണ്.

* 16-)ം ചോദ്യത്തിൽ ക്രമപ്പെടുത്തിയ 12 ഗുരുതര കുറ്റങ്ങളിൽ 1 മുതൽ 7 വരെയുള്ളതിൽ കുറ്റം ചെയ്ത ആൾ മേൽപ്പറഞ്ഞ കുറ്റങ്ങൾക്ക് ഇതിനുമുമ്പ് ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ

* 12 ഗുരുതരകുറ്റങ്ങളിൽ 1 മുതൽ 7 വരെയുള്ള കുറ്റങ്ങൾ ചെയ്യാൻ സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്ത ആൾ ഇതിനുമുമ്പ് മേല്പറഞ്ഞ മറ്റേതെങ്കിലും കുറ്റം ഒത്തു ഒത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ.

* മുകളിൽ പറഞ്ഞ കുറ്റങ്ങൾ ഒഴികെ എസ്.ജി.എസ്.ടി/ സി.ജി,എസ്,ടി നിയമത്തിന് കീഴിലുള്ളതും ഒരു കോടിയിലധികം വിലയുള്ള സപ്ലൈയുമായി ബന്ധപ്പെട്ട മറ്റേത് കുറ്റവും കുറ്റം ചെയ്ത ആൾ ഇതിനു മുമ്പ് മേല്പറഞ്ഞ മറ്റേതെങ്കിലും കുറ്റം ത്തുതീർപ്പാക്കിയിട്ടുണ്ടെങ്കിൽ

* എസ്.ജി.എസ്.ടി/ സി.ജി.എസ്.ടി നിയമപ്രകാരം മാത്രമല്ലാതെ എൻ.ഡി.പി.എസ്.എ /എഫ് ഇ എം എ നിയമത്തിൻ പ്രകാരം കൂടി ഉള്ള കേസുകൾ

* ഇത് പ്രകാരം നിശ്ചയിക്കാവുന്ന മറ്റു കുറ്റങ്ങൾ

ഒത്തുതീർപ്പാക്കൽ അനുവദിക്കുന്നത് നികുതിയും പലിശയും പിഴയും അടച്ചതിന് ശേഷം മാത്രമാണ്. മറ്റേതെങ്കിലും നിയമത്തിന് കീഴിൽ തുടങ്ങിക്കഴിഞ്ഞ ഒരു നടപടിക്രമത്തെയും ഒത്തുതീർപ്പാക്കൽ ബാധിക്കുന്നില്ല.

ചോ.25. ഒത്തുതീർപ്പാക്കലിന് ധനപരമായ പരിധികളേതെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ?

ഉ. : ഒത്തുതീർപ്പാക്കലിൻറെ താഴ്ന്ന പരിധി താഴെ പറയുന്ന തുകകളിൽ ഏതാണോ വലുത് അതായിരിക്കും.

* ബന്ധപ്പെട്ട നികുതിയുടെ 50% അല്ലങ്കിൽ .

* 10,000 /- രൂപ

ഒത്തുതീർപ്പാക്കലിൻറ്റെ ഉയർന്ന പരിധി താഴെ പറയുന്ന തുകകളിൽ ഏതാണോ വലുത് അതായിരിക്കും.

* ബന്ധപ്പെട്ട നികുതിയുടെ 150% അല്ലങ്കിൽ

* 30,000 /- രൂപ

ചോ. 26. മാതൃകാചരക്ക്സേവനനികുതി നിയമപ്രകാരമുള്ള കുറ്റങ്ങൾ ഒത്തുതീർപ്പ ക്കിയാൽ പരിണതഫലങ്ങൾ എന്തൊക്കയാണ്?

ഉ. : സെക്ഷൻ 77 (3) പ്രകാരം ഒത്തുതീർപ്പു തുക അടയ്ക്കുകയാണെങ്കിൽ തുടർനടപടികൾ ഈ നിയപ്രകാരം തുടങ്ങാവുന്നതല്ല. കൂടാതെ മുമ്പേ തുടക്കം കുറിച്ച ക്രിമിനൽ നടപടികൾ അസാധുവാകുകയും ചെയ്യും.

# IGST ആക്ടിന്റെ പൊതുവായ അവലോകനം

## 21 .IGST ആക്ടിന്റെ പൊതുവായ അവലോകനം

ചോ 1 . എന്താണ് IGST ?

ഉ:- "ഇൻറ്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് " (IGST ) എന്നാൽ IGST ആക്ടിന്റെ കീഴിൽ അന്തർ സംസ്ഥാന വ്യാപാര വാണിജ്യങ്ങളിൽ ചരക്കുകളുടെയോ സേവനങ്ങളുടെയോ 'സപ്ലൈ'യുടെ മേൽ ചുമത്തപ്പെടുന്ന ടാക്സ് ആണ്.

ചോ 2 :- എന്താണ് അന്തർ സംസ്ഥാന സപ്ലൈ-കൾ ?

ഉ:- അന്തർ സംസ്ഥാന വ്യാപാര വാണിജ്യങ്ങളിൽ, ചരക്കുകളുടെയോ സേവനങ്ങളുടെയോ 'സപ്ലൈ' എന്നാൽ, സപ്ലൈ നല്കുന്നയാളിൻറ്റെ സ്ഥലവും സപ്ലൈ ലഭിക്കുന്ന സ്ഥലവും രണ്ടു വ്യത്യസ്ത സംസ്ഥാനങ്ങളിൽ ആകുമ്പോളാണ് . (IGST ആക്ട് സെക്ഷൻ 3 (1 ) -ഉം 3 (2 )-ഉം )

ചോ3:- GST യുടെ കീഴിൽ എങ്ങനെയാണ് സാധനങ്ങളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന സപ്ലൈകൾ നികുതി ചുമത്തപ്പെടുന്നത് ?

ഉ:- അന്തർ സംസ്ഥാന സപ്ലൈയുടെ കാര്യത്തിൽ IGST ചുമത്തുന്നതും പിരിച്ചെടുക്കുന്നതും കേന്ദ്ര ഗവൺമെൻറ്റ് ആണ്. IGST പൊതുവായി CGST -യും SGST -യും ചേർന്നതും നികുതി ബാധ്യതയുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ എല്ലാ അന്തർ സംസ്ഥാന സപ്ലൈകൾക്കും ചുമത്തപ്പെടുന്നതുമാണ്. അന്തർ സംസ്ഥാന സപ്ലൈയർ തൻറ്റെ പർച്ചെസിന്മേൽ ലഭിക്കുന്ന IGST, CGST കൂടാതെ SGST ക്രെഡിറ്റുകൾ അഡ്ജസ്റ്റ് ചെയ്ത ശേഷം വർധിപ്പിച്ച മൂല്യത്തിന്മേൽ IGST അടക്കും. കയറ്റി അയക്കുന്ന സംസ്ഥാനം IGST പേയ്മെൻറ്റ്-നു ഉപയോഗിച്ച SGST ക്രെഡിറ്റ് കേന്ദ്രത്തിനു ട്രാൻസ്ഫർ ചെയ്യും. ഇറക്കുമതി ചെയ്യുന്ന ഡീലർ സംസ്ഥാനത്തു തൻറ്റെ നികുതി പേമെൻറ്റിനു വേണ്ടി IGST ക്രെഡിറ്റ് എടുക്കുകയും ചെയ്യും. കേന്ദ്രം ഇറക്കുമതി ചെയ്യുന്ന സംസ്ഥാനത്തിന് SGST നികുതി അടക്കാൻ ഉപയോഗിച്ച IGST ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്തു നൽകും . ബന്ധപ്പെട്ട വിവരങ്ങൾ ഒരു ക്ലിയറിങ് ഹൗസ് (Clearing House) ആയി പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസിക്കു സമർപ്പിക്കുകയും അർഹതപ്പെട്ട തുക എത്രയാണെന്ന് പരിശോധിക്കുകയും തുക കൈമാറ്റം ചെയ്യാനായി അതാത് സംസ്ഥാനത്തിൻറ്റെ ഗവണമെൻറ്റ്കളെ അറിയിക്കുകയും ചെയ്യും.

ചോ 4 .ഡ്രാഫ്റ്റ് ജി.എസ് .ടി നിയമത്തിൻറ്റെ പ്രത്യേകതകൾ എന്തൊക്കെയാണ് ?

പതിനൊന്നു അധ്യായങ്ങളിയായി 33 വകുപ്പുകളാണ് ഡ്രാഫ്റ്റ് ജി.എസ് .ടി നിയമത്തിലുള്ളത് . മറ്റു കാര്യങ്ങളോടൊപ്പം സപ്ലൈയുടെ സ്ഥലം ഏതെന്നു

നിർണയിക്കാനുള്ള നിയമങ്ങളും ഇതിൽ ഉണ്ട്.ചരക്കുകളുടെ നീക്കം സപ്ലൈയിൽ ഉൾപെട്ടിട്ടുണ്ടെങ്കിൽ, സ്വീകർത്താവിനു കൈമാറാനായി ചരക്കിൻറ്റെ നീക്കം നിലക്കുന്ന സമയത്ത്, ചരക്ക് സ്ഥിതി ചെയ്യുന്ന സ്ഥലമാണ് സപ്ലൈ നടന്ന സ്ഥലമായി കണക്കാക്കുന്നത് .ചരക്കുകളുടെ നീക്കം ഉൾപ്പെടാത്ത സപ്ലൈയുടെ കാര്യത്തിൽ സപ്ലൈയുടെ സ്വീകർത്താവിനു ചരക്കു കൈമാറുന്ന സ്ഥലമാണ് സപ്ലൈ നടക്കുന്ന സ്ഥലം.ഏതെങ്കിലും സ്ഥലത്തു ഘടിപ്പിച്ചും ചേർത്ത് വെച്ചും സപ്ലൈ ചെയ്യുന്ന സാധനങ്ങളെ സംബന്ധിച്ച് ഇൻസ്റ്റലേഷൻ അല്ലെങ്കിൽ അസംബ്ലി നടക്കുന്ന സ്ഥലമാണ് സപ്ലൈ നടക്കുന്ന സ്ഥലം. ചലിക്കുന്ന ഏതെങ്കിലും വാഹനത്തിൽ ഉപയോഗിക്കാൻ നൽകുന്ന സാധനങ്ങളെ സംബന്ധിച്ച്, എവിടെ വെച്ചാണോ സാധനങ്ങൾ ഓൺ ബോർഡ് നൽകുന്നത് ആ സ്ഥലമാണ് സപ്ലൈ നടക്കുന്ന സ്ഥലം .

ചോ 5 .ജി.എസ് .ടി മോഡലിൻറ്റെ പ്രയോജനങ്ങൾ എന്തൊക്കെയാണ് ?

ജി.എസ് .ടി മോഡലിൻറ്റെ പ്രധാന പ്രയോജനങ്ങൾ താഴെ പറയുന്നവയാണ് .

a .അന്തർ സംസ്ഥാന ഇടപാടുകളിൽ തടസ്സം കൂടാതെയുള്ള ഇന്പുട് ടാക്സ് ക്രെഡിറ്റിൻറ്റെ ശൃംഖല .

b .അന്തർ സംസ്ഥാന വില്പന നടത്തുന്നയാളിനും , വാങ്ങുന്നയാളിനും മുൻകൂട്ടി മൊത്തം തുക അടക്കേണ്ടതിനാൽ അവരുടെ പണം തടസ്സപ്പെടുന്നില്ല .

c .ഇന്പുട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാം എന്നുള്ളത് കൊണ്ട് കയറ്റുമതി ചെയ്യുന്ന സംസ്ഥാനത്ത് റീഫണ്ട് ചോദിക്കേണ്ട ആവശ്യമില്ല .

d .സ്വയം നിരീക്ഷണ പരിശോധനകൾക്ക് വിധേയമായ മാതൃക

e .നികുതി പിരി ക്കൽ ലളിതമാക്കുന്നതോടൊപ്പം, ടാക്സ് ന്യൂട്രാലിറ്റിയും ഉറപ്പു വരുത്തുന്നു .

f .കൂടുതലായി ഒരു വിധ നികുതി നടപടി പാലിക്കലുകളുമില്ലാതെ ലളിതമായ കണക്കു സൂക്ഷിക്കൽ (അക്കൗണ്ടിംഗ് )

g .ബിസിനസ് ഇടപാടുകളും ബിസിനസ് ടു കസ്റ്റമർ ഇടപാടുകളും കൈകാര്യം ചെയ്യാൻ സാധിക്കുന്നു . ഉയർന്ന നിലവാരത്തിലുള്ള നികുതി നടപടി ക്രമ പാലനവും കാര്യക്ഷമമായ നികുതി പിരിക്കലും എളുപ്പമാക്കുന്നു .

ചോ 6 .കയറ്റുമതിയും ഇറക്കുമതിയും ജി.എസ് .ടി യിൽ എങ്ങനെയാണു നികുതി വിധേയമാക്കുന്നത്?

ജി.എസ് .ടി (ഐ .ജി.എസ് .ടി) ചുമത്തുന്ന കാര്യത്തിൽ എല്ലാ ഇറക്കുമതിയും കയറ്റുമതിയും അന്തർ സംസ്ഥാന സപ്ലൈകളായിട്ടാണ് കണക്കാക്കുന്നത് . നികുതിയടവ് ലക്ഷ്യസ്ഥാന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതും , എസ്

.ജി.എസ് .ടി നികുതി വരുമാനം ഇറക്കുമതി ചെയ്ത സാധനങ്ങളോ സേവനങ്ങളോ ഉപഭോഗം നടക്കുന്ന സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്യുന്നു .ഇറക്കുമതി നടപ്പാക്കുമ്പോൾ അടക്കുന്ന ഐ. ജി.എസ് .ടി ക്കു പൂർണമായി ഇന്പുട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നു (ഐ .ജി.എസ് .ടി നിയമം വകുപ്പ് 2 (c ))

ചോ 7 .ഐ .ജി .എസ് .ടി നിയമം വളരെ ചെറുതും വളരെ കുറച്ചു നിർവ്വചനങ്ങൾ ഉള്ളതും കൂടുതൽ ഭാഗങ്ങൾ സെറ്റൽമെൻറ്റ് കമ്മീഷനെ സംബന്ധിക്കുന്നതുമാണ് .സി .ജി .എസ് .ടി / എസ് .ജി .എസ് .ടി നിയമം ഐ.ജി.എസ് .ടി നിയമത്തിനും ബാധകമാണോ ?

അതെ .ഐ.ജി.എസ് .ടി നിയമത്തിൻറ്റെ വകുപ്പ് 27 പ്രകാരം അതിൽ പറയുന്ന വകുപ്പുകൾ സി.ജി.എസ് .ടി നിയമത്തിനെന്നത് പോലെ ഐ.ജി.എസ് .ടി നിയമത്തിനും ബാധകമാണ്.

ചോ 8 .ഐ.ജി.എസ് .ടി നികുതി എങ്ങനെയാണു അടക്കേണ്ടത് ?

ഇന്പുട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചോ അല്ലെങ്കിൽ പണമായോ ഐ.ജി.എസ് .ടി അടക്കാം. ഇന്പുട് ടാക്സ് ക്രെഡിറ്റ് ഐ.ജി.എസ് .ടി അടക്കാൻ ഉപയോഗിക്കുന്നത് താഴെ പറയുന്ന ക്രമത്തിലും മുൻഗ ണനയിലും വേണം .

a .ആദ്യം ഐ.ജി.എസ് .ടി ഇന്പുട് ടാക്സ് ക്രെഡിറ്റ്, ഐ.ജി.എസ് .ടി അടക്കാൻ ഉപയോഗിക്കാം

b .ഐ.ജി.എസ് .ടി യുടെ ഇന്പുട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് തീർന്നാൽ സി.ജി.എസ് .ടി യുടെ ഇന്പുട് ടാക്സ് ക്രെഡിറ്റ് ഐ.ജി.എസ് .ടി അടക്കാൻ ഉപയോഗിക്കാം.

c .ഐ.ജി.എസ് .ടിയുടെയും സി.ജി.എസ് .ടി യുടെയും ഇന്പുട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച് തീർന്നാൽ മാത്രമേ, എസ് .ജി.എസ് .ടി യുടെ ഇന്പുട് ടാക്സ് ക്രെഡിറ്റ് ഐ.ജി.എസ് .ടി അടക്കാൻ ഉപയോഗിക്കാവൂ .

പിന്നീട് ഐ.ജി.എസ് .ടി നികുതി ബാധ്യത ബാക്കി ഉണ്ടെങ്കിൽ അത് പണമായി അടക്കണം. ഐ.ജി.എസ് .ടി അടക്കുന്നതിനുള്ള ഈ മുൻഗണനാക്രമം ജി.എസ് .ടി സിസ്റ്റം വഴി ഉറപ്പാക്കും .

ചോ 9 .എങ്ങനെയാണു കേന്ദ്രവും, കയറ്റുമതി ചെയ്യുന്ന സംസ്ഥാനവും , ഇറക്കുമതി ചെയ്യുന്ന സംസ്ഥാനവും തമ്മിലുള്ള സെറ്റിൽമെൻറ് നടക്കുന്നത് ?

താഴെ പറയുന്ന രണ്ടു രീതികളിൽ കണക്കുകളുടെ സെറ്റിൽമെൻറ്റ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നടക്കുന്നതാണ്

a. കേന്ദ്രവും കയറ്റുമതി സംസ്ഥാനവും തമ്മിൽ :കയറ്റുമതി ചെയ്യുന്ന സംസ്ഥാനം അവിടെയുള്ള സപ്ലൈയർ , എസ് .ജി.എസ് .ടി യുടെ ഇന്പുട് ടാക്സ് ഉപയോഗിച്ചതിനു തുല്യമായ തുക കേന്ദ്രത്തിനു കൊടുക്കണം .

b .കേന്ദ്രവും ഇറക്കുമതി സംസ്ഥാ നവും തമ്മിൽ ഐ.ജി.എസ് .ടി യുടെ ഇന്പുട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ച്, സംസ്ഥാനത്തിനുള്ളിലെ ഇടപാടുകൾക്ക് അടക്കേണ്ട എസ് .ജി.എസ് .ടി അടക്കാൻ ഉപയോഗിച്ചതിന് തുല്യമായ തുക കേന്ദ്രം നൽകണം .

സെറ്റിൽമെൻറ്റ് കാലയളവിൽ എല്ലാ ഡീലർമാരും നൽകുന്ന വിവരങ്ങൾ കണക്കിലെടുത്തു മൊത്തമായിട്ടാണ് ഓരോ സംസ്ഥാനത്തിനും സെറ്റിൽ മെൻറ്റ് നടത്തുന്നത് .സി.ജി.എസ് ടി യുടെയും ഐ.ജി.എസ് .ടി യുടെയും സെറ്റിൽ മെൻറ്റും സമാനമായ രീതിയിൽ നടത്തുന്നു .

# ചരക്കുകളുടെയും സേവനങ്ങളുടെയും 'സപ്ലൈ' ലഭിച്ച സ്ഥലം'

## 22. ചരക്കുകളുടെയും സേവനങ്ങളുടെയും ' സപ്ലൈ ലഭിച്ച സ്ഥലം'

(Place of Supply of Goods and Service)

ചോ1.GSTക്കു കീഴിൽ ചരക്കുകളുടെയും സേവനങ്ങളുടേയും 'സപ്ലൈ ലഭിച്ച സ്ഥലത്തിൻ്റെ ' ആവശ്യം/പ്രസക്തിഎന്താണ്?

ഉത്തരം:.GST യുടെ അടിസ്ഥാന തത്ത്വം ഇത്തരം സപ്ലൈസിൻ്റെ ഉപഭോഗത്തെ അതിന്റെ ലക്ഷ്യസ്ഥാനത്തു വച്ചോ അല്ലെങ്കിൽ അതിൻ്റെ ഉപഭോഗഘട്ടത്തിലോ ഫലപ്രദമായി നികുതി പിരിക്കുക എന്നതാണ്. അതിനാൽ ' സപ്ലൈ ലഭിച്ച സ്ഥലം' എന്ന വ്യവസ്ഥയാണ് നികുതി എത്തിച്ചേരേണ്ട സ്ഥലം അഥവാ നികുതിപിരിക്കപെടേണ്ട അധികാരപരിധി നിർണ്ണയിക്കുന്നത്. ഒരു ഇടപാട് അന്തർ സംസ്ഥാന ഇടപാട് ആണോ അതോ സംസ്ഥാനത്തിനുള്ളിൽ ഉള്ള ഇടപാട് ആണോ എന്ന് തീരുമാനിക്കപ്പെടുന്നത് 'സപ്ലൈ ലഭിച്ച സ്ഥലം' അടിസ്ഥാനമാക്കിയാണ്.

അതായത് ഒരു സപ്ലൈ ഏതെങ്കിലും ഒരു സംസ്ഥാനത്തെ SGST -ക്കും CGST -ക്കും വിധേയമാണോ, അതോ, IGST ബാധകമാണോ എന്ന് നിർണ്ണയിക്കുന്നതിന് സപ്ലൈ ലഭിച്ച സ്ഥലം അറിയേണ്ടത് ആവശ്യമാണ്.

ചോ2:- . 'സപ്ലൈ ലഭിച്ച സ്ഥലത്തെ' സംബന്ധിച്ച വ്യവസ്ഥകൾ ഗുഡ്സിൻ്റെയും സേവനങ്ങളുടെയും കാര്യത്തിൽ വ്യത്യസ്തമാകുന്നതെന്തുകൊണ്ട് ?

ഉത്തരം:- ചരക്കുകൾ പ്രത്യക്ഷമായ വസ്തുക്കൾ ആകയാൽ അവയുടെ ഉപഭോഗം നടക്കുന്ന സ്ഥലം നിർണ്ണയിക്കാൻ കാര്യമായ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകാറില്ല.

മിക്കസേവനങ്ങളും പ്രത്യക്ഷമല്ലാത്തതിനാൽ അവയുടെ സപ്ലൈ ലഭിച്ച സ്ഥലം കണ്ടുപിടിക്കാൻ പല ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ട്. അതിനുള്ള പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

(i) സേവനങ്ങളുടെ ഡെലിവറി നടത്തുന്ന രീതി എളുപ്പത്തിൽ മാറ്റാവുന്നതാണ്. ഉദാഹരണത്തിന് ടെലികോം സേവനം പോസ്റ്റ്-പെയ്ഡിൽ നിന്ന് [പ്രീ-പെയ്ഡിലേക്കു മാറാവുന്നതാണ്; ബില്ലിംഗ്-വിലാസം മാറാവുന്നതാണ്; ബില്ലറുടെ വിലാസം മാറ്റാവുന്നതാണ്; സോഫ്റ്റ്‌വെയർ കേടുപാടു തീർക്കലോ അറ്റകുറ്റപ്പണിയോ ഓൺസൈറ്റിൽ നിന്ന് ഓൺലൈൻ ആക്കി മാറ്റാവുന്നതാണ്; ബാങ്കിങ്സേവനങ്ങൾക്കു നേരത്തെ ഉപഭോക്താവ് ബാങ്കിൽ പോകേണ്ട ആവശ്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഉപഭോക്താവിന് എവിടെ നിന്നും ബാങ്കിങ് സേവനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും.

(ii) സേവനദാതാവ്, സേവന സ്വീകർത്താവ്, നൽകപ്പെട്ട സേവനം എന്നിവ തിട്ടപ്പെടുത്താൻ സാധിക്കണമെന്നില്ല അല്ലെങ്കിൽ എളുപ്പത്തിൽ മൂടിവെയ്ക്കയ്ക്കപ്പെടാം കാരണമെന്തെന്നാൽ പ്രത്യക്ഷത്തിൽ ഒന്നും നീങ്ങുന്നില്ല. മാത്രമല്ല ഒരു അടയാളവും അത് ബാക്കി വെക്കണമെന്നുമില്ല.

(iii) ഒരുസേവനം 'സപ്ലൈ' ചെയ്യുന്നതിന് സേവനദാതാവിന് ഒരു നിശ്ചിതസ്ഥാനം വേണം എന്ന് നിർബന്ധം ഇല്ല. സേവനസ്വീകർത്താവിനാകട്ടെ സേവനം യാത്രയ്ക്കിടയിൽ സ്വീകരിക്കുകയും ചെയ്യാം. ബില്ലിംഗ് സ്ഥലമാണെങ്കിൽ ഒറ്റ രാത്രി കൊണ്ട് മാ റ്റാവുന്നതേയുള്ളൂതാനും.

(iv) ചിലപ്പോൾ ഒരേ ഘടകം തന്നെ ഒന്നിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് നീങ്ങാനും സാധ്യത ഉണ്ട്. ഉദാഹരണത്തിന്, ഒരു റെയിൽവേ ലൈനിൻറ്റെയോ, നാഷണൽ ഹൈവേയുടേയോ, ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ ഒഴുകുന്ന ഒരു നദിയ്ക്ക് കുറുകെയുള്ള പാലത്തിൻറ്റെയോ നിർമാണവും അനുബന്ധസേവനങ്ങളും. അതുപോലെ തന്നെ, ഒരു സിനിമയുടെ വിവിധസംസ്ഥാനങ്ങളിലെ വിതരണത്തിനും എക്സിബിഷനും ഉള്ള കോപ്പിറൈറ്റ് ഒരൊറ്റ ഇടപാടിലൂടെ നടത്താവുന്നതാണ്. അതുപോലെ ഒരു പരസ്യം അഥവാ പരിപാടി ഒരേ സമയത്തു തന്നെ രാജ്യത്തുടനീളം പ്രക്ഷേപണം ചെയ്യപ്പെടുന്നു. ഒരു എയർലൈൻ 10 ലീഫുകൾ അടങ്ങുന്ന ഒരു സീസൺ ടിക്കറ്റ് ഇറക്കുകയാണെന്നിരിക്കട്ടെ. അവ ഉപയോഗിച്ചു രാജ്യത്തു ഏതെങ്കിലും രണ്ടു സ്ഥലങ്ങൾക്കിടയിൽ യാത്ര ചെയ്യാവുന്നതാണ്. ഡൽഹി മെട്രോ നൽകുന്ന ഒരു കാർഡ് നോയ്ഡയിലോ, ഡൽഹിയിലോ, ഫരീദാബാദിലോ ഉള്ള ഒരാൾക്ക് ഉപയോഗിക്കാവുന്നതാണ്. ഡൽഹി മെട്രോയ്ക്കാകട്ടെ പണമടയ്ക്കുന്ന സമയത്തെ ഇയാളുടെ സ്ഥാനമോ യാത്രകളോ വേർതിരിച്ചറിയാൻ കഴിയുകയുമില്ല.

(v) സേവനങ്ങൾ തുടർച്ചയായി മാറിക്കൊണ്ടേയിരിക്കും, പുതിയ വെല്ലു വിളികൾ ഉയർത്തിക്കൊണ്ടേയിരിക്കും. ഉദാഹരണത്തിന് 15-20 വർഷം മുൻപ്പ ഡി ടി എച്ച്, ഓൺലൈൻ വിവരങ്ങൾ, ഓൺലൈൻ ബാങ്കിങ്, ഓൺലൈൻ ടിക്കറ്റ്ബുക്കിങ്, ഇന്ററർനെറ്റ്,മൊബൈൽ ടെലികമ്യൂണിക്കേഷൻ മുതലായവയെക്കുറിച്ച് ആരും ചിന്തിച്ചു പോലും കാണില്ല.

ചോ 3.' 'സപ്ലൈ ലഭിച്ച സ്ഥലം' നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന അനുമാനങ്ങൾ അല്ലെങ്കിൽ പ്രോക്സികൾ എന്തെല്ലാം?

ഉ. ഒരുസേവന ഇടപാടിൽ ഉൾപ്പെട്ട വിവിധ ഘടകങ്ങളെ 'സപ്ലൈ' ലഭിച്ച സ്ഥലം കണ്ടുപിടിക്കാനുള്ള അനുമാനങ്ങളായി ഉപയോഗിക്കാം.

മറ്റുള്ളവയെക്കാൾ കൂടുതൽ ഉചിതമായ ഫലം തരുന്ന ഒരു അനുമാനം അല്ലെങ്കിൽ പ്രോക്സി നമുക്ക് 'സപ്ലൈ' ലഭിച്ച സ്ഥലം' കണ്ടുപിടിക്കുന്നതിന് ഉപ യോഗിക്കാവുന്നതാണ്.

ഇവയെക്കുറിച്ചാണ്താഴെ ചർച്ച ചെയ്യുന്നത്

(1) സേവന ദാതാവിൻറ്റെ സ്ഥലം

(2) സേവന സ്വീകർത്താവിൻ്റെ സ്ഥലം

(3) ഇടപാട് നടക്കുന്ന സ്ഥലം അഥവാ പ്രകടനം നടക്കുന്ന സ്ഥലം

(4) അത് ഉപഭോഗം ചെയ്യപ്പെടുന്ന സ്ഥലം

(5) യഥാർത്ഥ ആനുകൂല്യം ലഭിക്കുന്ന സ്ഥലം / വ്യക്തി

ചോ:- 4. B-2-B (രജിസ്റ്റേഡ്-വ്യക്തികൾക്കുള്ള സപ്ലൈ ) B-2-C (നോൺ-രെജിസ്റ്റേഡ്-വ്യക്തികൾക്കുള്ള സപ്ലൈ ) ഇടപാടുകളുടെ കാര്യത്തിൽ, സപ്ലൈ ലഭിച്ച സ്ഥലത്തെ സംബന്ധിച്ചു പ്രത്യേക നിയമങ്ങൾ ഉണ്ടാകേണ്ട ആവശ്യകത എന്താണ് ?

ഉത്ത രം :- .B-2-B അടയ്ക്കപ്പെട്ട നികുതി, സ്വീകർത്താവ് ക്രെഡിറ്റ് ആയി എടുക്കുന്നു. അതിനാൽ ഈ ഇടപാടുകൾ വെറും പാസ്‌ത്രൂ ഇടപാടുകൾ ആകുന്നു. B-2-B വിതരണത്തിൻ്റെ കാര്യത്തിൽ ശേഖരിക്കുന്ന GST യഥാർത്ഥത്തിൽ ഗവൺമെൻ്റിനു ബാധ്യതയും സ്വീകർത്താവിനു ആസ്ഥിയും ആയിമാറുന്നു. കാരണമെന്തെന്നാൽ സ്വീകർത്താവിനു ഇത് ഭാവി നികുതിയുടെ കാര്യത്തിൽ ഇൻപുട്ട്ടാക്സ്ക്രെഡിറ്റ് ആയി ഉപയോഗിക്കാവുന്നതാണ്. B-2-B ഇടപാടുകളുടെ കാര്യത്തിൽ മിക്കപ്പോഴും സ്വീകർത്താവിൻ്റെ സ്ഥലം ആണ് പ്രധാനം. കാരണമെന്തെന്നാൽ ഭാവിയിൽ ക്രെഡിറ്റ് എടുക്കുക സ്വീകർത്താവായിരിക്കും .സാധാരണയായി സ്വീകർത്താവ് മറ്റൊരു ഉപഭോക്താവിന് വീണ്ടും സപ്ലൈ ചെയ്യുന്നു. ഒരു B-2-B ഇടപാട് B-2-C ഇടപാടായി മാറുമ്പോൾ മാത്രമേ സപ്ലൈയുടെ ഉപഭോഗം നടക്കുന്നുള്ളൂ. B-2-C ഇടപാടുകളുടെ കാര്യത്തിൽ സപ്ലൈയുടെ ഉപഭോഗം ഒടുവിൽ നടക്കുകയും അടയ്ക്കപ്പെട്ട നികുതി ഗവൺമെൻ്റിൽ എത്തിച്ചേരുകയും ചെയ്യുന്നു.

ചോ.5:- ചരക്കുകൾ നീ ക്കം ചെയ്യപ്പെടുകയാണെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും?

ഉ. സ്വീകർത്താവിനു സപ്ലൈക്കു വേണ്ടി ചരക്കുകളുടെ നീക്കം അവസാനിക്കുന്ന സമയത്തു ചരക്കുകളുടെ സ്ഥാനം എവിടെയാണോ അവിടെയായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

. (IGST ആക്ടിൻ്റെ സെക്ഷൻ 5(2))

ചോ.6.ഒരുവ്യക്തി, മറ്റൊരു വ്യക്തിക്കു മൂന്നാമതൊരു. വ്യക്തിയുടെ നിർദ്ദേശപ്രകാരം ചരക്കു സപ്ലൈ ചെയ്യുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം ?

ഉ. ഇത്തരം സാഹചര്യത്തിൽ മൂന്നാമത്തെ വ്യക്തിക്ക് ചരക്കുകൾ ലഭിച്ചതായി കണക്കാക്കുന്നു. അതിനാൽ ആ വ്യക്തിയുടെ, മുഖ്യ ബിസിനസ്സ് സ്ഥ ലത്തെ സപ്ലൈ ലഭിച്ച സ്ഥലം ആയി കണക്കാക്കുന്നു. (IGST ആക്ടിൻ്റെ സെക്ഷൻ5(2എ))

ചോ.7.യാത്രചെയ്യുമ്പോൾ, അതായതു കപ്പലിലോ വിമാനത്തിലോ ട്രെയിനിലോ അല്ലെങ്കിൽ ഒരു മോട്ടോർ വാഹനത്തിലോ വച്ച് ചരക്കുകൾ / സേവനങ്ങൾ സപ്ലൈ ചെയ്യപ്പെടുകയാ\ണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം?

ഉ. ചരക്കുകളുടെ കാര്യത്തിൽ അവ വാഹനത്തിൻറ്റെ ഉള്ളിൽ കയറ്റുന്ന സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.(IGST നിയമത്തിലെ സെക്ഷൻ 5(5))

എന്നാൽ, സേവനങ്ങളുടെ കാര്യത്തിൽ ആ യാത്രയുടെ നിശ്ചയിക്കപ്പെട്ട ആദ്യ പുറപ്പാട് സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം..(IGST ആക്ടിൻ്റെ സെക്ഷൻ 6(11)).

ചോ8.:-B-2-B സേവനങ്ങളുടെ കാര്യത്തിൽ സപ്ലൈ ലഭിച്ച സ്ഥലത്തെ കുറിച്ചുള്ള സ്വതവേയുള്ള അനുമാനം എന്താണ്?

ഉ. രജിസ്റ്റേർഡ് നികുതിദായകർ, നോൺ-രെജിസ്റ്റേർഡ് നികുതിദായകർ എന്നിവയാണ് IGST ആക്ടിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ. രെജിസ്റ്റേർഡ് വ്യക്തികൾക്കുള്ള സപ്ലൈ-യുടെ കാര്യത്തിൽ ആ വ്യക്തിയുടെ സ്ഥലം ആണ് സപ്ലൈ ലഭിച്ച സ്ഥലം എന്നതാണ് അനുമാനം. സ്വീകർത്താവ് രജിസ്റ്റേർഡ് ആയതിനാൽ വിലാസം ലഭ്യമായിരിക്കും. അതിനാൽ ആ സ്ഥലം തന്നെ ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

ചോ-9: രജിസ്റ്റർ ചെയ്യാത്ത സ്വീകർത്താക്കളുടെ കാര്യത്തിൽ വിതരണസ്ഥലത്തെ കുറിച്ചുള്ള സ്വതവേയുള്ള അനുമാനം എന്താണ് ?

ഉ. രജിസ്റ്റർ ചെയ്യാത്ത സ്വീകർത്താക്കളുടെ കാര്യത്തിൽ സാധാരണ ഗതിയിൽ സ്വീകർത്താവിൻറെ സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. എന്നിരുന്നാലും പലപ്പോഴും സ്വീകർത്താവിൻ്റെ വിലാസം ലഭ്യമല്ല, അത്തരം സന്ദർഭങ്ങളിൽ സേവനങ്ങൾ സപ്ലൈ ചെയ്യുന്നവരുടെ സ്ഥലം സപ്ലൈ ലഭിച്ച സ്ഥലം ആയി പരിഗണിക്കപ്പെടും.

ചോ10:- സ്ഥാവര വസ്തുക്കളുടെ കാര്യത്തിൽ വസ്തു സ്ഥിതി ചെയ്യുന്ന സ്ഥലം തന്നെയാണ് സപ്ലൈ ലഭിച്ച സ്ഥലം. .ഡൽഹിയിൽ നിന്ന് മുംബൈയി യിലേക്ക് ഒന്നിലധികം സംസ്ഥാനങ്ങളിൽക്കൂടി കടന്നുപോകുന്ന ഒരു റോഡ് നിർമ്മിക്കുകയാണെന്നു കരുതുക. അങ്ങനെയെങ്കിൽ ഏതായിരിക്കും വിതരണ സ്ഥലം?

ഉ. സ്ഥാവര വസ്തുക്കൾ ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ, ഓരോ സംസ്ഥാനത്തും അതതു കരാറുകളുടെയോ ഉടമ്പടികളുടെയോ മറ്റു ന്യായമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലോ വെവ്വേറെ ശേഖരിച്ച, അല്ലെങ്കിൽ, നിശ്ചയിച്ച സേവനങ്ങളുടെ മൂല്യത്തിൻ്റെ അനുപാതത്തിൽ അതതു സംസ്ഥാനങ്ങളിൽ സേവനങ്ങളുടെ സപ്ലൈ

നടന്നതായി കണക്കാക്കും. (IGST ആക്റ്റിലെ സെക്ഷൻ 6(5) ലെ വിവരണംനോക്കുക)

ചോ11. ഐപിഎൽ ക്രിക്കറ്റ്പരമ്പര പോലെ ഒന്നിലധികം സംസ്ഥാനങ്ങളിൽ നടക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കുമ്പോൾ ഏതായിരിക്കും സേവനങ്ങളുടെ വിതരണസ്ഥലം?

ഉ. ഇതു പോലുള്ള പരിപാടികളുടെ കാര്യത്തിൽ, സേവനങ്ങളുടെ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ സ്ഥലം ആയിരിക്കുംസപ്ലൈ ലഭിച്ച സ്ഥലം.

എന്നാൽ സേവനങ്ങളുടെ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, പരിപാടി നടക്കുന്ന സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം ഇത്തരം പരിപാടികൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ നടക്കുന്നതിനാലും ഒരു സമാഹൃതതുക ഇത്തരം സേവനങ്ങളുടെ ചാർജ് ആ യതിനാലും , ഓരോ സംസ്ഥാനത്തും നൽകപ്പെടുന്ന സേവനങ്ങളുടെ മൂല്യത്തിൻറെ അനുപാതത്തിൽ അതത് സംസ്ഥാനങ്ങളെ സപ്ലൈ ലഭിച്ച സ്ഥലങ്ങളായി കണക്കാക്കുന്നു.

ചോ12. കൊറിയർ വഴി അയയ്ക്കുന്ന ചരക്കുകളുടെ കാര്യത്തിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം?

ഉ. ഈ സാഹചര്യത്തിൽ സ്വീകർത്താവ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, സ്വീകർത്താവിൻറെ സ്ഥലം ആകും സപ്ലൈ ലഭിച്ച സ്ഥലം. എന്നാൽ സ്വീകർത്താവ് രജിസ്റ്റർ ചെയ്യാത്ത പക്ഷം, ചരക്കുകൾ എവിടെവച്ചാണോ കയറ്റിക്കൊണ്ടു പോകാനായി കൈമാറുന്നത് ആ സ്ഥലം ആയിരിക്കും സപ്ലൈ സ്ഥലം

ചോ13.ഒരുവ്യക്തി മുംബൈയിൽ നിന്ന് ഡൽഹിയിലേക്കും അവിടെ നിന്ന് തിരിച്ചു മുംബൈയിലേക്കും യാത്ര ചെയ്യുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം ?

ഉ. ഒരു വ്യക്തി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. വ്യക്തി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, മുംബൈയിൽ നിന്ന് ഡൽഹിയിലേക്കുള്ള മുന്നോട്ടുള്ള യാത്രയുടെ സപ്ലൈ ലഭിച്ച സ്ഥലം മുംബൈ ആയിരിക്കും. കാരണം മുംബൈ ആണ് ആ വ്യക്തി പുറപ്പെടുന്ന ചെയ്യുന്ന സ്ഥലം. എന്നാൽ മടക്ക യാത്രയുടെ കാര്യത്തിൽ, ഡൽഹി ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. കാരണമെന്തെന്നാൽ മടക്ക യാത്രയെ മറ്റൊരു യാത്രയായി തന്നെ കണക്കാക്കേണ്ടതാണ്

(IGSTആക്റ്റിൻറെ സെക്ഷൻ 6(11)ന്റെ വിവരണം നോക്കുക.

ചോ14.ഇന്ത്യയിൽ മുഴുവൻ യാത്ര ചെയ്യാനുള്ള ഒരു ടിക്കറ്റ് /പാസ്സ് എയർഇന്ത്യ ഒരു വ്യക്തിക്ക് നൽകുകയാണെങ്കിൽ ഏതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം ?

ഉ.മുകളിലെ സാഹചര്യത്തിൽ, യാത്ര പുറപ്പെടുന്ന സ്ഥലത്തെകുറിച്ചുള്ള വിവരം ഇൻവോയ്സ് ഉണ്ടാക്കുന്ന സമയത്തു ലഭ്യമാകില്ല. കാരണമെന്തെന്നാൽ യാത്രാവകാശം ഭാവി ഉപയോഗത്തിനുള്ളതാണ് അതിനാൽ, യാത്ര പുറപ്പെടുന്ന സ്ഥലം സപ്ലൈ ലഭിക്കുന്ന സ്ഥലം ആകാൻ സാധിക്കില്ല. ഇത്തരം സന്ദർഭങ്ങളിൽ, ഡിഫോൾട് ചട്ടം ബാധകമായിരിക്കും (IGST ആക്റ്റിന്റെ സെക്ഷൻ6(10)(ബി))

ചോ15.മൊബൈൽഫോൺ കണക്ഷൻറ്റെ കാര്യത്തിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും? അതു വിതരണക്കമ്പനിയുടെ സ്ഥലം ആയിരിക്കുമോ ?

ഉ. മൊബൈൽ സേവനങ്ങൾ സപ്ലൈ ചെയ്യുന്ന കമ്പനിയുടെ സ്ഥലം, സപ്ലൈ ലഭിച്ച സ്ഥലം ആകാൻ സാധിക്കില്ല. കാരണമെന്തെന്നാൽ മൊബൈൽ കമ്പനികൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ ഈ സേവനങ്ങൾ നൽകുന്നു. മാത്രമല്ല മിക്ക സേവനങ്ങളും അന്തർസംസ്ഥാന സേവനങ്ങളും ആകുന്നു. സപ്ലൈ ലഭിച്ച സ്ഥലവും കമ്പനിയുടെ സ്ഥലവും ഒന്നായാൽ ഉപഭോഗതത്ത്വം തന്നെ തകർന്നുപോകും. കാരണമെന്തെന്നാൽ, റവന്യൂ മുഴുവൻ വിതരണക്കമ്പനികൾ ഉള്ള ഏതാനും സംസ്ഥാനങ്ങളിലേക്ക്പോകും. മൊബൈൽ കണക്ഷനുള്ള സപ്ലൈ ലഭിച്ച സ്ഥലം കണക്ഷൻ പോസ്റ്റ്പെയ്ഡ് അല്ലെങ്കിൽ പ്രീപെയ്ഡ് ആണോ എന്നതിനെ ആശ്രയിച്ചിരിക്കും.

പോസ്റ്റ്പെയ്ഡ് കണക്ഷനുകളുടെ കാര്യത്തിൽ സേവനസ്വീകർത്താവിൻറ്റെ ബില്ലിംഗ് വിലാ സം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

പ്രീ-പെയ്ഡ് കണക്ഷനുകളുടെ കാര്യത്തിൽ, ഇത്തരം കണക്ഷനുകളുടെ പേയ് മെൻറ്റ് ലഭിക്കുന്ന സ്ഥലം അല്ലെങ്കിൽ ഇത്തരം പ്രീ-പെയ്ഡ് വൗച്ചറുകൾ വിറ്റുപോകുന്ന സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

എന്നാൽ ഇന്റർനെറ്റ് / ഇ-പേയ്മെന്റ്റ് വഴിയാണ് റി ച്ചാർജ് എ ങ്കിൽ, സേവന സ്വീകർത്താവിൻറ്റെ രേഖകളിലുള്ള സ്ഥലം ആയിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.

ചോ16.ഗോവയിലുള്ള ഒരു വ്യക്തി ഡൽഹിയിലുള്ള ഒരു ബ്രോക്കറിൽ നിന്ന് നാഷണൽ സ്റ്റോക്ക്എക്സ്ചേഞ്ച് (മുംബൈ) വഴി ഓഹരികൾ വാങ്ങുന്നു. അങ്ങനെയെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും?

ഉ.സേവനദാതാവിൻറ്റെ രേഖകൾ പ്രകാരം സേവന സ്വീകർത്താവിൻറ്റെ സ്ഥലംഏതാണോ അതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം.അതുകൊണ്ട് ഗോവ സപ്ലൈ ലഭിച്ച സ്ഥലംആകുന്നു.

ചോ17.മുംബൈയിൽ നിന്ന് ഒരാൾ കുളു-മണാലിയിലേക് പോകുന്നു അയാൾ മണാലിയിലെ ഐസിഐസിഐ ബാങ്കിൽ നിന്ന് ചിലസേവനങ്ങൾ എടുക്കുന്നു. അങ്ങനെയെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും?

ഉ.സേവനം സ്വീകർത്താവിൻറ്റെ അക്കൗണ്ടിലേക്ക് ലിങ്ക്ഡ് അല്ലെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം കുളു ആകുന്നു.(അതായതു സേവന ദാതാവിൻറ്റെ സ്ഥലം).എന്നാൽ സേവനം സ്വീകർത്താവിൻറ്റെ അക്കൗണ്ടിലേക്ക് ലിങ്ക്ഡ് ആണെങ്കിൽ സപ്ലൈ ലഭിച്ച സ്ഥലം മുംബൈ ആകുന്നു, (അതായത്. സേവനദാതാവിൻറ്റെ രേഖകൾ പ്രകാരം സ്വീകർത്താവിൻറ്റെ സ്ഥലം).

ചോ18. ഗുഡ്ഗാവ് സ്വദേശിയായ ഒരാൾ എയർ ഇന്ത്യ വിമാനത്തിൽ മുംബൈയിൽ നിന്നും ഡൽഹിക്ക് പോകുന്നു ഇയാൾക്കു യാത്ര ഇൻഷ്വറൻസ് ലഭിക്കുന്നത് മുംബൈയിൽ നിന്നാണ്. അങ്ങനെയെങ്കിൽ. സപ്ലൈ ലഭിച്ച സ്ഥലം ഏതായിരിക്കും ?

ഉ. ഇൻഷ്വറൻസ് സേവനങ്ങൾ സപ്ലൈ ചെയ്യുന്നയാളിൻറ്റെ രേഖകൾ പ്രകാരം സേവനങ്ങളുടെ സ്വീകർത്താവിൻറ്റെ സ്ഥലംഏതാണോ അതായിരിക്കും സപ്ലൈ ലഭിച്ച സ്ഥലം. അതുകൊണ്ട് ഗുഡ്ഗാവ് സപ്ലൈ ലഭിച്ച സ്ഥലം ആകുന്നു (IGST ആക്റ്റിലെ സെക്ഷൻ 6 (14)).

# GST പോർട്ടലിലെ ഫ്രണ്ടെന്റ് ബിസിനസ് പ്രോസസ്സ്

## 23 .GST പോർട്ടലിലെ ഫ്രണ്ടെന്റ് ബിസിനസ് പ്രോസസ്സ്

ചോ 1 :- ജി.എസ്.ടി.എൻ. എന്നാൽ എന്താണ്?

ഉ 1:- ചരക്കു സേവന നികുതി ശൃംഖല (ജി.എസ്.ടി.എൻ.) എന്നത് ഒരു ലാഭേച്ഛയില്ലാത്ത സർക്കാർ-ഇതര കമ്പനി ആണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും നികുതിദാതാക്കൾക്കും, വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും, സേവനവും നൽകുകയാണ് ഇതിൻറ്റെ ലക്ഷ്യം. റെജിസ്ട്രേഷൻ, റിട്ടേൺ, പേയ്മെൻറ് എന്നീ സേവനങ്ങൾ ജി.എസ്.ടി.എൻ. നികുതി ദാതാക്കൾക്കു നൽകുന്നു. സർക്കാരും നികുതി ദാതാക്കളും തമ്മിലുള്ള സമ്പർക്കം ജി.എസ്.ടി.എൻ മുഖാന്തിരമായിരിക്കും.

ചോ 2 : ജി.എസ്.ടി. എ ൻ - ൻറ്റെ ഉൽഭവം എങ്ങിനെയായിരുന്നു?

ഉ 2 : ജി.എസ്.ടി സിസ്റ്റം പദ്ധതി നൂതനവും സങ്കീർണവുമായ ഒരു വിവര സാങ്കേതിക സംരംഭമാണ്. ആദ്യമായി, നികുതിദാതാക്കൾക്കായി ഒരു ഏകീകൃത സമ്പർക്ക മുഖവും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് പൊതുവായ വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും ജി.എസ്.ടി.എൻ. നൽകുന്നു. ഇപ്പോൾ, കേന്ദ്ര, സംസ്ഥാന പരോക്ഷ നികുതി വകുപ്പുകൾ വ്യത്യസ്ത നിയമങ്ങൾ, ചിട്ടകൾ, നടപടിക്രമങ്ങൾ എന്നിവ പാലിക്കുന്നു. അതിനാൽ, വിവര സാങ്കേതിക സംവിധാനങ്ങളും വേറിട്ടു തന്നെ നിൽക്കുന്നു. ജി.എസ്.ടി നടപ്പാക്കുന്നതിനായി അവ ഏകോപിപ്പിക്കുക എന്നത് സങ്കീർണമായിരിക്കും, കാരണം അതിനായി മുഴുവൻ പരോക്ഷ നികുതി സംവിധാനങ്ങളെയും ( കേന്ദ്ര, സംസ്ഥാന, കേന്ദ്ര-ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ) ഒരേ വിവര സാങ്കേതിക നിലവാരത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. മാത്രമല്ല, ജി.എസ്.ടി ഒരു ലക്ഷ്യാധിഷ്ഠിത നികുതി ആയതിനാൽ ചരക്കുകളുടെയും സേവന ങ്ങളുടെയും അന്തർ-സംസ്ഥാന വ്യാപാരത്തിന് ശക്തിമത്തായ ഒരു ഒത്തുതീർപ്പു സംവിധാനവും ആവശ്യമായി വരുന്നു. ശക്തമായ വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും സേവന സംവിധാനവും ഉണ്ടെങ്കിൽ മാത്രമേ ഇത് സാധ്യമാവുകയുള്ളു. വിവിധ തത്പരകക്ഷികൾ (നികുതി ദാതാക്കൾ, കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, ബാങ്കുകൾ, ആർ.ബി.ഐ.) തമ്മിൽ സുഗമമായ വിവര ശേഖരണം, സംസ്കരണം, കൈമാറ്റം എന്നിവ ഇത് സാധ്യമാക്കും. 21/7/2010 -ൽ നടന്ന സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവേർഡ് കമ്മിറ്റി' 2010 ലെ നാലാമതു യോഗത്തിൽ ഇതിനെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ, ജി.എസ്.ടി ക്കായുള്ള വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായി ഒരു 'എംപവേർഡ് ഗ്രൂപ്പ്' (ഇ.ജി.) സ്ഥാപിക്കാൻ തീരുമാനിക്കുകയുണ്ടായി. ഡോ:നന്ദൻ നിലേകാനി അധ്യക്ഷനായി, അഡിഷണൽ സെക്രട്ടറി (റവന്യൂ), മെമ്പർ (B&C) CBEC, ഡി.ജി. (സിസ്റ്റംസ്) CBEC, FA ഫിനാൻസ് മന്ത്രാലയം, മെമ്പർ സെക്രട്ടറി E.C, അഞ്ചു സംസ്ഥാന ട്രേഡ് ടാക്സ് കമ്മീഷനർമാർ (മഹാരാഷ്ട്ര, അസ്സാം, കർണാടക, പശ്ചിമ ബംഗാൾ,

ഗുജറാത്ത്) എന്നിവർ ഇതിലെ അംഗങ്ങളാണ്. ഈ ഗ്രൂപ്പിന് നൽകിയ അനുശാസനങ്ങൾ ജി.എസ്.ടി.എൻ. എന്ന് വിളിക്കപ്പെടുന്ന ഒരു പൊതു ജാലകം നടപ്പാക്കാനുള്ള ഒരു നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റി (NIU/SPV ) സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ, പ്രസ്തുത നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റിയുടെ ഘടന, നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ, പരിശീലന സംവിധാനം എന്നിവ നിർദേശിക്കുക എന്നതായിരുന്നു.

മാർച്ച് 2010 -ൽ സാമ്പത്തിക മന്ത്രാലയം രൂപീകരിച്ച 'ടി.എ.ജി.യു.പി.', 'നാഷണൽ ഇൻഫർമേഷൻ യൂട്ടിലിറ്റി'കൾ സ്വകാര്യ കമ്പനികളായി രൂപീകരിക്കാൻ നിർദ്ദേശിച്ചു. GST പോലുള്ള ബൃഹത്തും സങ്കീർണവുമായ സർക്കാർ വിവര സാങ്കേതിക സംരംഭങ്ങൾ നടപ്പാക്കുക എന്ന പൊതു ലക്ഷ്യം ഇവയ്ക്കുണ്ടാവും. 'ടി.എ.ജി.യു.പി.' -ൻറെ ഉ ദേശം GST, TIN, NPS, തുടങ്ങിയ വിവര സാങ്കേതിക സംരംഭങ്ങളുടെ സാങ്കേതിക വശങ്ങൾ പഠിക്കുക എന്നതായിരുന്നു.

2010 ആഗസ്റ്റ് 2-നും 2011 ആഗസ്റ്റ് 8 -നും ഇടയിൽ 'എംപവർഡ് ഗ്രൂപ്പ് ഏഴ് സമ്മേളനങ്ങൾ നടത്തുകയുണ്ടായി. ചർച്ചകൾക്ക് ശേഷം, ജി.എസ്.ടി സിസ്റ്റംസ് പദ്ധതി നടപ്പാക്കാനായി ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കാൻ ഇ.ജി. നിർദേശിച്ചു. ബുദ്ധിമുട്ടേറിയ ഒരു പരിതസ്ഥിതിയിൽ, കാര്യക്ഷമമായ രീതിയിൽ സേവനങ്ങൾ നൽകാൻ ജി.എസ്.ടി.എൻ എസ്.പി.വി. ക്കായി ഒരു സർക്കാർ-ഇതര ഘടനയാണ് ഇ.ജി. നിർദ്ദേശിച്ചത്. സ്വതന്ത്രമായ നടത്തിപ്പ്, തന്ത്രപ്രധാനമായ സർക്കാർ നിയന്ത്രണം, വ്യവസ്ഥിതിയുടെ ഘടനാപരമായ വഴക്കം, ത്വരിതമായ തീരുമാനം എടുക്കൽ, കഴിവുള്ള മനുഷ്യ വിഭവ നിലനിർത്തൽ എന്നിവ ലക്ഷ്യം വച്ചു 49 % സർക്കാർ ഓഹരി പങ്കാളിത്തതോടുകൂടിയാണ് (കേന്ദ്ര സർക്കാർ - 24.5%, സംസ്ഥാന സർക്കാർ-24.5%) പ്രസ്തുത ജി.എസ്.ടി.എൻ എസ്.പി.വി രൂപീകരിക്കാൻ ലക്ഷ്യമിട്ടത്.

ജി.എസ്.ടി.എൻ-ൻറ്റെ പ്രാധാന്യവും അതിൽ ലഭ്യമായ വിവരങ്ങളും പരിഗണിച്ചു, ജി.എസ്.ടി.എൻ - ൻറ്റെ മേൽ സർക്കാരിൻറ്റെ തന്ത്രപ്രധാനമായ നിയന്ത്രണവും ഇ.ജി.പരിഗണിക്കുകയുണ്ടായി. ബോർഡിൻറ്റെ ഘടന, 'സ്പെഷ്യൽ റെസൊല്യൂഷൻ', 'ഷെയർഹോൾഡേഴ്സ് എഗ്രിമെൻറ്റെ' എന്നിവയുടെ പ്രവർത്തന രീതി , സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂറ്റേഷൻ നിയമനം, ജി.എസ്.ടി.എൻ എസ്.പി.വി യും സർക്കാരും തമ്മിലുള്ള കരാറുകൾ എന്നിവ മുഖാന്തിരം എസ്.പി.വി ക്കു മേൽ സർക്കാരിൻറ്റെ നിയന്ത്രണം ഉറപ്പാക്കണം എന്ന് ഇ.ജി. നിർദ്ദേശിച്ചു. കൂടാതെ, ഓഹരി പങ്കാളിത്ത ഘടന പ്രകാരം കേന്ദ്രം തനിയെയും സംസ്ഥ)നങ്ങൾ കൂട്ടായും 24.5 % ഓഹരി പങ്കാളിത്തത്തോടെ ഏറ്റവും വലിയ ഓഹരിയുടമകൾ ആയിരിക്കും. മാത്രമല്ല, 49 % വരുന്ന സർക്കാർ ഓഹരി പങ്കാളിത്തം മറ്റേതു സ്വകാര്യ നിക്ഷേപകരേക്കാളും കൂടുതലും ആയിരിക്കും.

100 ശതമാനം റിട്ടേൺ മാച്ചിങ് നടപ്പാക്കാൻ ആവശ്യമായ സാങ്കേതിക സംവിധാനം ഈ കമ്പനിക്ക് വേണ്ടതിൻറ്റെ ആവശ്യകതയിലേക്കും ഇ.ജി.

വിരൽ ചൂണ്ടുകയുണ്ടായി. പ്രവർത്തന രീതികളെക്കുറിച്ചുള്ള അറിവുകൾ കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. എന്നാൽ, കമ്പനി നടത്തിപ്പിനായി വിവര സാങ്കേതിക മേഖലയിലെ വിദഗ്ദ്ധരെ ആവശ്യമാണ്. സ്വതന്ത്രമായ നടത്തിപ്പ് ലക്ഷ്യമിട്ടാണ് ഇ.ജി. സർക്കാർ-ഇതര കമ്പനി നിർദ്ദേശിച്ചത്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ, 2011 ആഗസ്റ്റ് 19 നു നടന്ന 2011 ലെ മൂന്നാമത് യോഗത്തിലും, 2011 ഒക്ടോബർ 14 നു നടന്ന 2011 ലെ നാലാമതു യോഗത്തിലും, സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി'യുടെ മുൻപാകെ സമർപ്പിക്കുകയുണ്ടായി. 14.10.11 നു നടന്ന സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി'യുടെ സമ്മേളനത്തിൽ ജി.എസ്.ടി.എൻ -നായുള്ള വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾക്കായും സർക്കാറിൻറ്റെ തന്ത്രപരമായ നിയന്ത്രണത്തിൽ ലാഭേച്ഛയില്ലാത്ത വകുപ്പ്-25 കമ്പനി തുടങ്ങാനുമുള്ള ഇ.ജിയുടെ നിർദേശങ്ങൾ അംഗീകരിക്കപ്പെട്ടു.

ജി.എസ്.ടി.എൻ എന്നു വിളിക്കപ്പെടുന്ന എസ്.പി.വി സ്ഥാപിക്കാനുള്ള റെവന്യൂ ഡിപ്പാർട്മെന്റിൻറ്റെ നോട്ട് കേന്ദ്ര ക്യാബിനറ്റ് 2012 ഏപ്രിൽ 12-നു പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. താഴെപ്പറയുന്നവയും കേന്ദ്ര ക്യാബിനറ്റ് അംഗീകരിക്കുകയുണ്ടായി:

i) അനുയോജ്യരും തല്പരരും ആയ സർക്കാർ-ഇതര സ്ഥാപനങ്ങളെ ജി.എസ്.ടി.എൻ എസ്.പി.വിയിൽ നിക്ഷേപം നടത്തുന്നതിലേക്കായി സാമ്പത്തിക മന്ത്രാലയം തിരിച്ചറിയുകയും സ്ഥിരീകരിക്കുകയും ചെയ്യും.

ii) ജി.എസ്.ടി.എൻ -ൻറെ മേൽ സർക്കാരിൻറ്റെ തന്ത്രപ്രധാനമായ നിയന്ത്രണം ബോർഡിൻറ്റെ ഘടന, 'സ്പെഷ്യൽ റെസൊല്യൂഷൻ', 'ഷെയർഹോൾഡേഴ്സ് എഗ്രിമെന്റ്' എന്നിവയുടെ ഘടനകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂറ്റേഷൻ നിയമനം, ജി.എസ്.ടി.എൻ എസ്.പി.വി യും സർക്കാരും തമ്മിലുള്ള കരാറുകൾ എന്നിവ മുഖാന്തിരം ഉറപ്പാക്കുക.

iii) ജി.എസ്.ടി.എൻ എസ്.പി.വി യുടെ ഡയറക്ടർ ബോർഡിൽ 14 അംഗങ്ങളുണ്ടാകും. ഇതിൽ 3 ഡയറക്ടർമാർ കേന്ദ്രത്തിൽ നിന്നും 3 ഡയറക്ടർമാർ സംസ്ഥാനങ്ങളിൽ നിന്നും, ബോർഡ് അധ്യക്ഷൻ കേന്ദ്ര-സംസ്ഥാന സംയുക്ത അംഗീകാരത്തിലൂടെയും, 3 ഡയറക്ടർമാർ സ്വകാര്യ ഓഹരി നിക്ഷേപകരിൽ നിന്നും, പ്രമുഖ വ്യക്തികളിൽ നിന്ന് തിരഞ്ഞെടുത്ത 3 സ്വതന്ത്ര ഡയറക്ടർമാരും ആണുണ്ടാവുക. ജി.എസ്.ടി.എൻ എസ്.പി.വി യുടെ CEO യെ തുറന്ന തിരഞ്ഞെടുപ്പിലൂടെ നിയമിക്കുകയും ചെയ്യും.

iv) തന്ത്രപ്രധാനമായ നിയന്ത്രണത്തിനും വൈദഗ്ധ്യം ലഭ്യമാക്കുന്നതിനുമായി ജി.എസ്.ടി.എൻ എസ്.പി.വി യിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂറ്റേഷൻ നിയമനം സുഗമമാക്കാൻ നിർദിഷ്ട ചട്ടങ്ങൾ ഇളവ് ചെയ്യും .

v ) ജി.എസ്.ടി.എൻ എസ്.പി.വി യ്ക്കു സ്വയം പര്യാപ്തമായ ഒരു റവന്യൂ മോഡൽ ഉണ്ടാകും. നികുതിദാതാക്കൾ, നികുതി വകുപ്പ് എന്നീ സേവന ഉപഭോക്താക്കളിൽ നിന്നു ഉപഭോഗവരി ഈടാക്കുക വഴിയാണ് ഇത് സാധ്യമാക്കുക.

vi) പരോക്ഷ നികുതി സംബന്ധമായ ഏകീകൃത സേവനങ്ങൾ നൽകുന്നതിന് ചുമതലപ്പെട്ട ഏക ദേശീയ ഏജൻസി ആയിരിക്കും ജി.എസ്.ടി.എൻ എസ്.പി.വി. സമാനമായ സേവനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന സേവന ദാതാക്കൾ ഇതിനായി ജി.എസ്.ടി.എൻ എസ്.പി.വി യുമായി ഔപചാരികമായ കരാറിൽ ഏർപ്പെടേണ്ടതാണ്.

vii) എസ്.പി.വി യുടെ സ്ഥാപനത്തിനും ആദ്യ 3 വർഷങ്ങളിലെ നടത്തിപ്പു ചിലവിനുമായി കേന്ദ്ര സർക്കാർ 315 കോടി രൂപയുടെ ഒറ്റത്തവണ 'നോൺ-റെക്കറിംഗ് ഗ്രാന്റ്-ഇൻ-എയ്ഡ്' നൽകുന്നതാണ്.

ക്യാബിനറ്റ് തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ജി.എസ്.ടി.എൻ കമ്പനി നിയമം വകുപ്പ്-25 അനുസരിച് ലാഭേച്ഛയില്ലാത്ത സ്വകാര്യ കമ്പനിയായി രജിസ്റ്റർ ചെയ്യുകയുണ്ടായി. അതിലെ ഓഹരി പങ്കാളിത്തം താഴെ കൊടുത്തിട്ടുള്ള പ്രകാരമാണ്:

| | |
|---|---|
| കേന്ദ്ര സർക്കാർ | 24.5% |
| സംസ്ഥാന സർക്കാർ | 24.5% |
| എച്.ഡി.എഫ്.സി. | 10% |
| എച്.ഡി.എഫ്.സി. ബാങ്ക് | 10% |
| ഐ.സി.ഐ.സി.ഐ. ബാങ്ക് | 10% |
| എൻ.എസ്.ഇ സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് കോ. | 10% |
| എൽ.ഐ.സി. ഹൗസിങ് ഫിനാൻസ് | 11% |

നീണ്ട കാലയളവിലെ ചർച്ചകൾക്കു ശേഷം സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ 'എംപവർഡ് കമ്മിറ്റി'യുടെയും കേന്ദ്ര സർക്കാരിൻറെയും അംഗീകാരത്തോടെയാണ് ജി.എസ്.ടി.എൻ അതിൻറെ ഇപ്പോഴത്തെ രൂപത്തിൽ സ്ഥാപിക്കപ്പെട്ടത്.

ചോ 3: എന്താണ് GSTN നിർവഹിക്കുന്ന സേവനങ്ങൾ ?

ഉ : GST യുടെ പൊതു പോർട്ടലിലൂടെ താഴെ പറയുന്ന സേവനങ്ങൾ ആണ് നിർവഹിക്കുന്നത് .

a രജിസ്ട്രേഷൻ. (നികുതിദായകരുടെ മൈഗ്രേഷനും പാൻ അധിഷ്ഠിത രജിസ്ട്രേഷൻ നമ്പർ കൊടുക്കലും )

b . പേയ്മെന്റ് ഗേറ്റ്വേ, ബാങ്കിങ് സംവിധാനത്തിലേക്കുള്ള സംയോജനം അടക്കമുള്ള പണമടവ് ക്രമീകരണം

c. റിട്ടേൺ സമർപ്പണവും വിലയിരുത്തലും.

d. നികുതിദായകരെ പ്രാപ്തരാക്കൽ, അക്കൗണ്ട് മാനേജ്മെൻറ്, അറിയിപ്പുകളും വിവരങ്ങളും തല്സ്ഥിതി അറിയലും

e. നികുതി അക്കൗണ്ടും ലെഡ്ജറും കൈകാര്യം ചെയ്യൽ

f. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള നികുതി വിഹിതം കണക്കാക്കുക ( I GST വിഹിതം തീർപ്പാക്കിക്കുക അടക്കം I GST യുടെ ക്ലീയ റിങ് ഹൗസ് )

g. ഇറക്കുമതിയിലുള്ള GST കണക്കാക്കി തിട്ടപ്പെടുത്തുകയും കസ്റ്റംസ് E D L സിസ്റ്റവുമായി സംയോജിപ്പിക്കുകയും ചെയ്യുക .

h, മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റംസ് -ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ബിസിനെസ്സ് ഇന്റലിജന്സ് അടക്കമുള്ളവ

i. സാധാരണ GST പോർട്ടലും നികുതി ഭരണ വ്യവസ്ഥയുമായുള്ള സമ്പർക്കമുഖം

j. ബന്ധപ്പെട്ടവർക്ക് പരിശീലനം നല്കുക

k നികുതി അധികാരികൾക്ക് വിശകലനവും ബിസിനെസ്സ് ഇന്റലിജന്സ് വിവരങ്ങളും നല്കുക

ചോ .4 GSTN ഉം സംസ്ഥാനങ്ങളും / CBEC ഉം തമ്മിലുള്ള സമ്പർക്കമുഖ സിസ്റ്റം എന്താണ്?

ഉ 4 :നികുതി ദായകരുടെ രജിസ്ട്രേഷൻ അപേക്ഷ, ഇൻവോയ്സ് അപ് ലോഡ് ചെയ്യുക ,റിട്ടേൺ സമർപ്പിക്കുക ഇവ ചെയ്യുമ്പോൾ GST സിസ്റ്റം ആണ് അവ സ്വീകരിക്കുന്നത് . മറ്റു നിയമ പ്രകാരമുള്ള പ്രവർത്തനങ്ങൾ (രജിസ്ട്രേഷൻ അംഗീകരിക്കൽ, റിട്ടേൺ പരിശോധന , അന്വേഷണം നടത്തുക , കണക്കു പരിശോധന (ഓഡിറ്റിംഗ്) ഇവ } കേന്ദ്ര / സംസ്ഥാന നികുതി അധികാരികളാണ് ചെയ്യുന്നത് . അതായത് ഫ്രണ്ടെന്റ് ജോലികൾ GSTN ഉം , മറ്റു ബാക് എൻഡ് ജോലികള് സംസ്ഥാന / കേന്ദ്ര സർക്കാരുകൾ നേരിട്ടുമാണ് ചെയ്യുക . എന്നാൽ 24 സംസ്ഥാനങ്ങൾ (മോഡൽ 2 സ്റ്റേറ്റ് ) GSTN തന്നെ തങ്ങൾക്ക് വേണ്ടി ബാക് എൻഡ് മോഡ്യൂളുകൾ വികസിപ്പിച്ചെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. CBEC യും ബാക്കി സംസ്ഥാനങ്ങളും സ്വന്തമായിത്തന്നെ ബാക് എൻഡ് മോഡ്യൂളുകൾ വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ചോ .5 രജിസ്ട്രേഷനിൽ GSTN ന്റെ പങ്ക് എന്താണ് ?

ഉ : രജിസ്ട്രേഷൻ ഓൺലൈനായി GSTN പോർട്ടലിൽ ആണ് ചെയ്യേണ്ടത് . ചില പ്രധാന വിവരങ്ങൾ ആയ PAN , ബിസിനസ്സ് ഘടന, ആധാർ , CIN / DIN തുടങ്ങിയവ (ബാധകമായവ) CBDT ,UID ,MCA തുടങ്ങിയ അതാതു ഏജൻസികളുമായി ഓൺലൈൻ വഴി ഒത്തു നോക്കുന്നത് മൂലം ഏറ്റവും കുറവ് ഡോക്യൂമെന്റേഷൻ ഉറപ്പ് വരുത്തുന്നുണ്ട് . അപേക്ഷകളും സ്കാൻ ചെയ്ത അനുബന്ധ പ്രമാണങ്ങളും GSTN അതാത് കേന്ദ്ര / സംസ്ഥാനത്തിനു അയക്കുന്നതും അവർ അതിനു ആവശ്യമെങ്കിൽ വിശദീകരണം തേടിയ ശേഷം തിരസ്കരിക്കുകയോ അംഗീകരിക്കുകയോ ചെയ്യുകയും അതിനുശേഷം ഡിജിറ്റൽ ഒപ്പു വച്ച രജിസ്ട്രേഷൻ GSTN നിന്ന് നികുതി ദായകന് ഡൌൺലോഡ് ചെയ്യാവുന്നതുമാണ്.

ചോ : 6 GSTN ൽ ഇൻഫോസിസിൻറ്റെ പങ്ക് എന്താണ് ?

ഉ : GSTN, ഇൻഫോസിസിനെ എല്ലാ ആപ്ളിക്കേഷൻ സോഫ്റ്റ്‌വെയറും ടൂൾസും അടിസ്ഥാനസൗകര്യങ്ങളുമടങ്ങിയ GST സിസ്റ്റത്തിൻറ്റെ ആവിഷ്കാരം, വികസനം വിന്യാസം, എന്നിവ നടത്തി 5 വർഷത്തേക്ക് പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും ഒക്കെയുള്ള ഒരു നിയന്ത്രിത ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുകയാണ് .

ചോ.7: GST പൊതു പോർട്ടലിൻറ്റെ സവിശേഷതകൾ എന്തൊക്കെയാണ്

ഉ : GST പോർട്ടൽ ഇന്റർനെറ്റ് വഴി എല്ലാവർക്കും (അതായതു നികുതിദായകർ, അവരുടെ ചാർട്ടേർഡ് അക്കൗണ്ടന്റ്മാർ നികുതി അഭിഭാഷകർ എന്നിവർ ) ഇൻട്രാനെറ് വഴി നികുതി ഉദ്യോഗസ്ഥർക്കും ലഭ്യമാണ് . ഈ പോർട്ടൽ GST സംബന്ധമായ എല്ലാ സേവനങ്ങൾക്കും ഉള്ള പൊതു പോർട്ടൽ ആയിരിക്കും .

ഉദാ: നികുതിദായകൻറ്റെ രജിസ്ട്രേഷൻ (പുതിയവ തിരികെ നൽകുക റദ്ദാക്കുക ) ഇൻവോയ്സ് അപ്ലോഡ് ചെയ്യൽ, വാങ്ങുന്ന ആളുടെ വാങ്ങൽ രജിസ്റ്റർ തന്നത്താൻ തയ്യാറാക്കൽ, കാലാവധിയനുസരിച്ചുള്ള റിട്ടേൺ സമർപ്പിക്കൽ, ഏജൻസി ബാങ്കുമായി സംയോജിച്ചുള്ള നികുതി അടക്കൽ , മുതലായവ .)

ചോ.8 : ചരക്ക് സേവന നികുതിയുടെ ആവാസവ്യവസ്ഥ എന്താണ് ?

ഉ 8: പൊതുവായ ഒരു ചരക്ക് സേവന നികുതി വ്യവസ്ഥ ഇതിൻറ്റെ ഭാഗഭാക്കുകളായ സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശ വാണിജ്യ നികുതി വകുപ്പുകൾ , കേന്ദ്ര നികുതി അധികാരികൾ , നികുതിദായകർ, ബാങ്കുകൾ മറ്റു ഭാഗഭാക്കുകൾ എന്നിവരെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ നികുതി ദാതാവ് തുടങ്ങി നികുതി ഉപദേശകർ, നികുതി അധികാരികൾ, GSTപോർട്ടൽ, ബാങ്ക് എന്നിവരെയെല്ലാം ഒരു ഭാഗഭാക്കായിട്ടുള്ളതാണ്. താഴെ കൊടുത്തിട്ടുള്ള രേഖ ചിത്രം GST വ്യവസ്ഥയെ പൂർണ്ണമായും ചിത്രീകരിച്ചിട്ടുള്ളതാണ്.




ചോ.9 : ആരാണ് GSP ( GST സുവിധാദാതാവ് )?

ഉ 9 : GST വ്യവസ്ഥ വികസിപ്പിച്ചെടുക്കുന്നത് അതിൻറെ പരിപാലന സേവനദാതാവായ ഇൻഫോസിസ് ആണ് (MSP ). GST കേന്ദ്ര വ്യവസ്ഥയുടെ വികസനം, GST സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിനുള്ള IT അടിസ്ഥാന സൗകര്യങ്ങൾ, അഞ്ചുവർഷത്തേക്കുള്ള പ്രവർത്തന നടത്തിപ്പ് എന്നിവയടങ്ങുന്നതാണ് ഈ ജോലി.

ഇപ്പോൾ മുൻപോട്ടു വച്ചിട്ടുള്ള GST എല്ലാ നികുതിദായകരും ഇലക്ട്രോണിക് ആയിട്ടു രേഖകളും സമർപ്പിക്കുമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത് . ഈ ലക്ഷ്യ പ്രാപ്തിക്കായി നികുതിദായകന് ഇൻവോയ്സ് വിവരങ്ങൾ ഇൻപുട് നികുതിയുടെ ക്രെഡിറ്റ് അവകാശം, പാർട്ടി തിരിച്ചു ലെഡ്ജർ സൃഷ്ടിക്കുക , റിട്ടേൺ സമർപ്പണം, അത്തരം പ്രമാണങ്ങളിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് ഒപ്പ് വക്കുക മുതലായവക്ക് ആവശ്യമായ ഉപകരണങ്ങൾ ആവശ്യമാണ്.

നികുതിദായകർക്കു GST വ്യവസ്ഥ ലഭ്യമാക്കുന്നതിന് വേണ്ടി GST യിൽ ഒരു G2B പോർട്ടൽ ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അതൊന്നു മാത്രമായിരിക്കില്ല, GST സിസ്റ്റവുമായി നികുതിദായകന് സംവദിക്കാൻ കഴിയുന്നത് . എന്തെന്നാൽ ആവശ്യാനുസരണം മറ്റു ഇന്റർഫേസുകളായ ഡെസ്ക്ടോപ്പ് , മൊബൈൽ എന്നിവയും ഉപയോഗിച്ച് GST സിസ്റ്റവുമായി സംവദിക്കാവുന്നതാണ് ഇത്തരം മൂന്നാംകക്ഷി ആപ്ലികേഷനുകൾ GST സിസ്റ്റവുമായി ഒരു API (ആപ്ലികേഷൻ പ്രോഗ്രാമിങ് ഇന്റർഫേസ് ) വഴി ബന്ധപ്പെടാം അത്തരം ആപ്ലികേഷനുകൾ എല്ലാം തന്നെ GST സുവിധാദാതാവ്, അതായതു GSP എന്ന് പൊതുവായി നാമകരണം

ചെയ്തിട്ടുള്ള മൂന്നാംകക്ഷിയാണ് വികസിപ്പിച്ചെടുക്കുക എന്നാണ് പ്രതീക്ഷിക്കുന്നത് .

GST കേന്ദ്ര വ്യവസ്ഥയുമായി രജിസ്ട്രേഷൻ, നികുതി അടക്കൽ, റിട്ടേൺ സമർപ്പണം മറ്റു വിവര കൈമാറ്റം എന്നിവയ്ക്കായി നികുതിദായകന് ബന്ധപ്പെടാൻ, GST പോർട്ടൽ വഴിയോ GSP വ്യവസ്ഥ ലഭ്യമാക്കുന്ന ആപ്ലിക്കേഷനുകൾ വഴിയോ സാധിക്കുന്നതാണ്. GST യുടെ സിസ്റ്റം ആപ്ലിക്കേഷൻ ഇന്ററർഫേസിൻറ്റെ ഉപഭോക്ത ഏജൻസി ആയിരിക്കും GSP. നികുതിദായകർക്കു വേണ്ടി ആപ്ലിക്കേഷനുകൾ, വെബ് പോർട്ടലുകൾ എന്നിവ നിർമിക്കുകയും ചെയ്യുന്നതാണ്.

ചോ.10 : എന്തായിരിക്കും GST സുവിധാദാതാവിന്റെ പങ്ക് ?

ഉ 10 : GSP വികസിച്ചെടുക്കുന്ന ആപ്ലിക്കേഷനുകൾ GST സിസ്റ്റത്തിനെ സുരക്ഷിതമായ GST സിസ്റ്റം API കൾ വഴി ബന്ധപ്പെടുത്തുന്നതാണ്. GSP യുടെ ഏതാനും പ്രവർത്തനങ്ങൾ ഇവയാണ് :

നികുതിദായകർക്കു വേണ്ടി വിവിധങ്ങളായ ആപ്ലിക്കേഷനുകൾ , ഇൻറ്റർ ഫേസുകൾ, GSP സിസ്റ്റത്തിൻറ്റെ TRP കൾ , ട്രേഡ് റിലേറ്റഡ് പ്രാക്ടീസസ്സ് എന്നിവ വികസിപ്പിക്കുക .

നികുതിദായകർക്കു വേണ്ടി മറ്റു മൂല്യ വർദ്ധിത സേവനങ്ങൾ നല്കുക.

GST സുവിധാദാതാവ് (GSP ) നികുതിദായകർക്കും മറ്റു ഭാഗഭാക്കുകൾക്കും GST സിസ്റ്റവുമായി സ്ഥാപന റെജിസ്ട്രേഷൻ തുടങ്ങി ഇൻവോയ്സ് അപ് ലോഡിങ് , റിട്ടേൺ സമർപ്പണം എന്നിവക്കായി ബന്ധപ്പെടുന്നതിന് നൂതനവും സൗകര്യപ്രദവുമായ രീതികൾ വികസിപ്പിച്ചെടുക്കുമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത് . അതായതു രണ്ടു ഗണത്തിൽ ഉള്ള പാരസ്പര്യമാണ് ഉള്ളത്.

( 1 ) ആപ്ലിക്കേഷൻ ഉപഭോക്താവും GSP യുമായി (2 ) GSP യും GST വ്യവസ്ഥയുമായി .

ചോ.11: GSP ഉപയോഗിക്കുന്നതുകൊണ്ട് നികുതിദായകന് കിട്ടുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണ് ?

ഉ 11 : GSP ലഭ്യമാക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ വഴി നികുതി ദാതാവിനു നികുതി സംബന്ധമായ പ്രവൃത്തികൾ പൂർണ്ണമായും ലഭ്യമാകുന്നതാണ് . നികുതി ദായകനെ, ഇൻവോയ്സ് അപ്‌ലോഡ് ചെയ്യുക റിട്ടേൺ ശരിയാക്കുക എന്നിവയിൽ GSP സഹായിക്കുന്നു . GST പോർട്ടൽ ലഭ്യമാക്കുന്ന ഇന്ററർഫേസും സവിശേഷതകളും എല്ലാ നികുതിദായകർക്കും ഒരേപോലുള്ളതും രൂപത്തിലും ഭാവത്തിലും അടിസ്ഥാനപരവുമായിരിക്കും . അതേ സമയം പ്രത്യേക വിഭാഗത്തിലുള്ള നികുതിദായകർക്കു ( പൂർണ്ണമായും സ്വയം നിയന്ത്രിത സാമ്പത്തിക അക്കൗണ്ടിംഗ് ഉള്ള വലിയ നികുതി ദാതാക്കൾ , അർദ്ധ സ്വയം നിയന്ത്രിത

വ്യവസ്ഥകളുടെ SME കൾ , വ്യവസ്ഥയെ ഇല്ലാത്ത ചെറിയവ ). കൂടുതൽ സവിശേഷതയാർന്ന വിപുലമായ ഇന്ററർഫേസുകൾ GSP ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് . GST പോർട്ടൽ എന്നുള്ളത് അതിൻറെ വലിപ്പം കൊണ്ടുതന്നെ GSP സേവനം പോലെ ലളിതമായിരിക്കുകയില്ല .

GSP ക്ക്, SME കൾക്കും ചെറിയ നികുതിദായകർക്കും അവരുടെ വില്പന , വാങ്ങൽ GST ഫയലിംഗ് എന്നിവ കൈകാര്യം ചെയ്യുന്നതിനായി ഇപ്പോഴുള്ള സോഫ്റ്റ്‌വെയറിൽ GST ലഭ്യമാക്കുകയോ, സമ്പൂർണ്ണങ്ങളായ പരിഹാരങ്ങൾ അടങ്ങുന്ന ആപ്ലിക്കേഷനുകൾ കൊടുക്കാവുന്നതോ ആണ് . ഉദാ: സ്പ്രെഡ്ഷീറ്റ് പോലുള്ള ഓഫ്‌ലൈൻ സൗകര്യങ്ങൾ തദ്വാരാ നികുതിദായകന് തൻറെ ഇൻവോയ്സ് വിവരങ്ങൾ പൂരിപ്പിച്ചു പ്രോസസ്സിങ്ങിനു വേണ്ടി GSTപോർട്ടലിൽ അപ്‌ലോഡ് ചെയ്യാൻ കഴിയുന്നതാണ്. അതുപോലെ, GSP ക്ക് നികുതി ഉപദേശകർക്കു അവരുടെ കക്ഷികളുടെ പട്ടികയുടെ ഒരു ഡാഷ്ബോഡ് കൊടുക്കാവുന്നതും ഓരോ കക്ഷിയുടെ നേരെ അമർത്തുമ്പോഴും കക്ഷിയുടെ പ്രവർത്തനങ്ങളുടെ / പൂർത്തിയാകാത്ത പ്രവർത്തനങ്ങളുടെ സ്നാപ്പ്ഷോട്ട് ലഭിക്കുന്നതുമാണ് . GSP ക്ക് വിപണിയിൽ ഉള്ള മറ്റു GSP കളിൽ നിന്ന് വ്യത്യസ്തമായി നൂതനവും മൂല്യവർദ്ധിതമായ സേവനങ്ങൾ നൽകാൻ കഴിയുന്നതാണ് .ആധാരം:http//www.gstn.org/ecosystem/faq question.php.

ചോ.12 : GSTN വികസിപ്പിച്ചെടുക്കുകയും പരിപാലിക്കുകയും ചെയ്യുന്ന GST പൊതു പോർട്ടലിൽ നികുതിദായകൻറെ പങ്ക് എന്തെല്ലാമാണ് ?

ഉ:നികുതി ദായകൻ എന്ന നിലക്ക് രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ, പ്രൊഫൈൽ മാനേജ്മെൻറ് , പലിശയും പിഴയും ഉൾപ്പെടെയുള്ള നികുതി അടക്കൽ , ഇൻവോയ്സ് വിവരങ്ങൾ , റിട്ടേൺ സമർപ്പണം , വാർഷിക രേഖകൾ അപ്‌ലോഡ് ചെയ്യുക , റിട്ടേൺ/ നികുതി ലെഡ്ജർ / ക്യാഷ് ലെഡ് ജർ എന്നിവയുടെ തൽസ്ഥിതി നിരീക്ഷണം മുതലായവ.

ചോ.:13 GSTN വികസിപ്പിച്ചെടുക്കുന്ന GST വ്യവസ്ഥയിൽ കേന്ദ്ര സംസ്ഥാന നികുതി ഉദ്യോഗസ്ഥരുടെ പങ്ക് എന്തായിരിക്കും ? .

ഉ: ഈ ഉദ്യോഗസ്ഥർ ബാക്ക്എൻറ്റിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി GSTN വിവരങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

നികുതിദായകരുടെ അംഗത്വം രജിസ്ട്രേഷൻ ഇവയുടെ അംഗീകാരം / തിരസ്കരണം.

സംസ്ഥാന നികുതിയുടെ ഭരണനിർവഹണം ( നികുതി നിർണയം / കണക്കു പരിശോധന / റീഫണ്ട് ( പ്രതിദാനം )/അപ്പീൽ /അന്വേഷണം ) MIS ഉം മറ്റിതര പ്രവർത്തനങ്ങളും.

ചോ.:14: ഓരോ ഇൻവോയ്സിനും GSTN സവിശേഷ തിരിച്ചറിയൽ സൃഷ്ടിക്കുമോ ?

ഉ :ഇല്ല . GSTN അങ്ങിനെ സവിശേഷ തിരിച്ചറിയൽ ഉണ്ടാക്കുന്നില്ല . വിതരണക്കാരൻറ്റെ GSTIN, ഇൻവോയ്സ് നമ്പർ , സാമ്പത്തിക വർഷം എന്നിവ HSN /SAC കോഡുമായി കൂട്ടിയിണക്കി ഓരോ വരിയും സവിശേഷമാക്കുകയാണ് ചെയ്യുന്നത്

ചോ.:15: ദൈനംദിനമായി ഇൻവോയ്സ് വിവരങ്ങൾ അപ്ലോഡ് ചെയ്യാൻ കഴിയുമോ ?

ഉ : കഴിയും ഏതുസമയത്തും ഇൻവോയ്സ് ഡാറ്റ എടുക്കുവാനുള്ള പ്രവർത്തനക്ഷമത GST പോർട്ടലിനുണ്ടായിരിക്കുന്നതാണ് . അപ് ലോഡ് ചെയ്യുക വഴി ഇൻവോയ്സ് കിട്ടുന്ന ആളുടെ രജിസ്റ്ററിൽ അത് പ്രതിഫലിക്കുകയും അത് പർച്ചേസ് രജിസ്റ്ററിൽ കാണാൻ പറ്റുന്നതുമാണ്.

ചോ 16: GST പോർട്ടലിൽ ഇൻവോയ്സ് അപ്ലോഡ് ചെയ്യാനുള്ള വ്യവസ്ഥകൾ ഉണ്ടോ?

ഉ : ഉണ്ട്. ഒറ്റതവണയായി തന്നെ ഇൻവോയ്സ് ഉണ്ടാക്കാനും അത് അപ് ലോഡ് ചെയ്യാനും പറ്റുന്ന രീതിയിൽ സ്പ്രെഡ്ഷീറ്റ് ( മൈക്രോസോഫ്റ്റ് എക്സൽ പോലെ) സൗജന്യമായി GSTN ലഭ്യമാക്കുന്നത് വഴി ഇത് സാധ്യമാണ് . ഇത് ഒരു ഓഫ്ലൈൻ ടൂൾ ആയതിനാൽ ഓൺലൈൻ ആകാതെ ഡാറ്റ ഇൻപുട്ട് കൊടുക്കാവുന്നതും പിന്നീട് നൂറുകണക്കിന് ഇൻവോയ്സുകൾ ഒറ്റയടിക്ക് അപ്ലോഡ് ചെയ്യാവുന്നതുമാണ്.

ചോ.17: രജിസ്റ്ററുകളും മറ്റു അക്കൗണ്ടുകളും കാണുന്നതിനായി GSTN മൊബൈൽ ആപ്ലിക്കേഷനുകൾ ലഭ്യമാക്കുന്നുണ്ടോ ?

ഉ : ഉണ്ട് . GSTN രൂപകല്പന ചെയ്തിട്ടുള്ളത് അത് ഏതു സ്മാർട്ട് ഫോണിലും കാണാവുന്ന രീതിയിലാണ്. അതിനാൽ ക്യാഷ് ലെഡ്ജർ , ബാധ്യത ലെഡ്ജർ, ITC ലെഡ്ജർ തുടങ്ങിയ ലെഡ്ജറുകൾ മൊബൈൽഫോണിൽ കാണാവുന്നതാണ്.

ചോ.18 GSTN-ൻറ്റെ ടാക്സ് പ്രൊഫെഷനലുകൾക്കു ഇപ്പോൾ ചെയ്യുന്നതുപോലെ നികുതിദായകൻറ്റെ ID യും പാസ്സ്‌വേർഡും ഉപയോഗിക്കാതെ അവരുടെ കക്ഷികൾക്ക് വേണ്ടി പ്രവർത്തിക്കാൻ പ്രത്യേക പാസ്സ്‌വേർഡും ID യും കൊടുക്കുമോ?

ഉ: ടാക്സ് പ്രൊഫെഷനലുകൾക്കു കക്ഷികൾക്ക് വേണ്ടി എല്ലാവിധ പ്രവർത്തികളും ചെയ്യുന്നതിനായി പ്രത്യേക യുസർ നെയിമും പാസ്സ് വേർഡും GSTN ൽ ഉണ്ടായിരിക്കുന്നതാണ് . പക്ഷെ അന്തിമ സമർപ്പണം e- സൈൻ (OTP ) അഥവാ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് നികുതിദായകർ തന്നെ ചെയ്യേണ്ടതാണ്

ചോ 19 നികുതിദായകർക്കു താൻ ഒരിക്കൽ തിരഞ്ഞെടുത്ത ടാക്സ് പ്രൊഫെഷനലിനെ മാറ്റാൻ ഈ സംവിധാനത്തിൽ വ്യവസ്ഥയുണ്ടോ ?

ഉ:ഉണ്ട്. നികുതിദായകന് മറ്റൊരു ടാക്സ് പ്രൊഫെഷനലിനെ തിരഞ്ഞെടുക്കാനായ , ജി.എസ് .ടി.എൻ പോർട്ടലിൽ അൺസെലെക്ട് ചെയ്ത ശേഷം ഒരു പുതിയ ടാക്സ് പ്രൊഫെഷനലിനെ ചുമതലപ്പെടുത്തിയാൽ മതി.

ചോ 20 ഇപ്പോൾ സെൻട്രൽ എക്സൈസ് , സർവീസ് ടാക്സ് , സംസ്ഥാന വാറ്റ് നികുതിദായകർക്കു ജി.എസ് .ടി യിൽ പുതിയതായി രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ടോ ?

ഉ 20 : വേണ്ട . ഇപ്പോൾ ഉള്ള നികുതിദായകരുടെ PAN CBDT പരിശോധിച്ചു ശരി വെച്ച് കഴിഞ്ഞാൽ പുതിയതായി അപേക്ഷിക്കേണ്ടതില്ല.അവർക്കു ജി.എസ് ടി പോർട്ടൽ താത്കാലിക GSTIN നൽകുന്നതാണ്. അതിനു 6 മാസത്തെ സാധുത ഉണ്ട്. ഡാറ്റ സമർപ്പണം പൂർണ്ണമാകുന്നതോടെ സ്ഥിരം രജിസ്ട്രേഷൻ ആയി അത് മാറുന്നതാണ്. സമയപരിധികളെപ്പറ്റി അതാതു നികുതി അധികാരികൾ തുടർ അറിയിപ്പുകൾ ഇറക്കുന്നതാണ്.

ചോ 21 .നികുതിദായകരുടെ പ്രയോജനാർത്ഥം ജി.എസ് .ടി പോർട്ടലിൻ്റെ വിവിധ വശങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി ജി.എസ് .ടി എൻ പരിശീലന വീഡിയോകൾ ഉണ്ടാകുമോ ?

ഉ 21: ഉണ്ട് .ജി.എസ് .ടി പോർട്ടലിൽ ചെയ്യേണ്ട പ്രവൃത്തികൾ ഓരോ ഘട്ടത്തെപ്പറ്റിയുമുള്ള വീഡിയോകൾ കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലന സാമഗ്രികളുടെ ഒപ്പം തന്നെ ജി.എസ് .ടി .എൻ തയ്യാറാക്കി വരുന്നുണ്ട്.GST പോർട്ടലിലും ടാക്സ് അധികാരികളുടെ വെബ്സൈറ്റിലും അത് ലഭ്യമായിരിക്കും.

ചോ 22 .ജി.എസ് .ടി പൊതു പോർട്ടലിൽ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേൺ , രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ സുരക്ഷിതമായിരിക്കുമോ ?

ഉ 22: അതെ. നികുതിദായകർ പൊതു ജി.എസ് .ടി പോർട്ടലിൽ സമർപ്പിക്കുന്ന വ്യക്തിഗതവും ബിസിനസ് സംബന്ധമായും ഉള്ള വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളും ജി.എസ് .ടി.എൻ -ൽ ചെയ്തു വരുന്നുണ്ട് .റോൾ ബേസ്ഡ് ആക്സസ് കൺട്രോൾ (R A B C ) നിയന്ത്രണവും നികുതിദായകൻ്റെ പ്രധാനവിവരങ്ങളുടെ രഹസ്യഭാഷയിൽ ഉള്ള സൂക്ഷിപ്പും പ്രസരണവും ഉറപ്പു വരുത്തുക വഴിയാണ് ഇവ ചെയ്യുന്നത്.അധികാരപ്പെടുത്തിയിട്ടുള്ള നികുതി ഉദ്യോഗസ്ഥർക്ക് മാത്രമേ വിവരങ്ങൾ കാണാനും വായിക്കാനും കഴിയുകയുള്ളു .

ചോ23. ജി.എസ് .ടി സിസ്റ്റത്തിൻ്റെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ജി.എസ് .ടി.എൻ എന്തൊക്കെ സുരക്ഷാ ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളത്. ?

ഉ 23 :വിവര ,സേവന സുരക്ഷിതത്വത്തിനു വേണ്ടി ജി.എസ് .ടി വ്യവസ്ഥ പദ്ധതിയിൽ അത്യാധുനിക സുരക്ഷാ ചട്ടക്കൂടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മികച്ച ഫയർവാൾ , കടന്നുകയറ്റം കണ്ടെത്തൽ , സ്ഥിതിയിലും ചലനാവസ്ഥയിലും ഉള്ള വിവരങ്ങളുടെ രഹസ്യഭാഷാ ശേഖരണം , സമ്പൂർണമായ ഓഡിറ്റ് പിൻതുടരൽ , സുസ്ഥിരമായ ഫിഷിങ് അൽഗോരിതം ഉപയോഗിച്ചുള്ള കടന്നുകയറ്റം തടയൽ ,OS , ഹോസ്റ്റ് ഇവ കഠിനമാക്കുന്ന രീതി കൂടാതെ ജി.എസ് .ടി.എൻ പ്രാഥമികഘട്ടത്തിലും ദ്വിദീയഘട്ടത്തിലും സുരക്ഷിത പ്രവർത്തന നിർദേശങ്ങൾ , നിയന്ത്രണ കേന്ദ്രം സ്ഥാപിക്കുക എന്നിവ അതാതു സമയത്തു തന്നെ ക്ഷുദ്ര ആക്രമങ്ങളെ സജീവമായി നിരീക്ഷിക്കുകയും , സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്നു . സാധാരണ അറിയുന്നതും അറിയപ്പെടാത്തതും ആയ ഭീഷണികളിൽ നിന്നുള്ള സംരക്ഷണത്തിനായി തുടർച്ചയായി സോഴ്സ് കോഡ് നിരീക്ഷിക്കുക വഴി ജി.എസ് .ടി.എൻ സുരക്ഷിത കോഡിങ് രീതികൾ ഉറപ്പു വരുത്തുന്നു .

# സ്ഥിതിമാറ്റ വ്യവസ്ഥകൾ

## 24. സ്ഥിതിമാറ്റ വ്യവസ്ഥകൾ

ചോ 1. : മുൻ നിയമത്തിന് കീഴിലെ അവസാന റിട്ടേണിൽ ബാക്കിയുള്ള സെൻവാറ്റ് / ഐടിസി ചരക്കുസേവന നിയമത്തിൻ കീഴിൽ ഐടിസി ആയി ലഭ്യമാകുമോ?

ഉത്തരം : ലഭിക്കും. അത്തരം ക്രെഡിറ്റ് റജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തിയുടെ അർഹതയാണ്. ബാക്കിയുള്ള ക്രെഡിറ്റ് നികുതിവിധേയ വ്യക്തിയുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ വരവുവയ്ക്കും - സെക്ഷൻ 143

ചോ 2. : ഒരു റജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തി 2016-17-ൻറെ അവസാനപാദത്തിൽ ക്യാപിറ്റൽ ഗുഡ്സ് വാങ്ങുന്നു എന്ന് കരുതുക. 2017 മാർച്ച് 31ന് മുൻപ് ഇൻവോയ്സ് ലഭിച്ചെങ്കിലും ക്യാപിറ്റൽ ഗുഡ്സ് ലഭിക്കുന്നത് 2017 ഏപ്രിൽ 5ന് (അതായത് ലഭിക്കുമ്പോൾ ചരക്കുസേവന നികുതി ഭരണത്തിൽ) ആണെങ്കിൽ അത്തരം വ്യക്തിക്ക് 2017-18 ൽ സെൻവാറ്റ് ക്രെഡിറ്റ് പൂർണ്ണമായി ലഭ്യമാകുമോ?

ഉത്തരം : ലഭിക്കും. അത്തരം വ്യക്തിക്ക് 2017-18 ൽ പൂർണ്ണ സെൻവാറ്റ് ക്രെഡിറ്റിന് അർഹതയുണ്ട് - സെക്ഷൻ 144 (1) ൻറെ വിശദീകരണം

ചോ 3.: X, Y എന്നിവക്ക് മുൻ നിയമത്തിൻ കീഴിൽ ക്യാപിറ്റൽ ഗുഡ്സ് ഇനത്തിൽ വാറ്റ് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല. എന്നാൽ അവ ചരക്കുസേവന നിയമത്തിൻ കീഴിൽ ഉൾപെടുന്നതിനാൽ, റജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തിക്ക് അവയുടെ ക്രെഡിറ്റ് ഇപ്പോൾ അവകാശപ്പെടാൻ സാധിക്കുമോ ?

ഉത്തരം. : അത്തരം ഇൻപുട്ടാക്സ് ക്രെഡിറ്റ് മുൻ നിയമത്തിലും ചരക്കുസേവന നിയമത്തിലും ഒരുപോലെ ലഭ്യമാണെങ്കിൽ മാത്രമേ അദ്ദേഹത്തിന് അവകാശപ്പെടാൻ സാധിക്കൂ. ഈ രണ്ടിനത്തിനും മുൻ നിയമത്തിൽ ക്രെഡിറ്റ് ലഭ്യമല്ലാതിരുന്നതിനാൽ ആ വ്യക്തിക്ക് അവ ചരക്കുസേവന നിയമത്തിൽ അവകാശപ്പെടാനാവില്ല - സെക്ഷൻ 144 (1) പ്രൊവിസൊ

ചോ 4 : മുകളിൽ പ്രസ്താവിച്ച വ്യക്തി അത്തരം ക്രെഡിറ്റ് തെറ്റായി എടുത്താൽ അവയുടെ റിക്കവറി മുൻ നിയമത്തിലാണോ GST നിയമത്തി ലാണോ നടപ്പിലാക്കുക ?

ഉത്തരം. : തെറ്റായി എടുത്ത ഇന്പുട് ടാക്സ് ക്രെഡിറ്റിന്റെ റിക്കവറി GST നിയമത്തിൻ കീഴിൽ നടപ്പിലാക്കും - സെക്ഷൻ 143 മുതൽ 146.

ചോ 5.: മുൻ നിയമത്തിൽ രജിസ്ട്രേഷൻ ആവശ്യമില്ലാതിരുന്നതും എന്നാൽ ചരക്കുസേവന നിയമത്തിൽ രജിസ്ട്രേഷൻ ആവശ്യമുള്ളതുമായ രണ്ടു നികുതിവിധേയരുടെ ഉദാഹരണങ്ങൾ പറയുക?

ഉത്തരം. :1 ) മുൻ നിയമത്തിൽ 60 ലക്ഷം വിറ്റുവരവ് ഉള്ള ഒരു ഉല്പാദകന് SSI ഒഴിവ് ലഭ്യമായിരുന്നു, എന്നാൽ ചരക്കുസേവന നിയമത്തിലെ മൊത്തം വിറ്റു

വരവിന്റെ ഇളവ് പരിധി ആയ 20 ലക്ഷത്തിലും കൂടുതൽ വിറ്റുവരവ് (turnover) ഉള്ളതിനാൽ ഈ ഉത്പാദകന് രജിസ്ട്രേഷൻ ആവശ്യമാണ് - സെക്ഷൻ 9

2) ഇ-കൊമേഴ്‌സ് ഓപ്പറേറ്റർ വഴി വിൽപ്പന നടത്തുന്ന വ്യാപാരിക്ക്, വിറ്റുവരവ് VAT അടിസ്ഥാന ഒഴിവിന് താഴെയാണെങ്കിലും ചരക്കുസേവന നികുതി പ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമാണ്. ഇപ്രകാരമുള്ള വ്യക്തിക്ക് അടിസ്ഥാന ഒഴിവ് ലഭ്യമല്ല - സെക്ഷൻ 9, സെക്ഷൻ 145, ഷെഡ്യൂൾ III

ചോ 6. നിയുക്തദിവസം ഒരു സേവന ദാതാവിന്റെ കൈവശം സ്റ്റോക്കിലുള്ള VAT അടച്ച ചരക്കിന്റെ ഇൻപുട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണോ?

ഉത്തരം. അല്ല. സേവനങ്ങൾ വാറ്റിന്റെ പരിധിയിൽ വരില്ല. വാറ്റിൽ ചരക്കുകൾ മാത്രമേ ഉൾക്കൊള്ളൂ.

ചോ 7. ഒരു റജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തിയുടെ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിൽ 1000 രൂപ മുൻ നിയമത്തിലെ അവസാന റിട്ടേർണിൽ നിന്നും വരവ് വച്ചിരിക്കുന്നു. ആ വ്യക്തി ചരക്കുസേവന നിയമത്തിൽ കോംപോസിഷൻ പദ്ധതിയിലേക്ക് മാറുകയാണെങ്കിൽ മേൽപ്രസ്താവിച്ച ഇൻപുട് ടാക്സ് ക്രെഡിറ്റിന്റെ റീഫണ്ട് ലഭിക്കുമോ ?

ഉത്തരം.: ഇല്ല. ആ വ്യക്തി കോംപോസിഷൻ പദ്ധതിയിലേക്ക് മാറുന്നതിന്റെ തൊട്ടുമുൻ ദിവസത്തെ സ്റ്റോക്കിൽ എടുത്തിട്ടുള്ള ഇൻപുട് ടാക്സ് ക്രെഡിറ്റിന് തുല്യമായ തുക അടക്കേണ്ടതാണ്. ഈ തുക ഒന്നുകിൽ ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജർ വഴിയോ അല്ലെങ്കിൽ ഇലക്ട്രോണിക് കാഷ് ലെഡ്ജർ വഴിയോ അടക്കുവാൻ കഴിയും. ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജർ വഴി അടച്ചിട്ട് അധികം ഇൻപുട് ടാക്സ് ക്രെഡിറ്റ് എന്തെങ്കിലും ഉണ്ടെങ്കിൽ, അസാധുവാകും. - ബന്ധപ്പെട്ട സെക്ഷൻ 147 ആണ്.

ചോ 8. സെൻട്രൽ വാണിജ്യ നികുതിയിൽ (CST) 6 മാസത്തിനകമുള്ള സെയിൽസ് റിട്ടേണിന് വിറ്റുവരവിൽ (turnover) നിന്നും കിഴിവ് അനുവദനീയമാണ്. ചരക്കു സേവന നികുതി നിയമത്തിന്റെ കീഴിൽ സാധനം വാങ്ങിയ ആൾ ചരക്കു വില്പനക്ക് 6 മാസത്തിനു ശേഷം മടക്കി നൽകിയാൽ അത് CST യിലോ GST യിലോ നികുതിവിധേയമാകുമോ?

ഉത്തരം: ആദ്യം, തിരിച്ചയച്ച ചരക്ക്, ചരക്കുസേവന നിയമത്തിൽ നികുതി വിധേയമാണോ എന്ന് പരിശോധിക്കുക. രണ്ടാമതായി ചരക്ക് തിരിച്ചയച്ചത് നിയുക്തദിവസത്തിൽ നിന്ന് 6 മാസത്തിനുശേഷം ആണോ എന്ന് പരിശോധിക്കുക. രണ്ടിനും ഉത്തരം 'അതെ' എന്നാണെങ്കിൽ ചരക്ക് തിരിച്ചയച്ച വ്യക്തി ചരക്കുസേവനനികുതി അടക്കേണ്ടതാണ്.

എന്നാൽ ചരക്ക് തിരിച്ചയച്ചത് നിയുക്തദിവസത്തിൽനിന്ന് 6 മാസത്തിനുള്ളിൽ ആണെങ്കിൽ, ചരക്ക് തിരിച്ചറിയാൻ സാധിക്കുകയും നിയുക്ത ദിവസത്തിൽ നിന്ന് 6 മാസത്തിനുള്ളിൽ നടന്ന വില്പനയുടെ സമയത്ത് മുൻ

നിയമത്തിന് കീഴിൽ നികുതി അടക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, ചരക്ക് തിരിച്ചയക്കുന്ന വ്യക്തി യാതൊരു നികുതിയും അടക്കേണ്ടതില്ല.- ബന്ധപ്പെട്ട സെക്ഷൻ 149 ആണ്.

ചോ 9.: മുൻ നിയമപ്രകാരം പുറംകരാർ ജോലിക്കയച്ച ഇൻപുട്ട് അഥവാ ഭാഗികമായി പൂർത്തിയായ ചരക്കുകൾ പുറംകരാർ ജോലി പൂർത്തീകരിച്ച് നിയുക്തദിവസത്തിന് ശേഷം തിരിച്ചയക്കുകയാണെങ്കിൽ ഉല്പാദകനോ പുറംകരാർ ജോലിക്കാരനോ നികുതി നൽകേണ്ടതുണ്ടോ ?

ഉത്തരം.: ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഉല്പാദകനോ പുറംകരാർ ജോലിക്കാരനോ യാതൊരു നികുതിയും അടയ്ക്കേണ്ടതില്ല:

* ഇൻപുട്ട് അഥവാ ഭാഗികമായി പൂർത്തിയായ ചരക്കുകൾ നിയുക്ത ദിവസത്തിന് മുൻപ് മുൻ-നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പുറംകരാർ ജോലിക്കായി അയച്ചിട്ടുണ്ടെങ്കിൽ

* പുറംകരാർ ജോലിക്കാരൻ നിയുക്തദിവസത്തിന് ശേഷം ആറു മാസത്തിനകം അവ തിരിച്ചയക്കുകയാണെങ്കിൽ (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസ കാലയളവിനുള്ളിൽ)

* ഉല്പാദകനും പുറംകരാർ ജോലിക്കാരനും നിയുക്തദിവസം പുറംകരാർ ജോലിക്കാര ൻറ്റെ കൈവശമുള്ള ഇന്പുട്ടിന്റെ വിശദാംശങ്ങൾ നിർദിഷ്ട ഫോമിൽ പ്രസ്താവിക്കുകയാണെങ്കിൽ.

- പ്രസക്തമായ വിഭാഗങ്ങൾ - വിഭാഗം 150, വിഭാഗം 151.

ചോ 10. പുറംകരാർ ജോലിക്കാരൻ നിശ്ചിത സമയ പരിധിക്കുള്ളിൽ ചരക്ക് തിരിച്ചയക്കുന്നില്ലെങ്കിൽ എന്തു സംഭവിക്കും?

ഉത്തരം: പുറംകരാർ ജോലിക്കാരൻ നികുതി അടക്കേണ്ടതാണ്. കൂടാതെ, ഉല്പാദകനും നിശ്ചിത സമയ പരിധിക്കുശേഷം നികുതി അടക്കേണ്ടതാണ്. - സെക്ഷൻ 150 (1) & സെക്ഷൻ 151 (1)

ചോ 11: നിർമ്മാണം പൂർത്തിയാക്കി പരീക്ഷണാവശ്യങ്ങൾക്കായി അയച്ച ചരക്ക്, ഉല്പാദകന് മറ്റൊരു നികുതിവിധേയ വ്യക്തിയുടെ പരിസരത്തേക്ക് അയക്കുവാൻ സാധിക്കുമോ?

ഉത്തരം : സാധിക്കും. മുൻ നിയമപ്രകാരം ഒരു ഉല്പാദകന് മേൽപ്പറഞ്ഞ ചരക്ക് നിയുക്തദിവസത്തിന് ശേഷം ആറുമാസത്തിനുള്ളിലോ നീട്ടിക്കിട്ടിയ സമയ പരിധിക്കുള്ളിലോ റജിസ്ട്രേഷനുള്ള മറ്റൊരു നികുതിവിധേയ വ്യക്തിക്ക് നികുതിയടച്ചും എക്സ്പോർട്ടിനാണെങ്കിൽ നികുതിയില്ലാതെയും അയക്കാവുന്നതാണ് - സെക്ഷൻ 152

ചോ 12. നിർമ്മാണം പൂർത്തിയാക്കി ചില പ്രക്രിയകൾക്കായി ഫാക്ടറിയിൽ നിന്നും മുൻ നിയമപ്രകാരം അയച്ച ചരക്ക് നിയുക്തദിവസമോ അതിനു

ശേഷമോ തിരിച്ചയക്കുകയാണെങ്കിൽ ചരക്കുസേവനനികുതി അടക്കേണ്ടതുണ്ടോ?

ഉത്തരം: നിയുക്തദിവസത്തിന് മുൻപ് ഉല്പാദനമല്ലാത്ത പ്രക്രിയകൾക്കായി അയച്ച ചരക്കുകൾ നിയുക്തദിവസത്തിന് ആറു മാസത്തിനകം തിരിച്ച യക്കുകയാണെങ്കിൽ (അല്ലെങ്കിൽ നീട്ടിക്കിട്ടിയ 2 മാസ കാലയളവിനുള്ളിൽ) ഉല്പാദകനോ പുറംകരാർ ജോലിക്കാരനോ യാതൊരു നികുതിയും അടയ് ക്കേണ്ടതില്ല.- സെക്ഷൻ 152

ചോ 13. : മുൻ നിയമപ്രകാരം പുറംകരാർ ജോലിക്കയച്ച് ഉദ്പാദിപ്പിച്ച ചരക്കുകൾ, ചരക്കുസേവനനികുതിപ്രകാരം നികുതി അടക്ക പ്പെടേണ്ടതെപ്പോൾ ?

ഉത്തരം: അത്തരം ചരക്കുകൾ ചരക്കുസേവന നിയമത്തിൽ നികുതി വിധേയവും നിയുക്തദിവസത്തിൽ നിന്ന് 6 മാസത്തിനുശേഷം തിരിച്ച യക്കപ്പെടുകയുമാണെങ്കിൽ, ചരക്ക് തിരിച്ചയച്ച വ്യക്തി ചരക്കുസേവന നികുതി അടക്കാൻ ബാധ്യസ്ഥനാകും. - സെക്ഷൻ 152 ൻറെ പ്രൊവിസോ.

ചോ 14: സെക്ഷൻ 150, സെക്ഷൻ 151, സെക്ഷൻ 152 എന്നിവയിൽ പ്രതി പാദിക്കുന്ന 2 മാസത്തെ നീട്ടി നൽകൽ (എക്സ്റ്റൻഷൻ) സ്വയമേ യുള്ളതാണോ?

ഉത്തരം: അല്ല, അത് സ്വയമേയുള്ളതല്ല. മതിയായ കാരണം കാണിച്ചാൽ ബന്ധപ്പെട്ട അധികാരി അത് നീട്ടി നൽകും.

ചോ 15.: വില പുതുക്കുന്നതിനായി ഡെബിറ്റ് / ക്രെഡിറ്റ് നോട്ട് നൽകുവാനുള്ള സമയപരിധി എത്രയാണ് ?

ഉത്തരം.: നികുതിവിധേയ വ്യക്തിക്ക് വില പുതുക്കി 30 ദിവസത്തിനുള്ളിൽ ഡെബിറ്റ് / ക്രെഡിറ്റ് നോട്ട് അഥവാ സപ്ലിമെന്ററി ഇൻവോയ്സ് നൽകുവാൻ സാധിക്കും.

വില കുറക്കുകയാണ് ചെയ്യുന്നതെങ്കിൽ ഇൻവോയ്സ് അഥവാ ക്രെഡിറ്റ് നോട്ട് ലഭിക്കുന്ന വ്യക്തി തൻറെ ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) അങ്ങനെ കുറഞ്ഞ നികുതി ബാധ്യതക്കനുസരിച്ച് കുറച്ചെങ്കിൽ മാത്രമേ നികുതിവിധേയ വ്യക്തിക്ക് തൻറ്റെ നികുതി ബാധ്യത കുറക്കുവാൻ സാധിക്കൂ. - സെക്ഷൻ 153

ചോ 16.: മുൻ നിയമപ്രകാരം തീർപ്പാക്കാതെ നിലനിൽക്കുന്ന നികുതി/ പലിശ റീഫണ്ടുകൾക്ക് എന്ത് സംഭവിക്കും?

ഉത്തരം: തീർപ്പാക്കാത്ത റീഫണ്ട് ക്ലെയിമുകൾ മുൻ നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും - സെക്ഷൻ 154 .

ചോ 17: മുൻ നിയമപ്രകാരം തീർപ്പാക്കാതെ നിലനിൽക്കുന്ന സെൻവാറ്റ്/ ഐടിസി ക്ലെയിമുമായി ബന്ധപ്പെട്ട ഏതെങ്കിലും അപ്പീൽ അഥവാ പുനര

വലോകന അപേക്ഷക്ക് എന്ത് സംഭവിക്കും? അത് ഔട്ട്പുട്ട് ബാധ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ എന്ത് സംഭവിക്കും?

ഉത്തരം: രണ്ട് കേസിലും മുൻ നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും - സെക്ഷൻ 155/156

ചോ 18 : ഒരു അപ്പീൽ അഥവാ പുനരവലോകനഅപേക്ഷ നികുതിദായകന് അനുകൂലമായാൽ, റീഫണ്ട് ചരക്കുസേവനനികുതിയിൽ നൽകുമോ? തീരുമാനം നികുതിദായകന് പ്രതികൂലമായാൽ എന്ത് സംഭവിക്കും?

ഉത്തരം: റീഫണ്ട് മുൻ നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി തീർപ്പാക്കും. ഏതെങ്കിലും റിക്കവറി നടത്തേണ്ടതായിട്ടുണ്ടെങ്കിൽ അത് ചരക്കുസേവനനികുതിക്കു കീഴിലെ കുടിശിക ആയി കണക്കാക്കും.

ചോ 19: മുൻ നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകൾ പുതുക്കിയത് മൂലമുണ്ടാകുന്ന റീഫണ്ട് ചരക്കുസേവനനികുതിയിൽ എപ്രകാരം കൈകാര്യം ചെയ്യും?

ഉത്തരം. റീഫണ്ട് മുൻ നിയമത്തിലെ വകുപ്പുകൾക്ക് അനുസൃതമായി നൽകും - സെക്ഷൻ 158.

ചോ 20. മുൻ നിയമാനുസരണമുള്ള കരാർ പ്രകാരം സാധനങ്ങൾ അഥവാ സേവനങ്ങൾ ചരക്കുസേവനനികുതിയിൽ സപ്ലൈ നടത്തുകയാണെങ്കിൽ ഏത് നികുതിയാണ് നൽകേണ്ടത് ?

ഉത്തരം: അത്തരം വിതരണത്തിന് ചരക്കുസേവനനികുതി ബാധകം - സെക്ഷൻ 159

ചോ 21. ഒരു പ്രത്യേക സേവനത്തിനുള്ള പ്രതിഫലം മുൻ നിയമപ്രകാരം ലഭിക്കുകയും നികുതി അടക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അത്തരം സേവനത്തിൻറ്റെ 'സപ്ലൈ' ചരക്കുസേവനനികുതി ഭരണക്രമത്തിൽ നടത്തുകയാണെങ്കിൽ ചരക്കുസേവനനികുതിയും നൽകേണ്ടതുണ്ടോ?

ഉത്തരം: നിയുക്തദിവസത്തിനു മുൻപ് പ്രതിഫലം ലഭിക്കുകയും മുൻ നിയമപ്രകാരം നികുതി അടക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ നിയുക്ത ദിവസമോ അതിനു ശേഷമോ നടത്തുന്ന അത്തരം സേവനത്തിൻറ്റെ/ ചരക്കിൻറ്റെ 'സപ്ലൈ'-യിൻമേൽ യാതൊരു നികുതിയും അടക്കേണ്ടതില്ല. - സെക്ഷൻ 160.

ചോ 22: ഗുഡ്സ് / സേവനത്തിൻറ്റെ 'സപ്ലൈ' മുൻ നിയമപ്രകാരം നടക്കുകയും പ്രതിഫലത്തിന്റെ ഒരു ഭാഗം (റീറ്റെൻഷൻ മണി എന്ന് കരുതുക) ചരക്കു സേവനനികുതി ഭരണക്രമത്തിൽ ലഭിക്കുകയും ചെയ്താൽ ചരക്കുസേവന നികുതി അടക്കേണ്ടതുണ്ടോ?

ഉത്തരം: അത്തരം 'സപ്ലൈ' മേലുള്ള പൂർണ്ണമായ ഡ്യൂട്ടി / നികുതി മുൻ നിയമപ്രകാരം അടച്ചിട്ടുണ്ടെങ്കിൽ ചരക്കുസേവനനികുതി അടക്കേണ്ടതില്ല. - സെക്ഷൻ 161

ചോ 23: ഒരു ഇൻപുട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (ISD)ക്ക് മുൻനിയമത്തിൻ കീഴിൽ സേവനം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേലുള്ള ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) ചരക്കുസേവനനികുതി ഭരണക്രമത്തിൽ വിതരണം ചെയ്യുവാൻ സാധിക്കുമോ?

ഉത്തരം: ലഭിക്കും. അത്തരം സേവനങ്ങളുടെ ഇൻവോയ്സ് നിയുക്തദിവസമോ അതിനു ശേഷമോ ആണോ ലഭിച്ചത് എന്ന് പരിഗണിക്കാതെ തന്നെ ലഭിക്കും - സെക്ഷൻ 162.

ചോ 24: നിയുക്തദിവസം ഏജന്റിൻറെ കൈവശമുള്ള പ്രിൻസിപ്പലിൻറെതായ ചരക്കുകളുടെ (ക്യാപ്പിറ്റൽ ഗുഡ്സ് ഉൾപ്പടെ) ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) ഏജന്റിന് എടുക്കുവാൻ സാധിക്കുമോ?

ഉത്തരം: ഏജെന്റ് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുകയാണെങ്കിൽ അത്തരം ക്രെഡിറ്റ് എടുക്കാവുന്നതാണ് : -

• ഏജെന്റ്, ചരക്കുസേവനനികുതി പ്രകാരം റജിസ്ട്രേഷനുള്ള നികുതിവിധേയ വ്യക്തി ആയിരിക്കണം;

• പ്രിൻസിപ്പലും ഏജൻറും നിയുക്തദിവസത്തിനു തൊട്ടു മുൻപുള്ള ദിവസം ഏജന്റിൻറെ കൈവശമുള്ള ചരക്കിൻറെ വിശദാംശങ്ങൾ പ്രസ്താവിച്ചിരിക്കണം;

• ഇത്തരം ചരക്കുകളുടെ ഇൻവോയ്സുകൾ നിയുക്തദിവസത്തിനു തൊട്ടുമുൻപുള്ള 12 മാസത്തിനുള്ളിൽ ഇഷ്യു ചെയ്തതാവണം;

• അത്തരം ചരക്കിൻറെ ഇൻപുട് ടാക്സ് ക്രെഡിറ്റ് (ITC) പ്രിൻസിപ്പൽ ഒന്നുകിൽ തിരിച്ചടക്കുകയോ അല്ലെങ്കിൽ എടുക്കാതിരിക്കുകയോ ചെയ്തിരിക്കണം.

ഈ വ്യവസ്ഥ SGST നിയമത്തിന് മാത്രം ബാധകമാകുന്നതാണ് - സെക്ഷൻ 162A, സെക്ഷൻ 162 B

ചോ 25. നിയുക്തദിവസത്തിനുമുൻപ് അംഗീകാരത്തോടെ അയച്ച ചരക്കുകൾ നിയുക്തദിവസത്തിന് 6 മാസത്തിനുശേഷം വില്പനക്കാരന് തിരിച്ചയക്കുകയാണെങ്കിൽ ചരക്കുസേവന നികുതി അടക്കേണ്ടതുണ്ടോ?

ഉത്തരം:- ഇത്തരം ചരക്കിന്ചരക്കുസേവന നികുതി ബാധ്യതയുണ്ടാകുകയും ചരക്ക് നിരസിക്കുന്ന അഥവാ അംഗീകരിക്കാത്ത വ്യക്തി അത് നിയുക്ത ദിവസത്തിന് 6 മാസത്തിനുശേഷം (2 മാസം നീട്ടിക്കൊടുക്കാവുന്നത്) തിരിച്ചയക്കുകയും ചെയ്താൽ ആ ചരക്കിന് ചരക്കുസേവന നികുതി ബാധ്യതയുണ്ടാകും.

ഈ വ്യവസ്ഥ SGST നിയമത്തിന്  മാത്രം ബാധകമാകുന്നതാണ് - സെക്ഷൻ 162D.